കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# തലശ്ശേരി നഗരസഭ ഓഡിറ്റ് റിപ്പോർട്ട് 2017-18

## നഗരസഭാ ഓഡിറ്റ് കാര്യാലയം, തലശ്ശേരി

**e-mail: mltlsry.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ./ടി.എസ്.എം1/71/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നഗരസഭ ഓഡിറ്റ് കാര്യാലയം,തലശ്ശേരി

കണ്ണൂർ ജില്ല.
Email: mltlsry.ksad@kerala.gov.in

തീയതി :29.03.2019

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ ( സെക്രട്ടറി മുഖേന),

തലശ്ശേരി നഗരസഭ

സർ,

വിഷയം : തലശ്ശേരി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലശ്ശേരി നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2, 2-3, 2-4, 2-6, 2-7, 2-8 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-1, 3-3, 3-4, 3-11, 3-13, 3-19, 3-20, 3-31 ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997-ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് ;

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം,(ഉപരിപത്രം സഹിതം, ഇ-മെയിൽ മുഖേന)
2. സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജീയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് കോഴിക്കോട്, (ഉപരിപത്രം സഹിതം).
5. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.-ടി.എസ്.എം.1/71/2019 തീയ്യതി: 29.03.2019

# കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 28.10.2017 മുതൽ 30.01.2019 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 31.03.2018 വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 81 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 53 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | പേര് | മുതൽ | വരെ |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ: (ഡെപ്യൂട്ടി ഡയറക്ടർമാർ) | ശ്രീ. മഹേശ ബി | 16.04.2018 | 05.07.2018 |
| | ശ്രീ. ശശികുമാർ എം.പി. | 06.07.2018 | 21.10.2018 |
| | ശ്രീ. സുനിൽ കുമാർ കെ.വി. | 22.10.2018 | തുടരുന്നു |
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | | 16.04.2018 മുതൽ – 31.01.2019 വരെ (കൺകറന്റ്ഓഡിറ്റ്) | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ: | ശ്രീ. ശ്രീഹരി മിത്രൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) | |
| | ശ്രീമതി.പത്മാസിനി നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ | |
| | ശ്രീ. രാജേഷ് കുമാർ ടി. | സീനിയർ ഗ്രേഡ് ഓഡിറ്റർ | |
| | ശ്രീമതി. ബിന്ദു കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ | |
| | ശ്രീമതി. ജീന സി.പി. | സീനിയർ ഗ്രേഡ് ഓഡിറ്റർ | |
| | ശ്രീമതി. പ്രീതി പി. | ഓഡിറ്റർ | |

## ബി)നിർവ്വഹണാധികാരികൾ

| | | മുതൽ | വരെ |
|---|---|---|---|
| ചെയർമാൻ | ശ്രീ. സി.കെ. രമേശൻ | 01.04.2017 | 31.03.2018 |
| സെക്രട്ടറി | രാധാകൃഷ്ണൻ പി. | 01.04.2017 | 09.05.2017 |
| | ആന്റണി ലൈനൽ അരുജ | 10.05.2017 | 17.05.2017 |

| | | | |
|---|---|---|---|
| | എ.എസ്. സുഭഗൻ | 18.05.2017 | 28.02.2018 |
| | ചന്ദ്രഭാനു കെ. (സെക്രട്ടറി ഇൻ-ചാർജ്ജ്) | 01.03.2018 | 31.03.2018 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ക്രമ നം. | ഉദ്യോഗപേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ.രജീവൻ സി. (മുനിസിപ്പൽ എഞ്ചിനീയർ) | 01.04.2017 | 31.03.2018 |
| 2 | അസി.എഞ്ചിനീയർ (നോർത്ത്) | കുമാരി മിനി എസ്. (അസി.എഞ്ചിനീയർ) | 26.10.2017 | 31.03.2018 |
| 3 | അസി.എഞ്ചിനീയർ (സൗത്ത്) | ശ്രീമതി.ഷീമ കെ.വി. (അസി.എഞ്ചിനീയർ) | 30.10.2017 | 31.03.2018 |
| 2 | കൃഷി ഓഫീസർ | ശ്രീ.പ്രേമൻ കെ.എം. | 01.04.2017 | 31.03.2018 |
| 3 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.റിജുൽ രാജ്, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01.04.2017 | 06.08.2017 |
| | | ശ്രീ.രജീഷ് ടി.കെ., ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 07.08.2017 | 29.08.2017 |
| | | | 19.03.2018 | 31.03.2018 |
| | | ശ്രീ.സുരേഷ് ബാബു വി.എസ്., സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 30.08.2017 | 18.03.2018 |
| 4 | സീനിയർ വെറ്ററിനറി സർജൻ | ഡോ. ആർ. കതിരേശൻ | 01.04.2017 | 24.02.2018 |
| | | ഡോ. പ്രജിത ജി. (വെറ്റിനറി സർജൻ) | 25.02.2018 | 31.03.2018 |
| 5 | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | ഡോ. പി. ദേവി ഭരതൻ | 01.04.2017 | 31.03.2018 |
| 6 | മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. ദിവ്യ കെ. | 01.04.2017 | 31.03.2018 |
| 7 | മെഡിക്കൽ ഓഫീസർ, (ആയുർവേദം) | ഡോ. വിശ്വനാഥൻ വി.കെ | 01.04.2017 | 06.06.2017 |
| | | | 05.07.2017 | 21.09.2017 |
| | | | 19.01.2018 | 11.02.2018 |
| | | ഡോ. പി.കെ. ഗീത | 07.06.2017 | 04.07.2017 |
| | | ഡോ. അഭിലാഷ് | 22.09.2017 | 18.01.2018 |
| | | | 12.02.2018 | 31.03.2018 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ഷീജ വി. | 01.04.2017 | 31.03.2018 |
| 9 | ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്., ഗോപാലപ്പേട്ട | ശ്രീ. പ്രസാദൻ കെ. | 01.04.2017 | 11.05.2017 |
| | | ശ്രീമതി. വനജ കെ.സി. (താൽക്കാലികം) | 12.05.2017 | 19.05.2017 |
| | | ശ്രീ.ജോസഫ് നിക്സൺ വി. | 20.05.2017 | 31.03.2018 |
| | ഹെഡ്മിസ്ട്രസ്സ് | | | |

| | | | | |
|---|---|---|---|---|
| 10 | ജി.യു.പി.എസ്.അയ്യലത്ത് | ശ്രീമതി. ഹേമലത പി.പി. | 01.04.2017 | 31.03.2018 |
| 11 | ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് ജി.വി.എച്ച്.എസ്.എസ്., കൊട്ടുവള്ളി | ശ്രീമതി. രമാഭായി കെ. | 01.04.2017 | 02.06.2017 |
| | | ശ്രീ.പ്രകാശൻ മാസ്റ്റർ | 03.06.2017 | 31.03.2018 |
| 12 | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | ശ്രീ. അജിത്ത് പി.ജി. | 01.04.2017 | 25.04.2017 |
| | | ശ്രീ.ഹരി പറമ്പത്ത് | 26.04.2017 | 31.03.2018 |
| 14 | ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.എം.പ്രശാന്ത് | 01.04.2017 | 31.03.2018 |
| 15 | സൂപ്രണ്ട്, മഹിളാമന്ദിരം | ശ്രീമതി ശ്രീജ സി.എം. | 01.04.2017 | 31.03.2018 |
| 16 | സൂപ്രണ്ട്, ജനറൽ ആശുപത്രി, തലശ്ശേരി | ഡോ.പീയൂഷ്എം. നമ്പൂതിരിപ്പാട് | 01.04.2017 | 31.03.2018 |

# ഉള്ളടക്കം


| ക്രമ നം. | വിവരണം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| 13 | ദുരിതാശ്വാസ നിധി | 1-13 | |
| 14 | ഓഡിറ്റ് റിപ്പോർട്ട് തുടർനടപടികൾ | 1-14 | |
| 15 | നഗരസഭയുടെ സാമ്പത്തിക സ്ഥിതി | 1-15 | |
| 16 | പ്രധാന വരവിനങ്ങളുടെ താരതമ്യം | 1-16 | |
| | ഭാഗം 2 | | |
| 17 | രശീതി പരിശോധനയിലെ അപാകതകൾ | 2-1 | |
| 18 | അക്കൗണ്ടിൽ പണമില്ലാതെ മടങ്ങിയ ചെക്കുകൾക്ക് പകരം തുക നഗരസഭയിൽ ലഭിച്ചതിന്റെ വിവരം ഇല്ല | 2-2 | |
| 19 | ചെക്കുകൾ പണമായി മാറ്റിയ വിവരം കലക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല | 2-3 | |
| 20 | വസ്തുനികുതി പരിഷ്കരണം - മുഴുവൻ കെട്ടിടങ്ങളും വസ്തുനികുതി രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും മറ്റ് അപാകതകളും | 2-4 | |
| 21 | വസ്തു നികുതിയിനത്തിലെ മാന്വൽ രസീതി പ്രകാരം പിരിച്ചെടുത്ത തുകകൾ സാംഖ്യ രസീതി പ്രകാരം അടവാക്കുമ്പോൾ ഹെഡിനങ്ങളിലെ | 2-5 | |

| | | | |
|---|---|---|---|
| | വരവിലുണ്ടാകുന്ന മാറ്റം | | |
| 22 | തൊഴിൽനികുതി റിട്ടേണുകൾ ലഭ്യമല്ലാത്തതും മറ്റ് അപാകതകളും | 2-6 | |
| 23 | ഡി&ഒ ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട അപാകതകൾ | 2-7 | |
| 24 | നഗരസഭയിലെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക യഥാസമയം പിരിച്ചെടുക്കുന്നില്ല | 2-8 | |
| 25 | ലൈസൻസ് കാലാവധി കഴിഞ്ഞിട്ടും വാടക പുതുക്കി നല്കിയില്ല | 2-9 | |
| 26 | അറ്റകുറ്റ പണികൾ കൃത്യസമയത്ത് ചെയ്യാത്തത് കാരണം കടമുറികൾ ലേലം ചെയ്യാനാവാതെ വൻതോതിൽ വരുമാന നഷ്ടം ഉണ്ടാകുന്നു | 2-10 | |
| 27 | വിനോദ നികുതി ഈടാക്കിയിട്ടില്ല | 2-11 | |
| 28 | ടാക്സി-ടൂറിസ്റ്റ് ടാക്സി പാർക്കിംഗ് ഫീസ് പിരിവ് അധിക നിരക്കിൽ | 2-12 | |
| 29 | സ്വകാര്യ വണ്ടിത്താവളങ്ങൾക്ക് ലൈസൻസ് നൽകിയത് വ്യവസ്ഥകളില്ലാതെ | 2-13 | |
| 30 | റോഡ് കട്ടിംഗ്/റിഫോർമേഷൻ ചാർജ്ജ് വരവുമായി ബന്ധപ്പെട്ട അപാകതകൾ | 2-14 | |
| | ഭാഗം -3 | | |
| | കാർണിവൽ കമ്മിറ്റിക്ക് വർഷങ്ങൾക്ക് മുമ്പ് അനുവദിച്ച തുക തെറ്റായി വീണ്ടും അനുവദിച്ചു - 5 ലക്ഷം രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-1 | |
| | ജീവനക്കാരുടെ ശമ്പള റിക്കവറിയുടെ ഡിമാന്റ് ഡ്രാഫ്റ്റുകൾ യഥാസമയം അയക്കാതെ കൈവശം വച്ചു | 3-2 | |
| | യു.എെ.ഡി.എസ്.എസ്.എം.ടി കുടിവെള്ള പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-3 | |
| | വെള്ളക്കരം ഒടുക്കുന്നതിലെ അപാകതകൾ | 3-4 | |
| | വസ്തുനികുതിയോടൊപ്പം നികുതിദായകരിൽ നിന്നും പിരിച്ചെടുത്ത 'പുവർഹോം സെസ്സ്' യഥാസമയം അഭയനികേതനിലേക്ക് അടവാക്കുന്നില്ല | 3-5 | |
| | ലൈബ്രറി സെസ്സ് യഥാസമയം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് അടവാക്കുന്നില്ല | 3-6 | |
| | കൊടുവള്ളി ഗവ.ഹയർ സെക്കന്ററി സ്കൂൾ പുതിയ കെട്ടിട നിർമ്മാണം - കൺസൾട്ടൻസി ഫീസിനത്തിൽ തുക ചെലവഴിച്ചത് സംബന്ധിച്ച അപാകതകൾ | 3-7 | |
| | ദേശീയ നഗര ഉപജീവനമിഷൻ - സിറ്റി മിഷൻ മാനേജരുടെ യാത്രബിൽ - അപാകതകൾ | 3-8 | |
| | വക്കീൽ ഫീസിനത്തിൽനിന്നും ആദായനികുതി കുറവ് ചെയ്തിട്ടില്ല | 3-9 | |
| | തൊഴിൽനികുതി വിവരങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം- കൃത്യത ഉറപ്പ് വരുത്തിയില്ല | 3-10 | |
| | ഹോസ്പിറ്റൽ കിയോസ്കുകളിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ദിവസവേതന കുടിശ്ശിക - ഉയർന്ന നിരക്കിന് 01.04.2016 മുതൽ തെറ്റായി പ്രാബല്യം നൽകിയത് വഴിയുള്ള അധിക ചെലവ് നിരാകരിച്ചത് | 3-11 | |
| | പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് - ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് - ഉപയോഗിക്കുന്നില്ല | 3-12 | |
| | മിനി വ്യവസായ എസ്റ്റേറ്റിന് സ്ഥലമെടുപ്പ് - വീതികുറഞ്ഞ വഴികാരണം സ്ഥലം പൂർണ്ണമായും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ | 3-13 | |
| | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ കണ്ടിജന്റ് ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടില്ല | 3-14 | |
| | പത്രവിതരണം - 7 വർഷത്തെ തുക ഒന്നിച്ച് നൽകി | 3-15 | |

| | | | |
|---|---|---|---|
| | എൽ.ഐ.സി., ജി.ഐ.എസ്. തുകകൾ അടവാക്കിയതിന്റെ രശീത്/ചെലാൻ ഫയലിൽ സൂക്ഷിച്ചിട്ടില്ല. | 3-16 | |
| | നഗരസഭാ സെക്രട്ടറിയുടെ ശമ്പളം, അലവൻസ് എന്നീ ഇനങ്ങളിൽ സംസ്ഥാന ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുകകൾ സർക്കാരിലേയ്ക്ക് തിരിച്ചടവാക്കുന്നില്ല | 3-17 | |
| | നഗരസഭയിലെ വിവിധ തസ്തികകളിലെ താൽക്കാലിക നിയമനം- നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകൾ പാലിക്കുന്നില്ല | 3-18 | |
| | നഗരസഭയുടെ കൈവശമുള്ള ഭൂമിയുടെ ഭൂനികുതി അടവാക്കുന്നതിന്റെ വിവരം ലഭ്യമാക്കിയില്ല | 3-19 | |
| | നഗരസഭയിലെ പെൻഷൻ ഫണ്ടുകളുടെ പരിപാലനവും വിനിയോഗവും - വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നില്ല | 3-20 | |
| | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-21 | |
| | പി.എം.എ.വൈ പദ്ധതി - നഗരസഭ പരിധിക്ക് പുറത്ത് വിവിധ പഞ്ചായത്തുകളിൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകി | 3-22 | |
| | വിവിധ പ്രോജക്ടുകൾ പ്രകാരം മരുന്നുവാങ്ങൽ - KMSCL ൽ നിന്നും മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 3-23 | |
| | കിണർ റീചാർജ്ജ് - അപാകതകൾ | 3-24 | |
| | ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പ്- ആവശ്യമായ രേഖകൾ ഇല്ല | 3-25 | |
| | ആയുർവേദ മരുന്നുവാങ്ങൽ - ഔഷധിയിൽ നിന്നും മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 3-26 | |
| | വൃക്കരോഗ നിർണ്ണയ ക്യാമ്പ് - നിർവ്വഹണത്തിലെ ന്യൂനതകൾ | 3-27 | |
| | ജീവിതശൈലി രോഗ നിർണ്ണയ ക്യാമ്പ് - നിർവ്വഹണത്തിലെ അപാകതകൾ | 3-28 | |
| | തലശ്ശേരി ജനറൽ ആശുപത്രിയിലേക്ക് ഡയാലിസിസ് മെഷീൻ വാങ്ങൽ - സംബന്ധിച്ച് | 3-29 | |
| | തലശ്ശേരി ജനറൽ ആശുപത്രിയിലേക്ക് വിവിധ പ്രൊജക്ടുകൾ പ്രകാരം KMSCL ൽ നിന്നും മരുന്നുകൾ വാങ്ങുന്നതിന് മുൻകൂർ തുക അനുവദിച്ചത് - മരുന്നുകൾ ലഭിച്ച വിവരം ലഭ്യമല്ല | 3-30 | |
| | തലശ്ശേരി ജനറൽ ആശുപത്രിയിലെ വനിത വാർഡ് നവീകരണം - ന്യൂനതകൾ | 3-31 | |
| | മാടപ്പീടിക തൊഴിൽ പരിശീലന കേന്ദ്രത്തിൽ പരിശീലന പരിപാടികൾ നടത്തിയിട്ടില്ല- പരിശീലന സാമഗ്രികൾക്ക് ചെലവഴിച്ച തുക പാഴാകുന്നു | 3-32 | |
| | എസ്.എസ്.എ പദ്ധതി- ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കപ്പെടുന്നില്ല | 3-33 | |
| | ക്വട്ടേഷൻ, ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല | 3-34 | |
| | മത്സ്യതൊഴിലാളികളുടെ മക്കളായ വിദ്യർത്ഥികൾക്ക് ഫർണ്ണിച്ചർ - മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കാത്തത് | 3-35 | |
| | പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയതിലുള്ള അപാകത മൂലം നികുതി തുകകൾ കുറവായി ഈടാക്കി | 3-36 | |
| | വനിതാ സാംസ്കാരികനിലയത്തിന് വേണ്ടി പണിത കെട്ടിടത്തിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ ഓഫീസ് പ്രവർത്തിക്കുന്നു | 3-37 | |
| | മരാമത്ത് പ്രവൃത്തികളുടെ പൊതു അപാകതകൾ | 3-38 | |

| | | | |
|---|---|---|---|
| | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി -അവലോകനം | 3-39 | |
| | നഗരസഭയിലെ മാലിന്യ സംസ്കരണം-അവലോകനം | 3-40 | |
| | ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. | 3-41 | |
| | ഭാഗം 4 | | |
| | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| | ഓഡിറ്റ് റിക്കവറി | 4-6 | |
| | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| | ചാർജ്ജ് /സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |
| | അനുബന്ധം-1 | | |
| | അനുബന്ധം-2 | | |


## ഭാഗം -1
## പൊതു അവലോകനം

# 1-1 ബജറ്റ്

നഗരസഭാ കൗൺസിലിന്റെ 25.03.2017തീയ്യതിയിലെ പ്രത്യേക അടിയന്തിര കൗൺസിൽ യോഗ തീരുമാനപ്രകാരം 11,41,03,202 രൂപ മുന്നിരിപ്പും 67,12,59,000 രൂപ വരവും 72,46,66,000 രൂപ ചെലവും 6,06,96,202 രൂപ നീക്കിയിരിപ്പും ഉൾപ്പെടുന്ന 2017-18 വർഷത്തെ ബജറ്റ് അംഗീകരിച്ചു. 14,57,72,425 രൂപ മുന്നിരിപ്പും 60,86,48,000 രൂപ വരവും 65,83,46,000 രൂപ ചെലവും 9,60,74,425 രൂപ നീക്കിയിരിപ്പും ഉൾപ്പെടുന്ന 2017-18 ലെ പുതുക്കിയ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് 26.03.2018 തീയ്യതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 30.07.2018 | --- | --- |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| | 06.08.2018 മുതൽ | |

| | | |
|---|---|---|
| 2017-18 | 18.08.2018 വരെ | കെ.എസ്.എ. ടി.എസ്.എം1/285/2018; തീയ്യതി: 31.08.2018 |

# 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22,82,60,553.52 |
| വരവ് | 41,66,48,996.00 |
| ആകെ | 64,49,09,549.52 |
| ചെലവ് | 45,98,57,969.00 |
| നീക്കിയിരിപ്പ്- | 18,50,51,580.52 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 7,70,90,000 | 7,70,90,000 | 5,52,63,841 | 2,18,26,159 | 71.69 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 77,54,000 | 77,54,000 | 5,207,799 | 25,46,201 | 67.16 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | | 0 | 1,70,38,144 | 1,70,38,144 | 1,34,50,983 | 35,87,161 | 78.95 |
| സംരക്ഷണഗ്രാന്റ് (റോഡ്) | | 0 | 36153182 | 3,61,53,182 | 248,33,862 | 1,13,19,320 | 68.69 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 9,75,60,284 | 9,75,60,284 | 5,17,84,758 | 4,57,75,526 | 53.08 |
| K.L.G.S.D.P | | 0 | 20,503,317 | 20,503,317 | 1,64,30,339 | 40,72,978 | 80.14 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | NULM | 51,23,975 | 9,65,943 | 60,89,918 | 59,24,156 | 1,65,762 | 97.28 |
| | IHSDP | 1,44,78,260 | 426191 | 14904451 | 4557565 | 10346886 | 30.58 |
| | UIDSSMT | 12,45,09,666 | 45,24,764 | 12,90,34,430 | 1,99,70,645 | 10,90,63,785 | 15.48 |
| | സ്വച്ഛ് ഭാരത് | 4,09,770 | 3,80,536 | 7,90,306 | 1,85,837 | 6,04,469 | 23.51 |
| | RMSA | Nil | 2,01,321 | 2,01,321 | 62,904 | 1,38,417 | 31.25 |
| | വാംബെ | 42719 | 2,025 | 44,744 | 0 | 44,744 | 0 |
| | PMAY | 1,09,90,000 | 2,52,34,250 | 36,22,42,50 | 2,91,10,000 | 71,14,250 | 80.36 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | ആശ്രയ-ഫേസ് I | 249533 | 8545 | 258078 | 88583 | 169495 | 34.32 |
| | ആശ്രയ-ഫേസ് II | 406337 | 13194 | 419531 | 177314 | 242217 | 42.26 |
| | സാക്ഷരത | 2,37,636.71 | 4,198 | 2,41,834.71 | 0 | 2,41,834.71 | 0 |
| | ശുചിത്വ മിഷൻ | 1,380,763 | 6,13,53,730 | 62734493 | 61627618 | 11,06,875 | 98.24 |
| ബി.ഫണ്ട് * | | 0 | 65280 | 65280 | 65280 | 0 | |
| | | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | 70,75,568 | 3,79,78,000 | 4,50,53,568 | 42078437 | 2975131 | 93.40 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 958306 | 4732896 (4696460+ Int:36436) | 5691202 | 616075 | 5075127.10 | 10.83 |
| തനത് ഫണ്ട് | 58113679 | 111810250 | 169923928 | 123431925 | 46492004 | 72.64 |

* ഷെഡ്യൂൾ RP-6 പ്രകാരമുള്ള തൊഴിൽ രഹിത വേതനമിനത്തിലെ തുക

# 1-6 പദ്ധതി അവലോകനം

**എ. പദ്ധതി നിർവ്വഹണം 2017-18 – ഫണ്ട് വിനിയോഗം**

നഗരസഭ ലഭ്യമാക്കിയ രേഖകളും സുലേഖ, സാംഖ്യ എന്നിവയിൽ രേഖപ്പെടുത്തിയതുമായ വിവരങ്ങളും അടിസ്ഥാനമാക്കി വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ്, ലോകബാങ്ക് ധനസഹായം എന്നീ ഇനങ്ങളിൽ 2017-18 വർഷത്തിൽ ലഭിച്ച തുകകളുടെയും ഈ ഇനങ്ങളിൽ തൻവർഷം വിനിയോഗച്ച തുകകളുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ട് | തൻവർഷം ലഭിച്ചത് | തൻവർഷം ചെലവഴിച്ചത് | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം -സാധാരണ വിഹിതം) | 7,70,90,000 | 5,52,63,841 | 71.68 |
| വികസന ഫണ്ട് (SCP) | 77,54,000 | 52,07,799 | 67.16 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 9,75,60,284 | 5,17,84,758 | 53.07 |
| ലോകബാങ്ക് ധനസഹായം | 2,05,03,317 | 1,64,30,339 | 80.13 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 3,61,53,182 | 2,48,33,862 | 68.69 |
| മെയിന്റനൻസ് ഫണ്ട് (റോഡ് ഇതരം) | 1,70,38,144 | 1,34,50,983 | 78.94 |
| **ആകെ** | **22,35,98,927** | **16,69,71,582** | **74.67** |

പദ്ധതി നിർവ്വഹണത്തിലുള്ള നഗരസഭകളുടെ ചെലവ് സംസ്ഥാന തലത്തിൽ ശരാശരി 82.74% വും ജില്ലാതലത്തിൽ 90.52% വുമാണ്. എന്നാൽ തലശ്ശേരി നഗരസഭയുടെ പദ്ധതി നിർവ്വഹണത്തിലുള്ള ഫണ്ട് വിനിയോഗം 74.67% മാത്രമാണ്. നഗരസഭയുടെ ഫണ്ട് വിനിയോഗം തലസ്ഥാനം/ജില്ലാ ശരാശരിയേക്കാൾ താഴെയാണ് എന്ന വിഷയത്തിലേക്ക് കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

2017-18 കാലയളവിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തനത് ഫണ്ടിൽനിന്നും 1,40,01,013 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി നിർവ്വഹണത്തിനായി തനത് ഫണ്ടിൽനിന്നും യാതൊരു തുകയും ചെലവഴിച്ചിട്ടില്ല.

**ബി. പദ്ധതി നിർവ്വഹണം -2017-18 – പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാര്യമായ പുരോഗതിയില്ല**

നഗരസഭ ലഭ്യമാക്കിയ രേഖകളും സുലേഖ, സാംഖ്യ എന്നിവയിൽ രേഖപ്പെടുത്തിയതുമായ വിവരങ്ങളും പ്രകാരമുള്ള 2017-18 ലെ പദ്ധതി നിർവ്വഹണവും ഫണ്ട് വിനിയോഗവും സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

**1. മേഖലാ അടിസ്ഥാനത്തിലുള്ള അടങ്കലും ചെലവും കാണിക്കുന്ന പത്രിക**

| മേഖല | അടങ്കൽ | ചെലവ് | ചെലവ് ശതമാനം (അടങ്കലിന്റെ അടിസ്ഥാനത്തിൽ) |
|---|---|---|---|
| ഉൽപ്പാദനം | 3,16,96,971 | 1,22,95,776 | 38.79 |

| | | | |
|---|---|---|---|
| സേവനം | 13,69,98,281 | 7,38,04,548 | 53.87 |
| പശ്ചാത്തലം | 23,37,69,386 | 8,08,71,258 | 34.59 |
| ആകെ | 40,24,64,638 | 16,69,71,582 | 41.49 |

**2. നിർവ്വഹണോദ്യോഗസ്ഥൻമാരുടെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണം കാണിക്കുന്ന പത്രിക**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | ഭാഗികമായോ പൂർണ്ണമായോ നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | തീരെ നടപ്പിലാക്കാത്ത പദ്ധതികളുടെ എണ്ണം | ശതമാനം (നടപ്പിലാക്കിയത് -അടങ്കലിന്റെ അടിസ്ഥാനത്തിൽ) |
|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | -- | 100 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 3 | -- | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 7 | 7 | -- | 100 |
| കൃഷി ഓഫീസർ | 21 | 21 | -- | 100 |
| സെക്രട്ടറി, തലശ്ശേരി മുനിസിപ്പാലിറ്റി | 29 | 18 | 11 | 62.06 |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ | 6 | 6 | -- | 100 |
| ഹെഡ്മാസ്റ്റർ ഗവ.യു.പി. സ്കൂൾ | 6 | 6 | -- | 100 |
| സീനിയർ വെറ്റിനറി സർജൻ | 11 | 11 | -- | 100 |
| പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 20 | 17 | 3 | 85 |
| ഹെൽത്ത് ഓഫീസർ | 7 | 2 | 5 | 28.57 |
| ഹെഡ്മാസ്റ്റർ, ഗവ. ഹൈസ്കൂൾ | 11 | 11 | -- | 100 |
| നഗരസഭ എഞ്ചിനീയർ | 239 | 153 | 86 | 64.01 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 270 | 64 | 206 | 23.70 |
| മെഡിക്കൽ ഓഫീസർ, | 8 | 8 | -- | 100 |

| | | | | |
|---|---|---|---|---|
| താലൂക്ക് ആശുപത്രി | | | | |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | -- | 100 |
| സൂപ്രണ്ട് സാമൂഹ്യക്ഷേമ വകുപ്പ് | 2 | 2 | -- | 100 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 5 | 5 | -- | 100 |
| ആകെ | 651 | 340 | 311 | 52.22 |

### 3. നിർവ്വഹണോദ്യോഗസ്ഥൻമാരുടെ അടിസ്ഥാനത്തിലുള്ള അടങ്കലും ചെലവും കാണിക്കുന്ന പത്രിക

| **നിർവ്വഹണോദ്യോഗസ്ഥൻ** | **അടങ്കൽ** | **ചെലവ്** | **ചെലവ് ശതമാനം (അടങ്കലിന്റെ അടിസ്ഥാനത്തിൽ)** |
|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 10,25,800 | 4,57,557 | 44.60 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 16,35,000 | 16,17,258 | 98.91 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3,79,200 | 3,65,403 | 96.36 |
| കൃഷി ഓഫീസർ | 50,95,425 | 19,91,975 | 39.09 |
| സെക്രട്ടറി, തലശ്ശേരി മുനിസിപ്പാലിറ്റി | 3,85,31,224 | 2,33,87,991 | 60.70 |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ | 10,09,900 | 9,03,533 | 89.47 |
| ഹെഡ്മാസ്റ്റർ ഗവ.യു.പി. സ്കൂൾ | 9,24,100 | 7,67,080 | 83.01 |
| സീനിയർ വെറ്റിനറി സർജൻ | 42,54,500 | 22,69,585 | 53.35 |
| പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 2,19,60,834 | 1,18,97,828 | 54.18 |
| ഹെൽത്ത് ഓഫീസർ | 22,10,308 | 3,06,777 | 13.88 |
| ഹെഡ്മാസ്റ്റർ, ഗവ. ഹൈസ്കൂൾ | 83,91,806 | 79,74,770 | 95.30 |
| നഗരസഭ എഞ്ചിനീയർ | 16,87,06,338 | 8,51,90,972 | 50.50 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 13,36,19,368 | 1,65,39,212 | 12.38 |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 43,87,150 | 43,86,714 | 99.99 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 87,84,185 | 76,73,776 | 87.36 |
| സൂപ്രണ്ട് സാമൂഹ്യക്ഷേമ വകുപ്പ് | 69,500 | 69,329 | 99.75 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 14,80,000 | 11,71,822 | 79.18 |
| ആകെ | 40,24,64,638 | 16,69,71,582 | 41.49 |

### 4. പ്രത്യേക മേഖലകളിലെ പദ്ധതി നിർവ്വഹണം

| **പദ്ധതി വിവരം** | **അംഗീകാരം ലഭിച്ച ആകെ പ്രൊജക്ടുകൾ** | **പൂർണ്ണമായും/ഭാഗീകമായും നടപ്പിലാക്കിയ പ്രൊജക്ടുകൾ** | **അടങ്കൽ** | **ചെലവ്** | **ചെലവ് ശതമാനം (അടങ്കലിന്റെ അടിസ്ഥാനത്തിൽ)** |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വനിത | 24 | 6 | 1,99,44,967 | 72,12,493 | 36.16 |
| കുട്ടികൾ | 20 | 3 | 1,11,60,849 | 63,72,552 | 57.09 |
| വൃദ്ധർ | 6 | 5 | 50,23,890 | 13,77,834 | 27.42 |
| ഭിന്നശേഷിയുള്ളവർ | 3 | 3 | 71,89,920 | 63,82,133 | 88.76 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 1 | 1 | 5,00,000 | 4,22,157 | 84.43 |
| പാലിയേറ്റീവ് കെയർ രോഗികൾ | 2 | 2 | 10,00,000 | 7,15,597 | 71.56 |
| യുവജനങ്ങൾ | 6 | 1 | 26,42,000 | 8,32,186 | 31.49 |

2017-18 കാലയളവിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നഗരസഭ ഹാജരാക്കിയ രേഖകൾ പ്രകാരം പദ്ധതി നിർവ്വഹണത്തിലും ഫണ്ട് വിനിയോഗത്തിലും നഗരസഭയ്ക്ക് ആവശ്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. 40,24,64,638/- രൂപ മൊത്തം അടങ്കലുള്ള 651 പദ്ധതികൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ 340 പദ്ധതികളിലായി 16,69,71,582 രൂപ മാത്രമേ നഗരസഭ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ . അതായത് വകയിരുത്തിയതിന്റെ 41.49 ശതമാനം തുക മാത്രമാണ് തൻവർഷം നഗരസഭ ചെലവഴിച്ചത്. 311 പദ്ധതികൾ നഗരസഭ ഭാഗികമായിപ്പോലും നടപ്പിലാക്കിയിട്ടില്ല എന്ന് കാണുന്നു. അംഗീകാരം ലഭിച്ച പദ്ധതികളിൽ47.79% പദ്ധതികളും നടപ്പിലാക്കാൻ കഴിയാത്തത് പദ്ധതി ആസൂത്രണത്തിന്റേയും നിർവ്വഹണത്തിന്റെയും പോരായ്മയാണ്. അസി.എഞ്ചിനീയർ, ഹെൽത്ത് ഓഫീസർ, കൃഷി ഓഫീസർ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്നീ നാല് നിർവ്വഹണോദ്യോഗസ്ഥൻമാർ വകയിരുത്തിയതിലും അമ്പത് ശതമാനത്തിൽ കുറവ് തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

നഗരസഭയുടെ പൊതുമരാമത്ത് വിഭാഗം പദ്ധതി നിർവ്വഹണത്തിലും ഫണ്ട് വിനിയോഗത്തിലും വളരെ പിറകിലാണ് എന്നാണ് രേഖകളും കണക്കുകളും വ്യക്തമാക്കുന്നത്. നഗരസഭ എഞ്ചിനീയറും നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർമാരും (സൗത്ത്, നോർത്ത്) നിർവ്വഹണ ഉദ്യോഗസ്ഥരായി 30,23,25,706 രൂപയുടെ അടങ്കൽ ഉള്ള509 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും 10,17,30,184 രൂപയുടെ ചെലവ് വരുന്ന 217 പദ്ധതികൾ മാത്രമാണ് ഭാഗികമായെങ്കിലും നടപ്പിലാക്കിയത്. 292 പദ്ധതികൾ ഭാഗികമായിപ്പോലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. അംഗീകാരം ലഭിച്ച പദ്ധതികളിൽ 78.18 ശതമാനം പദ്ധതികളും നഗരസഭയുടെ പൊതുമരാമത്ത് വിഭാഗത്തിൽപെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കേണ്ടതായിരുന്നു. പദ്ധതി നിർവ്വഹണത്തിൽ വീഴ്ച നഗരസഭയുടെ ആകെ പദ്ധതി നിർവ്വഹണത്തെയും വികസനപ്രവർത്തനത്തെയും സാരമായി ബാധിക്കുന്നുണ്ട് എന്നാണ് പരിശോധനയിൽ വ്യക്തമാകുന്നത്. ഈ വിഷയത്തിൽ മേൽനോട്ടച്ചുമതലയുള്ള പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്ന് ക്രിയാത്മകമായ ഇടപെടലോ പ്രവൃത്തി നിർവ്വഹണത്തിലെ പുരോഗതിയോ വിലയിരുത്തപ്പെട്ടിട്ടില്ല എന്നാണ് സ്റ്റാന്റിംഗ് കമ്മിറ്റി മിനട്സ് വ്യക്തമാക്കുന്നത്.

വനിതകൾക്കായി 1,99,44,967 രൂപ അടങ്കൽ വരുന്ന 24 പദ്ധതികൾ ആസൂത്രണം ചെയ്യുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും 72,12,493 രൂപ ചെലവ് വരുന്ന 6 പദ്ധതികൾ മാത്രമേ പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കിയിട്ടുള്ളൂ. കുട്ടികൾക്കായി 1,11,60,849 രൂപ അടങ്കൽ വരുന്ന 20 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും 63,72,552 രൂപ ചെലവ് വരുന്ന 3 പദ്ധതികൾ മാത്രമേ പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കിയിട്ടുള്ളൂ. യുവജനങ്ങൾക്കായി 26,42,000 രൂപ അടങ്കൽ വരുന്ന 6 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും 8,32,186 രൂപ ചെലവ് വരുന്ന ഒരു പദ്ധതി മാത്രമേ നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളൂ. വൃദ്ധരുടെ ക്ഷേമത്തിനായി 50,23,890 രൂപ അടങ്കൽ വരുന്ന പദ്ധതികൾ തയ്യാറാക്കിയിരുന്നുവെങ്കിലും 13,77,834 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

നഗരസഭ തയ്യാറാക്കിയ പദ്ധതികൾക്ക് ജൂൺ മാസം തന്നെ ജില്ലാ അസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതി നിർവ്വഹണത്തിന് 9 മാസത്തോളം സമയം ലഭിച്ചിട്ടും 340 പദ്ധതികൾ മാത്രമേ പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കാൻ നഗരസഭയ്ക്ക് സാധിച്ചിട്ടുള്ളൂ.

പദ്ധതി നിർവ്വഹണം സംബന്ധിച്ച് 03.04.2017 ലെ സ.ഉ. (എം.എസ്) നമ്പർ 79/2017/ത.സ്വ.ഭ.വ ലെ 9 (9) ഖണ്ഡികയിൽ ഓരോ പാദത്തിലും ചുരുങ്ങിയത് 25% പദ്ധതികളെങ്കിലും നിർവ്വഹണം പൂർത്തിയാക്കാൻ ലക്ഷ്യം

വെക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നഗരസഭയ്ക്ക് ഈ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല എന്നാണ് വ്യക്തമാവുന്നത്.

മേൽ വിഷയങ്ങളിലേക്ക് നഗരസഭ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

**സി. വികസന മേഖലകളിൽ നഗരസഭ നേരിടുന്ന വെല്ലുവിളികൾ- പരിഹാര നടപടികൾ പര്യാപ്തമല്ല**

1866 നവംബർ 1ാം തീയ്യതി നിലവിൽവന്നതും ഒന്നര നൂറ്റാണ്ട് പൂർത്തീകരിച്ചതുമായ നഗരസഭക്ക് ജനകീയാസൂത്രണം രണ്ട് ദശാബ്ദം പിന്നിട്ടിരിക്കുമ്പോഴും പല മേഖലകളിലെ പ്രശ്നങ്ങൾക്കും ശ്വാശ്വത പരിഹാരം കാണാൻ നാളിതുവരെ സാധിച്ചിട്ടില്ല എന്ന് നഗരസഭ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട്, 03.05.2017 ന് നഗരസഭ പ്രസിദ്ധീകരിച്ച വികസനരേഖ, നഗരസഭ ലഭ്യമാക്കിയ മറ്റ് രേഖകൾ എന്നിവ വ്യക്തമാക്കുന്നു. വിവിധ മേഖലകളിൽ/വിഷയങ്ങളിൽ നഗരസഭ നേരിടുന്ന വെല്ലുവിളികൾ തരണം ചെയ്യുന്നതിന് നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായ പ്രവർത്തനങ്ങൾ, നഗരസഭ ഓഡിറ്റിന് ഹാജരാക്കിയ ഫയലുകൾ, രേഖകൾ, സുലേഖ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി വിലയിരുത്തിയപ്പോൾ കണ്ടെത്തിയ കാര്യങ്ങൾ ഇതോടൊപ്പം ചേർത്ത പട്ടികയിൽ കൊടുത്തിട്ടുണ്ട്. നഗരസഭയ്ക്ക് തന്നെ ബോധ്യം വന്നിട്ടുള്ള ഈ വെല്ലുവിളികൾ/പരിമിതികൾ പരിഹരിക്കാൻ 2017-18 കാലയളവിൽ നഗരസഭ സ്വീകരിച്ച നടപടികൾ പര്യാപ്തമായിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഇത് സംബന്ധിച്ച കാര്യങ്ങളിൽ ആവശ്യമായ വിലയിരുത്തലുകൾ യഥാസമയം നടത്തുന്നില്ല എന്ന് സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് വ്യക്തമാക്കുന്നു. ഈ വിഷയത്തിലേക്ക് നഗരസഭ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

| **വികസന മേഖലകളിൽ നഗരസഭ നേരിടുന്ന വെല്ലുവിളികളും ഇത് തരണം ചെയ്യാൻ നഗരസഭ നടത്തിയ പ്രവർത്തനങ്ങളുടെ വിലയിരുത്തലും കാണിക്കുന്ന പത്രിക** | | |
|---|---|---|
| മേഖല | നഗരസഭ നേരിടുന്ന പ്രശ്നങ്ങൾ/ വെല്ലുവിളികൾ ( 03.05.2017 ന് നഗരസഭ പ്രസിദ്ധീകരിച്ച വികസനരേഖ അടിസ്ഥാനമാക്കി) | ഓഡിറ്റിന്റെ കണ്ടെത്തലുകൾ (നഗരസഭ ഓഡിറ്റിന് ഹാജരാക്കിയ ഫയലുകൾ, രേഖകൾ സുലേഖ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി) |
| പൊതുഭരണവും ധനകാര്യവും | • ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമല്ല.<br>• ഇ-ഗവേർണൻസിന്റെ ഭാഗമായ സോഫ്റ്റ്വെയറുകളുടെ പരിപൂർണ്ണത ഉറപ്പുവരുത്തുക<br>• ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഓഫീസ് സൗകര്യങ്ങൾ പര്യാപ്തമല്ല. | • ◦ ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പ്രൊജക്ടുകൾ ഒന്നും തന്നെ 2017-18 കാലയളവിൽ നടപ്പിലാക്കിയിട്ടില്ല.<br>◦ ഇ-ഗവേർണസിന്റെ ഭാഗമായി വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയറുകളിൽ ഭൂരിപക്ഷം സോഫ്റ്റ് വെയറുകളും നഗരസഭയിൽ പൂർണ്ണമായ രീതിയിൽ ഉപയോഗിക്കുന്നില്ല.<br>◦ നഗരസഭയുടെ ഓഫീസ് സൗകര്യം വർദ്ധിപ്പിക്കുന്നതിന് വിഭാവനം ചെയ്ത ഓഫീസ് കെട്ടിടം പുതുക്കിപ്പണിയൽ ആരംഭിച്ചിട്ടില്ല. |
| കാർഷിക മേഖല | • മതിയായ ജലസേചന സൗകര്യമില്ല.<br>• കൃഷിഭൂമിയുടെ തരിശുവൽക്കരണം<br>• കാർഷിക ഉൽപന്ന വിതരണ സംവിധാനങ്ങളുടെ അപര്യാപ്തത<br>• വർദ്ധിച്ചുവരുന്ന കാർഷിക ചെലവുകൾ<br>• തൊഴിലാളികളുടെ ലഭ്യതക്കുറവ് | • നാമമാത്രമായ വീടുകളിൽ കിണർ റീ ചാർജ്ജിങ്ങ് പദ്ധതി നടപ്പിലാക്കിയതല്ലാതെ ജലസേചനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളൊന്നും തന്നെ നഗരസഭ ആവിഷ്കരിച്ചിട്ടില്ല.<br>• കൃഷിഭൂമിയുടെ തരിശുവൽക്കരണം തടയുന്നതിന് ആവശ്യമായ പ്രൊജക്ടുകളൊന്നും തന്നെ നഗരസഭ നടപ്പിലാക്കിയിട്ടില്ല.<br>• കാർഷികോല്പന്നങ്ങൾ സംഭരിക്കാനും വിതരണം ചെയ്യാനും സംവിധാനം ഒരുക്കിയിട്ടില്ല.<br>• കാർഷിക മേഖലയിൽ തൻവർഷം വകയിരുത്തിയതിന്റെ 39% മാത്രമാണ് നഗരസഭ ചെലവഴിച്ചിട്ടുള്ളത്. |
| മൃഗസംരക്ഷണം/ ക്ഷീരവികസനം | • കാലിത്തീറ്റയുടെ വിലവർദ്ധനവ്<br>• മേച്ചിൽപ്പുറങ്ങളുടെ അഭാവം | • ക്ഷീര സഹകരണ സംഘങ്ങൾ മുഖേന നൽകുന്ന പാലിന്റെ അളവിന് സബ്സിഡി അനുവദിക്കുന്നുണ്ടെങ്കിലും പച്ചപ്പുല്ലിന്റെയും |

| | | |
|---|---|---|
| | • വൈക്കോലിന്റെ അപര്യാപ്തത<br>• ഉൽപന്നങ്ങളുടെ വിലയിടിവ്<br>• തെരുവ് നായ്ക്കളുടെ ശല്യം | വൈക്കോലിന്റെ അപര്യാപ്തതയും മേച്ചിൽ പുറങ്ങളുടെ അഭാവവും പരിഹരിക്കുന്നതിന് യാതൊരു നടപടിയും നഗരസഭയുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല.<br>• ഉൽപന്നങ്ങൾ സംഭരിച്ച് വിതരണം ചെയ്ത് കർഷകർക്ക് ന്യായവില ഉറപ്പാക്കാൻ ആവശ്യമായ പ്രൊജക്ടുകൾ ഒന്നും നഗരസഭ ആവിഷ്കരിച്ചിട്ടില്ല.<br>• എബിസി പദ്ധതി നടപ്പിലാക്കുന്നതിന് 1,00,000രൂപ അടങ്കലുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടെങ്കിലും യാതൊരു തുകയും ചെലവഴിച്ചില്ല.<br>• തെരുവ് നായകളുടെ വന്ധ്യംകരണം നടത്തുന്നതിന് കോപ്പാലം വെറ്റിനറി ഡിസ്പെൻസറിയിൽ നിർമ്മിച്ച കെട്ടിടത്തിൽ വൈദ്യുതീകരണം ഉൾപ്പെടെ യാതൊരു അനുബന്ധ സൗകര്യവും ഒരുക്കിയിട്ടില്ല.<br>• മൃഗസംരക്ഷണ മേഖലയിൽ വകയിരുത്തിയതിന്റെ 53% മാത്രമാണ് നഗരസഭയ്ക്ക് ചെലവഴിക്കാൻ സാധിച്ചത്. |
| പ്രാദേശിക വികസനം | • വ്യവസായ വികസനത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യത്തിന്റെ അഭാവം<br>• ഉൽപന്നങ്ങളുടെ വിപണന സംവിധാനത്തിന്റെ അപര്യാപ്തത<br>• പരിശീലനത്തിന്റെ കുറവ് | • മിനി വ്യവസായ എസ്റ്റേറ്റിന് വേണ്ടി സ്ഥലമെടുപ്പ് നടത്തിയെങ്കിലും ആവശ്യമായ വഴി സൗകര്യം ലഭ്യമല്ലാത്തതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങളനുസരിച്ച് 300 ച.മീ.അടി മുകളിൽ തറ വിസ്തീർണ്ണമുള്ള നിർമ്മിതികൾ സാധ്യമല്ലാത്ത അവസ്ഥയുണ്ട്.<br>• ഉൽപന്നങ്ങളുടെ വിപണന കേന്ദ്രം സ്ഥാപിക്കാൻ പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടില്ല.<br>• തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടില്ല. |
| മത്സ്യബന്ധനം | • ശോഷിക്കുന്ന മത്സ്യസമ്പത്ത്<br>• കടൽക്ഷോഭം, മണ്ണൊലിപ്പ്<br>• അശാസ്ത്രീയമായ മത്സ്യബന്ധന രീതികൾ<br>• പാർപ്പിടം ലഭ്യമല്ലാത്തത്<br>• ലഹരി വസ്തുക്കളുടെ അമിതമായ ഉപഭോഗം<br>• തൊഴിലാളികളുടെ ലഭ്യതക്കുറവ് | • ശാസ്ത്രീയമായ മത്സ്യബന്ധന രീതികൾ നടപ്പിലാക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.<br>• മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക ഗൃഹനിർമ്മാണ പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.<br>• ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ സംസ്ഥാന സർക്കാരിന്റെ ബോധവൽക്കരണ പദ്ധതികളല്ലാതെ നഗരസഭ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.<br>• കൂടുതൽ പേരെ മത്സ്യബന്ധന മേഖലയിലേക്ക് ആകർഷിക്കുന്ന പ്രൊജക്ടുകൾ തയ്യാറാക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല.<br>• ഈ മേഖലയിൽ വകയിരുത്തിയതിന്റെ 44% മാത്രമാണ് നഗരസഭ ചെലവഴിച്ചത്. |
| ദാരിദ്ര്യ ലഘൂകരണം | • അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ല<br>• ദരിദ്രജന വിഭാഗങ്ങൾക്കിടയിൽ സ്വയംതൊഴിൽ സംരഭങ്ങളുടെ കുറവ്<br>• സ്വയംതൊഴിൽ പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണങ്ങളുടെ കുറവ് | • അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം തൻവർഷം ആകെ 98 പേർക്ക് മാത്രമാണ് തൊഴിൽ ലഭിച്ചിട്ടുള്ളത്.<br>• സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ പ്രൊജക്ടുകൾ ഒന്നും തന്നെ നഗരസഭ നടപ്പിലാക്കിയിട്ടില്ല.<br>• ഈ മേഖലയിൽ വകയിരുത്തിയ തുകയുടെ 54% മാത്രമാണ് നഗരസഭ ചെലവഴിച്ചിട്ടുള്ളത്. |
| സാമൂഹ്യക്ഷേമം | • വൃദ്ധജനങ്ങൾക്ക് ആവശ്യമായ പരിചരണം ലഭിക്കുന്നില്ല.<br>• ബഡ്സ് സ്കൂളുകളുടെ അപര്യാപ്തത | • വൃദ്ധജനങ്ങൾക്കായി വിവിധ പ്രൊജക്ടുകളിലായി വകയിരുത്തിയ തുകയുടെ 27% മാത്രമാണ് നഗരസഭയ്ക്ക് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്.<br>• ബഡ്സ് സ്കൂളുകളുടെ കുറവ് പരിഹരിക്കാൻ നടപടികൾ സ്വീകിരിച്ചിട്ടില്ല. |

| | | |
|---|---|---|
| | • അംഗപരിമിതർക്ക് ആവശ്യമായ തൊഴിൽ പരിശീലനം ലഭിക്കുന്നില്ല.<br>• ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത അങ്കണവാടികൾ.<br>• മൂന്നാംലിംഗക്കാരുടെ സ്ഥിതിവിവരകണക്കുകൾ നഗരസഭയിൽ ലഭ്യമല്ല. | • തൊഴിൽ പരിശീലന പരിപാടികൾക്കുള്ള പ്രൊജക്ടുകൾ തയ്യാറാക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല.<br>• അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ആവശ്യമായ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ ആവശ്യമായ പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.<br>• മൂന്നാം ലിംഗക്കാരുടെ കണക്കുകൾ ശേഖരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| വനിത/<br>ശിശുക്ഷേമം | • തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ കുറവ്<br>• തൊഴിലവസരങ്ങളുടെ കുറവ്<br>• സാമ്പത്തിക സ്വാശ്രയത്വം ഇല്ലായ്മ<br>• മതിയായ സൗകര്യമുള്ള അംഗണവാടി കെട്ടിടങ്ങളുടെ അപര്യാപ്തത | • തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.<br>• വനിതാ സ്വയം തൊഴിൽ സംരഭങ്ങൾക്ക് സബ്സിഡി നൽകുന്നതിന് 36 ലക്ഷം രൂപ അടങ്കലുള്ള പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും പ്രൊജക്ട് നടപ്പിലാക്കിയിട്ടില്ല.<br>• അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ആവശ്യമായതോ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ ആവശ്യമായതോ ആയ പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.<br>• മൂന്നാം ലിംഗക്കാരുടെ കണക്കുകൾ ശേഖരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. വനിതകൾക്കായി തൻവർഷം 24 പ്രൊജക്ടുകൾ തയ്യാറാക്കിയിരുന്നെങ്കിലും 6 പ്രൊജക്ടുകൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. അതായത് വകയിരുത്തിയതിന്റെ 36% മാത്രമേ ചെലവാക്കിയിട്ടുള്ളൂ. കുട്ടികൾക്കായി 20 പ്രൊജക്ടുകൾ തയ്യാറാക്കിയിരുന്നെങ്കിലും വകയിരുത്തിയതിന്റെ 57% മാത്രമേ ഈ മേഖലയിൽ ചെലവഴിച്ചിട്ടുള്ളൂ. |
| പട്ടികജാതി വികസനം | • സാമ്പത്തിക പരാധീനതകൾ കാരണം പട്ടികജാതി വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസം നടത്തുന്നില്ല.<br>• വീടുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യപ്തത<br>• പദ്ധതികളെക്കുറിച്ചുള്ള ബോധവത്കരണത്തിന്റെ അപര്യാപ്തത | • പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി മെറിട്ടോറിയസ് സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്.<br>• വിദ്യാർത്ഥികൾക്ക് വീടുകളിൽ പഠനമുറി നിർമ്മിക്കാൻ ധനസഹായം അനുവദിക്കുന്നുണ്ട്.<br>• പട്ടികജാതി വിഭാഗത്തിന് വീട് നിർമ്മാണത്തിന് സ്ഥലമെടുപ്പ് നടത്തിയിട്ടുണ്ടെങ്കിലും തുടർനടപടികളൊന്നും ഉണ്ടായിട്ടില്ല. പി.എം.എ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പട്ടികജാതി വിഭാഗത്തിന്റെ ഭവനപദ്ധതി നടപ്പിലാക്കുന്നത്.<br>• പശ്ചാത്തല മേഖലയിൽ പട്ടികജാതി വിഭാഗത്തിൽ വകയിരുത്തിയതിന്റെ 10% തുക മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ.<br>• നഗരജനസംഖ്യയുടെ 1.6% മാത്രമേ പട്ടികജാതി വിഭാഗം ഉൾപ്പെടുന്നുള്ളൂ എന്നതും ഈ മേഖലയിലെ ഫണ്ട് വിനിയോഗത്തിൽ കുറവിന് കാരണമാകുന്നു. |
| ആരോഗ്യം | • ആരോഗ്യസ്ഥാപനങ്ങളുടെ സ്ഥലപരിമിതി<br>• ആരോഗ്യസ്ഥാപനങ്ങളിൽ ജീവനക്കാരുടെ അപര്യാപ്തത<br>• മരുന്നുകളുടെ വിലക്കയറ്റം<br>• മരുന്നുകളുടെ ലഭ്യതക്കുറവ്<br>• ജീവിതശൈലീ രോഗങ്ങളുടെ ആധിക്യം | • ആരോഗ്യ സ്ഥാപനങ്ങളിൽ സ്ഥലപരിമിതി പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.<br>• ആരോഗ്യ സ്ഥാപനങ്ങളിലെ ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.<br>• ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ പ്രവർത്തനത്തിൽ നഗരസഭ ആവശ്യമായ ഇടപെടലുകൾ നടത്തുന്നില്ല.<br>• ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പ്, മരുന്ന് വിതരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| ശുചിത്വം | • വീടുകളിൽനിന്നുള്ള പ്ലാസ്റ്റിക്ക് മാലിന്യം കൊണ്ടുപോകാത്തത്.<br>• പ്ലാസ്റ്റിക്ക് റീ സൈക്ലിംഗ് യൂണിറ്റിന്റെ അഭാവം<br>• മാലിന്യ സംസ്കരണ സംവിധാനം ഇല്ലാത്തത്.<br>• ബോധവത്കരണത്തിന്റെ അഭാവം<br>• ഉറവിട മാലിന്യസംസ്കരണ ഉപാധികൾ വീടുകളിൽ ഇല്ലാത്തത്.<br>• മലിനജലം ഓടയിലേക്ക് ഒഴുക്കിവിടുന്നത് | • പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നിലവിലെ സാഹചര്യത്തിൽ പര്യാപ്തമല്ല.<br>• ഒരു പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് മാത്രമാണ് നഗരസഭയിൽ നിലവിലുള്ളത്. പ്രവർത്തനരഹിതമായ 4 ബായോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനയോഗ്യമാക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.<br>• നഗരസഭയിൽ കേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന സംവിധാനം ഇല്ല.<br>• നാമമാത്രമായ വീടുകളിൽ ബയോഗ്യാസ് പ്ലാന്റും പൈപ്പ് കംമ്പോസ്റ്റുകളും സ്ഥാപിച്ചു എന്നല്ലാതെ ഉറവിട മാലിന്യസംസ്കരണത്തിന് ശക്തമായ നടപടികളൊന്നും തന്നെ നഗരസഭയുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല.<br>• മാലിന്യസംസ്കരണം സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിൽ നഗരസഭ വിജയിച്ചിട്ടില്ല. മലിനജലം ഓടയിലേക്ക് ഒഴുക്കിവിടുന്നതിനെതിരെ ചട്ടപ്രകാരം നടപടി സ്വീകരിക്കാമെങ്കിലും നഗരസഭ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.<br>• പൊതുസ്ഥാപനങ്ങളിലും സ്കൂളുകളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടില്ല. |
| വിദ്യാഭ്യാസം, കല, സാംസ്കാരം, യുവജനക്ഷേമം | • പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നത്<br>• പൊതുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത<br>• അക്കാദമിക്ക്തലം മെച്ചപ്പെടുത്താൻ സാധിക്കാത്തത്.<br>• കലാരംഗത്തും കായിക രംഗത്തും കൃത്യമായ രീതിയിൽ ഇടപെടലുകൾ നടത്താൻ സാധിക്കുന്നില്ല.<br>• നൈപുണ്യവികസനത്തിനുള്ള പദ്ധതികളുടെ അപര്യാപ്തത | • പൊതുവിദ്യാലയങ്ങിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഒരു പരിധിവരെ കുറഞ്ഞിട്ടുണ്ട്.<br>• വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നുണ്ട്. യുവജനങ്ങൾക്കായി 6 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും ഒരു പ്രൊജക്റ്റ് മാത്രമാണ് നടപ്പിലാക്കിയത്. യുവജനങ്ങൾക്കായി വകയിരുത്തിയ തുകയുടെ 31% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.<br>• നൈപുണ്യ വികസനത്തിനുള്ള പ്രൊജക്ടുകൾ നഗരസഭ നടപ്പിലാക്കിയിട്ടില്ല. |
| പാർപ്പിടം | • ഭൂമിയുടെ ലഭ്യതക്കുറവ്<br>• വർദ്ധിച്ചുവരുന്ന നിർമ്മാണ ചെലവ്<br>• നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം<br>• എകീകൃതമല്ലാത്ത സബ്സിഡി | • പട്ടികജാതി വിഭാഗത്തിന് വീട് നിർമ്മിക്കുന്നതിന് സ്ഥലമെടുപ്പ് നടത്തിയെങ്കിലും മറ്റ് നടപടികൾ ഒന്നും ആരംഭിച്ചിട്ടില്ല.<br>• ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് നഗരസഭ ഇപ്പോൾ പി.എം.എ.വൈ പദ്ധതിയാണ് നടപ്പിലാക്കുന്നത്. |
| കുടിവെള്ളം | • നഗരസഭയിൽ കേരള ജല അതോറിറ്റിയുടെ കണക്ഷനുകൾ അപര്യാപ്തമാണ്<br>• പൊതുടാപ്പുകൾ ആവശ്യത്തിനില്ല.<br>• കുടിവെള്ള പദ്ധതികളുടെ കിണറുകൾ വേനൽക്കാലത്ത് വറ്റിവരളുന്നു.<br>• ജലസംരക്ഷണവുമായി ബന്ധപ്പെട്ട | • നാമാമാത്രമായ വീടുകളിലാണ് കിണർ റീചാർജ്ജിങ്ങ് നടപ്പിലാക്കിയിട്ടുള്ളത്. കൂടുതൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കാൻ നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല.<br>• മഴക്കുഴി നിർമ്മാണം, ഗാർഹിക മഴവെള്ള സംഭരണി നിർമ്മാണം എന്നിവയൊന്നും നഗരസഭ പ്രോത്സാഹിപ്പിച്ചിട്ടില്ല.<br>• പൊതുസ്ഥാപനങ്ങളിലും സ്കൂളുകളിലും മഴവെള്ള സംഭരണി നിർമ്മിച്ചിട്ടില്ല.<br>• ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിയിട്ടില്ല. |

| | | |
|---|---|---|
| | ബോധവത്കരണത്തിന്റെ അഭാവം<br>• ജലസംരക്ഷണവുമായി ബന്ധപ്പെട്ട ആവശ്യമായ പദ്ധതികൾ നടപ്പാക്കാൻ സാധിക്കാത്തത് | |
| പൊതുമരാമത്ത്/ നഗരാസൂത്രണം | • വീതിയുള്ള റോഡുകളുടെ അഭാവം<br>• ശക്തമായ മഴയുള്ളപ്പോൾ വെള്ളത്തിനടിയിലാവുന്ന റോഡുകൾ<br>• പാരലൽ റോഡുകളുടെയും റിംഗ് റോഡുകളുടെയും അഭാവം<br>• പാർക്കിങ്ങ് സൗകര്യങ്ങളുടെ അഭാവം<br>• ശാസ്ത്രീയമായ ഡ്രെയിനേജ് സിസ്റ്റത്തിന്റെ അഭാവം<br>• മാസ്റ്റർപ്ലാൻ പുതുക്കിയിട്ടില്ല. | • റോഡുകൾ വീതിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. റോഡുകളുടെ വെള്ളക്കെട്ടുകൾ ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.<br>• പാരലൽ റോഡുകളും റിംഗ് റോഡുകളും നിർമ്മിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടില്ല. നഗരത്തിലെ കെട്ടിടങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താൻ കർശന നടപടി സ്വീകരിക്കുന്നില്ല.<br>• നഗരത്തിലെ അനധികൃത പാർക്കിംഗിങ്ങിനെതിരെ നഗരസഭയുടെ ഭാഗത്തുനിന്നും നടപടികൾ ഒന്നും ഉണ്ടാകുന്നില്ല.<br>• ശാസ്ത്രീയമായ ഡ്രെെനേജ് സിസ്റ്റം നിർമ്മിക്കാൻ ആവശ്യമായ പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടില്ല.<br>• പൊതുമരാമത്ത് മേഖലയിൽ വകയിരുത്തിയതിൽ 31% തുക മാത്രമാണ് നഗരസഭ വിനിയോഗിച്ചിട്ടുള്ളത്. |

# 1-7 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | പലിശ | ആകെ | പദ്ധതി ചെലവ് | ഭരണ ചെലവ് | ആകെ ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| 9,58,306 | 46,96,460 | 36,436 | 56,91,202 | 2,91,667 | 3,24,407.90 | 6,16,074.90 | 50,75,127.10 |

# 1-8 ക്ഷേമപദ്ധതികൾ

വിവിധ ക്ഷേമ പെൻഷനുകളിലെ ചെലവ് തുകയും ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ കൊടുക്കുന്നു ( ചെലവഴിച്ച തുകകൾ ഇൻകം & എക്സ്പെൻറിച്ചർ ഷെഡ്യൂൾ I-14 പ്രകാരം).

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 65,280 | 111 |
| കർഷകത്തൊഴിലാളി പെൻഷൻ | 22,90,400 | 223 |
| വിധവാപെൻഷൻ | 3,45,53,900 | 2,835 |
| വാർദ്ധക്യകാലപെൻഷൻ | 7,79,10,400 | 6,064 |
| വികലാംഗപെൻഷൻ | 89,03,700 | 816 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,11,26,000 | ലഭ്യമല്ല |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2017, 27.12.2017, 31.01.2018, 20.03.2018, 30.04.2018, 30.05.2018, 30.06.2018, 28.07.2018, 30.08.2018, 28.09.2018, 29.10.2018, 26.11.2018, 24.12.2018, 29.01.2019 തീയ്യതികളിൽ ഉത്തരവാദപ്പെട്ട നഗരസഭാ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. മേൽ തീയ്യതികളിലെ ക്യാഷ് ബാലൻസ് പരിശോധനകളിൽ വരവിന്റെ കൃത്യതയും സൂക്ഷ്മതയും ഉറപ്പുവരുത്തിയിട്ടുണ്ട്. ക്യാഷ് ബാലൻസ് പരിശോധനയിൽ മറ്റ് അപാകതകളൊന്നും ഉണ്ടായിരുന്നില്ല.

# 1-10 ആഭ്യന്തരനിയന്ത്രണം

1. 1994ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 22(ഡി)(i) പ്രകാരം മുനിസിപ്പൽ കൗൺസിലിന് കിട്ടേണ്ടതായ നികുതികളുടെയും ഫീസുകളുടെയും വാടകകളുടെയും മറ്റ് തുകകളുടെയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടതാണെന്നും വകുപ്പ് 22(ഡി)(x) പ്രകാരം നികുതി ചുമത്തുന്നതിൽനിന്ന് വിട്ടുപോയ കേസുകളിൽ പുനപരിശോധിക്കുന്നതിലേക്കും സെക്രട്ടറിക്ക് നിർദ്ദേശം നൽകേണ്ടതാണെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വസ്തുനികുതി, തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് ഫീസ്, പരസ്യ നികുതി, വാടക തുടങ്ങിയ ഡിമാന്റ് ചെയ്യപ്പെടുന്ന വരവിനങ്ങളിൽ തൻവർഷത്തേയും മുൻവർഷത്തേതുമായി വൻ കുടിശ്ശിക ഉള്ളതായി 2017-18 വാർഷിക ധനകാര്യ പത്രിക ബി-15 ഷെഡ്യൂൾ പ്രകാരം കാണുന്നുണ്ട്. മാത്രമല്ല സഞ്ചയ സോഫ്റ്റ് വെയർ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധനയിൽ 3500-ൽ അധികം കെട്ടിടങ്ങൾ വസ്തുനികുതി നിർണ്ണയത്തിൽനിന്ന് ഒഴിവായിട്ടുള്ളതായി കാണുന്നുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്ട്സ് പരിശോധിച്ചതിൽനിന്നും കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് നയപരമായ തീരുമാനങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി എടുത്തതായി കാണുന്നില്ല. ഇത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ വീഴ്ചയായി വിലയിരുത്തുന്നു.

2. 2017-18 വർഷത്തെ ഡി&ഒ ലൈസൻസ് ഫീ വരവുമായി ബന്ധപ്പെട്ട് നഗരസഭ ഹാജരാക്കിയിട്ടുള്ള എല്ലാ വാർഡുകളിലെയും ഡി&ഒ രജിസ്റ്ററുകളിൽ ലൈസൻസിയുടെ പേരും അടയ്ക്കാനുള്ള ലൈസൻസ് ഫീസ് തുകയും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പല സ്ഥാപനങ്ങളുടെയും ലൈസൻസ് ഫീസ് അടച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

3. നഗരസഭയുടെ 2017-18 വർഷത്തെ ചെക്ക്/ഡ്രാഫ്റ്റ് കലക്ഷൻ രജിസ്റ്ററുകളിൽ പല ചെക്കുകളും പണമാക്കി മാറ്റിയ തീയ്യതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4. നഗരസഭ റെഗുലർ ജീവനക്കാരുടെയും കണ്ടീജന്റ് തൊഴിലാളികളുടെയും പ്രൊവിഡന്റ് ഫണ്ട് ഇനത്തിലും എസ്.എൽ.ഐ, ജി.ഐ.എസ് ഇനങ്ങളിലെയും റിക്കവറികൾ നടത്തിയതിന്റെ ഡിമാന്റ് ഡ്രാഫ്റ്റുകൾ നഗരസഭയിൽനിന്നും കൈപ്പറ്റിയ ശേഷം യഥാസമയം നഗരകാര്യ ഡയറക്ടറേറ്റിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും അയക്കാതെ കൈവശം സൂക്ഷിച്ചുകൊണ്ട് എ2 സെക്ഷൻ ക്ലർക്ക് ഗുരുതര വീഴ്ച വരുത്തിയത് നിരീക്ഷിക്കാതിരുന്നത് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ വീഴ്ചയാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് കാണിക്കുന്നത്.

5. തൊഴിൽ നികുതി (ഇൻസ്റ്റിറ്റ്യൂഷൻ/പ്രൊഫഷണൽ/ട്രേഡേഴ്സ്), ഡി&ഓ ലൈസൻസ്, വാടക എന്നിവയുടെ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മൊത്തം വരവുകളുടെ സംക്ഷിപ്തം കാലാകാലങ്ങളായി ഒരു ഇനത്തിനും രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററുകൾ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സൂക്ഷിക്കാതിരുന്നത് നഗരസഭയുടെ കണക്കുകളുടെ കൃത്യത പരിശോധിക്കാൻ തടസ്സം സൃഷ്ടിക്കുന്നുണ്ട്. കാര്യക്ഷമമായി ഭരണ നിർവ്വഹണത്തിന് മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | | കാലയളവ് | ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.08.2015 മുതൽ 07.08.2015 വരെ | 2014-15 | 23.07.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.10.2013 മുതൽ 28.10.2017 വരെയും 13.11.2017 മുതൽ 25.11.2017 വരെയും | 2012-13 മുതൽ 2016-17 വരെ | 26.12.2017 |

1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 3(3) പ്രകാരം മുനിസിപ്പാലിറ്റികളിൽ മൂന്ന് മാസത്തിലൊരിക്കൽ പെർഫോമെൻസ് ഓഡിറ്റ് നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം 2015-16 വർഷം മുതലുള്ള പെർഫോമൻസ് ഓഡിറ്റ് കുടിശ്ശികയാണ്.

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

**എ.** 2017-18 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് 31.08.2018 തീയ്യതിയിലെ കെ.എസ്.എ/ ടി.എസ്.എം1/285/2018 നമ്പർ പ്രകാരം വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട താഴെ കൊടുത്തിരിക്കുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.

1. വാർഷിക ധനകാര്യ പത്രികയോടൊപ്പം നോട്ട്സ് ടു അക്കൗണ്ട്സ്, ഫിനാൻഷ്യൽ പെർഫോമൻസ് ഇൻഡിക്കേറ്റേഴ്സ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
2. പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിനും അവയുടെ ചെലവ് നടത്തുന്നതിനുമായി ലഭിക്കുന്ന ഫണ്ട് വിവരങ്ങൾ RP-24 എന്ന ഷെഡ്യൂളിലാണ് ഉണ്ടാവുക. വികസനഫണ്ടുകൾ പ്രത്യേക പദ്ധതികൾക്കായിട്ടാണ് ലഭിക്കുന്നത് എന്നതിനാൽ മൂന്നിൽ തുടങ്ങുന്ന ഹെഡിൽ ഉൾപ്പെടുത്തേണ്ടതാണെങ്കിലും ഇത്തരത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.
3. RP-4 ഷെഡ്യൂളിലെ തുകകൾ I-4 (b) ഷെഡ്യൂളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. RP-9 , I-9 ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല
5. RP-12 , I-11 (b) ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.
6. ഷെഡ്യൂൾ RP-29 ൽ ലീവ് സാലറി പേയബിൾ എന്ന ചെലവ് അക്കൗണ്ട് ചെയ്തിരിക്കുന്നതായി കാണുന്നു. ലീവ് സറണ്ടർ RP-10 ലാണ് അക്കൗണ്ട് ചെയ്യപ്പെടേണ്ടത്.
7. നഗരസഭയുടെ തനത് വരുമാനത്തിന്മേലുള്ള പലിശയോ തനതു ഫണ്ടുകളിന്മേൽ ബാങ്കുകൾ നൽകുന്ന പലിശകളോ മാത്രമേ I-8 Interest Earned എന്ന ഷെഡ്യൂളിൽ ചേർക്കാവൂ. എന്നാൽ ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽനിന്നും IHSDP, NULM, UIDSSMT, അയ്യങ്കാളി തുടങ്ങിയ എക്കൗണ്ടുകളിലെ പലിശ വരവുകൾ ഈ ഷെഡ്യൂളിൽ ചേർത്തതായി കാണുന്നു.
8. നഗരസഭയുടെ തനത് ഫണ്ടിൽനിന്നുള്ള ചെലവുകളേ ഷെഡ്യൂൾ I-12(b) യിൽ ഉൾപ്പെടുത്താൻ പാടുള്ളൂ. പ്രസ്തുത ഷെഡ്യൂൾ പ്രകാരമുള്ള ലെഡ്ജറുകൾ പരിശോധനാവിധേയമാക്കിയപ്പോൾ സ്പെഷ്യൽ ഫണ്ട്, സ്പെസിഫിക്ക് ഗ്രാന്റ് എന്നീ ഫണ്ടുകളിലുള്ള ചെലവുകളും അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് കാണുന്നു. സാധാരണഗതിയിൽ I-12 (b) = RP-12 ആകേണ്ടതാണെങ്കിലും വാർഷിക കണക്കിൽ ഇവ തുല്യമായി വരുന്നില്ല. മാത്രമല്ല, പദ്ധതി ചെലവുകൾ ഈ ഷെഡ്യൂളിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതാണെങ്കിലും വാർഷിക കണക്കിൽ ആയവ ഉൾപ്പെടുത്തിക്കാണുന്നു.
9. (i)ഷെഡ്യൂൾ B-4 ൽ Development Fund-Special Grant-Capital, Fund for Transferred Institution-Fishing-Capital, Fund for Transferred Institutions-Education-Capital, Other Government Agencies, Other Grants & Contributions for Specific Purposes എന്നിവയിൽ നീക്കിയിരിപ്പ് സംബന്ധിച്ച വ്യക്തത വരുത്തേണ്ടതാണ്.

(ii) ഷെഡ്യൂൾ B-4 ൽ 320802000 എന്ന ഹെഡിൽ അയ്യങ്കാളി പ്രൊജക്ടിലെ നീക്കിയിരിപ്പ് തുകയായ 73,79,406 രൂപ B-17 ഷെഡ്യൂളിലെ തുകയും ബാങ്ക് പാസ്സ് ബുക്കിലെ നീക്കിയിരിപ്പ് തുകയുമായ 5075127.10 രൂപയുമായി പൊരുത്തപ്പെടുന്നില്ല.

10. ഷെഡ്യൂൾ B-9 ൽ നെഗറ്റീവ് എൻട്രി വരില്ല. എന്നാൽ Provident Fund Payable, Pension Gratuity Payable തുടങ്ങിയ ഹെഡുകളിൽ നെഗറ്റീവ് സംഖ്യ വന്നതായി കാണുന്നു. ഹെഡിൽ തുകയില്ലാതെ/റസീറ്റ് ഇല്ലാതെ ഇതിൽനിന്ന് റീഫണ്ട് ചെയ്തതുകൊണ്ടാകാം. ലെഡ്ജർ പരിശോധിച്ച് തിരുത്തൽ വരുത്തേണ്ടതാണ്.

11. ഷെഡ്യൂൾ B-18 ൽ നെഗറ്റീവ് എൻട്രി വരില്ല. എന്നാൽ Housing Loan to Employees എന്ന ഹെഡിൽ നെഗറ്റീവ് സംഖ്യ ചേർത്തിരിക്കുന്നതായി കാണുന്നു. മതിയായ പ്രൊവിഷൻ രേഖപ്പെടുത്താതെ റസീറ്റ് ചെയ്തു എന്നാണ് ഇത് വ്യക്തമാക്കുന്നത്

12. പ്രവൃത്തി പൂർത്തിയാകാത്ത പദ്ധതികളുടെ വിവരങ്ങൾ B-11(a) ഷെഡ്യൂളിലാണ് ചേർക്കേണ്ടത്. എന്നാൽ Capital Works in Progress ലുള്ള വിവിധ തുകകൾ B-11 ഷെഡ്യൂളിലാണ് ചേർത്തിരിക്കുന്നത്.

13. ഷെഡ്യൂൾ B-15 പ്രകാരം വസ്തുനികുതിയിനത്തിൽ തൻവർഷം 12,49,481 രൂപയും വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 2,94,866.42 രൂപയും പിരിഞ്ഞു കിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വസ്തുനികുതിയുടെ 5% തുകയല്ല ലൈബ്രറി സെസ്സ് ഇനത്തിൽ രേഖപ്പെടുത്തിയത്.

14. ഷെഡ്യൂൾ B-4 ലെ തുകകൾ സാധാരണഗതിയിൽ ഷെഡ്യൂൾ B-17 ലെ സമാന തുകകളുമായി പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ തുകകൾ പൊരുത്തപ്പെടാത്തതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Account | Shedule B-4 | Shedule B-17 |
|---|---|---|
| UIDSSMT | 12,45,09,074 | 10,90,63,785 |
| അയ്യങ്കാളി | 73,79,406 | 50,75,127 |
| RMSA | 18,24,345 | 1,38,418 |

15. വസ്തു നികുതി - സഞ്ചയ പ്രകാരമുള്ള തുകയും വാർഷിക കണക്കിലെ തുകയും പെരുത്തപ്പെടുന്നില്ല.

1. സഞ്ചയ പ്രകാരമുള്ള തൻവർഷത്തെ ഡിമാന്റ് തുകയും വാർഷിക കണക്കിലെ I-1 ഷെഡ്യൂളിലെ തുകയും യോജിക്കുന്നില്ല
2. സഞ്ചയ പ്രകാരമുള്ള തൻവർഷത്തെ കലക്ഷൻ തുകയും വാർഷിക കണക്കിലെ RP -37 ഷെഡ്യൂളിലെ തുകയും യോജിക്കുന്നില്ല.
3. സഞ്ചയ പ്രകാരമുള്ള തൻവർഷത്തെ ബാലൻസ് തുകയും വാർഷിക കണക്കിലെ B-15 ഷെഡ്യൂളിലെ തുകയും യോജിക്കുന്നില്ല.
4. സഞ്ചയ പ്രകാരമുള്ള തൻവർഷത്തെ അരിയർ ഡിമാന്റ് തുകയും 2016-17 വർഷത്തെ വാർഷിക കണക്കിലെ B-15 ഷെഡ്യൂളിലെ തുകയും യോജിക്കുന്നില്ല

**ബി.** ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1. 2017-18 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം TPA.163 (മുനിസിപ്പൽ പെൻഷൻ ഫണ്ട്) അക്കൗണ്ടിലെ മുൻവർഷത്തെ നീക്കിയിരിപ്പ് തുക 56,40,850 രൂപയും ട്രഷറിപത്രിക പ്രകാരം 46,40,850 രൂപയുമാണെന്ന് കാണുന്നു. മുൻബാക്കിയിൽ 10 ലക്ഷം രൂപയുടെ വ്യത്യാസം കാണുന്നു. പ്രസ്തുത അക്കൗണ്ടിന്റെ റീ-

കൺസിലിയേഷൻ പത്രിക ഹാജരാക്കിയിട്ടില്ല. മുൻബാക്കി തുകയുടെ വ്യത്യാസം പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതാണ്.

2. സഞ്ചയ പ്രകാരമുള്ളതും വാർഷിക കണക്ക് പ്രകാരമുള്ളതുമായ വസ്തുനികുതി ഡിമാന്റ്, കലക്ഷൻ, ബാലൻസ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ പ്രകാരം | 5,52,90,283 | 3,45,43,990 | 2,07,46,293 |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 5,13,84,027 | 32,25,699 | 12,49,481 |

വാർഷിക ധനകാര്യ പത്രിക 2017-18 പ്രകാരം ഡിമാന്റ്, കലക്ഷൻ തുകകൾ തമ്മിലുള്ള വ്യത്യാസം 1,91,27,728 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം പിരിഞ്ഞുകിട്ടാനുള്ള വസ്തുനികുതി 12,49,481 രൂപയെന്നാണ് കാണിച്ചിരിക്കുന്നത്.

3. സഞ്ചയ പ്രകാരവും വാർഷിക ധനകാര്യ പത്രിക പ്രകാരവുമുള്ള വസ്തുനികുതി (കുടിശ്ശിക) ഡിമാന്റ്, കലക്ഷൻ, ബാലൻസ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ പ്രകാരം | 6,06,83,495 | 1,60,78,154 | 4,46,05,341 |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 54,40,792 | 1,56,37,010 | 2,94,866 |

വാർഷിക ധനകാര്യ പത്രിക പ്രകാരം മുൻവർഷങ്ങളിലെ കുടിശ്ശികയുടെ ഡിമാന്റ് കലക്ഷൻ തുകകൾ തമ്മിലുള്ള വ്യത്യാസം (-)1,01,96,218 രൂപയാണ്. ഡിമാന്റിനേക്കാൾ കൂടുതൽ കലക്ഷൻ തുക കാണുന്നു. എന്നാൽ ബാലൻസ് ഷീറ്റിലെ B -15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതിയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 2,94,866 രൂപയും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കുടിശ്ശികയിനത്തിലെ തുക 4,46,05,341 രൂപയാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കുടിശ്ശിക തുകയിൽ വ്യത്യാസമുള്ളതിനാലും അരിയർ ഡിമാന്റ് രജിസ്റ്റർ നഗരസഭ സൂക്ഷിക്കുന്നില്ല എന്നതിനാലും മേൽതുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

4. വാർഷിക ധനകാര്യ പത്രികയിലെ RP-37 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി വരവ് 4,78,93,309 രൂപയും (തൻവർഷം -3,22,56,299 +കുടിശ്ശിക 1,56,37,010) പുവർഹോം സെസ്സ് തുക വരവ് 6,72,921 രൂപയുമാണ്. വസ്തുനികുതിയുടെ 2% പുവർഹോം സെസ്സ് എന്ന നിരക്കുമായി സെസ്സ് തുക പൊരുത്തപ്പെടുന്നില്ല.

5. വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ്ഷീറ്റിലെ B-9ഷെഡ്യൂൾ പ്രകാരം പുവർഹോം സെസ്സിനത്തിൽ 31.03.2018 ന് നഗരസഭ അടവാക്കുവാനുള്ള കുടിശ്ശിക തുക 73,92,406 രൂപയാണ്. എന്നാൽ നഗരസഭ സൂക്ഷിച്ച രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക 76,33,095 രൂപയാണ്.

6. 2017-18 വർഷത്തെ വാർഷിക ലേല രജിസ്റ്റർ പരിശോധിച്ചപ്പോൾ ചില ലേല ഇനങ്ങളുടെ വരവ് തുകകൾ വാർഷിക ധനകാര്യപത്രികയിലെ വരവിൽനിന്നും വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫീസിനം | ലേല രജിസ്റ്റർ പ്രകാരം വരവ് | AFS പ്രകാരം വരവ് | വ്യത്യാസം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| മാർക്കറ്റ് ഫീസ് | 4,70,800 | 4,58,250 | 12,550 |
| ബസ്റ്റാന്റ് ഫീസ് | 24,35,000 | 21,67,500 | 2,67,500 |
| ലോറി, ടാക്സി, ഓട്ടോ മറ്റു വാഹന സ്റ്റാന്റുകൾ | 2,12,563 | 1,82,063 | 30,500 |

7. 2017-18 വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പെയ്മെന്റിലെ R.P-29 ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ്സിനത്തിലെ വരവ് 26,20,203 രൂപയാണ്. എന്നാൽ ലൈബ്രറി സെസ്സിന്റെ അടവ് വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പ്രകാരമുള്ള വരവ് 24,00,447 രൂപയുമാണ്. (815624 + 1584823). 219756 രൂപയുടെ വ്യത്യാസം കാണുന്നു.

8. ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ്സിനത്തിൽ 31.03.2018 വരെയായി അടവാക്കാനുള്ള കുടിശ്ശിക തുക 1,11,36,763 രൂപയാണ്. എന്നാൽ ബന്ധപ്പെട്ട ഫയൽ, രജിസ്റ്റർ എന്നിവ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2011-12 മുതൽ 2016-17 വരെ ലൈബ്രറി സെസ്സിനത്തിൽ അടവാക്കാനുള്ള കുടിശ്ശിക തുക | 10402707 |
| 2017-18 ലെ വരവ് | 2400447 |
| ആകെ കുടിശ്ശിക | 12803154 |
| 2017-18 ൽ അടവാക്കിയ തുക | 990983 |
| അടവാക്കേണ്ട തുക | 11812171 |

വാർഷിക കണക്ക്, നഗരസഭ രേഖകൾ എന്നിവ പ്രകാരം 6,75,408 രൂപയുടെ വ്യത്യാസം കാണുന്നു.

9. വാർഷിക കണക്കിലെ ഫണ്ടിനങ്ങളിലെ ചെലവ് തുകകൾ എ.സി.ആറിലെ സമാന ഫണ്ടിനങ്ങളിലെ ചെലവു തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ഫണ്ടിനം | വാർഷിക കണക്ക് പ്രകാരം | എ.സി.ആർ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | വികസന ഫണ്ട്(ജനറൽ) | 5,08,83,197 | 5,52,63,841 | 43,80,644 |
| 2 | വികസന ഫണ്ട്(എസ്.സി.പി) | 9,73,025 | 52,07,799 | 42,34,774 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4,36,42,216 | 5,17,84,758 | 81,42,542 |
| 4 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 2,21,99,982 | 2,48,33,862 | 26,33,880 |
| 5 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1,34,81,354 | 1,34,50,983 | 30,371 |

# 1-13 ദുരിതാശ്വാസ നിധി

2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം രൂപീകരിച്ച തലശ്ശേരി നഗരസഭയുടെ ദുരിതാശ്വാസ നിധിയുടെ 2017-18 വർഷത്തെ കണക്കുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 5,75,534 |
| വരവ് (14801 രൂപ ബാങ്ക് പലിശ ഉൾപ്പെടെ) | 3,25,343 |
| ആകെ വരവ് | 9,00,877 |
| ചെലവ് | 54,500 |
| നീക്കിയിരിപ്പ് | 8,46,377 |

| പൊരുത്തപ്പെടുത്തൽ | |
|---|---|
| ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | 8,46,377 |
| (+) ഗുണഭോക്താക്കൾ കൈപ്പറ്റാത്ത ചെക്ക് തുക | 20,000 |
| (+) പണമാക്കാത്ത ചെക്കുകൾ (ചെക്ക് നം.131332 - പണമാക്കിയ തീയ്യതി 19.05.2018) | 1,500 |
| ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | 8,67,877 |

ദുരിതാശ്വാസനിധിയിൽനിന്നും 03.08.2017 ന് ധനസഹായം അനുവദിച്ച 33 ഗുണഭോക്താക്കളിൽ 14 പേരും (14500 രൂപയുടെ) 27.02.2018 ന് ധനസഹായം അനുവദിച്ച 15 പേരിൽ 5 പേരും (5500 രൂപ) നാളിതുവരെ ചെക്ക് കൈപ്പറ്റിയിട്ടില്ല. 2017-18 ൽ ധനസഹായമനുവദിച്ച 48 പേരിൽ 19 പേരുടെ ധനസഹായം സ്വീകരിച്ചിട്ടില്ല.

ഈ വിഷയത്തിലേക്ക് കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-14 ഓഡിറ്റ് റിപ്പോർട്ട് - തുടർനടപടികൾ

1973-74 മുതൽ 2016-17 വരെ 46 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പ് കൽപ്പിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഇതുവരെ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ പുനരഭിപ്രായക്കുറിപ്പുകൾ/അനന്തര പരാമർശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഏതാനും ഖണ്ഡികകളിലെ തടസ്സം തുടരുന്നതിനാൽ നിരവധി ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ കഴിയാത്ത അവസ്ഥയിലാണ്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കാൻ ഓഡിറ്റ് അദാലത്ത് നടത്തുന്നതിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 നഗരസഭയുടെ സാമ്പത്തിക സ്ഥിതി തൃപ്തികരമല്ല

നഗരസഭ ഓഡിറ്റിന് സമർപ്പിച്ച 2017-18 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചപ്പോൾ നഗരസഭയുടെ സാമ്പത്തിക സ്ഥിതി തൃപ്തികരമല്ല എന്ന് കാണുന്നു.

വാർഷിക കണക്കുകളിൽ ഉൾപ്പെട്ട റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം നഗരസഭയ്ക്ക് തനത് വരുമാനത്തിൽ (ബാങ്ക് പലിശ ഉൾപ്പെടെ) ലഭിച്ചിട്ടുള്ളത് 11.18 കോടി രൂപ മാത്രമാണ്. എന്നാൽ ഭരണ ചെലവുകൾക്ക് മാത്രം നഗരസഭ തൻവർഷം 12.34 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അതായത് തനത് വരുമാനത്തേക്കാൾ 1.16 കോടി രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. നിയമപ്രകാരം നിർവ്വഹിക്കേണ്ട അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിനും

വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും സർക്കാരിൽനിന്നും ലഭിക്കുന്ന വിവിധയിനം ഗ്രാന്റുകളെ ആശ്രയിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്.

വാർഷിക കണക്കുകളിൽ ഉൾപ്പെട്ട ബാലൻസ് ഷീറ്റ് പ്രകാരം വിവിധ ഗ്രാന്റുകളിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുകകൾ, ഒടുക്കുവാൻ ബാക്കി നിൽക്കുന്ന വിവിധ ലോണുകൾ, വിവിധ സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് തിരികെ കൊടുക്കുവാനുള്ള ഡെപ്പോസിറ്റുകൾ എന്നിവയുടെ ആകെ തുക44.74 കോടി വരും. എന്നാൽ നഗരസഭയുടെ കൈയ്യിരിപ്പ് പണവും വിവിധ വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവരിൽനിന്നും നഗരസഭയ്ക്ക് ലഭിക്കാനുള്ള തുകകൾ എന്നിവയുടെ ആകെ തുക ചേർത്താണ് 36.25 കോടി രൂപ മാത്രമാണ്. അതായത് നഗരസഭയ്ക്ക് കിട്ടാനുള്ളതിനേക്കാളും 8.49 കോടി രൂപയുടെ അധിക ബാധ്യത നഗരസഭയ്ക്കുണ്ട്.

2017-18 കാലയളവിൽ നഗരസഭയുടെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 29 തവണ യോഗം ചേർന്നുവെങ്കിലും നഗരസഭയുടെ ധനസ്ഥിതി അവലോകനം നടത്തിയിട്ടില്ല.

ഈ വിഷയത്തിലേക്ക് നഗരസഭ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 പ്രധാന വരവിനങ്ങളുടെ താരതമ്യം

2016-17, 2017-18 വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള മുൻവർഷത്തെയും തൻവർഷത്തെയും ഡിമാന്റ് ചെയ്യപ്പെടുന്ന പ്രധാന വരവിനങ്ങൾ സംബന്ധിച്ച താരതമ്യം ചുവടെ ചേർത്തിരിക്കുന്നു.

| വരവിനം | സാമ്പത്തിക വർഷം | | വർദ്ധനവ്/കുറവ് (+/-) |
|---|---|---|---|
| | 2016-17 | 2017-18 | |
| വസ്തുനികുതി | 3,64,28,621 | 3,22,56,299 | (-) 41,72,322 |
| തൊഴിൽനികുതി (ഇൻസ്റ്റിറ്റ്യൂഷൻസ്, പ്രൊഫഷണൽസ്, ട്രേഡേഴ്സ്) | 29,51,379 | 35,17,377 | (+) 5,65,998 |
| വാടക | 1,98,13,917 | 2,15,97,407 | (+) 17,83,490 |
| ഡി&ഓ ലൈസൻസ് | 22,15,652 | 26,23,917 | (+) 4,08,265 |
| ആകെ | **6,14,09,569** | **5,99,95,000** | **(-) 14,14,569** |

വസ്തുനികുതി ഒഴിച്ചുള്ള വരവുകളിൽ മുൻവർഷത്തേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും വസ്തുനികുതി പിരിവിൽ കുറവുണ്ടായിരിക്കുന്നതായാണ് താരതമ്യ പഠനത്തിൽ കാണുന്നത്. പ്രധാന വരവിനമായ വസ്തുനികുതിയുടെ പിരിവിൽ കുറവുണ്ടാകുന്നത് നിലവിൽത്തന്നെ സാമ്പത്തികസ്ഥിതി മോശമായ നഗരസഭയെ സംബന്ധിച്ചിടത്തോളം ആശാസ്യമായ കാര്യമല്ല. വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കാനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കൃഷി ഭവൻ - രശീതി പരിശോധനയിലെ അപാകതകൾ

1. കൃഷിഭവനിൽ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി ഉപയോഗിച്ച 75 ാം നമ്പർ തശീത് ബുക്കിൽ താഴെ പറയുന്ന രശീതികളിൽ പിരിവ് തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.

1. രശീതി നമ്പർ 7401 മുതൽ 7429 വരെ

   രശീതി നമ്പർ 7456 മുതൽ 7500 വരെ

2. ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി അനുവദിച്ച 170 ാം നമ്പർ രശീതി ബുക്കിൽ 37 രശീതുകൾ ബാക്കിയുണ്ടായിട്ടും 20.02.2018 തീയ്യതിയിൽ 171 ാം നമ്പർ രശീതി ബുക്കിൽനിന്നും പുതിയതായി രണ്ട് രശീതുകൾ (17001, 17002) ഉപയോഗിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഒരു രശീത്ബുക്ക് പൂർണ്ണമായും ഉപയോഗിച്ച് തീർക്കാതെ പുതിയത് ഉപയോഗിച്ചതിനാൽ സാമ്പത്തിക വർഷം അവസാനം (31.03.2018 ൽ) 170 ാം നമ്പർ രശീതി ബുക്കിൽനിന്നും 16 രശീതുകളും 171 ാം നമ്പർ രശീതി ബുക്കിൽ നിന്നും 98 രശീതുകളും റദ്ദ് ചെയ്യേണ്ടി വന്നു. ഇത് വഴി ഒരു രശീതുബുക്ക് പാഴായി.

മേൽ അപാകതകൾ സംബന്ധിച്ച് രേഖാമൂലം അഭിപ്രായം അറിയിക്കുന്നതിനായി 28.05.2018 തീയ്യതിയിൽ നൽകിയ 4/2017-18 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല . തീയ്യതി രേഖപ്പെടുത്താതെ പണം പിരിക്കുന്നത് ശരിയായ നടപടിയല്ല. പണപ്പിരിവ് നടത്തുമ്പോൾ കേരള ഫിനാൻഷ്യൽ കോഡ് വോള്യം -I, കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്) ചട്ടങ്ങൾ 2007എന്നിവയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീതി ബുക്കുകൾ വഴി പിരിച്ചെടുക്കുന്ന തുകകൾ യഥാസമയം നഗരസഭയിൽ അടക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 2-2 അക്കൗണ്ടിൽ പണമില്ലാതെ മടങ്ങിയ ചെക്കുകൾക്ക് പകരം തുക നഗരസഭയിൽ ലഭിച്ചതിന്റെ വിവരം ഇല്ല

നഗരസഭയിലെ 2017-18 കാലയളവിലെ ബാങ്ക് പാസ്സ്ബുക്കുകൾ പരിശോധനാ വിധേയമാക്കിയതിൽ, വിവിധ വരവിനങ്ങളിലായി നഗരസഭ സ്വീകരിച്ച ചില ചെക്കുകൾ , പ്രസ്തുത ചെക്കുകൾ സമർപ്പിച്ച വ്യക്തികളുടെ അക്കൗണ്ടിൽ മതിയായ തുക ഇല്ലാത്തത് കാരണം ബാങ്ക് നിരസിച്ചതായി കണ്ടു. നിരസിച്ച ചെക്കുകൾക്ക് ബാങ്ക് ചാർജ്ജായി 1846/-രൂപ ബാങ്ക് ഈടാക്കിയിട്ടുണ്ട്. വിശദ വിരം താഴെ കൊടുക്കുന്നു.

| ചെക്ക് നം/തീയ്യതി | തുക | ബാങ്ക് ചാർജ്ജ് |
|---|---|---|
| 230355/17.03.2017 | 3,367 | 115 |
| 999896/18.03.2017 | 2,000 | 115 |
| 425125/03.04.2017 | 19,086 | 575 |
| 916947/03.04.2017 | 78,275 | |
| 297971/03.04.2017 | 81,306 | |
| 725897/03.04.2017 | 7,21,827 | |
| 340/ 12.04.2017 | 1,26,260 | 230 |
| 916947/20.05.2017 | 78,275 | 115 |
| 862227/22.06.2017 | 1,80,405 | 345 |
| 542320/29.06.2017 | 22,550 | 115 |
| 4191/11.08.2017 | 19,470 | 118 |
| 91821/08.09.2017 | 15,180 | 118 |
| ആകെ | 13,48,001 | 1846 |

ഇത്തരം ചെക്കുകളുടെ പിന്നീടുള്ള അടവ് വിവരം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി 68/2017-18 തീയ്യതി 16.01.2019 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല. മുനിസിപ്പാലിറ്റി സ്വീകരിക്കുന്ന ചെക്കുകൾ ബാങ്ക് നിരസിക്കുന്ന സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ) ചട്ടങ്ങൾ 2007 ലെ 19, 20 ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ചെക്കുകൾ ബാങ്ക് നിരസിക്കുമ്പോൾ, അത്തരം ചെക്കുകൾ ക്യാൻസൽ ചെയ്ത വിവരം അവ സമർപ്പിച്ച വ്യക്തികളെ അറിയിക്കേണ്ടതും പ്രസ്തുത തുകകൾ പിന്നീട് അടവാക്കുമ്പോൾ അതോടൊപ്പം ബാങ്ക് ചാർജ്ജും ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ

ചട്ടപ്രകാരമുള്ള നടപടികൾ ഒന്നും തന്നെ നഗരസഭ പാലിച്ചതായി കാണുന്നില്ല. ബാങ്ക് അക്കൗണ്ടിൽ ആവശ്യത്തിന് പണമില്ലാത്തതിനാൽ മടങ്ങിയ ചെക്കുകൾക്ക് തുല്യമായ തുക നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. തുക അടവാക്കിയിട്ടില്ലെങ്കിൽ നിയമാനുസൃത പലിശ സഹിതം തുക ഈടാക്കേണ്ടതാണ്. കൂടാതെ ബാങ്ക് നിരസിച്ച ചെക്കുകൾക്ക് ഈടാക്കിയ ബാങ്ക് ചാർജ്ജ് 1846/-രൂപയും ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 ചെക്കുകൾ പണമാക്കി മാറ്റിയ വിവരം കലക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല

നഗരസഭ ഹാജരാക്കിയിട്ടുള്ള 2017-18 വർഷത്തെ ചെക്ക്/ഡ്രാഫ്റ്റ് കലക്ഷൻ രജിസ്റ്ററുകൾ (Vol- I & Vol- II ) പരിശോധിച്ചതിൽ താഴെ പറയുന്ന ചെക്കുകൾ പണമാക്കി മാറ്റിയ തീയ്യതി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ആയതിനാൽ പ്രസ്തുത ചെക്കുകളുടെ തുകകൾ നഗരസഭ ഫണ്ടിലേക്ക് വരവു വന്നിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

| ചെക്ക് സ്വീകരിച്ച തീയ്യതി | ചെക്ക് നം/ തീയ്യതി | ചെക്ക് തുക | വരവ് ഇനം |
|---|---|---|---|
| 16.09.2017 | ലഭ്യമല്ല | 3,567 | വാടക, ടൗൺ ഹാൾ ഷോപ്പിംഗ് കോംപ്ലക്സ്, ജില്ലാ ശിശു സംരക്ഷണ ഓഫീസർ |
| 19.09.2017 | 397047/15.09.2017 | 45,725 | ക്ലാരിയോൺ സൈൻസ് പരസ്യനികുതി |
| 18.09.2017 | 192617/14.09.2017 | 38,580 | വസ്തുനികുതി 45/97,98,99 |
| 20.09.2017 | 038887/11.09.2017 | 5,000 | 2017-18 I st അർദ്ധവർഷം തൊഴിൽ നികുതി, കത്തോലിക് സിറിയൻ ബാങ്ക് |
| 03.10.2017 | 103874/16.09.2017 | 1,250 | 2017-18 Ist അർദ്ധ വർഷം തൊഴിൽ നികുതി PNB |
| 03.10.2017 | 103878/16.09.2017 | 1,000 | 2017-18 Ist അർദ്ധ വർഷം തൊഴിൽ നികുതി PNB |
| 25.05.2017 | 024507/05.05.2017 | 20,728 | വസ്തുനികുതി, മെസ്സേഴ്സ് റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് |
| 14.06.2017 | 717554/07.06.2017 | 1,800 | അരുൺകുമാർ.വി.സി, HBA |
| 11.07.2017 | 103757/07.07.2017 | 750 | പഞ്ചാബ് നാഷണൽ ബാങ്ക്, പരസ്യനികുതി |
| 12.07.2017 | 2913302 | 1,05,402 | അസി.എക്സി.എഞ്ചിനീയർ, ഹാർബർ, എഞ്ചിനീയറിംഗ് വകുപ്പ്, വസ്തുനികുതി |
| 18.07.2017 | 717601/04.07.2017 | 900 | അരുൺകുമാർ.വി.സി, HBA |
| 13.11.2017 | 748707/07.11.2017 | 60,000 | സുലഭ് ഇന്റർനാഷണൽ സോഷ്യൽ സർവ്വീസ് ഓർഗ്ഗനൈസേഷൻ, വാടക |
| 16.11.2017 | 977925/09.11.2017 | 32,186 | ലിബർട്ടി തിയേറ്റർ, വസ്തുനികുതി 2017-18 Ist half |
| 16.11.2017 | 977926/09.11.2017 | 28,536 | ലിബർട്ടി തിയേറ്റർ, വസ്തുനികുതി 2017-18 Ist half |
| 23.01.2018 | 000048/18.01.2018 | 54,430 | ടി.ടി.പി.ബീവി, വസ്തുനികുതി |
| 20.02.2018 | 131034/15.02.2018 | 15,680 | വസ്തുനികുതി സീ വ്യൂ പാർക്ക് |
| 27.02.2018 | UNE 118794/16.02.2018 | 3,000 | മനോജ്.സി, FA repayment |
| 05.03.2018 | 718970/24.02.2018 | 18,000 | ഇൻഡസ് മോട്ടോർസ്, മാക്കൂട്ടം, Emp tax 2017-18 II |
| 09.03.2018 | 858369/18.01.2018 | 2,600 | ഇ.കെ.പ്രദീപ് കുമാർ, HBA-1600, സുരേഷ് കുമാർ .സി Festival advance 1000 (HI Gr.II) |
| 09.03.2018 | 858425/14.01.2018 | 2,600 | ഇ.കെ.പ്രദീപ് കുമാർ, HBA-1600, സുരേഷ് കുമാർ .സി Festival advance 1000 (HI Gr.II) |

| | | | |
|---|---|---|---|
| 12.03.2018 | 335989/09.03.2018 | 22,563 | കീർത്തി ഹോസ്പിറ്റൽ, വാടക 3/18 |
| 16.03.2018 | 717892/14.02.2018 | 900 | അരുൺകുമാർ.വി.സി, HBA |
| 20.03.2018 | 8781017/17.03.2018 | 11,585 | സുരേഷ് ബാബു, കോൺട്രാക്ടർ, ട്രേഡേഴ്സ് |
| 20.03.2018 | 741441/15.03.2018 | 1,250 | ട്രേഡേഴ്സ് ടാക്സ്, വിജയ ബാങ്ക് തലശ്ശേരി |
| 26.03.2018 | 843898/06.03.2018 | 9,000 | നാണു, ടി.എച്ച് , ഓണം അഡ്വാൻസ് |
| 28.03.2018 | 239220/ 06.03.2018 | 10,410 | എംപ്ലോയീസ് ടാക്സ്, ADECCO PVT.Limited |
| 31.03.2018 | 394064/ 15.03.2018 | 300 | റിലയൻസ് ജിയോ 2017-18 II തൊഴിൽ നികുതി |
| 28.03.2018 | 465247/ 23.03.2018 | 17,627 | ഇൻഡസ് ഇൻഡ് മാർക്കറ്റ്സ് ആന്റ് ഫിനാൻസ് ലിമിറ്റഡ് |
| 28.03.2018 | 868506/ 23.03.2018 | 12,463 | ഇൻഡസ് ഇൻഡ് ബാങ്ക് |
| ആകെ | | 5,27,832 | |

മേൽ ചെക്കുകൾ പണമാക്കി മാറ്റിയ വിവരം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം .65 2017-18, തീയ്യതി.14.01.2019) മറുപടി ലഭ്യമായിട്ടില്ല. ചെക്കുകൾ പണമാക്കി മാറ്റിയതിന്റെ വിവരം ലഭ്യമല്ലാത്തതിനാൽ 5,27,832/- രൂപയുടെ നഷ്ടം നഗരസഭാ ഫണ്ടിനുണ്ടായതായി കണക്കാക്കുന്നു. നഗരസഭ ഫണ്ടിനുണ്ടായ നഷ്ടം നികത്താനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. നഗരസഭയിൽ സ്വീകരിക്കുന്ന ചെക്കുകൾ യഥാസമയം പണമാക്കി മാറ്റി നഗരസഭാ ഫണ്ടിൽ വരവ് വയ്ക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ചെക്കുകൾ പണമാക്കി മാറ്റുന്ന തീയ്യതി ചെക്ക്/ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 2-4 വസ്തുനികുതി പരിഷ്കരണം - മുഴുവൻ കെട്ടിടങ്ങളും വസ്തുനികുതി രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും മറ്റ് അപാകതകളും

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 233ാം വകുപ്പ് പ്രകാരം കെട്ടിടങ്ങളുടെ വാർഷിക വാടക മൂല്യത്തിന്റെ (ARV) അടിസ്ഥാനത്തിൽ വസ്തുനികുതി ഈടാക്കിയിരുന്നത് 2009 ൽ സർക്കാർ ഭേദഗതി ചെയ്യുകയും ഉപയോഗക്രമമനുസരിച്ച് ഒരോയിനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറവസ്തീർണ്ണത്തിന് ബാധകമായ നിരക്കുകളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാക്കുന്നതിനായി 14.01.2011 ലെ സ.ഉ (അ) നം 18/2011 പ്രകാരം കേരള മുനിസിപ്പാലിറ്റി (വസ്തുനികുതി സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും , പിന്നീട് മേൽ ചട്ടങ്ങളിൽ തന്നെ ഭേദഗതി വരുത്തി 15.03.2013 ലെ സ.ഉ (അ) നം 100/2013 ത. സ്വ.ഭ.വ ഉത്തരവായി 2013ലെ വസ്തുനികുതി ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചു. തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള വസ്തുനികുതി പുതിയ നികുതിദായകർക്ക് 14.01.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് 01.04.2013 മുതലും ബാധകമുണ്ടാവുന്നതാണെന്ന് വസ്തുനികുതി സംബന്ധിച്ച 02.12.2013 ലെ ജി.ഒ (ആ) 371/2013 ത.സ്വ.ഭ.വ നമ്പർ സ്പഷ്ടീകരണത്തിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. 18.01.2012 ലെ ആർ-1/3076/02 നമ്പർ ഉത്തരവായി നഗരസഭ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിൽ ഉപയോഗക്രമമനുസരിച്ച് ഒരു ചതുരശ്ര മീറ്ററിന് നഗരസഭ നിശ്ചയിച്ച അടിസ്ഥാന നിരക്കും , മേഖല വിഭജനവും, റോഡുകളുടെ തരം തിരിവും സംബന്ധിച്ച അന്തിമ വിജ്ഞാപനവും ഉൾപ്പെട്ടിട്ടുണ്ട്.

ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത വസ്തുനികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയയിൽ വസ്തുനികുതി സംബന്ധിച്ച ഡാറ്റകളും ഫോറങ്ങൾ സംബന്ധിച്ച വിവരങ്ങളും അപ് ലോഡ് ചെയ്തിട്ടുണ്ട്. തലശ്ശേരി നഗരസഭയിൽ വസ്തുനികുതി ഇ -പേയ്മെന്റ് സംവിധാനം 01.01.2018 ന് നിലവിൽ വന്നു.

വസ്തു നികുതി സംബന്ധിച്ച രജിസ്റ്ററുകൾ നിലവിൽ നഗരസഭ സൂക്ഷിക്കുന്നില്ലെങ്കിലും ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവയുടെ വിശദാംശങ്ങൾ ' സഞ്ചയയിൽ ' ലഭ്യമാവുന്നുണ്ട്. 'സഞ്ചയ' യെ സാംഖ്യയുമായി ഇൻഡഗ്രേറ്റ് ചെയ്തിട്ടുണ്ട്.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തുനികുതി പരിഷ്കരിച്ചതിന് ശേഷമുള്ള നഗരഭയിലെ കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി വിവരങ്ങൾ ' സഞ്ചയ ' യിൽ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകങ്ങൾ കാണുന്നു.

**1. സഞ്ചയ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടാത്ത 3588 കെട്ടിടങ്ങൾ-നഗരസഭയ്ക്ക് വരുമാന നഷ്ടം**

2017-18 വർഷത്തെ സഞ്ചയ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽനിന്നും താഴെ കൊടുത്തിരിക്കുന്ന പട്ടികയിലെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയങ്ങൾ നടത്തി രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല.

| വാർഡ് നമ്പർ | ഒഴിവായ കെട്ടിടങ്ങളുടെ നമ്പർ | ഒഴിവായ കെട്ടിടങ്ങളുടെ ആകെ എണ്ണം | സഞ്ചയയിലെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം ആകെ കെട്ടിട ങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 44, 113, 346, 407, 444, 465, 511, 527 | 8 | 611 |
| 2 | 12, 166, 292, 355, 395, 396, 416, 441, 469, 477 | 10 | 571 |
| 3 | 67, 203, 233, 255, 256, 428, 450, 462 | 8 | 537 |
| 4 | 59, 83, 113, 134, 189, 236, 265, 309, 329, 380, 396, 448, 492, | 13 | 578 |
| 5 | 171, 213, 241, 257, 289, 343, 347, 382, 413 മുതൽ 531 വരെ | 127 | 461 |
| 6 | 11, 29, 49, 98, 100, 106, 126, 209, 211, 213, 221, 228, 231, 291, 299, 378, 400, 440, 456, 471, 478, 489 | 22 | 508 |
| 7 | 43, 46, 151, 158, 172, 211, 227, 326, 351, 356, 388, 407, 426, 429 | 14 | 597 |
| 8 | 10, 20, 64, 105, 122, 201, 204, 240, 246, 253, 277, 318, 345, 346, 394, 396, 398, 402, 405, 414, 415, 421, 423, 424, 426, 429, 434, 445, 447, 448, 449, 450, 470, 472, 489, 495, 525, 530, 537, 554 | 40 | 604 |
| 9 | 76, 178, 179, 183, 195, 197, 214, 218, 222, 235, 284, 318, 319, 324, 352, 473 | 16 | 584 |
| 10 | 22, 84, 85, 116, 163, 172, 175, 179, 180, 181, 182, 183, 184, 185, 186, 187, 192, 193, 194, 198, 207, 208, 210, 212, 216, 217, 221, 224, 225, 226, 228, 236, 237, 239, 248, 283, 284, 291, 292, 294, 297, 310, 313, 354, 368, 369, 377, 383, 385, 389, 390, 391, 392, 403, 424, 431, 447, 449, 454, 455,456, 470, 487, 497, 498, 507, 543 മുതൽ 756 വരെ | 280 | 531 |
| 11 | 5, 10, 14, 15, 53, 60, 119, 123, 124, 125, 190, 191, 192, 213, 247, 254, 256, 270, 278, 337, 338, 351, 361, 373, 409, 477 | 26 | 584 |
| 12 | 259, 421, 529, 597, 827, 829, | 6 | 1095 |
| 13 | 41, 44, 94, 101, 110, 133, 239, 249, 250, 251, 252, 253, 254, 255, 291, 322, 330, 336, 338, 346, 399, 407, 420, 431, | 27 | 534 |

| | | | |
|---|---|---|---|
| | 454, 455, 477 | | |
| 14 | 1, 2, 3, 4, 6, 7, 138, 154, 178, 205, 230, 256, 279, 358, 364, 376, 424, 490 | 18 | 586 |
| 15 | 11, 18, 45, 134, 209, 231, 232, 233, 237, 239, 257, 270, 305, 309, 332, 345, 364, 431, 432, 433, 479 മുതൽ 566 വരെ | 108 | 508 |
| 16 | 23, 24, 25, 26, 27, 28, 29, 30, 54, 56 മുതൽ 74 വരെ, 84, 85, 169, 183, 189, 287, 301, 331, 367, 372, 402, 417, 421 മുതൽ 619 വരെ | 239 | 452 |
| 17 | 108, 110, 171, 228, 243, 272, 273, 274, 292, 301, 321, 328, 329, 343, 347, 348, 349, 354, 355, 358, 360, 361, 363, 364, 368, 377, 395, 396, 417, 472, 484, 489, 493, 498, 507, 520, 521, 528, 571, 594, 595, 596, 597, 598, 599, 600, 601, 602, 603, 604, 605, 606, 613, 630, 633, 634, 664, 723, 736, 737, 738, 747, 751, 767, 768, 816, 828, 836, 837, 839, 869, 898, 922, 924, 970, 1028 | 76 | 1139 |
| 18 | 43, 48, 51, 56, 60, 67, 99, 100, 161, 172, 207, 228, 230, 235, 258, 280 | 16 | 387 |
| 19 | 15, 39, 100, 123, 132, 136, 171, 189, 225, 228, 235, 236, 237, 239, 265, 279, 280, 284, 285, 286, 299, 311, 327, 338, 394, 406, 414,, 418, 460, 486, 487, 491, 492, 499, 504, 526, 561, 562, 563, 581, 594, 625, 642, 652, 653 | 45 | 706 |
| 20 | 40, 48, 87, 114, 149, 224, 248, 259, 264, 332, 337 | 11 | 412 |
| 21 | 50, 79, 101, 103, 104, 105, 106, 108, 110, 116, 128, 137, 146, 153, 155, 159, 189, 200, 201, 202, 203, 218, 235, 237, 252, 289, 290, 306, 312, 330, 332, 336, 343, 348, 352 | 35 | 406 |
| 22 | 42, 62, 89, 91, 92, 94, 96, 97, 119, 143, 154, 155, 182, 185, 189, 193, 197, 198, 203, 205, 206, 212, 226, 231, 232, 233, 247, 259, 284, 285, 286, 305, 381, 395, 396 | 35 | 463 |
| 23 | 116, 117, 118, 136, 165, 166, 168, 180, 181, 261, 283, 311, 339, 351, 360, 379, 380, 499, 519, 559, 590 | 21 | 710 |
| 24 | 4, 7, 16, 17, 25, 31, 32 35, 36, 38, 39, 40, 43, 45, 47, 48, 52, 53, 54, 55, 56, 57, 58, 59, 61, 62, 64, 65, 66, 67, 68, 77, 84, 101, 102, 103, 104, 105, 106, 107, 109, 124, 134, 137, 205, 228, 284, 317, 363, 474, 535, 536, 537, 587, 649, 663 | 56 | 731 |
| 25 | 23, 26, 37, 60, 86, 93, 121, 122, 138, 140, 167, 200, 201, 212, 220, 221, 241, 247, 271, 274, 284, 339, 368, 371, 407, 458, 461, 582, 597 | 29 | 709 |
| 26 | 1, 19, 29, 30, 31, 42, 44, 88, 89, 98, 153, 154, 157, 158, 160, 161, 162, 169, 171, 189, 233, 273, 299, 303, 323, 357, 364, 368, 369, 370, 379, 401, 402, 408, 423, 425, 490, 492, 493, 507, 508, 509, 511, 513, 518, 558, 560, 561, 573, 574, 583 | 51 | 653 |
| 27 | 38, 50, 52, 59, 93, 102, 115, 160, 167, 188, 242, 255, 261, | 30 | 406 |

| | | | |
|---|---|---|---|
| | 283, 284, 288, 290, 291, 295, 296, 297, 298, 299, 300, 301, 302, 312, 314, 337, 343 | | |
| 28 | 2, 15, 18, 30, 34, 102, 103, 104, 121, 130, 174, 184, 199, 201, 227, 234, 248, 250, 301, 266, 290, 306, 319, 323, 353, 373, 395, 403, 404, 405, 406, 424, 427, 447, 448, 472, 516 | 37 | 678 |
| 29 | 88, 105, 140, 213, 229, 235, 274, 301, 303, 304, 306, 351, 362, 380, 416,<br><br>419, 505, 506 | 18 | 596 |
| 30 | 1, 2, 3, 4, 5, 6, 7, 10, 49, 94, 99, 100, 107, 143, 164, 171, 220, 223, 236, 241, 253, 279, 280, 282, 283, 284, 285, 292, 293, 304, 311, 328, 336, 347, 349, 353, 362, 363, 377, 400, 416, 453, 461, 500, 506, 532, 534 | 47 | 566 |
| 31 | 24, 52, 56, 71, 73, 85, 144, 147, 148, 150, 151, 153, 155, 159, 161, 167, 188, 181, 195, 197, 204, 205, 217, 221, 227, 300, 305, 316, 335, 336, 367, 374, 391, 401, 415, 426, 432, 434, 443, 446, 447, 448, 449, 459, 460, 466, 470, 471, 475, 477, 478, 494, 495, 497, 501, 510, 511, 526, 527, 528 | 60 | 601 |
| 32 | 1, 2, 58, 90, 135, 162, 206, 251, 262, 286, 297, 325, 326, 330, 333, 407, 408, 435, 444, 481, 501, 515, 516, 531, 535, 539, 542, 548, 550, 551, 552, 554, 555, 556, 595, 597 | 36 | 636 |
| 33 | 70, 71, 76, 160, 181, 199, 216, 217, 265, 304, 334, 396, 432, 443, 462, 477, 487, 497, 516 | 19 | 560 |
| 34 | 17, 23, 32, 118, 137, 192, 240, 265, 278, 337, 375, 424 മുതൽ 481 വരെ | 69 | 513 |
| 35 | 2, 4, 8, 22, 28, 39, 48, 53, 68, 69, 81, 88, 89, 91, 93, 109, 110, 121, 135, 137, 138, 164, 168, 172, 177, 186, 221, 229, 242, 287, 302, 305, 318, 325, 348, 352, 367, 369, 373, 381, 405, 433, 434, 469, 492, 495, 499, 500, 501, 502, 503, 504, 505, 506, 507 | 55 | 526 |
| 36 | 20, 24, 25, 26, 27, 28, 29, 31, 37, 38, 39, 40, 47, 54, 81, 96, 98, 99, 100, 106, 107, 110, 118, 119, 161, 184, 204, 209, 241, 256, 269, 270, 283, 333, 335, 339, 404, 406, 412, 427, 428, 441, 470 | 43 | 562 |
| 37 | 14, 29, 47, 48, 49, 52, 55, 62, 63, 64, 65, 93, 102, 115, 116, 119, 125, 127, 143, 150, 168, 183, 184, 192, 215, 216, 223, 225, 271, 272, 290, 312, 324, 352, 360, 465, 466 | 37 | 512 |
| 38 | 44, 46, 47, 64, 93, 121, 156, 189, 211, 222, 252, 261, 267, 268, 280, 300, 306, 310, 339, 340, 341, 342, 343, 344, 345, 346, 347, 352, 353, 360, 361, 364, 367, 372, 373, 396, 401, 451, 463, 466, 467, 477, 478, 480, 481, 508, 530, 536, 553, 551, 559, 563, 568, 569, 589, 594, 595, 597, 638, 652, 653, 654, 655, 656 | 64 | 686 |
| 39 | 122, 167, 231, 242, 282, 284, 297, 327, 332, 348, 351, 373, 379, 380, 386, 387, 401, 402, 403, 404, 435, 572, 573 | 23 | 624 |

| | | | |
|---|---|---|---|
| 40 | 5, 7, 28, 86, 173, 184, 205, 240, 254, 257, 265, 268, 269, 271, 278, 282, 283, 284, 293, 296, 298, 299, 301, 352, 366, 375, 376, 385, 398, 411, 445, 456, 459, 460 | 34 | 510 |
| 41 | 8, 13, 106, 107, 172, 242, 245, 263, 264, 266, 267, 271, 276, 279, 285, 315, 347 | 17 | 392 |
| 42 | 7, 8, 9, 10, 12, 102, 157, 158, 219, 263, 324, 325, 362, 365, 366 367, 368, 369 | 18 | 387 |
| 43 | 125, 220, 487, 488, 489, 490, 491, 492, 522 | 9 | 581 |
| 44 | 66, 143, 177, 314, 411, 434 | 6 | 546 |
| 45 | 582, 583, 584, 675, 768, 774, 787, 805, 825, 831, 850, 869, 888, 892, 897, 898, 899, 903, 916, 917, 918, 932, 935, 992, 1048 മുതൽ 1062 വരെ, 1098, 1129, 1256 I, 1316, 1340, 1341, 1343, 1344, 1345, 1346, 1380, 1436, 1444 A,B,C, 1445, 1459, 1460, 1464, 1465, 1467, 1468, 1469, 1470, 1471, 1476, 1477, 1478, 1503, 1505, 1526 A, 1533, 1594 F, G, 1618, 1627, 1646 മുതൽ 1657 വരെ, 1700 A, 1714, 1815, 1816, 1819, 1824, 1826, 2012, 2013, 2030, 2031, 2061, 2062, 2063, 2064, 2065, 2189, 2326 മുതൽ 2352 വരെ, 2385, 2461 മുതൽ 2468 വരെ, 2470, 2472, 2642, 2665 C,D, 2683, 2685, 2689, 2690, 2691, 2692, 2694, 2694, 2695, 2696, 2697, 2699, 2702, 2703, 2707, 2709, 2712, 2713, 2719, 2720, 2722, 2723, 2724, 2726, 2734, 2738, 2740, 2741, 2742, 2743, 2774, 2797, 2804, 2805, 2806, 2812, 2937, 2971, 2988, 3007, 3054, 3135, 3174 മുതൽ 3207 വരെ, 3209, 3211 മുതൽ 3222 വരെ, 3328, 3331, 3351, 3369, 3486, 3487, 3488, 3489, 3490, 3493, 3494, 3495, 3498, 3499, 3500, 3501, 3502, 3503, 3504, 3513, 3515, 3523, 3539, 3546, 3559, 3685, 3686, 3687, 3688, 3712 C,D, 3763 B, 3783, 3798, 3805, 3806, 3830, 3839, 3857, 3858, 3859, 3861, 3863, 3864, 3865, 3874, 3881, 3896, 3898, 3902, 3903 E, 3936, 3945, 3946, 3977 മുതൽ 4004 വരെ, 4006, 4007, 4008, 4009, 4013, 4029, 4077, 4080, 4081, 4082, 4083, 4085, 4086, 4087, 4088, 4089, 4093, 4095, 4099, 4100, 4101, 4103, 4104, 4105, 4106, 4154, 4155, 4156, 4157, 4158, 4159, 4224, 4254, 4257, 4283, 4311, 4312, 4313, 4366, 4379, 4401, 4435, 4437, 4438, 4471, 4487, 4488, 4557, 4581, 4582, 4583, 4584, 4595, 4607 | 370 | 5037 |
| 46 | 21, 56, 164, 269, 311 മുതൽ 317 വരെ, 322, 325, 327, 362 | 15 | 523 |
| 47 | 24, 88, 89, 90, 91, 92 94, 95, 147, 213, 216, 217, 222, 336 മുതൽ 339 വരെ, 341, 342, 371, 392, 440, 441, 442 , 447, 448, 449, 450, 451 , 453, 454, 455, 456, 457, 458 , 460, 461,462,463,464, 465 582, 583, 584, 586, 592 മുതൽ 596 വരെ, 599, 615, 622, 623, 667, 675, 927, 931, 939, 943, 950, 952, 970, 1088, 1182 മുതൽ 1187 വരെ, 1189 മുതൽ 1196 വരെ, 1198 മുതൽ 1203 വരെ, 1205 മുതൽ 1219 വരെ, 1281, | 144 | 1950 |

| | | | |
|---|---|---|---|
| | 1282, 1299, 1304, 1350, 1358, 1359, 1360, 1385, 1495, 1498 ,1499, 1500, 1501 , 1517, 1524 മുതൽ 1529 വരെ, 1555, 1578, 1629 മുതൽ 1637 വരെ, 1640, 1646, 1647, 1649, 1681, 1742, 1752, 1801, 1805, 1806, 1809, 1810, 1812, 1818, 1819, 1881, 1888 | | |
| 48 | 5, 50, 52, 53, 54, 55, 56, 57, 58, 59, 60, 93, 154 A, 241, 242, 243, 244, 245, 246, 247, 248 , 252, 288, 294, 303, 304, 350, 354, 355, 356, 340, 341, 342, 343, 344, 345, 450, 451, 582, 618, 624, 625, 653, 654, 655, 658, 677, 691, 781, 815, 820, 830, 875, 892, 930, 931, 961, 962, 963, 1037, 1050, 1122, 1123, 1124, 1125, 1126, 1127, 1129, 1130, 1219, 1220, 1221, 1222, 1223, 1224, 1225, 1226, 1227, 1228, 1229 , 1231, 1232, 1233, 1234, 1235, 1236, 1238, 1239, 1240, 1248, 1249, 1273, 1274, 1279, 1292, 1306, 1322, 1326, 1327, 1328, 1329, 1330, 1331, 1332, 1333, 1334, 1336, 1367, 1368, 1369, 1370, 1393 മുതൽ 1836 വരെ, 1838 മുതൽ 2059 വരെ | 777 | 1480 |
| 49 | 32, 33, 35, 37, 40, 43, 52, 53, 101, 115, 123, 124, 172, 173, 332, 336, 341, 358, 396, 405, 466, 474, 488, 502, 533, 582, 605, 679, 734 | 29 | 784 |
| 50 | 13, 17, 20, 23, 73, 74, 75, 86, 89, 116, 117, 126, 127, 135, 136, 139, 145, 146, 147, 148, 284, 285, 294, 307, 317, 330, 331, 378, 415, 430, 490, 497, 517, 527, 528, 529, 532, 545, 546, 547, 550, 553, 583 മുതൽ 603 വരെ, 622, 685, 686, 687, 688 , 737, 740, 741, 745 , 746, 747, 748, 750, 751, 752, 754 മുതൽ 838 വരെ | 163 | 793 |
| 51 | 2A, 5N, 5U, 12, 20, 45, 46, 56 A, B, 268, 270, 276F, 278, 294, 309, 345, 366, 367, 370, 373, 375, 376, 378, 383, 427, 433, 434, 435, 465, 468, 487, 496, 511, 516, 525, 543, 582, 585, 532, 641, 655, 656, 657, 659, 660, 667, 668, 693, 707, 727 മുതൽ 765 വരെ | 88 | 837 |
| 52 | 3, 36, 48, 49, 67, 82, 88, 134, 181, 196, 211A, 214, 215, 216, 217, 299, 316, 322 മുതൽ 334 വരെ, 337, 338, 339, 365, 376, 413, 431, 436, 440, 445, 467, 468, 478 | 43 | 496 |
| | ആകെ | 3588 | 37439 |

ആകെയുള്ള 37439 കെട്ടിടങ്ങളിൽ 3588 കെട്ടിടങ്ങൾ (9.6%) സഞ്ചയയിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി ഇൗടാക്കാനാവാതെ നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകുന്നു. നിർണ്ണയത്തിൽ ഉൾപ്പെടാതെ വിട്ടുപോയ കെട്ടിടങ്ങൾ സംബന്ധിച്ചുള്ള അഭിപ്രായം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37/2017-18; തീയ്യതി: 28.11.2018) 52 വാർഡുകളിലായി നിരവധി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താൻ ബാക്കിയുണ്ടെന്നും പ്രസ്തുത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സഞ്ചയയിൽ രേഖപ്പെടുത്തുന്നതായിരിക്കുമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിട ഉടമസ്ഥർ ഫോറം-2 ഹാജരാക്കാത്തതിനാലാണ് ഇത്രയും കെട്ടിടങ്ങൾ ഒഴിഞ്ഞു പോയിട്ടുള്ളതെന്നും ഒഴിഞ്ഞുപോയ കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് ഊർജ്ജിത ശ്രമം ആരംഭിച്ചിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഊരാളുങ്കൽ സൊസൈറ്റി തയ്യാറാക്കിയ പുതിയ കമ്പ്യൂട്ടർ ആപ്ലിക്കേഷന്റെ സഹായത്തോടുകൂടി കൂടുതൽ ഫലപ്രദമായി ഒഴിഞ്ഞുപോയ കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുമെന്നും ബിൽ കലക്ടർമാർ ഉൾപ്പെടെ റവന്യൂ സെക്ഷനിലെ ക്ലാർക്കുമാർക്ക് ഇത് സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുള്ളതായും പ്രസ്തുത പ്രവൃത്തി എത്രയും പെട്ടെന്ന് ചെയ്ത് തീർത്ത് രേഖാമൂലം റിപ്പോർട്ട് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വസ്തുനികുതി

നിർണ്ണയത്തിൽനിന്നും ഒഴിവായിപ്പോയ 3588 കെട്ടടങ്ങളുടെയും വസ്തുനികുതി ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ചുവരുന്ന നടപടികൾ എത്രയും വേഗം പൂർത്തീകരിച്ച് നിലവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

**2. വാണിജ്യാടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ വിവിധ ഭാഗങ്ങളെ വേർതിരിച്ച് നികുതി നിർണ്ണയിക്കുന്നത് മൂലം വസ്തുനികുതിയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിക്കുന്നു.**

നഗരസഭയിലെ വാണിജ്യാടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. വാണിജ്യാടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ വിവിധ ഭാഗങ്ങളെ വേർതിരിച്ച് നികുതി നിർണ്ണയിക്കുന്നതുമൂലം വസ്തുനികുതിയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിക്കുന്നു.

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് നഗരസഭ പുറപ്പെടുവിച്ച 18.01.2012 ലെ ആർ-1 3076/02 നമ്പർ അന്തിമവിജ്ഞാപനം പ്രകാരം തറവിസ്തീർണ്ണം, ഉപയോഗരീതി എന്നിവയുടെ അടിസ്ഥാനത്തിൽ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് താഴെപറയും പ്രകാരമുള്ള നിരക്കിൽ അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 60 രൂപ/ ച.മീറ്റർ |
| 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 80 രൂപ/ ച.മീറ്റർ |

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 233(9) വകുപ്പ്, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങളെ വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെവേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് കെട്ടിടനമ്പർ നൽകാവുന്നതും ഓരോ കെട്ടിടഭാഗത്തിനും നികുതി ചുമത്താവുന്നതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ വാണിജ്യാടിസ്ഥാനത്തിലുള്ളതും ഒരേ ഉപയോഗക്രമമുള്ളതുമായ കെട്ടിടങ്ങളെ വിവിധ കടമുറികളായി വിഭജിച്ചശേഷം വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നു. ഇത്തരത്തിൽ കടമുറികളുടെ തറവിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചതിനാൽ 80 രൂപ/ച.മീറ്റർ നിരക്കിൽ അടിസ്ഥാന വസ്തുനികുതി നിർണ്ണയിക്കുന്നതിന് പകരം 60.00 രൂപ/ച.മീറ്റർ ലാണ് നിർണ്ണയിച്ചത്. ഇതുവഴി വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നം | തറ വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|---|---|
| 1 | 44/322 മുതൽ 323 വരെ | 161.2 | 10,640 | 14,186 | 3,546 |
| 2 | 43/4217 E2, E6 | 223.54 | 15,263 | 17,168 | 1,905 |
| 3 | 14/382 D മുതൽ H വരെ | 245.27 | 17,661 | 23,546 | 5,885 |
| 4 | 15/472A മുതൽ D വരെ | 291.48 | 18,362 | 25,650 | 7,288 |

2. വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന 100ച.മീറ്റർ മുകളിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി നിർണ്ണയിച്ചു.

വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന 100 ച.മീറ്റർ മുകളിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ അടിസ്ഥാന വസ്തുനികുതി നിരക്ക് ഒരു ച.മീറ്ററിന് 80 രൂപ ഈടാക്കുന്നതിന് പകരം 60 രൂപ

നിരക്കിൽ ഇൗടാക്കി നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഇത് വഴി നഗരസഭ വരുമാനം നഷ്ടം ഉണ്ടാകുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നം | തറ വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി | കുറവ് |
|---|---|---|---|---|---|
| 1 | 44/317 A | 217.49 | 13,637 | 18,182 | 4,545 |
| 2 | 43/16 C | 117 | 6,003 | 8,003 | 2,000 |
| 3 | 44/326 | 136 | 12,094 | 12,403 | 309 |
| 4 | 14/382 D | 101.8 | 7,330 | 9,773 | 2,443 |
| 5 | 12/695 D | 103.45 | 6,487 | 8,649 | 2,162 |
| 6 | 17/253 A | 152.52 | 10,067 | 13,422 | 3,355 |

മേൽ അപാകതകൾ സംബന്ധിച്ച് 24.11.2018 ന് നൽകിയ ഓഡിറ്റ് അന്വേഷണ നമ്പർ 35/2017-18 ന് നഗരസഭ സെക്രട്ടറി 28.12.2018 ന് ലഭ്യമാക്കിയ മേൽ അപാകത പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3.വസ്തുനികുതി പരിഷ്കരിക്കുമ്പോൾ നിലവിലെ വസ്തുനികുതിയേക്കാൾ കുറവ് വന്നവർക്ക് സർക്കാർ ഉത്തരവിന് വിരുദ്ധമായി നികുതി വർദ്ധിപ്പിച്ചു.**

സ.ഉ (എം.എസ്) നം.33/15 ത.സ്വ.ഭ.വ തീയ്യതി 18.02.2015, സ.ഉ.(എം.എസ്) നം.144/15/ത.സ്വ.ഭ.വ തീയ്യതി 27.04.2015 എന്നിവ പ്രകാരം പാർപ്പിടാവശ്യത്തിനുള്ളതോ വാണിജ്യാവശ്യത്തിനുള്ളതോ ആയതും വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ഒടുവിൽ നികുതി നിർണ്ണയിക്കുകയോ പുനർനിർണ്ണയിക്കുകയോ ചെയ്ത ശേഷം എന്തെങ്കിലും കൂട്ടിച്ചേർക്കലുകളോ ഘടനാപരമായ മെച്ചപ്പെടുത്തലുകളോ ഉപയോഗക്രമത്തിൽ എന്തെങ്കിലും മാറ്റമോ വരുത്താത്തതുമായ നിലവിലുള്ള കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആദ്യമായി നിർണ്ണയിക്കുന്ന വാർഷിക വസ്തുനികുതി, തൊട്ടുമുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിക്കു തുല്യമോ അതിനേക്കാൾ കുറവോ ആണെങ്കിൽ നിലവിലുണ്ടായിരുന്ന വസ്തുനികുതിക്ക് തുല്യമായ തുക തന്നെ പുതുക്കിയ വാർഷിക വസ്തുനികുതിയായി നിർണ്ണയിച്ചാൽ മതിയാകും എന്ന് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം കേസുകളിൽ ചട്ടം 9(4എ), 4 (സി) എന്നിവ അനുസരിച്ചുള്ള കുറഞ്ഞ 25% വർദ്ധനവ് ബാധകമാക്കേണ്ടതില്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭയിൽ വസ്തുനികുതി പരിഷ്കരിച്ചപ്പോൾ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയ നികുതി നിലവിലുള്ള നികുതിയേക്കാൾ കുറവ് വരുന്ന കെട്ടിടങ്ങൾക്ക് മേൽ പരാമർശിച്ച സർക്കാർ ഉത്തരവു കളിലെ ആനുകൂല്യം അനുവദിക്കാതെ നിലവിലുള്ള നികുതിയിൽമേൽ വീണ്ടും 25% വർദ്ധനവ് വരുത്തിയതായി കാണുന്ന ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉപയോഗക്രമം/ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം | വസ്തുനികുതി | | ഇൗടാക്കുന്ന നികുതി | ഇൗടാക്കേണ്ട നികുതി |
|---|---|---|---|---|---|---|
| | | | വാർഷിക വാടക മൂല്യ നികുതി അടിസ്ഥാനത്തിൽ | തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ | | |
| 1 | 20/283 | പാർപ്പിടാവശ്യം 225.8 | 1700.00 | 1265.00 | 2125.00 | 1700.00 |
| 2 | 40/309 | പാർപ്പിടാവശ്യം | 3713.00 | 3383.00 | 4642.00 | 3713.00 |

| | | | | | | |
|---|---|---|---|---|---|---|
| | | 384.4 | | | | |
| 3 | 43/239A | പാർപ്പിടാവശ്യം 291.33 | 2682.00 | 2447.00 | 3353.00 | 2682.00 |
| 4 | 44/387 | വാണിജ്യാവശ്യം 18.26 | 2741.00 | 1315.00 | 3427.00 | 2741.00 |

ഇത് സംബന്ധിച്ച് നൽകിയ 21.11.2018 ലെ ഓഡിറ്റ് അന്വേഷണം നമ്പർ 33/2017-18 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**4.മൊബൈൽ ടവറുകളുടെ വസ്തുനികുതി - ടവറുകളുടെ എണ്ണം, ഡിമാന്റ് എന്നിവയിൽ കൃത്യതയില്ല**

1. **മൊബൈൽ ടവറുകളുടെ എണ്ണം നിലവിലുള്ളതും സഞ്ചയയിലുള്ളതും പൊരുത്തപ്പെടുന്നില്ല.**

വസ്തുനികുതി പരിഷ്കരണം പരിശോധനയുമായി ബന്ധപ്പെട്ട് നഗരസഭ പരിധിയിൽ നിലവിലുള്ള മൊബൈൽ ടവറുകളുടെ എണ്ണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/2017-18 തീയ്യതി 24.11.2018) നഗരസഭ സെക്രട്ടറി നൽകിയ മറുപടിയിൽ നിലവിൽ നഗരസഭ പരിധിയിൽ 23 മൊബൈൽ ടവറുകൾ ഉള്ളതായി വ്യക്തമാക്കിയിട്ടുണ്ട്. മറുപടിയിൽ ലിസ്റ്റ് ചെയ്തിട്ടുള്ള 23 മൊബൈൽ ടവറുകൾ സ്ഥാപിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ വിവരം ചുവടെ പറയുന്നു.

| ക്രമ നം | വാർഡ് നം | കെട്ടിട നം | ജമക്കാരന്റെ പേര് |
|---|---|---|---|
| 1 | 7 | 76 | ബി.എസ്.എൻ.എൽ |
| 2 | 39 | 495 | ഇ.കെ.കാദർ ഹാജി |
| 3 | 38 | 401 | ചെറിയത്തിൽ ഹാലിദ് |
| 4 | 37 | 455 | കെ.അച്ചുതൻ |
| 5 | 30 | 452 | എ.കെ.ഉമ്മർ മുതൽ പേർ |
| 6 | 24 | 470 | മയലക്കര പുത്തൻപുരയിൽ റഹിം മുതൽ പേർ |
| 7 | 24 | 422 | ബി.എസ്.എൻ.എൽ |
| 8 | 25 | 259 ബി | അമേരിക്കൻ ടവർ കോർപ്പറേഷൻ, ടെലികോം പവർ കോർപ്പറേഷൻ, കൊച്ചി |
| 9 | 11 | 280 | എൻ.പത്മനാഭൻ |
| 10 | 11 | 281എ | ലത്തീഷ് പള്ളക്കണ്ടി |
| 11 | 27 | 613 | ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി |
| 12 | 34 | 4 | സിറ്റിമാൻ ഖാലിദ് |
| 13 | 45 | 563 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് |
| 14 | 45 | 563എ | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് |
| 15 | 45 | 1021 | തൈക്കണ്ടി നാസർ മുതൽ പേർ |
| 16 | 46 | 890 | മഹമ്മൂദ് നാസർ |
| 17 | 46 | 1489 | ചിരുകണ്ടോത്ത് നബീസു |

| | | | |
|---|---|---|---|
| 18 | 46 | 2809 | എ.പി.ഇബ്രാഹിം , റഷീദ് കുമാർ |
| 19 | 46 | 2511 | സി.സി.ഉസ്മാൻ |
| 20 | 50 | 427 | പി.കെ.മായൻ |
| 21 | 50 | 427 | പി.കെ.മായൻ |
| 22 | 50 | 69 | എ.സി.ഗിരീഷ് കുമാർ |
| 23 | 47 | 604 | ടി.എം.മറിയുമ്മ |

എന്നാൽ സഞ്ചയയിൽ മേൽ ചേർത്തവയിൽ നിന്നും വ്യത്യസ്തമായ14 മൊബൈൽ ടവറുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അവയുടെ വിവരം താഴെ പറയുന്നു.

| ക്രമ നം | വാർഡ് നം | കെട്ടിട നം | ഉടമയുടെ പേര് |
|---|---|---|---|
| 1 | 1 | 354എ | ജയപാൽ മേനോൻ |
| 2 | 2 | 43എ | M/s റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് |
| 3 | 17 | 765 എ | റിലയൻസ് ഇൻഫോകോം |
| 4 | 22 | 286 | മൂഴിക്കര ചന്ത്രോത്ത് ക്ഷേത്രം |
| 5 | 23 | 118 | കെ.സുധാകരൻ, ചെയർമാൻ, സർദാർ ചന്ത്രോത്ത് മെമ്മൊറിയൽ ട്രസ്റ്റ് |
| 6 | 28 | 327 | M/s അമേരിക്കൻ ടവർ കോർപ്പറേഷൻ |
| 7 | 43 | 480 എ | സുദേവൻ.വിഡി |
| 8 | 44 | 323എ | M/s ടവർ വിഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് |
| 9 | 45 | 4665 | കെ.ഗോപകുമാർ |
| 10 | 47 | 67എ | ജനറൽ മാനേജർ, ടെലികോം ബി.എസ്.എൻ.എൽ.ഭവൻ |
| 11 | 47 | 122 | M/s റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് |
| 12 | 47 | 123എ | മാനേജർ,റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് |
| 13 | 50 | 439 | ഡിവിഷണൽ എഞ്ചിനീയർ, ഫോൺസ് എക്സ്റ്റേണൽ, ബി.എസ്.എൻ.എൽ ടെലിഫോൺ ഭവൻ |
| 14 | 50 | 468 | ജയപാൽ മേനോൻ, ഭാരതി എയർ ടെൽ |

നഗരസഭ സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുള്ളതായി പറയുന്ന കെട്ടിട നമ്പറുകൾ ഒന്നും തന്നെ സഞ്ചയയിലെ രേഖപ്പെടുത്തലിൽ ഇല്ല. എൻട്രി വരുത്തിയിട്ടുള്ള മൊബൈൽ ടവറുകളുടെ കെട്ടിട നമ്പറുകളും വ്യത്യസ്തമായതിനാൽ നിലവിൽ നഗരസഭ പരിധിയിലുള്ള ആകെ മൊബൈൽ ടവറുകളുടെ എണ്ണം സംബന്ധിച്ച് വ്യക്തതയില്ല.

2. **വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല.**

സഞ്ചയയിൽ എൻട്രി വരുത്തിയിട്ടുള്ള 14 എണ്ണത്തിൽ താഴെ പറയുന്ന രണ്ട് മൊബൈൽ ടവറുകളുടെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ | വാർഡ് | കെട്ടിട | ഉടമയുടെ പേര് |
|---|---|---|---|

| നം | നം | നം | |
|---|---|---|---|
| 1 | 22 | 286 | മൂഴിക്കര ചന്ത്രോത്ത് ക്ഷേത്രം |
| 2 | 23 | 118 | കെ.സുധാകരൻ, ചെയർമാൻ, സർദാർ ചന്ത്രോത്ത് മെമ്മൊറിയൽ ട്രസ്റ്റ് |

3. **മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതിൽ വീഴ്ച**

സഞ്ചയ പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ നിലവിൽ 6,62,184 രൂപ കുടിശ്ശികയുണ്ട്.

നഗരസഭ പരിധിയിലുള്ള മൊബൈൽ ടവറുകൾ സംബന്ധിച്ച് കൃത്യമായി പരിശോധന നടത്തേണ്ടതും എല്ലാ മൊബൈൽ ടവറുകളുടെയും വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിലുള്ള കുടിശ്ശിക ഈടാക്കി നഗരസഭ ഫണ്ടിൽ വരവ് വെക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**5.അനധികൃത കെട്ടിടങ്ങള് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതയും വസ്തുനികുതി നിർണ്ണയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്താത്തതും .**

1. നഗരസഭയിൽ അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 (1) ൽ നിർദ്ദേശിച്ച പ്രകാരം ഫോറം 10 ൽ അല്ല രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്. കെട്ടിടനിർമ്മാണം പൂർത്തിയാക്കിയ തീയ്യതി/ തുടങ്ങിയ തീയ്യതി, റോഡിന്റെ തരം, കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, കെട്ടിടത്തിന്റെ പഴക്കം, കെട്ടിടത്തിന്റെ തറയുടെ തരം, കെട്ടിടത്തിന്റെ ചുമരിന്റെ തരം കെട്ടിടനിർമ്മാണ ഉപയോഗക്രമം എന്നീ വിവരങ്ങൾ ഈ രജിസ്റ്ററിൽ ലഭ്യമല്ല. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ സംബന്ധിച്ച രജിസ്റ്റർ നിർദ്ദിഷ്ട ഫോറത്തിൽത്തന്നെ സൂക്ഷിക്കേണ്ടതാണ്.
2. നഗരസഭ സൂക്ഷിച്ച വരുന്ന അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിൽ ഉൾപ്പെട്ട 44 അനധികൃത കെട്ടിടങ്ങളുടെ നികുതി നിർണ്ണയങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതും എന്നാൽ സഞ്ചയയിൽ കെട്ടിട നിർണ്ണയം നടത്താത്തതുമായ അനധികൃത കെട്ടിടങ്ങളുടെ വിവരം**

| ക്രമ നം | രജിസ്റ്റർ പ്രകാരമുള്ള വാർഡ് നമ്പരും വാതിൽ നമ്പരും | ഉടമയുടെ പേര് | നികുതി നിർണ്ണയത്തിന്റെ തീയ്യതി | ആകെ നികുതി |
|---|---|---|---|---|
| 1 | UAC-15/1/49A | സുരേഷ് ബാബു.പി.വി | 01.10.2008 | 182.00 |
| 2 | UAC-15/2/50A | കെ.വത്സരാജ് | 01.10.2008 | 253.00 |
| 3 | 15/3/199A | കെ.രമേശൻ | 01.10.2008 | 361.00 |
| 4 | UAC-15/4/84A | മറോളി പ്രദീപൻ | 01.10.2008 | 113.00 |
| 5 | UAC-15/5/49B | പറമ്പത്ത് വേലാണ്ടി,സതീശ് ബാബു | 01.10.2008 | 91.00 |
| 6 | 15/6/177A | പൊയ്യേരി ബാലകൃഷ്ണൻ | 01.10.2008 | 270.00 |
| 7 | UAC-15/8/38A | മനയത്ത് മീത്തൽ നടയി ശ്രീധരൻ | 01.10.2008 | 136.00 |
| 8 | UAC-44/1/2850A | കല്ലമ്പത്ത് അയിച്ച മുതൽ പേർ | 01.04.2007 | 6626.00 |
| 9 | UAC-3/65A | പുല്ലമ്പി സൗമിനി | 01.04.2009 | 136.00 |
| 10 | UAC-37/110A | പി.എം.ഉമാനന്ദൻ | 01.04.2009 | 136.00 |
| 11 | UAC-10/571 B | എ.രാമു | 01.04.2009 | 46.00 |
| 12 | UAC-41/420 A | സീനത്ത്.സി.എച്ച് | 01.04.2009 | 25.00 |

| | | | | |
|---|---|---|---|---|
| 13 | UAC-41/420 B | ചാത്തോത്ത് മറിയു | 01.04.2009 | 68.00 |
| 14 | UAC-41/420 D | കെ.വി.സുബൈദ | 01.04.2009 | 25.00 |
| 15 | UAC-38/144 A | കെ.ശോഭന | 01.04.2009 | 50.00 |
| 16 | UAC-38/144 B | യു.ശകുന്തള | 01.10.2009 | 50.00 |
| 17 | UAC-38/144 C | കെ.ശ്യാമള ബാബു | 01.10.2009 | 91.00 |
| 18 | UAC-38/142 A | സി.എച്ച്.ഉമ്മർ | 01.10.2009 | 68.00 |
| 19 | UAC -38/139 A | എ.രതീശൻ | 01.10.2009 | 75.00 |
| 20 | UAC-38/87 A | പി.പി.ഗോമതി ശേഖരൻ | 01.10.2009 | 75.00 |
| 21 | 32/116 A | കെ.സരോജിനി | 01.04.2010 | 50.00 |
| 22 | 32/124 A | വി.പി.ബേബി കാമാക്ഷി | 01.04.2010 | 50.00 |
| 23 | 32/121 A | ഗോവർദ്ധനൻ, പോടന്റവിട | 01.04.2010 | 50.00 |
| 24 | 32/123A | പി.പി.അജയൻ | 01.04.2010 | 50.00 |
| 25 | 35/82 A | രവീന്ദ്രൻ പുതിയ പുരയിൽ | 01.04.2010 | 50.00 |
| 26 | 32/132A | പി.പി.അമൃതരാജ് | 01.04.2010 | 50.00 |
| 27 | 3/52 A | പി.ബാലകൃഷ്ണൻ | 01.04.2010 | 162.00 |
| 28 | 35/85 B | ചോയി വീട്ടിൽ മധുസൂതനൻ | 01.04.2010 | 135.00 |
| 29 | 35/85 C | പി.സി.വിപിൻ | 01.04.2010 | 101.00 |
| 30 | 14/291 A | എം.വാസു | 01.04.2010 | 541.00 |
| 31 | 14/181 A | ടി.വി.രജനി | 01.04.2010 | 406.00 |
| 32 | UAC-37/119A | വി.പി.മോഹൻദാസ് | 01.10.2014 | 846.00 |
| 33 | UAC-1/29 | സിനോജ്.ആർ.കെ | 01.04.2013 | 1846.00 |
| 34 | UAC-50/493A | ദിവാകരൻ.എ.എം,<br>രവീന്ദ്രൻ.എ.എം | 01.04.2012 | 799.00 |
| 35 | UAC-50/493 B | ദിവാകരൻ.എ.എം,<br>രവീന്ദ്രൻ.എ.എം | 01.04.2012 | 32676.00 |
| 36 | UAC-27/613 A | മാനേജർ,<br>മമ്പറം കോപ്പറേറ്റീവ് ഹോസ്പിറ്റൽ ലിമിറ്റഡ്,ഇന്ദിരാഗാന്ധി കോപ്പറേറ്റീവ്<br>ഹേസ്പിറ്റൽ, തിരുവങ്ങാട് | 01.04.1999 | 44434.00 |
| 37 | UAC-27/613 B | മാനേജർ,<br>മമ്പറം കോപ്പറേറ്റീവ് ഹോസ്പിറ്റൽ ലിമിറ്റഡ്,ഇന്ദിരാഗാന്ധി കോപ്പറേറ്റീവ്<br>ഹേസ്പിറ്റൽ, തിരുവങ്ങാട് | 01.04.1999 | 44434.00 |
| 38 | UAC-27/613 D | മാനേജർ, | 01.04.2006 | 3817.00 |

| | | | | |
|---|---|---|---|---|
| | | മമ്പറം കോപ്പറേറ്റീവ് ഹോസ്പിറ്റൽ ലിമിറ്റഡ്,ഇന്ദിരാഗാന്ധി കോപ്പറേറ്റീവ് ഹേസ്പിറ്റൽ, തിരുവങ്ങാട് | | |
| 39 | UAC-27/613 C | മാനേജർ, മമ്പറം കോപ്പറേറ്റീവ് ഹോസ്പിറ്റൽ ലിമിറ്റഡ്,ഇന്ദിരാഗാന്ധി കോപ്പറേറ്റീവ് ഹേസ്പിറ്റൽ, തിരുവങ്ങാട് | 01.04.2009 | 44434.00 |
| 40 | UAC-1/33/15-16 | സി.ചന്ദ്രശേഖരൻ | 01.10.2011 | 11088.00 |
| 41 | UAC-28/543 C | ചാത്തമ്പള്ളി സരോജിനി | 01.04.2016 | 1320.00 |
| 42 | UAC-45/1912 A | മണലിൽ വേങ്ങാടൻ കുഞ്ഞാമി മുതൽ 4 പേർ | 01.04.2013 | 121240.00 |
| 43 | UAC-45/1929 A | എൻ.വി.അബ്ദുള്ള മുതൽ 12 പേർ | 01.04.2013 | 3919.00 |
| 44 | UAC-37/169 A | സുശീല.വി.പി | 01.10.2017 | 2206.00 |

രജിസ്റ്ററിൽ ചേർത്തിരിക്കുന്നതും എന്നാൽ സഞ്ചയയിൽ കെട്ടിട നിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാനും ഈ കെട്ടിടങ്ങളിൽ ഏതൊക്കെ ക്രമവൽക്കരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (44/2017-18; തീയ്യതി: 06.12.2018) ലഭ്യമാക്കിയ മറുപടിയിൽ അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ റെഗുലറൈസേഷൻ നടത്തി പിഴയോടുകൂടി കെട്ടിടനികുതി ഈടാക്കുമെന്നും പട്ടികയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള മുഴുവൻ അനധികൃത കെട്ടിടങ്ങളുടെയും വസ്തുനികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ചും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ രേഖകൾ സഹിതവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**6.വിമുക്തഭടന്മാരുടെ വീടിന്റെ വസ്തുനികുതി ഇളവ് അനുവദിച്ചതിലെ അപാകങ്ങൾ**

26.05.2017 ലെ സ.ഉ.(അ) നം.106/2017 ത.സ്വ.ഭ.വ പ്രകാരം 2000 ചതു.അടി തറവിസ്തീർണ്ണം വരെയുള്ള വിമുക്തഭടന്മാരുടെ വീടിന്റെ നികുതി ഇളവ് ബാധകമാണെന്നും അതിൽ കൂടുതലായി വരുന്ന തറ വിസ്തീർണ്ണത്തിന് അതാത് കാലങ്ങളിൽ നിലവിലുള്ള നികുതി ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിലെ വ്യവസ്ഥ പാലിക്കാതെ വിമുക്തഭടന്മാരുടെ വീടിന് വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | വാർഡ് നം/ കെട്ടിട നം | തറവിസ്തീർണ്ണം | ഈടാക്കുന്ന നികുതി | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| 1. | എം.കെ.കൃഷ്ണവേണി | 8/44 | 232.54 (47.54ന് നികുതി നിർണ്ണയിക്കേണ്ടത്) | 90 | 305 |
| 2 | പി.പത്മനാഭൻ മുതൽ പേർ | 17/527 | 233.72 (48.92m$^2$ | 1310 | 274 |

| | | | | | |
|---|---|---|---|---|---|
| | | | നികുതി ഈടാക്കേണ്ടത് ) | | |

**7.കേന്ദ്രസർക്കാറിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽനിന്നും സർവ്വീസ് ചാർജ് ഈടാക്കുന്നില്ല.**

കേന്ദ്രസർക്കാറിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285ാം അനുഛേദം അനുസരിച്ച് വസ്തുനികുതിയിൽനിന്നും ഒഴിവാക്കപ്പെട്ടതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ശുചിത്വപരിപാലനം , ജലവിതരണം, തെരുവുവിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ്. ഇത്തരത്തിൽ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽനിന്നും നഗരസഭ സർവ്വീസ് ചാർജ് ഈടാക്കുന്നതായി കാണുന്നില്ല.

**8. വസ്തുനികുതിയിനത്തിലെ തൻവർഷത്തെയും മുൻവർഷങ്ങളിലെയും സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കലക്ഷൻ ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.**

വസ്തുനികുതി (തൻവർഷം)

| | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ പ്രകാരം | 5,52,90,283 | 3,45,43,990 | 2,07,46,293 |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 5,13,84,027 | 3,22,56,299 | 12,49,481 |

2017-18 ലെ ഡിമാന്റ്, കലക്ഷൻ തുകകൾ തമ്മിലുള്ള വ്യത്യാസം 1,91,27,728 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം പിരിഞ്ഞുകിട്ടാനുള്ള വസ്തുനികുതിയിനത്തിലെ തുക 12,49,481 രൂപയാണ്.

**വസ്തുനികുതി (കുടിശ്ശിക)**

| | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ പ്രകാരം | 6,06,83,495 | 1,60,78,154 | 4,46,05,341 |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 54,40,792 | 1,56,37,010 | 2,94,866 |

വാർഷിക ധനകാര്യ പത്രിക പ്രകാരം മുൻവർഷങ്ങളിലെ കുടിശ്ശികയുടെ ഡിമാന്റ് കലക്ഷൻ തുകകൾ തമ്മിലുള്ള വ്യത്യാസം (-)1,01,96,218 രൂപയാണ്. ഡിമാന്റിനേക്കാൾ കൂടുതൽ കലക്ഷൻ തുക കാണുന്നു. എന്നാൽ ബാലൻസ് ഷീറ്റിലെ B 15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതിയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 2,94,866 രൂപയും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കുടിശ്ശികയിനത്തിലെ തുക 4,46,05,341 രൂപയുമാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കുടിശ്ശിക തുകയിൽ വ്യത്യാസമുള്ളതിനാലും അരിയർ ഡിമാന്റ് രജിസ്റ്റർ നഗരസഭ സൂക്ഷിക്കുന്നില്ല എന്നതിനാലും മേൽതുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല. ഇത് സംബന്ധിച്ച് 30.11.2018 ന് നൽകിയ ഓഡിറ്റ് അന്വേഷണ നമ്പർ 40/201718 ന് നഗരസഭ മറുപടി ലഭ്യമാക്കിയ മറുപടിയിൽ വസ്തുനികുതി ഇനത്തിൽ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കലക്ഷൻ ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടാത്തതിന്റെ കാരണം സഞ്ചയ സോഫ്റ്റ് വെയറിൽ ഓൺലൈൻ പേമെന്റായി വന്നിട്ടുള്ള തുകകൾ സാംഖ്യാ സോഫ്റ്റ് വെയറിൽ ഉൾപ്പെടാത്തതുകൊണ്ടാണെന്നും, ഇൻഫർമേഷൻ കേരള മിഷനുമായി ബന്ധപ്പെട്ട് മാസാമാസങ്ങളിലെ ഓൺലൈൻ പേമെന്റ് തുകകൾ സാംഖ്യാ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിവരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വേക്കൻസി റെമിഷൻ, പൊളിച്ച നീക്കപ്പെട്ട കെട്ടിടങ്ങൾ വിമുക്തഭടൻമാരുടെ നികുതിയിളവ് ബാധകമായ കെട്ടിങ്ങൾ തുടങ്ങിയ ഇനങ്ങളിലെ നികുതി നഷ്ടം പരിശോധിച്ച് വരികയാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സഞ്ചയയിലെയും വാർഷിക ധനകാര്യ പത്രികയിലെയും തുകകൾ തമ്മിലുള്ള വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്.

# 2-5 വസ്തുനികുതിയിനത്തിലെ മാനുവൽ രസീതി പ്രകാരം പിരിച്ചെടുത്ത തുകകൾ നഗരസഭയിൽ സാംഖ്യ രസീതി പ്രകാരം

# അടവാക്കുമ്പോൾ ഹെഡിനങ്ങളിലെ വരവിൽ മാറ്റം ഉണ്ടാകുന്നു.

വസ്തുനികുതിയിനത്തിൽ മാന്വൽ തസീതി പ്രകാരം പിരിച്ചെടുത്ത തുകകൾ 'സാംഖ്യ' രസീതി പ്രകാരം നഗരസഭയിൽ അടവാക്കുമ്പോൾ വസ്തുനികുതി, ഗ്രന്ഥശാലാവരി, സേവന ഉപനികുതി, പുവർഹോം സെസ്സ് എന്നീ ഹെഡിനങ്ങളിലെ തുകകൾ സഞ്ചയ പ്രകാരമുള്ള തുകകളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണുന്നു. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

വാർഡ് നം.32 ലെ 46ാം നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി മാന്വൽ രശീത് ബുക്ക് 424 ലെ രസീത് നം 42390 പ്രകാരം 31.12.18 ന് ചുവടെ ചേർത്ത പ്രകാരം ഈടാക്കിയിട്ടുണ്ട്.

| വർഷം | തുക |
|---|---|
| 2017-18 (കുടിശ്ശിക) I<br>II | 168<br>158 |
| 2018-19 (തൻവർഷം) I<br>II | 161<br>158 |
| പിഴ പലിശ | 66 |
| ആകെ | 704 |

പ്രസ്തുത കെട്ടിടത്തിന്റെ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി, ഗ്രന്ഥശാലാവരി, മറ്റ് സെസ്സിനങ്ങളിലെ തുകകൾ എന്നിവ സംബന്ധിച്ച ഒരു വർഷത്തെ ഡിമാന്റ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തുനികുതി | 247 |
| ഗ്രന്ഥശാല വരി | 13 |
| സർവ്വീസ് സെസ്സ് | 54 |
| പൂവർഹോംസെസ് | 5 |
| ആകെ | 319 |

32/46 നമ്പർ കെട്ടിടത്തിന്റെ മാന്വൽ രസീതി പ്രകാരം വരവ് വന്ന വസ്തുനികുതി സാംഖ്യ രസീത് നം 01/118020123520 പ്രകാരം നഗരസഭയിൽ 31.12.2018 ന് അടവാക്കിയത് പരിശോധിച്ചതിൽ കണ്ടെത്തിയ വ്യത്യാസങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അടവാക്കിയ തുക | യഥാർത്ഥത്തിൽ സഞ്ചയ പ്രകാരം വരവ് വരേണ്ട തുക |
|---|---|---|
| വസ്തുനികുതി (തൻവർഷം) | 113 | 247 |
| വസ്തുനികുതി (കുടിശ്ശിക) | 343 | 247 |
| ലൈബ്രറി സെസ്സ് | 32 | 26 |
| പുവർഹോം സെസ്സ് | 13 | 10 |

| | | |
|---|---|---|
| സർവ്വീസ് സെസ്സ് | 137 | 108 |
| പിഴ പലിശ | 66 | 66 |
| ആകെ | 704 | 704 |

1. സാംഖ്യ പ്രകാരം വസ്തുനികുതി ഹെഡിൽ രണ്ട് വർഷത്തേക്ക് 494 രൂപ വരേണ്ടതിന് പകരം 456 രൂപയാണ് വരവായി ചേർത്തിട്ടുള്ളത്. ഈ ഹെഡിൽ 38 രൂപ കുറവുണ്ട്. കുറവുവന്ന 38 രൂപ ലൈബ്രറി സെസ്സ്, സർവ്വീസ് സെസ്സ്, പുവർഹോം സെസ്സ് എന്നീ ഹെഡുകളിലായി അധികമായി വരവ് വന്നിട്ടുണ്ട്.

ഡബിൾ എൻട്രി എക്കൗണ്ടിംഗ് സിസ്റ്റമായ സാംഖ്യയിലും വാർഷിക ധനകാര്യ പത്രികയിലും ഇതേ രീതിയിൽ വരവ് ഹെഡുകളിലെ തുകകളിൽ വ്യത്യാസം വരുന്നുണ്ട്. മേൽ അപാകതകൾ സംബന്ധിച്ച് 07.01.2019 ന് നൽകിയ ഓഡിറ്റ് അന്വേഷണ നമ്പർ.62/2017-18 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. മാന്വൽ രശീതി പ്രകാരം പിരിച്ചെടുത്ത തുകകൾ സാംഖ്യാ രശീതിയിലേക്ക് മാറ്റുമ്പോൾ ഹെഡിനങ്ങളിലെ തുകകളിൽ വ്യത്യാസം വരുന്നതിനുള്ള കാരണം കണ്ടെത്തേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

## 2-6 തൊഴിൽനികുതി റിട്ടേണുകൾ ലഭ്യമല്ലാത്തതും മറ്റ് അപാകതകളും

നഗരസഭയുടെ 2017-18 വർഷത്തെ തൊഴിൽനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 249, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം (5) എന്നിവ പ്രകാരം സെക്രട്ടറിക്ക് നോട്ടീസ് മൂലം ഏതെങ്കിലും കെട്ടിടത്തിന്റേയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും, ഹോട്ടലിന്റെയോ ബോർഡിങ്ങിന്റേയോ ലോഡ്ജിങ്ങ് ഹൗസിന്റെയോ ക്ലബ്ബിന്റെയോ, താമസത്തിനുള്ള മുറികളുടെയോ ഏതൊരു നടത്തിപ്പുകാരനോടും അല്ലെങ്കിൽ മാനേജരോടും , ആ കെട്ടിടമോ, ഭൂമിയോ, ഹോട്ടലോ, ബോർഡിങ്ങോ, ലോഡ്ജിങ്ങ് ഹൗസോ, ക്ലബ്ബോ, താമസത്തിനുള്ള മുറികളോ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും അങ്ങനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ , കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക എന്തെങ്കിലും കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വെക്കുന്ന കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ ചട്ടം (5) ഫോറം 1 ൽ ആവശ്യപ്പെടാവുന്നതും പ്രസ്തുത ലിസ്റ്റ് ഉടമസ്ഥനോ കൈവശക്കാരനോ ചട്ടം (5) ഫോറം 2 ൽ നോട്ടീസിൽ പറഞ്ഞിട്ടുള്ള സമയപരിധിക്കുള്ളിൽ സമർപ്പിക്കേണ്ടതുമാണ്. മേൽ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാത്തതിനാൽ 2017-18 വർഷം തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ നഗരസഭ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും/വ്യക്തികളും തൊഴിൽനികുതി അടക്കുന്നതിനായി തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ കഴിയില്ല.
2. 2017-18 വർഷം തൊഴിൽ നികുതി അടക്കുന്നതിനായി നഗരസഭ തയ്യാറാക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട താഴെ പറയുന്ന സ്ഥാപനങ്ങളുടെ2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രജിസ്റ്ററിൽ തൊഴിൽ നികുതി ഡിമാന്റ് വിവരവും കലക്ഷൻ വിവരവും രേഖപ്പെടുത്തിയിട്ടുമില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കാതെ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽനികുതി റിട്ടേണുകളുടെ അഭാവത്തിൽ തൊഴിൽ നികുതി ഈയിനത്തിലുള്ള നഷ്ടം കൃത്യമായി തിട്ടപ്പെടുത്താൻ സാധിക്കുന്നില്ല.

| വാർഡ് നം | കെട്ടിട നം | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 23 | പി.പി.വുഡ് ഇൻഡസ്ട്രീസ്, കൊട്ടവള്ളി |
| | 210 | പ്രൊപ്രൈറ്റർ, ഹമീദ് ട്രേഡേഴ്സ് |
| 7 | 133 | ബ്രാഞ്ച് മാനേജർ, തലശ്ശേരി കോ-ഓപ്പ് അർബൻ ബാങ്ക് ലിമിറ്റഡ്, കൊളശ്ശേരി |
| 8 | 166 | ഹെഡ് പോസ്റ്റ് ഓഫീസ്, കാവുംഭാഗം |

| | | |
|---|---|---|
| 10 | 19 | പ്രൊപ്രൈറ്റർ, ജമിനി ഗ്യാസ് |
| 12 | 19 | ജനറൽ മാനേജർ, കോ.ഓപ്പ് റൂറൽ ബാങ്ക്, തലശ്ശേരി |
| | 533 | പ്രൊപ്രൈറ്റർ, ജയഭാരതി ബേക്കറി, ചിറക്കര |
| | 764 | യൂണിറ്റി ഹോസ്പിറ്റൽ |
| | 393 | അസിസ്റ്റന്റ് വാല്വേഷൻ ഓഫീസർ, തലശ്ശേരി |
| | 522 | പ്രിൻസിപ്പൽ, ജെം പ്ലേ സ്കൂൾ, ചിറക്കര |
| | | അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ഓഡിറ്റർ, തലശ്ശേരി, PCARD Bank Limited |
| 14 | 1 | കോ-ഓപ്പറേറ്റീവ് കയർ സൊസൈറ്റി, എരിഞ്ഞോളി |
| 17 | 790 | മലബാർ പ്രവാസ് വെൽഫെയർ കോ-ഒാപ്പറേറ്റീവ് സൊസൈറ്റി |
| | 808 | ടി.എൻ.ടി.ചിട്ടി തിരുവങ്ങാട് |
| 22 | 148 | സെക്രട്ടറി, കോടിയേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 29 | | ഹെൽത്ത് സബ്സെന്റർ, കല്ലിൽത്താഴെ |
| 36 | 118 | ഹെഡ് മാസ്റ്റർ, ടാഗോർ വിദ്യാപീഠം, നങ്ങാറത്ത് പീടിക |
| 38 | 347 | മാനേജർ, ശ്രീനാരായണ പ്രിന്റിംഗ് വർക്സ് |
| | 617 | ഹിറോ ഹോണ്ട ഷോ റൂം |
| 43 | 481 | സെക്രട്ടറി, അർബൻ ബാങ്ക് |
| | 491, 492 | മാർബിൾ ഇൻഡ്യ |
| 45 | 1436,1437 | കോ-ഓപ്പറേറ്റീവ് മെഡിക്കൽ സ്റ്റോർ, എൻ.സി.സി റോഡ് |
| | 1560 | പ്രൊപ്രൈറ്റർ, ചിത്രവാണി തിയേറ്റർ |
| | 1701,1701 A | വാസൻ എെ കെയർ ഹോസ്പിറ്റൽ |
| | 1815 | സിതാര ടൂറിസ്റ്റ് ഹോം |
| | 2322 | എയറോസിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ |
| | 2236 | ടെക്നോമീഡിയ |
| | 2580 | എൽ.ബി.എസ്.ന്യൂ ബസ്സ്റ്റാൻഡ് |
| | 3677 | ഫസ്റ്റ് ഫ്ലൈറ്റ് കൊറിയർ |
| | 3765 | സിൽകോൺ |
| | 3842 | സിയോസിസ് |
| | 4104 | മാനേജർ ഇൻഡോ ഫോറിൻ ലിങ്ക്, പ്രൈവറ്റ് ലിമിറ്റഡ് |
| | 4010 to 4012 | മാനേജർ, ലിബർട്ടി പാരഡൈസ് |
| 47 | 181 | ഫ്ലൈ ഹിന്റ് ട്രാവൽസ്, തലശ്ശേരി |
| | 435 | ഹെൽത്ത് ഇൻസ്പെക്ടർ, എ ഡിവിഷൻ, മുനിസിപ്പൽ ഓഫീസ് |
| | 490 | പ്രൊപ്രൈറ്റർ, ഫൈവ് സ്റ്റാർ എെസ് ഫാക്ടറി |
| | 974 | നിത്യാനന്ദൻ പീപ്പിൾസ് റേഡിയോ |

| | | |
|---|---|---|
| | 990 | ജീ.വി.സുരേഷ് ബാബു, രൂപശ്രീ ജ്വല്ലറി |
| | 1112 | നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് |
| | 1396 | പ്രൊപ്രൈറ്റർ കെ.ആർ.എസ്., നിയർ കസ്റ്റംസ് ഓഫീസ് |
| | 965 | ഹെൽത്ത് ഇൻസ്പെക്ടർ, സി ഡിവിഷൻ, മുനിസിപ്പൽ ഓഫീസ് |
| | 653 to 664 | മെട്രോ ബസാർ സൂപ്പർ മാർക്കറ്റ് (ഹാർബർ സിറ്റി) |
| | 67A | അക്കൗണ്ട്സ് ഓഫീസർ (ക്യാഷ്) GMT ഓഫീസ് ബി.എസ്.എൻ.എൽ, കണ്ണൂർ |
| | 7/121 | ഹെൽത്ത് ഇൻസ്പെക്ടർ കൊളശ്ശേരി ഡിവിഷൻ |
| | 1692 | മാനേജിംഗ് പാർട്ണർ, ബംഗാള ഏജൻസീസ് |
| 48 | 647 to 650 | സിഗ്മ സെറാമിക്സ്, സദാനന്ദ പൈ റോഡ് |
| | 566 | മൊണാർക്ക് ജെന്റ്സ് ഫാഷൻ |
| | 150A | സാറ എംപോറിയോ, ഗുഡ് ഷെഡ് റോഡ് |
| | 392 | തലശ്ശേരി ടൂറിസം ഡവലപ്മെന്റ് ആർക്കേഡ് ഷർകാസ് ബിൽഡിംഗ് |
| | 409,410 | എെ.എെ.എഫ്.എൽ, ഷർകാസ് ബിൽഡിംഗ് |
| | 417,421,422 | കണ്ണൂർ ജില്ല എൽ.എെ.സി ഏജൻസ് വെൽഫെയർ സൊസൈറ്റി |
| | | അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 49 | 304 to 308,310 | M/sദിൽന ഗ്ലാസ് & പ്ലൈവുഡ്, തലശ്ശേരി |
| 50 | 230,231 | പ്രൊപ്രൈറ്റർ, സുനിത ടിമ്പർ വർക്സ്, കുയ്യാലി |
| 52 | 392 | വിക്ടോറിയ ഹോട്ടൽ |
| | 431 | സിറ്റി മെറ്റേർണിറ്റി സെന്റർ, തലശ്ശേരി |

3. 37ാം വാർഡിലുള്ള വാണിവിലാസം യു.പി.സ്കൂളിൽ ഒരു ക്രാഫ്റ്റ് ടീച്ചർ മാത്രമാണ് 2017-18 ഒന്നും രണ്ടും അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേണിൽ ഉൾപ്പെട്ടിട്ടുള്ളത്.

4. 52 ാം വാർഡിലുള്ള 35 ജീവനക്കാരുള്ള ജോസ് ഗിരി ഹോസ്പിറ്റലിൽ ഡോക്ടർമാർ ആരുംതന്നെ 2017-18 ഒന്നാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി റിട്ടേണിൽ ഉൾപ്പെട്ടിട്ടില്ല.

5. കാവുംഭാഗം ഗവ.പ്രീമെട്രിക് ഹോസ്റ്റലിലെ ജീവനക്കാരനായ ശ്രീ.വിപിൻകുമാറിൽ നിന്നും 2017-18 ഒന്നാം അർദ്ധവർഷം കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കി .

| അർദ്ധ വാർഷിക ശമ്പളം | അടക്കേണ്ട തൊഴിൽ നികുതി | അടച്ച തൊഴിൽ നികുതി | ബാക്കി |
|---|---|---|---|
| 1,12,860 | 1,000 | 750 | 250 |

തൊഴിൽനികുതി വരവുമായി ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് 32/2017-18 തീയ്യതി 22.11.2018, 41/2017-18 തീയ്യതി 01.12.2018 നമ്പർ ഓഡിറ്റ് അന്വേഷണങ്ങളിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല . 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ നഗരസഭ പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളിൽനിന്നും

വ്യക്തികളിൽനിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. നഗരസഭയിൽ സമർപ്പിക്കുന്ന തൊഴിൽ നികുതി റിട്ടേണുകൾ വിശദ പരിശോധന നടത്തേണ്ടതും തൊഴിൽ നികുതി ഈടാക്കാത്തതിനാലും നിശ്ചിത നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് ഈടാക്കിയതിനാലും നഗരസഭയ്ക്ക് ഉണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തൊഴിൽ നികുതി ചുമത്തുമ്പോഴും ഈടാക്കുമ്പോഴും 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ 3,4 ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 2-7 ഡി&ഒ ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട അപാകതകൾ

നഗരസഭയുടെ 2017-18 വർഷത്തെ ഡി&ഒ ലൈസൻസ് ഫീസ് വരവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ പറയുന്നു.

1. 1994 കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 447 പ്രകാരം മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ഒരു സ്ഥലവും വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവയ്ക്കായി ലൈസൻസ് കൂടാതെ ഉപയോഗിക്കരുത് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.2017-18 വർഷത്തെ ഡി&ഒ ലൈസൻസ് ഫീ വരവുമായി ബന്ധപ്പെട്ട് നഗരസഭ ഹാജരാക്കിയിട്ടുള്ള എല്ലാ വാർഡുകളിലെയും ഡി&ഒ രജിസ്റ്ററുകളിൽ ലൈസൻസിയുടെ പേരും അടയ്ക്കാനുള്ള ലൈസൻസ് ഫീസ് തുകയും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പല സ്ഥാപനങ്ങളുടെയും ലൈസൻസ് ഫീസ് അടച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം/ ബിൽഡിംഗ് നമ്പർ | വ്യാപാരത്തിന്റെ പേര് | ഉടമയുടെ പേര് | ലൈസൻസ് ഫീസ് |
|---|---|---|---|
| 12/18 | ഓട്ടോറിക്ഷാ ബോഡി വർക്സ് വെൽഡിംഗ് | പ്രകാശൻ.പി | 400 |
| 12/1658 | ഇൻസ്റ്റന്റ് ടി & സ്നാക്സ് | പി.എം.അബ്ദുൾ ബഷീർ | 300 |
| 12/166 | ടയർ & റബ്ബർ ഗുഡ്സ് | സി.എ.ലീല | 200 |
| 12/262 | ഫർണ്ണിച്ചർ സെയിൽസ്, ഗ്ലാസ്സ് കോട്ടൺ | കെ.പി.അഹമ്മദ് | 500 |
| 12/272 | കൂൾ ഡ്രിങ്ക്സ് &കൺഫക്ഷനറി | തഫസീർ | 300 |
| 12/281 | ബീറ്റിംഗ് മെറ്റൽസ് അയൺ ഗുഡ്സ് | രതി ദാമോധരൻ | 600 |
| 12/295 | സൺ കൂൾ സർവ്വീസ് | എം.പി.മനോജ് കുമാർ | 450 |
| 12/308, 309 | ഇലക്ട്രിക്കൽ ഗുഡ്സ് പ്ലാസ്റ്റിക് ഗുഡ്സ് റബ്ബർ ഗുഡ്സ് | ആരിഫ്.ടി.പി | 500 |
| 12/452 | ടെക്സ് ടൈൽസ് | മുഹമ്മദ് നിയാസ് ബി | 500 |
| 12/461 to 463 | ഫർണ്ണിച്ചർ | കെ.അനീഷ് | 600 |
| 12/509 | ടീ.ഷോപ്പ് | എ.കെ.ബാബു, രാജീവൻ | 300 |
| 12/674,675 | മെറ്റൽ ബീറ്റിംഗ് 47.5 HP മോട്ടോർ | ഡി.പ്രദീപ്കുമാർ | 600 |
| 12/716 | അയൺ ഗുഡ്സ് ബീറ്റിംഗ് മെറ്റൽസ് | സി.മുഹമ്മദ് | 500 |
| 12/791 | കൺഫക്ഷനറി ഫ്രൂട്ട്സ്, കൂൾ | എൻ.കെ.പാത്തുട്ടി | 400 |

| | | | |
|---|---|---|---|
| | ഡ്രിങ്ക്സ് | | |
| 12/792 | ബാറ്ററി സെയിൽസ് സർവ്വീസ്ഇലക്ട്രിക്കൽ ഗുഡ്സ് | കെ.കെ.മനോഹർദാസ് | 400 |
| 12/835 | ഓട്ടോമൊബൈൽ സ്പെയർ പാർട്സ് ഇലക്ട്രിക്കൽ ഗുഡ്സ് | കെ.കെ.നിഷാന്ത് | 600 |
| 12/973 | റക്സിൻ, സ്റ്റീരിയോ ഫൈബർ പ്രൊഡക്ട്സ് | എ.മുഹമ്മദ് സാജിൻ, ടി.അൻവർ | 500 |
| 12/1001 | അലൂമിനിയം ഗുഡ്സ് സ്പെയർ പാർട്സ് | എൻ.വി.മുഹമ്മദ് ഫൈസൽ | 500 |
| 45/418 | ഫാൻസി | അശോകൻ.കെ | 400 |
| 45/419 | ചപ്പൽസ് | ഫാറൂഖ്.പി.കെ | 300 |
| 45/443 | റെഡിമെയ്ഡ്സ് | എ.ടി.സദാനന്ദൻ | 300 |
| 45/828 | പെയിന്റ്സ്, ഹാർഡ് വെയർസ് | പി.കെ.അഹമ്മദ് | 300 |
| 45/864 to 865 A | റെഡിമെയ്ഡ്സ് | മുഹമ്മദ് ഷിറാസ് | 400 |
| 45/881 | ബേക്കറി എെറ്റംസ്/എെസ് ക്രീംസ് | കെ.പി.ആസിഫ് | 500 |
| 45/913,914 | എച്ച്.ഡി.എസ് | ഷമിത.കെ | 300 |
| 45/919 | സ്റ്റീൽ പ്ലാസ്റ്റിക് ഗുഡ്സ് നോൺസ്റ്റിക്സ് | ഫർസാന.എ | 600 |
| 45/934 | റഡിമെയ്ഡ്സ് | മുഹമ്മദ് ഫാറൂഖ് | 300 |
| 45/965 | ഡ്രൈക്ലീനിംഗ് | സി.നാഗേഷ് | 200 |
| 45/1000 | ടെയിലറിംഗ് | ബേബി കാത്തുൻ | 300 |
| 45/1024 | ഹോട്ടൽ | നസീർ അഹമ്മദ് | 1000 |
| 45/1031 | ദന്തൽ ക്ലിനിക്ക് | കെ.പി.രമേഷ് കുമാർ | 300 |
| 45/JSC A2 | ക്ലോത്ത്സ് | മുഹമ്മദ് സി.എം, നൗഷാദ്.പി.കെ | 400 |
| 45/CG12 | ക്ലോത്ത്സ് | കെ.അബൂട്ടി | 300 |
| 45/BF 14,15 | റെഡിമെയ്ഡ്സ് | അബ്ദുൾറഹ്മാൻ.എ.പി | 400 |
| 45/BF17 | ടെയിലറിംഗ് | കെ.പി.ഷിജു | 200 |
| 46/1565 to 1570 | ക്ലോത്ത്സ് റ്റ ടെയിലറിംഗ | റസീന ഹാരിഫ്.എം.പി | 400 |
| 46/1607 | സർവ്വീസ് ഓഫ് ബിൽഡിംഗ് കൺസ്ട്രക്ഷൻ | വിപിൻ പവിത്രൻ | 1000 |
| 46/1632 K1 | ക്ലിനിക്ക് | ഡോ.അരുൺ | 500 |
| 46/1658,1659 | പ്രിന്റിംഗ് പ്രസ്സ് | ഷിജു.സി.പി | 1000 |
| 46/1660 | സ്പോട്സ് എെറ്റംസ് | മുസ്തഫ.എം | 600 |
| 46/1675,1676 | കമ്പ്യൂട്ടർ സോഫ്റ്റ് വെയർ | ബിജു.കെ | 600 |
| 46/1747 | സ്റ്റുഡിയോ | മനോജ് കുമാർ | 750 |
| 46/1748 to 1750 | സ്റ്റുഡിയോ | ടി.ടി.ദിവ്യ | 750 |
| | | | |

| | | | |
|---|---|---|---|
| 46/1004 | റെഡ് മെയ്ഡ്സ് | കെ.ജെ.ജോർജ് | 300 |
| 46/1007 | ബ്യൂട്ടി പാർലർ | ബിന്ദു.വി.ജെ | 300 |
| 46/1328 | അലൂമിനിയം | കെ.പി.തേസാഫ് | 400 |
| 46/1368 | ഒപ്റ്റിക്കൽസ് | ടി.മൊയ്തു | 400 |
| 46/1416 | ഇലക്ട്രോണിക് ഗുഡ്സ് | സജീബ്.കെ.പി | 300 |
| 46/1418 | ഇലക്ട്രോണിക് ഗുഡ്സ് | ഫൈസൽ | 300 |
| 46/1419 | ഇലക്ട്രിക് ഗുഡ്സ് റിപ്പയറിംഗ് | കെ.ശ്രീജ | 200 |
| 46/1421 | വെഡ്ഡിംഗ് കാർഡ്സ് | മുഹമ്മദ് ഫൈസൽ | 400 |
| 46/1422 | മൊബൈൽ ഫോൺ | സി.ഹാരിസ് | 500 |
| 46/1424,1425 | ഇലക്ട്രോണിക് ഗുഡ്സ് റിപ്പയറിംഗ് | എം.എം.അഷ്റഫ് | 200 |
| 46/1426,1427 | പെയിന്റ്സ് & ഹാർഡ് വെയർസ് | എം.ഫൈസൽ | 300 |
| 46/1429 | സാനിറ്ററി ഗുഡ്സ് | താജിമുദ്ദീൻ | 400 |
| 46/1431,1432 | ബാഗ് റെക്സിൻ | കെ.കെ.അബ്ദുൾ സലാം | 200 |
| 46/1433,1434 | ഫർണ്ണിച്ചർ (പ്ലൈവുഡ്) | മുഹമ്മദ് ഫൈസൽ | 500 |
| 46/1808 | ഫാൻസി ഫൂട് വെയർ | സുബൈദ.പി.കെ | 400 |
| 46/1810 | ക്ലോത്ത്സ് | പയേരി കദീജ | 200 |
| 46/1847,1848 | റെഡിമെയ്ഡ് & ഫാൻസി മെറ്റിരിയൽസ് | കെ.പി.റഷീദ് | 300 |
| 46/1850 | കൂൾഡ്രിംങ്ങ്സ് | യു.കെ.സുധീഷ് | 500 |
| 46/2079 | റെഡിമെയ്ഡ് | കെ.യൂസഫ് | 300 |
| 46/2148 | വെൽഡിംഗ് ഷോപ്പ് | പി.സി.ജയരാജ് | 300 |
| 46/2183 | ഒപ്റ്റിക്കൽസ് | രജീഷ്.കെ.ആർ | 1000 |
| 46/2220,2221 | ഇലക്ട്രിക്കൽ ഗുഡ്സ് | അടക്കണ്ടി മുഹമ്മദ് | 500 |
| 46/2327 | ടയർ & ട്യൂബ് പഞ്ചറിംഗ് | തൻസി.സി | 300 |
| 46/2333 | ഹോട്ടൽ | എം.ജെ.ജസീം | 400 |
| 46/2403,2404 | ബാഗ് | പി.നവാസ് | 300 |
| 46/2411,2412 | ഇലക്ട്രോണിക് ഗുഡ്സ് | കെ.ഉസ്മാൻ | 400 |
| 46/2441 | ഇലക്ട്രിക്കൽ ഗുഡ്സ് | മുഹമ്മദ് അഫ്ലാഖ് | 300 |
| 46/2609 | ദന്തൽ ക്ലിനിക്ക് | ഡോ.അർഷാദ് അലി | 500 |
| 46/2619 | ചപ്പൽസ് | കെ.പി.സിറാജ് | 300 |
| 46/2626 A6 | ഫൂട് വെയർ | അബൂട്ടി ഹാജി | 500 |
| 46/2634G | ഫാൻസി, ടോയ്സ് & ഗിഫ്റ്റ്സ് | യൂസഫ്.വി.കെ | 300 |
| 46/2750 | ഫാൻസി | കെ.പി.കുഞ്ഞിമൂസ | 300 |
| 46/2773 | റബ്ബർ ട്യൂബ്, ടയർ | കെ.കെ.ബാബു | 1000 |
| 46/2779 | പ്ലാസ്റ്റിക് ഗുഡ്സ്, കയർ പ്രൊഡക്ട്സ് | പി.അഫ്സൽ | 600 |
| 46/2856 | ഡിജിറ്റൽ സ്റ്റുഡിയോ | സുരേഷ്.കെ | 600 |

| | | | |
|---|---|---|---|
| 46/2924 | ലോൺഡ്രി & ഡ്രൈക്ലീനിംഗ് | ശിവ ജയരാജൻ | 500 |
| 46/2959 | ഇമിറ്റേഷൻ ഗോൾഡ് | മുഹമ്മദ് ഫസൽ | 300 |
| 46/2971 | കമ്പ്യൂട്ടർ സർവ്വീസ് | എ.കെ.ഹാരിസ് | 200 |
| 46/2981 to 2993, 2995 to 3005, 3023 | ഫർണ്ണിച്ചർ സെയിൽസ് | കെ.അനീഷ് | 1000 |
| 46/3046 | ഫ്രൂട്ട്സ് ഹോൾസെയിൽ | എം.നാരായണൻ | 500 |
| 46/GF9 | അലോപ്പതി മരുന്ന് | എൻ.നാരായണൻ | 300 |
| 46/GF8 | ടിസ്റ്റാൾ/സ്നാക്ക്സ് | സീനത്ത് അമൻ തരീക്ക് | 700 |

2. പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ള രജിസ്റ്ററുകളിൽ 2017-18 വർഷത്തെ ഡി&ഒ ലൈസൻസ് ഫീസ് പിരിവിന്റെ ഡിമാന്റ് കലക്ഷൻ ബാലൻസ് സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല. ലൈസൻസ് ഫീസിനത്തിലെ ആകെ വരവിന്റെ സംക്ഷിപ്തവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. 2017-18 നഗരസഭ പരിധിയിലുള്ള വിവിധ സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഒമിഷൻ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. നഗരസഭ സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ I - 4 (b) പ്രകാരം 2017-18 വർഷത്തെ ഡി&ഒ ലൈസൻസ് ഫീസ് ഡിമാന്റ് തുക 26,56,263 രൂപയും RP 37 പ്രകാരം 2017-18 വർഷത്തെ ലൈസൻസ് ഫീസിനത്തിലെ വരവ് 7,34,938 രൂപയുമാണ്. 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ B-9 പ്രകാരം ലൈസൻസ് ഫീസിനത്തിലുള്ള അഡ്വാൻസ് കലക്ഷൻ (2017-18 വർഷത്തെ ലൈസൻസ് ഫീസ്) 1888979 രൂപയാണ്. പ്രസ്തുത വിവരങ്ങളിൽ നിന്നും 2017-18 വർഷം ലൈസൻസ് ഫീസിനത്തിൽ 32346 രൂപ കുടിശ്ശിക ഉള്ളതായി കാണുന്നു.

5. ലഭിച്ച അപേക്ഷകൾ ഡി&ഒ രജിസ്റ്ററിൽ രേഖപ്പെടുത്തിയത് അപേക്ഷകൾ സ്വീകരിച്ചിട്ടുള്ള ക്രമം അനുസരിച്ചല്ല. അപേക്ഷകളിൽ ക്രമ നമ്പർ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ സൂക്ഷിക്കുന്നതിലും അവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിലും കൃത്യത പുലർത്തുന്നില്ല എന്ന് വ്യക്തമാവുന്നു. ഉദാ : 45 ാം വാർഡിലെ ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 271 ലൈസൻസികൾ ഉള്ളതായി കാണുന്നു. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ 45 ാം വാർഡിലെ ആകെ അപേക്ഷകളുടെ എണ്ണം 151 ആണ്.

    1. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.64/2017-18 തീയ്യതി.16.01.2019) മറുപടി ലഭ്യമായിട്ടില്ല. 2017-18 വർഷം ഡി & ഒ ലൈസൻസ് ഫീസിനത്തിൽ കുടിശ്ശിക വരുത്തിയ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കേണ്ടതാണ്. അപേക്ഷകൾ ലഭിക്കുന്ന തീയ്യതിയുടെ അടിസ്ഥാനത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും രജിസ്റ്ററുകളിൽ പൂർണ്ണമായ വിവരങ്ങൾ ചേർക്കേണ്ടതുമാണ്. ഡി & ഒ ലൈസൻസ് വരവുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-8 നഗരസഭയിലെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക യഥാസമയം പിരിച്ചെടുക്കുന്നില്ല – വാടകകുടിശ്ശിക 16,22,370/- രൂപ

A)<u>ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക കുടിശ്ശിക ₹1,33,950/-</u>

തലശ്ശേരി നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സുകളുടെ ലേലവ്യവസ്ഥ പ്രകാരം കെട്ടിടമുറികൾ ലേലം വിളിച്ച് കൈവശം വയ്ക്കുന്ന ലൈസൻസികൾ കെട്ടിടത്തിന്റെ ലൈസൻസ് ഫീസ് ഓരോ മാസവും 10-ാം തീയ്യതിക്കകം ലൈസൻസ് കാലാവധി തീരുന്നതു വരെ മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വീഴ്ച വരുത്തിയ കുടിശ്ശികയ്ക്ക് മാസം തോറും 1% നിരക്കിൽ പിഴ പലിശ ഒടുക്കേണ്ടതാണ് എന്നും ലേല വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താഴെ പറയുന്ന കെട്ടിടങ്ങളിൽ വാടകകുടിശ്ശിക ഉള്ളതായി വാടക സംബന്ധിച്ച ഫയലിൽ കാണുന്നു.

| ക്രമ നം | കെട്ടിട നം/ വാടകക്കാരന്റെ വിശദ വിവരം | പ്രതിമാസം അടക്കേണ്ട വാടക | വാടക കുടിശ്ശിക (മാസം) | ആകെ കുടിശ്ശികയുള്ള തുക |
|---|---|---|---|---|
| 1 | എച്ച്1-ബി1(47/140) രാജേഷ് മണാട്ട്, സെക്രട്ടറിKSEBWA ജൂബിലി കോംപ്ലക്സ്, | 2750 | 2/18 മുതൽ 3/18 വരെ | 5500 |
| 2 | ജി-6, കെ.പി.സിദ്ധിഖ് ടൗൺ ഹാൾ ഷോപ്പിംഗ് കോംപ്ലക്സ് | 5621 | 3/18 | 5621 |
| 3 | എഫ്-9, എൻ.വി. മുഹമ്മദ് ഫൈസൽ ടൗൺ ഹാൾ ഷോപ്പിംഗ് കോംപ്ലക്സ് | 869 | 3/18 | 869 |
| 4 | എസ്എഫ്-6, സെലിൻ ഹരിദാസ്, ടൗൺഹാൾ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | 2000 | 02/18 മുതൽ 03/18 വരെ | 4000 |
| 5 | ജി.എഫ്-15, പി.എൻ. സംയുക്ത, പുതിയബസ് സ്റ്റാന്റ് പഴയ ഷോപ്പിംഗ് കോംപ്ലക്സ് | 4260 | 03/18 | 4260 |
| 6 | ജിഎഫ്-2, നവാസ്.കെ. പി,ടൗൺഹാൾ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | 6000 | 09/17 മുതൽ 03/18 വരെ | 42000 |
| 7 | ജിഎഫ്-3, കെ.ടി. ഷുഹൈബ്,ടൗൺഹാൾ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | 6000 | 01/18 മുതൽ 03/18 വരെ | 18000 |
| 8 | എസ്.എഫ്-9, രജിത്ത്. കെ.പി, ടൗൺഹാൾ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | 2200 | 02/18 മുതൽ 03/18 വരെ | 4400 |
| 9 | എഫ്എഫ്9(SC/ST)-രജിത്ത്. കെ.പി, പുതിയ ബസ് സ്റ്റാന്റ് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | 10900 | 3/18 | 10900 |
| 10 | എഫ്എഫ്9(SC/ST)-ശ്രീഷ്മ.ടി.പി.എം, ടൗൺഹാൾ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | 3200 | 4/17 മുതൽ 3/18 വരെ | 3200*12= 38400 |
| ആകെ | | | | 1,33,950/- |

വാടകകുടിശ്ശിക സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 48/2017-18 തീയ്യതി 10.12.2018) ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ സൂചിപ്പിച്ച കെട്ടിടമുറികളുടെ വാടകക്കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. ലൈസൻസികളിൽ നിന്നും വാടകകുടിശ്ശിക പിഴ സഹിതം ഈടാക്കി നഗരസഭാ ഫണ്ടിൽ വരവ് വയ്ക്കാൻ അടിയന്തിരനടപടികൾസ്വീകരിക്കേണ്ടതാണ്.

B) <u>നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിലെ കാലതാമസംമൂലം ₹6,31,089/- വാടകകുടിശ്ശിക</u>

1. ടൗൺഹാൾ ഷോപ്പിംഗ് കോംപ്ലക്സിലെ F3 നമ്പർ മുറിയുടെ കൈവശാവകാശിയായിരുന്ന ശ്രീ. ബി. പത്മനാഭൻ എന്നവർ 5 വർഷത്തിലധികമായി മുറിവാടക ഒടുക്കിയിട്ടില്ല. നഗരസഭ സെക്രട്ടറിയുടെ 17.05.2018ലെ R6-14324/16 നമ്പർ അറിയിപ്പ് പ്രകാരമുള്ള വാടക കുടിശ്ശികയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| കുടിശ്ശികയുള്ള കാലയളവ് | അടക്കേണ്ട തുക |
|---|---|
| 5/2013 മുതൽ 4/2018 വരെ (2130*60 മാസം) | 127800 |
| ജി.എസ്.ടി | 23004 |

| | |
|---|---|
| പിഴ | 38979 |
| ജിഎസ് ടി ഫൈൻ | 6902 |
| ആകെ | 196685 |

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 215(8) പ്രകാരം ഏതെങ്കിലും ലൈസൻസുകാരൻ ലൈസൻസ് ഫീസ് കൊടുക്കുന്നതിൽ ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായി നിക്ഷേപിച്ച തുകയ്ക്കുള്ള കാലാവധിയിൽ കൂടുതൽ കാലത്തേക്ക് വീഴ്ച വരുത്തുകയാണെങ്കിൽ സെക്രട്ടറി രേഖാമൂലമായ നോട്ടീസു മൂലം കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള പലിശയോ പിഴയോ സഹിതം കൊടുക്കേണ്ട തുക, നോട്ടീസ് അയച്ച് ഏഴു ദിവസത്തിനകം, കൊടുക്കാൻ വീഴ്ചക്കാരനോട് ആവശ്യപ്പെടേണ്ടതും അതിനു വീഴ്ച വരുത്തുന്ന സംഗതിയിൽ, സെക്രട്ടറി ഉടൻതന്നെ പരിസരങ്ങൾ താല്ക്കാലികമായി അടച്ചിടേണ്ടതും പോലീസിന്റെ സഹായത്തോടെയോ അല്ലാതെയോ അതിന്റെ കൈവശക്കാരനെയോ അവിടെ നിന്നും ഒഴിപ്പിക്കേണ്ടതും ആകുന്നു.

05/2013 മുതൽ നാളിതുവരെയായി വാടക കുടിശ്ശിക ഉണ്ടായിട്ടും മുനിസിപാലിറ്റി നിയമപ്രകാരം മുറി ഏറ്റെടുക്കുകയോ ലേലം/ടെണ്ടർ മുഖേന മറ്റൊരാൾക്ക് മുറി അനുവദിക്കുകയോ ചെയ്യാത്തതുമൂലം നഗരസഭയ്ക്ക് വരുമാനനഷ്ടം ഉണ്ടാകുകയാണ് ചെയ്തിട്ടുള്ളത്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 50/2017-18 തീയ്യതി 10.12.2018) നഗരസഭ ടിയാന്റെ പേരിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുകയും മുറി കൈവശത്തിലെടുക്കുകയും ടി മുറി റിപ്പയർ ചെയ്യുന്ന നടപടി സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്.

2. നഗരസഭ പുതിയ ബസ് സ്റ്റാന്റ് പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ SC/ST വിഭാഗത്തിന് സംവരണം ചെയ്ത FF5 എന്ന മുറി 16.07.2014 ലെ ലേല നടപടി പ്രകാരം ശ്രീ. കെ.ഷാജേഷ് ചന്ദ്രൻ എന്നവർ 57,900 രൂപ ഡെപ്പോസിറ്റും 19,300/- പ്രതിമാസ വാടക നിരക്കിലും എഗ്രിമെന്റ് വെച്ച് കൈവശം വെച്ചു വരികയാണ്. ടിയാന്റെ അപേക്ഷ പ്രകാരം ടോയ് ലറ്റ്, കുടിവെള്ള കണക്ഷൻ, പാർക്കിംഗ് തുടങ്ങിയ സൗകര്യങ്ങൾ നഗരസഭ ഒരുക്കി കൊടുക്കാത്തതുകൊണ്ട് ഇതിനു മേൽ നടപടി സ്വീകരിക്കുന്നതിന് ഫയൽ നം. ആർ6-31245/17 പ്രകാരം 22.09.2017, 04.11.2017, 22.11.2017 തീയ്യതികളിൽ മുനിസിപ്പൽ എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിരുന്നു. വാടകക്കെടുത്ത മുറി ഉപയോഗിക്കാനാവാതെ കിടന്നതിനാൽ ഉപയോഗിക്കാത്ത മാസങ്ങളിലെ വാടക ഒഴിവാക്കി കൊടുക്കണമെന്ന് ചൂണ്ടിക്കാണിച്ചു കൊണ്ട് ടിയാൻ അപേക്ഷ നല്കിയിരുന്നുവെങ്കിലും 17.04.2018 ലെ 22-ാം നമ്പ്ര് ധനകാര്യ കമ്മിറ്റി തീരുമാനപ്രകാരം ടിയാന്റെ അപേക്ഷ നിരസിച്ചിരുന്നു. ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും 01.09.2018ൽ മുറി പൂട്ടി കൈവശമെടുക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭയുടെ 05.09.2018ലെ R6-49629 നോട്ടീസ് പ്രകാരം താഴെ പറയുന്ന കാലയളവിലെ വാടകകുടിശ്ശിക നഗരസഭയ്ക്ക് ലഭിക്കാനുണ്ട്.

| മുറി നമ്പർ | കുടിശ്ശിക വരുത്തിയ കാലം | ഒടുക്കേണ്ട തുക | |
|---|---|---|---|
| FF5 | 04/2017 മുതൽ 08/2018 വരെ | 17മാസം*19300 | 12,28,100 |
| | | ജിഎസ്.ടി | 59,058 |
| | | ജിഎസ്.ടി ഫൈൻ | 17,717 |
| | | ഫൈൻ | 29,529 |
| | | ആകെ | 4,34,404 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 50/2017-18 തീയ്യതി .12.2018) ടി മുറി ലേലം ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

**C) <u>ജൂബിലി ഷോപ്പിംഗ് കോംപ്ലക്സിലെ D8നമ്പർ മുറിയുടെ വാടക കുടിശ്ശിക ₹ 6,66,463/-</u>**

**<u>ഫയൽ നം. ആർ 7-16323/10</u>**

നഗരസഭയിലെ ജൂബിലി ഷോപ്പിംഗ് കോംപ്ലക്സിലെ D8 നമ്പർ മുറിയുടെ ലൈസൻസി/ കൈവശക്കാരൻ വിജയ ബാങ്ക് ആണ്. D8 നമ്പർ മുറിയുടെ കാലാവധി 31.03.2014ന് അവസാനിച്ചിരുന്നുവെങ്കിലും നാളിതുവരെയായി എഗ്രിമെന്റ് പുതുക്കിയിട്ടില്ല. നഗരസഭാ കൗൺസിലിന്റെ 26.10.2018 തീയ്യതിയിലെ 1-ാം നമ്പരായി എടുത്ത തീരുമാനത്തിലാണ് 01.04.2014 മുതൽ 31.03.2016 വരെയും (10%) , 01.04.2016 മുതൽ 31.03.2018 വരെയും (10%), 01.04.2018 മുതൽ 31.03.2020 വരെയും (10%) വാടക വർദ്ധനവ് വരുത്തിയിട്ടുള്ളത്. പുതുക്കിയ നിരക്കിൽ ലൈസൻസി വാടകകുടിശ്ശിക ഒടുക്കിയിട്ടില്ല. നഗരസഭാ സെക്രട്ടറിയുടെ 16.11.2018ലെ R7-16323/10 നം.പ്രകാരം പ്രസ്തുത മുറിയുടെ 4/2013 മുതൽ 11/2018 വരെയുള്ള വാടകയായി 6,66,463/- രൂപ കുടിശ്ശികയായുണ്ട്. വിശദവിവരം ചുവടെ,

| | | |
|---|---|---|
| 04/2013 മുതൽ 03/2014 വരെ വാടക വർദ്ധനവ് (കുടിശ്ശിക ഇനത്തിൽ) | | 43,140 |
| 04/2014 മുതൽ 03/2016 വരെ വാടക വർദ്ധനവ് (കുടിശ്ശിക ഇനത്തിൽ) | | 1,33,317 |
| 04/2016 മുതൽ 03/2018 വരെ വാടക വർദ്ധനവ് (കുടിശ്ശിക ഇനത്തിൽ) | | 1,98,980 |
| 04/2018 മുതൽ 07/2018 വരെ വാടക വർദ്ധനവ് (കുടിശ്ശിക ഇനത്തിൽ) | | 44,256 |
| 08/2018 മുതൽ 11/2018 വരെ വാടക വർദ്ധനവ് (കുടിശ്ശിക ഇനത്തിൽ) | | 1,04,976 |
| 07/2011 മുതൽ 03/2013 വരെ വാടക | സർവ്വീസ് ടാക്സ്<br>പിഴ | 1,12,428<br>29,366 |
| ആകെ | | 6,66,463 |

വാടക കുടിശ്ശിക അടവാക്കുന്നതിനും 31/03/2014 ന് കാലാവധി അവസാനിച്ച എഗ്രിമെന്റ് പുതുക്കുന്നതിനും 7ദിവസത്തെ സമയപരിധി പ്രകാരം 16.11.2018 ന് സെക്രട്ടറി നിർദ്ദേശം നൽകിയിരിന്നുവെങ്കിലും വാടക കുടിശ്ശികയായ 6,66,463/- രൂപ അടവാക്കുകയോ എഗ്രിമെന്റ് പുതുക്കുകയോ ചെയ്തിട്ടില്ല. 31.03.2014ന് എഗ്രിമെന്റിന്റെ കാലാവധി അവസാനിച്ചിട്ടും നഗരസഭ കൃത്യമായ കാലയളവിൽ വാടക വർദ്ധനവ് വരുത്താത്തത് കാരണം നഗരസഭയ്ക്ക് കാലാകാലങ്ങളിൽ ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടം വരുന്നതിന് കാരണമായിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 53/2017-18 തീയ്യതി 14.12.2018) മറുപടി ലഭ്യമായിട്ടില്ല. നഗരസഭയുടെ സാമ്പത്തിക താല്പര്യം മുൻനിർത്തി കാലാകാലങ്ങളിൽ കടമുറികളുടെ ലൈസൻസ് ഫീസിൽ

നിയമാനുസൃത വർദ്ധന വരുത്താനും കുടിശ്ശികയില്ലാതെ തുക പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച കടമുറിയുടെ കുടിശ്ശിക എത്രയും വേഗം ഈടാക്കേണ്ടതും കരാർ ചമയ്ക്കേണ്ടതുമാണ്.

**D) കരാർ ചമയ്ക്കാതെ അനധികൃതമായി മുറി ഉപയോഗിച്ചു - വാടകകുടിശ്ശിക ₹1,90,868/- രൂപ അടച്ചില്ല**

ഫയൽ നം. ആർ 7-46609/15

തലശ്ശേരി നഗരസഭയിലെ ജൂബിലി ഷോപ്പിംഗ് കോംപ്ലക്സിലെ DF1നമ്പർ മുറിയുടെ ലൈസൻസി/ കൈവശക്കാരൻ അംബേദ്കർ മെമ്മോറിയൽ SC/ST കോ-ഓപ് സൊസൈറ്റിയാണ്. ഫയൽ പരിശോധനയിൽ ഈ നമ്പർ നമ്പർ മുറിയുടെ 04/2014 മുതൽ 10/2018 വരെയുള്ള വാടക ഒടുക്കാതെ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 215(5) വകുപ്പ് പ്രകാരവും നഗരസഭാ നിയമത്തിനും എഗ്രിമെന്റ് വ്യവസ്ഥകൾക്കും വിരുദ്ധമായി ഉപയോഗിച്ചു വരികയാണ്. വാടകകുടിശ്ശിക ഒടുക്കുന്നതിന് 17.9.15, 17.5.16, 17.3.17, 24.4.17, 5.8.17 തീയ്യതികളിൽ നോട്ടീസ് നല്കുകയും സെക്രട്ടറിയുടെ 15.03.18ലെ ഓഫീസ് ഉത്തരവ് പ്രകാരം മുറി പൂട്ടി സീൽ ചെയ്യുകയും ചെയ്തിരുന്നു. 3.4.18തീയ്യതിയിൽ നടത്തിയ സ്ഥലപരിശോധനയിൽ സീൽ നീക്കം ചെയ്ത് പൂട്ട് പൊളിച്ച് കട തുറന്നതായി റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനെതിരെ കേരള മുനിസിപ്പൽ ആക്ട് 215(8),(9) വകുപ്പ് പ്രകാരം നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. നിയമനടപടികൾ തുടരാതിരിക്കുന്നതിനും മുറി പൂട്ടി സീൽ ചെയ്ത് ഏറ്റെടുക്കുന്നതിനും നഗരസഭാ സെക്രട്ടറി 25.5.2018, 5.7.2018, 27.7.2018 ലെ തീയ്യതികളിൽ ലൈസൻസിക്ക് അറിയിപ്പ് നല്കിയിട്ടും കുടിശ്ശിക അടച്ചിരുന്നില്ല. 05-11-2018 ലെ ആർ 7- 46609/15 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത മുറിയുടെ 4/2014 മുതൽ 10/2018 വരെയുള്ള വാടക കുടിശ്ശികയായ 1,90,868/- രൂപ (ജി.എസ്. ടി അടക്കം) അടവാക്കാത്തതിനാൽ മുറി പൂട്ടി സീൽ ചെയ്യുന്നതിന് റവന്യൂ ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഇൻസ്പെക്ടർ 08.11.2018 ന് മുറി പൂട്ടി കൈവശത്തിലെടുത്തിട്ടുണ്ട്. 12.11.2018 ന് ലൈസൻസിക്ക് 7 ദിവസത്തെ സമയപരിധി വച്ച് കുടിശ്ശിക തുക അടവാക്കാൻ സെക്രട്ടറി അറിയിപ്പ് നല്കിയെങ്കിലും കുടിശ്ശിക നാളിതുവരെ അടവാക്കിയില്ല. നിലവിലുള്ള വാടകനിരക്ക് പ്രകാരമുള്ള വാടകകുടിശ്ശികയുടെ വിശദവിവരം ചുവടെ;

| ലൈസൻസിയുടെ പേര് | മുറി നമ്പർ | കാലയളവ് | കുടിശ്ശിക |
|---|---|---|---|
| സെക്രട്ടറി, അംബേദ്കർ മെമ്മോ റിയൽ എസ്.സി/എസ്.ടി പ്രസ്സ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി | DF 1 | 4/2014 മുതൽ 3/2015 വരെ | 26712+4808 |
| | | 4/2015 മുതൽ 3/2016 വരെ | 26712+4808 |
| | | 4/2016 മുതൽ 3/2017 വരെ | 26712+4808 |
| | | 4/2017 മുതൽ 3/2018 വരെ | 26712+4808 |
| | | 4/2018 മുതൽ 10/2018 വരെ | 15582+2806 |
| | | ജിഎസ് ടി ഫൈൻ | 12120 |

| | | | |
|---|---|---|---|
| | | ഫൈൻ | 34280 |
| | | ആകെ | 1,90,868 |

വാടകവർദ്ധന വരുത്തി കരാർ യഥാസമയം പുതുക്കി നൽകാതെ അനധികൃതമായി മുറി കൈവശം വയ്ക്കുന്നതിനും ദീർഘകാലം ലൈസൻസ് ഫീസ് കുടിശ്ശിക വരുത്തുന്നതിനുമുള്ള സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. മേൽ കെട്ടിടമുറിയുടെ കുടിശ്ശിക ഈടാക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

# 2-9 ലൈസൻസ് കാലാവധി കഴിഞ്ഞിട്ടും വാടക പുതുക്കി നല്കുിയില്ല

നഗരസഭ വക ഷോപ്പിംഗ് കോംപ്ലക്സുകൾ ടെണ്ടർ/ലേലം ചെയ്തു വാടകയ്ക്കു നല്കുന്നതു സംബന്ധിച്ച അംഗീകൃത ബൈലോ പ്രകാരം ലൈസൻസ് കാലാവധിക്കു ശേഷം കെട്ടിടം കൈവശം വയ്ക്കാനുള്ള അവകാശം പുതുക്കി കൊടുക്കുന്നതിനോ ലൈസൻസുകാരെ ഒഴിപ്പിച്ച് വീണ്ടും ലേലം ചെയ്യുവാനോ കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കാലാവധി കഴിഞ്ഞിട്ടും സ്ഥാപനങ്ങൾ കരാർ പുതുക്കാതെ പഴയനിരക്കിൽതന്നെ വാടക ഒടുക്കി പ്രവർത്തിക്കുന്നു. ദീർഘകാലത്തേയ്ക്ക് കുറഞ്ഞ നിരക്കിൽ വാടകയ്ക്കും ലീസിനും മുറികളെടുത്തിട്ടുള്ള സ്ഥാപനങ്ങൾ കരാർ കാലാവധി കഴിഞ്ഞും പുതുക്കാതെ തുച്ഛമായ വാടക ഒടുക്കി പ്രവർത്തിക്കുന്നതു മൂലം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു. കരാർ പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ,

| ക്രമ നം | കെട്ടിട നമ്പർ/ വാടകക്കാരന്റെ വിശദ വിവരം | ഈടാക്കുന്ന വാടക | റിമാർക്സ് |
|---|---|---|---|
| 1 | ഡി-10, കെ.അബൂട്ടി, S/o അബൂബക്കർ ജൂബിലി കോംപ്ലക്സ് | 880/- CR No.25-03/10/15 (1.4.15 മുതൽ 31.3.17വരെ) | 04/17 മുതൽ 03/18 വരെ 880 രൂപ തുടർന്നു |
| 2 | ബിഎഫ്-15, എ.പി.അബ്ദുൾറഹ്മാൻ, പി.ഒ.കാവുംഭാഗം | 1595/- CR No.07-25/11/16 (1.4.15 മുതൽ 31.3.17വരെ) | 04/17 മുതൽ വാടക പുതുക്കിയില്ല. |
| 3 | ഹാൾ നമ്പർ I-B, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD NH-10, സബ് ഡിവിഷൻ | 2541/- (31.9.2010മുതൽ 30.9.2012 വരെ) | 10/2012 മുതൽ വാടക വർദ്ധനയില്ല |

ഇതു സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 47/2017-18 തീയ്യതി 10.12.2018) മേൽ ലൈസൻസികളുടെ ലൈസൻസ് പുതുക്കിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് കാലാവധി കഴിഞ്ഞ കടമുറികളുടെ ലൈസൻസ് ഫീ നിയമാനുസൃത നിരക്കിൽ പുതുക്കി നൽകുകയോ അല്ലാത്ത പക്ഷം പുനർലേല നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

# 2-10 അറ്റകുറ്റപ്പണികൾ കൃത്യസമയത്ത് ചെയ്യാത്തത് കാരണം കടമുറികൾ ലേലം ചെയ്യാനാവാതെ വൻതോതിൽ വരുമാന നഷ്ടം ഉണ്ടാകുന്നു

(എ) നഗരസഭ വക പഴയ ടൗൺഹാൾ ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിഞ്ഞു കിടക്കുന്ന FF4, FF5, FF7, FF10 എന്നീ മുറികളുടെ ഷട്ടറുകളും ഉൾഭാഗങ്ങളിൽ ആവശ്യമായ റിപ്പയറുകൾ നടത്തുന്നതിനും പെയിന്റിംഗ്, പാർട്ടീഷൻ എന്നീ പ്രവൃത്തികൾ നടത്തി ഉപയോഗയോഗ്യമാക്കുന്നതിന് 05.12.2016, 05.10.2017 എന്നീ തീയ്യതികളിൽ R6-36075 നം. പ്രകാരം തലശ്ശേരി നഗരസഭ മുനിസിപ്പൽ എഞ്ചിനീയർക്കും അസിസ്റ്റന്റ് എഞ്ചിനീയർ (സൗത്ത്) നും നഗരസഭ സെക്രട്ടറി നിർദ്ദേശം നല്കിയിരുന്നു. 12.01.2018 തീയ്യതിയിൽ മുറികൾ ലേലം/ടെണ്ടർ ചെയ്തു നല്കേണ്ട സാഹചര്യത്തിൽ അടിയന്തിരമായി വീണ്ടും ഓർമ്മക്കുറിപ്പ് നല്കിയെങ്കിലും ആയത് പൂർത്തീകരിക്കുകയുണ്ടായില്ല. അറ്റകുറ്റപ്പണി പൂർത്തീകരിക്കാത്തതിനാൽ ലേലനടപടി സ്വീകരിച്ച് മുറികൾ വാടകയ്ക്ക് നൽകാൻ കഴിഞ്ഞിട്ടില്ല. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അനാസ്ഥ കാരണം മുനിസിപ്പാലിറ്റിക്ക് വാടകയിനത്തിൽ ലഭിക്കേണ്ടതായ വരുമാനം ലഭിക്കാത്ത സാഹചര്യമാണുള്ളത്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.49/2017-18 തീയ്യതി 10.12.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. അറ്റകുറ്റപ്പണി നടത്താത്തതു മൂലം കെട്ടിടം വാടകയ്ക്ക് നൽകാൻ കഴിയാതെ നഗരസഭയ്ക്ക് വരുമാനനഷ്ടം ഉണ്ടാകുന്ന സാഹചര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അധികൃതരുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(ബി) 15.12.2018 തീയ്യതിയിൽ നൽകിയ 54/2017-18 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി താഴെ പറയുന്ന ഷോപ്പിംഗ് കോംപ്ലക്സുകളിൽ കെട്ടിടമുറികൾ ഒഴിഞ്ഞു കിടക്കുന്നതായി സൂചിപ്പിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | കെട്ടിടം നിലനിൽക്കുന്ന പ്രദേശം | വാടകയ്ക്ക് നല്കിയ മുറികളുടെ എണ്ണം | ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ എണ്ണം |
|---|---|---|---|---|
| 1. | പുതിയ ബസ് സ്റ്റാന്റ് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | പുതിയ ബസ് സ്റ്റാന്റ് | 18 | 4 |
| 2. | കീർത്തി ഹോസ്പിറ്റൽ ഷോപ്പിംഗ് കോംപ്ലക്സ് | എൻ.സി.സി. റോഡ് | 9 | 4 |
| 3. | ടൗൺഹാൾ ഷോപ്പിംഗ് കോംപ്ലക്സ് | ചിറക്കര | 23 | 3 |
| 4. | ടൗൺഹാൾ കോമ്പൗണ്ടിലെ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | ചിറക്കര | 24 | 8 |
| 5. | കണ്ടിക്കൽ എസ്റ്റേറ്റ് | ചിറക്കര കണ്ടിക്കൽ | 20 | 1 |

ഒഴിഞ്ഞു കിടക്കുന്ന കെട്ടിടമുറികൾ വാടകയ്ക്ക് നല്കുന്നതിനുവേണ്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-11 വിനോദ നികുതി ഈടാക്കിയിട്ടില്ല

2017-18 വർഷത്തെ നഗരസഭയുടെ വിനോദ നികുതിയിനത്തിലെ വരവ് രേഖകൾ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന കാർണിവൽ ഫിലിംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 22.06.2017 മുതൽ 30.06.2017 വരെയുള്ള വിനോദ നികുതി ഒടുക്കിയതായി കാണുന്നില്ല. കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ആക്ട് 1961 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കി വരുന്ന വിനോദ നികുതി ചരക്കുസേവനനികുതി നിലവിൽ വരുന്ന സാഹചര്യത്തിൽ 2017 ജൂലൈ 1 മുതൽ ഈടാക്കേണ്ടതില്ലെന്ന് ത.സ്വ.ഭ.വ (ആർ.സി) വകുപ്പിന്റെ 24.06.2017 ലെ സ.ഉ (കൈ) നം.123/2017/ത.സ്വ.ഭ.വ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 01.07.2017 വരെയുള്ള വിനോദനികുതി കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ നഗരസഭ ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം .70 /2017-18, തീയ്യതി : 16.01.2019 ) മറുപടി ലഭ്യമായിട്ടില്ല. 22.06.2017 മുതൽ 30.06.2017 വരെ കാർണിവൽ ഫിലിംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽനിന്നും ലഭിക്കേണ്ട വിനോദ നികുതി തിട്ടപ്പെടുത്തി ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 2-12 ടാക്സി-ടൂറിസ്റ്റ് ടാക്സി പാർക്കിംഗ് ഫീസ് പിരിവ് അധിക നിരക്കിൽ നടത്തി - കൗൺസിൽ യഥാസമയം തീരുമാനമെടുത്തില്ല

2017-18 വർഷത്തെ ടാക്സി-ടൂറിസ്റ്റ് ടാക്സി പാർക്കിംഗ് ഫീസ് പിരിവ് ശ്രീ.ദിനീഷ്.എ എന്നവർ 15000 രൂപയ്ക്ക് ഓഫർ നൽകി ഏറ്റെടുത്തു. നഗരസഭ അംഗീകരിച്ച ടാക്സി ടൂറിസ്റ്റ് ടാക്സി ഫീസ് പിരിവ് നിരക്ക് കാർ -₹ 5, ഓട്ടോ -₹ 3 രൂപയുമാണ്. ഫീസ് പിരിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള 25.07.2017 തീയ്യതിയിലെ നഗരസഭ സെക്രട്ടറിയുടെ അറിയിപ്പ് 29.07.2017 തീയ്യതിയിൽ ടിയാൾ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ശ്രീ. ദിനീഷ്.എ എന്നവർ സെക്രട്ടറിയുടെ ഉത്തരവ് കൈപ്പറ്റുന്നതിന് മുമ്പുതന്നെ, 19.07.2017 മുതൽ കൗൺസിൽ നിശ്ചയിച്ച നിരക്കിന്റെ മൂന്നും നാലും ഇരട്ടി (കാർ - ₹ 20, ഓട്ടോ - ₹ 10, ടൂവീലർ - ₹ 10) സ്വകാര്യ വാഹനങ്ങളിൽനിന്ന് ഉൾപ്പെടെ ഫീസ് പിരിവ് നടത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ലേലം കൊണ്ടയാൾ 3 ദിവസത്തിനകം കരാർ സമർപ്പിക്കണമെന്നും കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്ന പക്ഷം കരാർ റദ്ദാക്കുന്നതും നഗരസഭയ്ക്കുണ്ടാകുന്ന നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതും നിയമനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും എന്ന് ഫീസ് പിരിവിന് അനുമതി നൽകിയ ഉത്തരവിൽ പറയുന്നുണ്ടെങ്കിലും ടിയാൻ കരാർ സമർപ്പിച്ചിട്ടില്ല. ലേല നിബന്ധനകൾക്ക് വിരുദ്ധമായി അമിത നിരക്ക് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനം എടുക്കുന്നതിന് 20.09.2017 ലെ കൗൺസിൽ യോഗത്തിൽ അജണ്ട ഉൾപ്പെടുത്തിയെങ്കിലും തീരുമാനമെടുക്കാതെ മാറ്റിവെച്ചു. ലേലനിബന്ധനകൾക്ക് വിരുദ്ധമായി ടാക്സി ടൂറിസ്റ്റ് ടാക്സി പാർക്കിംഗ് ഫീസ് പിരിവ് നടത്തിയതിനെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 38/2017-18 തീയ്യതി 30.11.2018) നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ ഓഫർ തുക മുഴുവൻ ടിയാൾ നഗരസഭയിൽ ഒടുക്കിയതായും ലേല നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതിന് ടിയാളെ ഓഫീസിൽ വിളിച്ചുവരുത്തി ഫീസ് പിരിവ് നിർത്തിവെക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തുടർന്ന് 2017-18 വർഷം ഫീസ് പിരിവ് നടത്തിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഫീസ് പിരിവ് നിർത്തിവെക്കുന്നതിന് രേഖാമൂലം നിർദ്ദേശം നൽകിയത് സംബന്ധിച്ചോ ടിയാൾക്കെതിരെ മറ്റ് നടപടികൾ സ്വീകരിച്ചത് സംബന്ധിച്ചോ പുതുതായി ലേലം നടത്തിയത് സംബന്ധിച്ചോ യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. കൗൺസിൽ തീരുമാനം ലഭ്യമല്ലാത്തതിനാലാണ് തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കാതിരുന്നതെന്നും സെക്രട്ടറിയുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ലേല നിബന്ധന ലംഘിച്ച ലേലക്കാരനെ ഒഴിവാക്കി തുടർന്നുള്ള കാലയളവിലേക്ക് പുനർലേലം ചെയ്യേണ്ടതായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ നഗരസഭ കൗൺസിൽ തീരുമാനമെടുക്കാത്തതിനാൽ പുനർലേലം വഴി നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനം നഷ്ടമായി. അമിത ഫീസ് പിരിവ് നടത്തുന്നതിനെതിരെ യഥാസമയം നടപടികൾ സ്വീകരിക്കാത്തത് ഇത്തരം പ്രവൃത്തികൾ ആവർത്തിക്കുന്നതിനും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതിനും നഗരസഭയുടെ അപകീർത്തിക്കും ഇടയാക്കും. ആയത് ഒഴിവാക്കാൻ കൗൺസിൽ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-13 സ്വകാര്യ വണ്ടിത്താവളങ്ങൾക്ക് ലൈസൻസ് നൽകിയത് വ്യവസ്ഥകളില്ലാതെ

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 475 (1) പ്രകാരം മുനിസിപ്പാലിറ്റിയിൽ നിന്നുള്ള ഒരു ലൈസൻസ് കൂടാതെ യാതൊരാളും ഒരു പുതിയ സ്വകാര്യ വണ്ടിത്താവളം തുറക്കുകയോ സ്വകാര്യ വണ്ടിത്താവളം തുറന്നു വെക്കുന്നത് തുടരുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. വകുപ്പ് 475 ൽ (3) പ്രകാരം നിയമാനുസൃതം മുമ്പ് തന്നെ സ്ഥാപിച്ചിട്ടുള്ള സ്വകാര്യ വണ്ടിത്താവളങ്ങളെ സംബന്ധിച്ചേടത്തോളം മുനിസിപ്പാലിറ്റിയിൽ അപേക്ഷിക്കപ്പെട്ട ലൈസൻസ് അതിന് യുക്തമെന്ന് തോന്നുന്ന പ്രകാരം മേൽനോട്ടത്തെയും പരിശോധനയേയും സംബന്ധിച്ചുള്ള നിയന്ത്രണങ്ങൾക്കും ശുചീകരണം സംബന്ധിച്ചുള്ള നിബന്ധനകൾക്കും വിധേയമായി നൽകേണ്ടതും പുതിയ സ്വകാര്യ വണ്ടിത്താവളങ്ങളെ സംബന്ധിച്ചിടത്തോളം അതിന് യുക്താനുസരണം നൽകാവുന്നതും അല്ലെങ്കിൽ അതിന് രേഖാമൂലം കാരണമെഴുതി ഏതെങ്കിലും പുതിയ സ്വകാര്യ വണ്ടിത്താവളത്തിന് അങ്ങിനെയുള്ള ഏതെങ്കിലും ലൈസൻസ് നൽകുവാൻ വിസമ്മതിക്കാവുന്നതുമാകുന്നു. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ വണ്ടിത്താവളങ്ങൾക്ക് ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണ നമ്പർ 15/2017-18, തീയ്യതി 28.07.2018) നഗരസഭ സമർപ്പിച്ച മറുപടിയിൽ 2017-18 വർഷം 3 സ്വകാര്യ വണ്ടിത്താവളങ്ങൾക്ക് ലൈസൻസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ

ലൈസൻസ് നൽകുന്നതിനുള്ള ബൈലോ കൗൺസിൽ അംഗീകരിച്ചത് 21.05.2018 ൽ മാത്രമാണ്. പാർക്കിംഗ് ഫീസ് നിരക്ക് അംഗീകരിക്കാതെയും കൃത്യമായ നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമല്ലാതെയും സ്വകാര്യ വണ്ടിത്താവളങ്ങൾക്ക് ലൈസൻസ് നൽകുന്നത് പാർക്ക് ചെയ്യുന്ന വാഹന ഉടമകളിൽനിന്നും അമിത ഫീസ് ഈടാക്കുന്നതിനും പരാതികൾക്കും ഇടയാക്കും. ആയതിനാൽ നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി മാത്രം ലൈസൻസ് നൽകേണ്ടതും പാർക്കിംഗ് ഫീസ് സംബന്ധിച്ച നിരക്കുകൾ ലൈസൻസ് നൽകുന്നതിന് മുമ്പുതന്നെ നിശ്ചയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ നഗരസഭ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-14 റോഡ് കട്ടിംഗ്/റിഫോർമേഷൻ ചാർജ്ജ് വരവുമായി ബന്ധപ്പെട്ട അപാകതകൾ

റോഡ് കട്ടിംഗ്/റിഫോർമേഷൻ ചാർജ്ജുമായി ബന്ധപ്പെട്ട ഫയലുകളുടെയും രജിസ്റ്ററുകളുടെയും പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. **വരവ് തുകകളുടെ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല.**

റോഡ് കട്ടിംഗ് ചാർജ്ജ് രജിസ്റ്ററിൽ വരവ് സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ RP-4 പ്രകാരം ഈ ഇനത്തിലെ ആകെ വരവ് 14,84,382 രൂപയാണ്. എന്നാൽ നഗരസഭ എക്സി.എഞ്ചിനീയർ നൽകിയ 17.01.2019 ലെ ഇ4-17748/17 നമ്പർ കത്തിൽ റോഡ് റീഫോർമേഷൻ ചാർജിനത്തിൽ 2017-18 വർഷം വരവ് 10,94,598 രൂപയാണ്. വരവ് സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2. **രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല.**

മുനിസിപ്പൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ സൂക്ഷിക്കുന്ന റോഡ് കട്ടിംഗ് ചാർജ്ജ് രജിസ്റ്ററിൽ 2017-18 വർഷം നഗരസഭയിൽ ലഭ്യമായ അപേക്ഷകൾ ക്രമപ്രകാരം എഴുതി ചേർത്തിട്ടില്ല. മുൻവർഷം ലഭിച്ച അപേക്ഷകളും 2017-18 വർഷത്തെ പേജിൽ എഴുതി ചേർത്തിട്ടുണ്ട്. 2017-18 ലെ അപേക്ഷയുടെ വിവരം 2018-19 ലെ വിവരത്തോടൊപ്പം എഴുതി ചേർത്തിട്ടുണ്ട്. അപേക്ഷകൾ ക്രമപ്രകാരം എഴുതി ചേർക്കാത്തതു കാരണം ലഭിച്ച മുഴുവൻ അപേക്ഷകളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല. 2017-18 വർഷത്തെ കൗൺസിൽ മിനിറ്റ്സ് പ്രകാരം റോഡ് കട്ടിംഗ് ചാർജിനത്തിലെ E4/20367/2017 (അടവാക്കിയ റിഫോർമേഷൻ ചാർജ്ജ് 816618 രൂപ) E4/9066/2017, E4/42005/2017 എന്നീ ഫയലുകളുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. എന്നാൽ ഇവ സംബന്ധിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. റോഡ് കട്ടിംഗ് ഇനത്തിൽ നഗരസഭയിൽ ഒടുക്കിയിട്ടുള്ള തുകകളുടെ രശീതിനമ്പർ/ തീയ്യതി കൃത്യമായി എഴുതി ചേർക്കുന്നില്ല. റോഡ് കട്ട് ചെയ്യേണ്ടതിന്റെ കൃത്യമായ സ്ഥലം, വിസ്തീർണ്ണം, റോഡിന്റെ തരം, റോഡ് കട്ടിംഗ് നിരക്ക് എന്നിവയും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓരോ വർഷവും ലഭിക്കുന്ന മുഴുവൻ അപേക്ഷകളും ലഭിക്കുന്ന തീയ്യതിയുടെ ക്രമത്തിൽ മുഴുവൻ വിവരങ്ങൾ സഹിതം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷ നിരസിക്കുന്ന സന്ദർഭത്തിൽ ആയതിന്റെ കാരണവും രേഖപ്പെടുത്തേണ്ടതാണ്.

3. **യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല.**

(എ)ഫയൽ നം.E4/9066/2017

മേൽ ഫയലിൽ റോഡ് കട്ടിംഗിന് റിലയൻസ് ജിയോ ഇൻഫോകോം അപേക്ഷ സമർപ്പിച്ചിട്ടുള്ളത് 03/03/2017 നാണ്. 184183 രൂപ റിഫോർമേഷൻ ചാർജ്ജും 30,000 രൂപ തറവാടകയും ഈടാക്കി റോഡ് കട്ടിംഗിന് അനുമതി നൽകുന്നതിന് 30.01.2018 ലെ 21ാം നം കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ഈ ഫയലിൽ യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല.

(ബി) ഫയൽ നം.E4/51702/2016

മേൽ ഫയലിൽ 22.11.2017 ന് ലഭിച്ച അപേക്ഷയിന്മേൽ 30,98,641 രൂപ റിഫോർമേഷൻ ചാർജ്ജും 86,250 രൂപ തറവാടകയും ഈടാക്കുന്നതിന് 30.12.2017 ലെ 38 ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഉത്തരവായി. എന്നാൽ 2017-18 വർഷം ഫീസടച്ചതിന്റെയോ അനുമതി നൽകിയതിന്റെയോ വിവരം ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.77/2017-18 തീയ്യതി 28.01.2019) മറുപടി ലഭ്യമായിട്ടില്ല. റോഡ് കട്ടിംഗ്/റിഫോർമേഷൻ ചാർജ് നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നായതിനാൽ ഇതുമായി ബന്ധപ്പെട്ട ഫയലുകളിൽ യഥാസമയം തീരുമാനമെടുക്കേണ്ടതും റോഡ് കട്ടിംഗ്/റിഫോർമേഷൻ ചാർജ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാർണിവൽ കമ്മിറ്റിക്ക് വർഷങ്ങൾക്ക് മുമ്പ് അനുവദിച്ച തുക തെറ്റായി വീണ്ടും അനുവദിച്ചു - 5 ലക്ഷം രൂപയുടെ ചെലവ് നിരാകരിക്കുന്നു

ഫയൽ നം : G2/902/2007

വൗച്ചർ നം. : 298/19.06.2017

തുക : 5,00,000

15.06.2015 ലെ 2ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 2013 വർഷത്തെ തലശ്ശേരി കാർണിവൽ കമ്മിറ്റിയുടെ 5,09,665 രൂപയുടെ ചെലവ് വൗച്ചറുകൾ അംഗീകരിക്കുകയും 2006-07 ൽ കാർണിവൽ നടത്തിപ്പിന്റെ ചെലവിലേക്കായി സംസ്ഥാന ടൂറിസം വകുപ്പിൽ നിന്നും സ.ഉ (ആർ.ടി) 1394/07/ടി.എസ്.എം തീയ്യതി 23.02.2007 ലെയും ടൂറിസം വകുപ്പ് ഡയറക്ടറുടെ എഫ്2/17220/2006 തീയ്യതി 02.03.2007 ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ലഭിച്ച 5 ലക്ഷം രൂപ കാർണിവൽ കമ്മിറ്റി അക്കൗണ്ടിലേക്ക് മാറ്റാനും തീരുമാനിച്ചു. തുടർന്ന് വൗച്ചർ നമ്പർ 298/19.06.2017 (ചെക്ക് നമ്പർ 671473 തീയ്യതി 19.06.2017) പ്രകാരം അനുവദിച്ച 5 ലക്ഷം രൂപ തലശ്ശേരി കാർണിവൽ കമ്മിറ്റിക്ക് നൽകി. മേൽ ചെലവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ 2007ൽ കാർണിവൽ കമ്മിറ്റിക്ക് നൽകിയ 5 ലക്ഷം രൂപ വീണ്ടും തെറ്റായി 2018ൽ അനുവദിച്ചതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. 2006-07 ൽ തലശ്ശേരി കാർണിവൽ നടത്തിപ്പിന്റെ ചെലവിലേക്കായി സംസ്ഥാന ടൂറിസം വകുപ്പ് ഡയറക്ടറുടെ 02.03.2007 ലെ എഫ്2/17220/2006 ഉത്തരവ് പ്രകാരം നഗരസഭയ്ക്ക് 5 ലക്ഷം രൂപ ലഭിച്ചത് 2007-08 വർഷത്തിൽ താഴെ വിവരിച്ച പ്രകാരം കാർണിവൽ കമ്മിറ്റിക്ക് നൽകിയിട്ടുണ്ട്.

| വൗച്ചർ നം | തുക |
|---|---|
| 114/27.04.2007 | 3,00,000 |
| 379/06.07.2007 | 1,00,000 |
| 435/28.07.2007 | 1,00,000 |
| **ആകെ** | **5,00,000** |

മേൽ തുകയ്ക്ക് പുറമേ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും സംഭാവനയായി 1 ലക്ഷം രൂപ കൂടി വൗച്ചർ നം.941/20.01.2007 പ്രകാരം കാർണിവൽ കമ്മിറ്റിക്ക് അനുവദിക്കുകയും ആയതിന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1355/2007 ത.സ്വ.ഭ.വ തീയ്യതി 03.05.2007 പ്രകാരം സർക്കാരിന്റെ സാധൂകരണം ലഭ്യമാക്കിയിട്ടുണ്ട്. നഗരസഭ സെക്രട്ടറിയുടെ ജി2/902/2007 തീയ്യതി 28.07.2007 നമ്പർ കത്തിനോടൊപ്പം 2007 വർഷം കാർണിവലിനായി അനുവദിച്ച 5 ലക്ഷം രൂപ ഉപയോഗിച്ചതിനുള്ള വിനിയോഗ സാക്ഷ്യപത്രം ടൂറിസം വകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

2. 2013ൽ സംഘടിപ്പിച്ച തലശ്ശേരി കാർണിവലിന്റെ നടത്തിപ്പ് ചെലവിലേക്ക് ടൂറിസം വകുപ്പിൽ നിന്നും 4 ലക്ഷം രൂപ (ചെക്ക് നമ്പർ 381180/06.06.2014) ലഭിച്ചത് നഗരസഭ ഫണ്ടിൽ വരവ് വെക്കുകയും തനത് ഫണ്ടിൽ നിന്നും 1700/- രൂപയടക്കം 401700/- രൂപ വൗച്ചർ നമ്പർ 33/04/15 തീയ്യതി 06.04.2015 പ്രകാരം കാർണിവൽ സംഘാടക സമിതിക്ക് നൽകുകയും ചെയ്തു. ഈയിനത്തിലും തുക ബാക്കിയുണ്ടായിരുന്നില്ല.. 2013 ലെ കാർണിവലിന്റെ സംഘാടക സമിതി അംഗങ്ങളുടെ വിശദാംശം വരവ്-ചെലവ് കണക്കുകളുടെ പത്രിക, ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്, ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ പകർപ്പ്, നഗരസഭ ഫണ്ടിൽ നിന്നും കാർണിവലിന് തുക അനുവദിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് എന്നിവയൊന്നുംതന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല..

2013 ലെ കാർണിവലിന്റെ 5,09,665/- രൂപയുടെ ചെലവ് 2/15.06.2015 നഗരസഭ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിക്കുകയും 2006-07 ലെ കാർണിവൽ ചെലവിനത്തിനായി അനുവദിച്ച 5 ലക്ഷം രൂപ കാർണിവൽ കമ്മിറ്റിക്ക് നൽകാൻ തീരുമാനിക്കുകയും ചെയ്തു. 2006-07 വർഷം ലഭിച്ച 5 ലക്ഷം രൂപയും അതേവർഷം തന്നെ കാർണിവൽ കമ്മിറ്റിക്ക് നൽകിയതിനുശേഷം നീക്കിയിരിപ്പ് ഇല്ലാതിരിക്കെ 2006-07 ലെ 5 ലക്ഷം രൂപ കാർണിവൽ കമ്മിറ്റിക്ക് നൽകാൻ തെറ്റായി തീരുമാനമെടുക്കുകയും മുമ്പ് കൊടുത്ത തുകയെ സംബന്ധിച്ച യാതൊരു പരിശോധനയും നടത്താതെ 5 ലക്ഷം രൂപ വൗച്ചർ നമ്പർ 298/19.06.2017 പ്രകാരം തലശ്ശേരി കാർണിവൽ കമ്മിറ്റിക്ക് നൽകുകയും ചെയ്തു. മേൽ വൗച്ചർ പ്രകാരമുള്ള 5 ലക്ഷം രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ഇപ്രകാരം തെറ്റായി അധികം നൽകിയ 5 ലക്ഷം രൂപ തലശ്ശേരി കാർണിവൽ കമ്മിറ്റിയിൽനിന്നോ അല്ലാത്തപക്ഷം അധിക ചെലവ് അനുവദിക്കുന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നോ ഈടാക്കേണ്ടതാണ്.

## 3-2 ജീവനക്കാരുടെ ശമ്പള റിക്കവറിയുടെ ഡിമാന്റ് ഡ്രാഫ്റ്റുകൾ യഥാസമയം അയക്കാതെ കൈവശം വച്ചു.

നഗരസഭയിലെ റെഗുലർ ജീവനക്കാരുടെയും കണ്ടീജന്റ് ജീവനക്കാരുടെയും ശമ്പള റിക്കവറി തുകകൾ ബന്ധപ്പെട്ട ഓഫീസുകളിലേക്ക് അയച്ചു കൊടുക്കാത്തത് സംബന്ധിച്ച പരാതിയുമായി ബന്ധപ്പെട്ട അന്വേഷണത്തിന് അക്കൗണ്ട്സ് വിഭാഗത്തിലെ എ2 സെക്ഷന്റെ ചുമതലയുണ്ടായിരുന്ന ക്ലർക്ക് 12/2105 മുതൽ 07/2017 വരെയുള്ള കാലയളവിലെ ജീവനക്കാരുടെ PF, SLI, GSLI എന്നീ ശമ്പള റിക്കവറി തുകകളുടെ 1,39,51,522/- രൂപയുടെ (പ്രോവിഡന്റ് ഫണ്ട് - 1,34,63,366/ രൂപ, എസ്.എൽ.ഐ-4,84,266/- രൂപ, ജി.എസ്.എൽ.ഐ-3,890/- രൂപ) ഡിമാന്റ് ഡ്രാഫ്റ്റുകൾ യഥാസമയം ബന്ധപ്പെട്ട ഓഫീസുകളിലേക്ക് അയച്ചുകൊടുക്കാതെ സ്വന്തം കൈവശം വെച്ചതായി കണ്ടെത്തുകയുണ്ടായി. തുടർന്ന് 26.12.2017 ന് 42 ഡിമാന്റ് ഡ്രാഫ്റ്റുകളും സെക്ഷൻ ക്ലർക്ക് നഗരസഭ സെക്രട്ടറിക്ക് കൈമാറുകയും ആയത് റീവാലിഡേറ്റ് ചെയ്ത് അതാത് ഓഫീസുകളിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

പ്രോവിഡന്റ് ഫണ്ടിലെ റിക്കവറി തുകകൾ യഥാസമയം അടവു വരുത്താത്തതിനാൽ പലിശയിനത്തിൽ നഷ്ടമായ 1155825/- രൂപ അടക്കാനുള്ള നഗരകാര്യ ഡയറക്ടറുടെ 1350/07 തീയ്യതി 15.02.2018 ലെ കത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തിന് ഉത്തരവാദിയായ സെക്ഷൻ ക്ലർക്ക് 1155825/- രൂപ 31.03.2018 ന് നഗരസഭയിൽ അടക്കുകയും 04.04.2018ൽ നഗരകാര്യ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് തുക കൈമാറുകയും ചെയ്തു. എൽ.ഐ.സി കോഴിക്കോട് ഡിവിഷൻ ഓഫീസറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ജി.എസ്.എൽ.ഐ യിലെ പലിശയിനത്തിൽ നഷ്ടമായ 652/- രൂപ ഉത്തരവാദിയായ ക്ലർക്ക് 03.11.2018 ന് നഗരസഭയിൽ അടവാക്കുകയും ആയത് എൽ.ഐ.സിക്ക് നൽകുകയും ചെയ്തു.

എസ്.എൽ.ഐ ഇനത്തിലെ റിക്കവറി തുകയായ 484266/- രൂപ കണ്ണൂർ ജില്ലാ ഇൻഷ്വറൻസ് ഓഫീസിലേക്ക് അയച്ചുകൊടുത്തിട്ടുണ്ടെങ്കിലും നാളിതുവരെയും പലിശയിനത്തിലെ നഷ്ടം നഗരസഭയെ അറിയിച്ചതായി എസ്.എൽ.ഐ ഫയലിൽ രേഖപ്പെടുത്തി കാണുന്നില്ല. ഇൻഷ്വറൻസ് ഓഫീസ് അറിയിക്കുന്ന പലിശ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇൻഷ്വറൻസ് പോളിസി തുക യഥാസമയം അടക്കാൻ വീഴ്ച വരുത്തിയത് കാരണം ജീവനക്കാരുടെ പേരിലുള്ള ഇൻഷ്വറൻസ് പോളിസി റദ്ദാക്കിയിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും റദ്ദായിട്ടുണ്ടെങ്കിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ജീവനക്കാരുടെ ശമ്പള റിക്കവറി തുകകൾ യഥാസമയം അടവാക്കുന്നതിൽ വീഴ്ച വരുത്തിയ സെക്ഷൻ ക്ലർക്കിനെ 28.12.2017 ലെ ജി3 40764/17 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 28.12.2017 പൂർവ്വാഹനത്തിൽ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും പിന്നീട് നഗരസഭ സെക്രട്ടറിയുടെ 31.03.2018 ലെ ജി3-40764/17 നമ്പർ ഉത്തരവ് പ്രകാരം അച്ചടക്ക നടപടികൾ തുടരുമെന്ന വ്യവസ്ഥയിൽ സസ്പെൻഷൻ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭ കൗൺസിലിന്റെ 21.05.2018 ലെ 40 ാം നമ്പർ തീരുമാനപ്രകാരം സസ്പെൻഷൻ പിൻവലിച്ച് കൊണ്ടുള്ള ഓഫീസ് നടപടികൾ അംഗീകരിച്ചിട്ടുമുണ്ട്. നഗരകാര്യ ഡയറക്ടറുടെ 19.01.2019 ലെ 4035/18 നമ്പർ ഉത്തരവ് പ്രകാരം ജീവനക്കാരുടെ റിക്കവറി തുകകൾ യഥാസമയം അടവാക്കുന്നതിൽ വീഴ്ച വരുത്തിയ സെക്ഷൻ ക്ലർക്കിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടുകൂടി തടഞ്ഞുവെച്ചുകൊണ്ടും, മേൽനോട്ട ചുമതലയുള്ള അക്കൗണ്ട്സ് സൂപ്രണ്ടിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ അല്ലാതെ തടഞ്ഞുകൊണ്ടും പി.എ ടു സെക്രട്ടറിയെ സെൻഷ്വർ ചെയ്തും അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായിട്ടുണ്ട്.

ജീവനക്കാരുടെ ശമ്പളത്തിൽനിന്നും റിക്കവറി നടത്തിയ തുകകൾക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റുകൾ നഗരസഭയിൽനിന്നും യഥാസമയം കൈപ്പറ്റിയിട്ടും ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് അയച്ചു കൊടുക്കുന്നതിൽ കാണിച്ച കൃത്യവിലോപവും ആയത് യഥാസമയം കണ്ടെത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതിൽ വന്ന വീഴ്ചയും നഗരസഭയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല എന്ന് കാണിക്കുന്നു.

## 3-3 യു.എെ.ഡി.എസ്.എസ്.എം.ടി കുടിവെള്ള പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| വൗച്ചർ നമ്പർ 28/4/17 | 99,40,000 | ചെക്ക് നം.421961/ 11.04.2017 |
| വൗച്ചർ നമ്പർ 618/9/17 | 10,30,000 | ചെക്ക് നം.421962/14.09.2017 |
| ഫയൽ നമ്പർ | ഇ7/23296/06 | |

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ചെറുകിട - ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതിയിൽ (അർബൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് സ്കീം ഫോർ സ്മോൾ മീഡിയം ടൗൺ പ്ലാൻ പദ്ധതി) ഉൾപ്പെടുത്തി നഗരസഭയിലെ കുടിവെള്ള വിതരണം ശക്തിപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടി തലശ്ശേരി നഗരസഭ നടപ്പിലാക്കുന്ന അഞ്ചരക്കണ്ടി -തലശ്ശേരി കുടിവെള്ള പദ്ധതിക്ക് 42.10 കോടി രൂപ വകയിരുത്തുകയും 41.20 കോടിയുടെ അടങ്കലിന് സംസ്ഥാനതല സാങ്ഷൻ കമ്മിറ്റിയുടെ അനുമതി ലഭിക്കുകയും ചെയ്തു. മേൽ പദ്ധതിയിൽ 80% വിഹിതം കേന്ദ്ര സർക്കാരും 10% വിഹിതം സംസ്ഥാന സർക്കാരും 10% തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കുന്നതിന് തീരുമാനിക്കുകയും പദ്ധതിയുടെ നോഡൽ ഏജൻസിയായി കെ.എസ്.യു.ഡി.പിയെയും നിർവ്വഹണ ഏജൻസിയായി കേരള വാട്ടർ അതോറിറ്റിയെയും ചുമതലപ്പെടുത്തുകയും ചെയ്തു. അഞ്ചരക്കണ്ടി മൈലാടിയിലുള്ള ശുദ്ധജല സംഭരണിയിൽനിന്നും കുടിവെള്ളം ശേഖരിച്ച് തലശ്ശേരി നഗരപ്രദേശങ്ങളിലും പരിസര പ്രദേശങ്ങളിലും വിതരണം ചെയ്യുന്നതിനുള്ള ബൃഹത്തായ പദ്ധതിയാണിത്. പ്രസ്തുത പദ്ധതി നാല് പാക്കേജുകളിലായി നടപ്പിലാക്കാൻ നഗരസഭ തീരുമാനിച്ചു.

| ഇനം | പ്രവൃത്തികൾ | DPR പ്രകാരമുള്ള അടങ്കൽ (ലക്ഷം രൂപ) | ടെണ്ടർ അംഗീകരിച്ച് ലഭിച്ച തുക (ലക്ഷം രൂപ) |
|---|---|---|---|
| പാക്കേജ്-I | മൈലാടി മുതൽ തലശ്ശേരി വരെ- കുടിവെള്ള വിതരണത്തിനായി പൈപ്പ് ലൈനിടൽ - പൈപ്പ് ലൈൻ | 2596.37 | 2699.00 |

| | | | |
|---|---|---|---|
| | ബ്രിഡ്ജസ്-4 എണ്ണം, [അഞ്ചരക്കണ്ടി, കാളിയിൽ , ചാമ്പാട്, കൊടുവള്ളി ] | | |
| പാക്കേജ് -II | ഓവർഹെഡ് റിസർവോയർ സ്ഥാപിക്കുക മോറക്കുന്ന്, ചിറക്കാവ് - പൈപ്പ് സ്ഥാപിച്ച് C സോൺ, 'M' സോൺ - കുടിവെള്ള വിതരണം ശക്തിപ്പെടുത്തൽ | 816.00 | 910.00 |
| പാക്കേജ് III | ഓവർഹെഡ് റിസർവോയർ സ്ഥാപിക്കുക കൊടുവള്ളി, താലായി - പൈപ്പ് സ്ഥാപിച്ച് - T സോൺ, K സോൺ - കുടിവെള്ള വിതരണം ശക്തിപ്പെടുത്തൽ | 549.00 | 858.86 |
| പാക്കേജ്-IV | മെക്കാനിക്കൽ ഇലക്ട്രിക്കൽ വർക്കുകൾ - കീഴല്ലൂർ,മൈലാടി | 40.66 | 26.24 |
| | കണ്ടിജൻസീസ് | 117.07 | -- |
| ആകെ | | 4119.10 | 4494.10 |

യു.എെ.ഡി.എസ്.എം.ടിയിൽ ഉൾപ്പെട്ട പാക്കേജ് I ന് വേണ്ടി 2017-18 വർഷത്തിൽ നഗരസഭ ചുവടെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| വൗച്ചർ നം 28/4/17 | 99,40,000 |
| വൗച്ചർ നം 618/9/17 | 1,00,30,000 |
| ആകെ | 1,99,70,000 |

മേൽ പദ്ധതിയുടെ ഫയൽ പരിശോധനയുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. **കാലാവധിക്ക് ശേഷവും പദ്ധതി പൂർത്തീകരിച്ചിട്ടില്ല.**

കേന്ദ്രാവിഷ്കൃത പദ്ധതിയായ UIDSSMT പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ 31.03.2014 നകം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത കാലാവധിക്കകം പദ്ധതികൾ പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാൽ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് (TAG) കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എംപവേർഡ് കമ്മിറ്റി വീണ്ടും കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. 12.01.17 ന് നടന്ന 56 ാം മത് എംപവേർഡ് കമ്മിറ്റിയുടെ തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ UIDSSMT ഫണ്ട് 31.03.2017 നകം വിനിയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 23.02.2017 നടന്ന എംപവേർഡ് കമ്മിറ്റിയോഗം പാർട്ട് III ലെ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയും, പാർട്ട് II ന്റെ കാലാവധി 31.07.17 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. 30.08.17 ലെ TAG യോഗത്തിൽ പാക്കേജ് I, IV ലെ പ്രവൃത്തികൾ മുഴുവൻ പൂർത്തീകരിച്ചതായും, പാക്കേജ് II ന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നതായും, പാക്കേജ് III റീ ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാരുടെ പ്രതികരണമില്ലാത്തതിനാൽ പദ്ധതി പുനരാരംഭിക്കാൻ സാധിച്ചിട്ടില്ലെന്ന കാര്യവും കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, നഗരസഭയെ അറിയിച്ചിട്ടുണ്ട്. 31.07.17 ന് ശേഷം എംപവേർഡ് കമ്മിറ്റി പ്രവൃത്തി കാലാവധി ദീർഘിപ്പിച്ചു നൽകിയത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ നിന്നും വ്യക്തമല്ല. 05.08.2009 ലെ MOU പ്രകാരം ആരംഭിച്ച പദ്ധതി 2018 ലും പൂർത്തീകരിച്ചിട്ടില്ല. പദ്ധതി യഥാസമയം പൂർത്തീകരിക്കുവാനും UIDSSMT ഫണ്ട് യഥാസമയം വിനിയോഗിച്ച് പൂർത്തീകരണ രേഖകൾ നഗരസഭയ്ക്ക് ലഭ്യമാക്കാനും നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് സാധിച്ചിട്ടില്ല.

2. **പാക്കേജ് II അടങ്കൽ തുകയിൽനിന്നും ചെലവ് തുക അധികരിച്ചു.**

പാക്കേജ് II ൽ ഉൾപ്പെട്ട ചിറക്കാവ് ഓവർ ഹെഡ് ടാങ്ക് നിർമ്മാണത്തിനായി നഗരസഭ കരാറുകാരന് സൈറ്റ് കൈമാറിയത് 2014 നവംബർ മാസത്തിലാണെന്നും 2009 ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം പ്രവൃത്തി ഏറ്റെടുക്കുവാൻ സാധിക്കില്ലെന്ന കരാറുകാരന്റെ ആവശ്യം 16.03.16 ലെ TAG കമ്മിറ്റി അംഗീകരിക്കുകയും 23.02.17 ലെ എംപവേർഡ് കമ്മിറ്റി മീറ്റിംഗ് 41.20 ലക്ഷം രൂപ അധികം വരുന്ന ടാങ്കിന്റെ പുതുക്കിയ എസ്റ്റിമേറ്റിന്

അംഗീകാരം നൽകുകയും ആയതിൻമേലുള്ള അധിക ചെലവ് നഗരസഭയുടെ പ്ലാൻ ഫണ്ടിൽ നിന്നും നൽകേണ്ടതാണെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

22.10.2018 ലെ 27ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം എസ്റ്റിമേറ്റ് പുതുക്കിയത് പ്രകാരം വന്ന അധിക നിരക്ക് പ്ലാൻ ഫണ്ടിൽനിന്നും അനുവദിക്കുന്നതിന് സാധ്യമല്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ചെലവിനത്തിൽ അധികം വരുന്ന തുക എങ്ങനെ വഹിക്കുമെന്ന കാര്യത്തിൽ വ്യക്തതയില്ല.

3. <u>പാക്കേജ് -III പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല.</u>

കൊട്ടവള്ളി , തലായ്, ഓവർ ഹെഡ് ടാങ്കിന്റെ നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിച്ച് T സോൺ, K സോൺ വെള്ള വിതരണം ശക്തിപ്പെടുത്തുക തുടങ്ങിയവയാണ് പാക്കേജ് III ൽ ഉൾപ്പെടുത്തിയിരുന്നത്. പാക്കേജ് -III ന്റെ ടെൻഡർ നടപടിയുടെ വിശദാംശങ്ങൾ ഫയലിൽനിന്നും ലഭ്യമല്ല. മേൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയത് മെസ്സേർസ് അക്വാഡിസൈൻസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണെന്ന് കേരള വാട്ടർ അതോറിറ്റിയുടെ യൂട്ടിലൈസേഷൻ രേഖകളിൽനിന്നും വ്യക്തമാകുന്നു. DPR പ്രകാരമുള്ള തുകയിൽനിന്നും 309.86 ലക്ഷം രൂപ അധികരിച്ച തുകയ്ക്ക് ടെണ്ടർ അംഗീകാരം നൽകിയതെങ്ങനെയെന്ന് വ്യക്തമല്ല. 16.03.2016 ലെ TAG യോഗത്തിൽ പ്രവൃത്തിയുടെ 10% മാത്രം പൂർത്തീകരിച്ചതായും കൊട്ടവള്ളി ഓവർഹെഡ് ടാങ്കിന്റെ പ്ലിന്ത് ബീം വരെയും തലായ് ടാങ്ക് പ്ലിന്ത് ബീം ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ടെന്ന് കേരള വാട്ടർ അതോറിറ്റി , എക്സിക്യൂട്ടീവ് എഞ്ചിനീയർ നഗരസഭയെ അറിയിച്ചിട്ടുണ്ട്.

11.09.2015 ലെ A3 UIDSSMT/Fund/2014 നമ്പർ കത്ത് പ്രകാരം 232.90 ലക്ഷം രൂപ പാക്കേജ് III ന് വേണ്ടി ചെലവഴിച്ചതായി വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ നഗരസഭയെ അറിയിച്ചിട്ടുണ്ട്. എന്നാൽ പാക്കേജ് III ന് നഗരസഭ ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ഫയലിൽനിന്നും വ്യക്തമല്ല. മൊബലൈസേഷൻ അഡ്വാൻസ് തുകയായി 4296000 രൂപയും (വൗച്ചർ നമ്പർ 1026/03/14) പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

23.02.2017 ലെ 57 ാം എംപവേർഡ് കമ്മിറ്റി യോഗത്തിൽ പാക്കേജ് -III ന്റെ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യാനും ബാക്കിയുള്ള പ്രവൃത്തികൾ കോൺട്രാക്ടറുടെ നഷ്ടോത്തരവാദിത്വത്തിൽ നിർവ്വഹിക്കാനും കരാർ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

4. <u>വിനിയോഗ രേഖകൾ ലഭ്യമല്ല.</u>

30.08.2017 ലെ TAG യോഗത്തിൽ പാക്കേജ് I, IV പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി നഗരസഭയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഫൈനൽ ബില്ലുകൾ, മെഷർമെന്റ് ബുക്ക് എന്നിവയുടെ പകർപ്പുകൾ, വിനിയോഗ സർട്ടിഫിക്കറ്റ് , തേർഡ് പാർട്ടി ഇവാല്യുവേഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ നഗരസഭയിൽ സമർപ്പിച്ചതായി കാണുന്നില്ല.

5. <u>വരവ് ചെലവ് വിശദാംശങ്ങൾ (08.04.2009 മുതൽ 31.03.2018 വരെ)</u>

| വരവ് | |
|---|---|
| **ഇനം** | **ലഭിച്ചത്** |
| നഗരസഭ വിഹിതം | 4,12,00,000 |
| കേന്ദ്ര വിഹിതം + സംസ്ഥാന വിഹിതം | 39,30,95,500 |
| പലിശ വരവ് | 1,93,89,829 |
| **ആകെ** | **45,36,85,329** |
| **ചെലവ്** | |
| **ഇനം** | **ലഭിച്ചത്** |
| പാക്കേജ് I,II,III, & IV ഇനങ്ങളിൽ വാട്ടർ അതോറിറ്റിക്ക് നൽകിയ തുക | 34,46,20,124 |
| ബാങ്ക് ചാർജ്ജ് | 1,421 |

| | |
|---|---|
| നീക്കിയിരിപ്പ് | 10,90,63,784 |

ഒരോയിനം പാക്കേജിനും നഗരസഭ ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ഫയലിൽ നിന്നും വ്യക്തമല്ല. യു.എെ.ഡി.എസ്.എസ്.എം.ടിക്ക് വേണ്ടിയുള്ള നഗരസഭയുടെ പഞ്ചാബ് നാഷണൽ ബാങ്കിലെ അക്കൗണ്ടിൽ 43,42,95,500 രൂപ യു.എെ.ഡി.എസ്.എസ്.എം.ടി വിഹിതമായും (കേന്ദ്രം + സംസ്ഥാനം + നഗരസഭ) 1,93,89,829 രൂപ പലിശയിനത്തിലും വരവുണ്ട്.

പാക്കേജ് III ന് വാട്ടർ അതോറിറ്റിയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 232.90 ലക്ഷത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എങ്കിലും 625.95 (ആകെ ടെണ്ടർ തുക 858.86) ലക്ഷം രൂപയുടെ പ്രവൃത്തികൾ ടെണ്ടർ പ്രകാരം പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്.

ഓരോ പാക്കേജിനത്തിനും വേണ്ടി നഗരസഭ നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ള തുക സംബന്ധിച്ചിട്ടുള്ളതും വിവരങ്ങൾ ഫയലിൽ നിന്നും വ്യക്തമല്ല. ഓരോ പാക്കേജിനും വിവിധ ബില്ലുകളിൽ നൽകിയ തുക സംബന്ധിച്ച കൃത്യമായ വിവരങ്ങൾ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

6. **മൊബലൈസേഷൻ അഡ്വാൻസിനത്തിൽ നൽകിയ തുകകൾ പാർട്ട് ബില്ലിലെ തുകയിൽ നിന്നും ക്രമീകരിച്ചിട്ടില്ല.**

മൊബലൈസേഷൻ അഡ്വാൻസിനത്തിൽ 1,80,45,000 രൂപ പാക്കേജ് I, II, ന് വേണ്ടിയും 42,96,000 രൂപ പാക്കേജ് III ൽ വേണ്ടിയും നഗരസഭ നൽകിയിട്ടുണ്ട്. എന്നാൽ പാർട്ട് ബില്ലുകളുടെ പേയ്മെന്റ് നടത്തുമ്പോൾ മൊബലൈസേഷൻ അഡ്വാൻസിനത്തിലെ തുക ഓരോ ബില്ലിൽ നിന്നും കുറവ് ചെയ്തതായി കാണുന്നില്ല.

7. **റോഡ് റീഫർമേഷൻ ഇനത്തിൽ എസ്റ്റിമേറ്റിൽ വകയിരുത്തിയ തുക നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല.**

റോഡ് റീഫർമേഷൻ ഇനത്തിൽ 161.50 ലക്ഷം രൂപ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖ.3.25(IV) പരാമർശിച്ചിരുന്നുവെങ്കിലും റോഡ് റീഫർമേഷൻ ഇനത്തിലെ നഗരസഭ വിഹിതം ലഭിക്കുന്നതിന് വേണ്ട നടപടികൾ നഗരസഭ സ്വീകരിച്ചതായി കാണുന്നില്ല. പദ്ധതിക്കായി നഗരസഭ പ്രദേശത്തെ റോഡു കട്ടിംഗ് നടത്തിയതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല. നഗരസഭ പ്രദേശത്തെ റോഡ് കട്ടിംഗ് നടത്തിയതിന്റെ വിശദാംശം തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ റോഡ് റീഫർമേഷൻ ചാർജ് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഈടാക്കേണ്ടതാണ്.

8. **മോണിറ്ററിംഗ് റിപ്പോർട്ട്, തേർഡ് പാർട്ട് ഇവാല്യൂവേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.**

06.10.2009 ലെ ജി.ഒ (ആർ.ടി) നം.2560/2009/LSGD പ്രകാരം മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചുവെങ്കിലും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. യു.എെ.ഡി.എസ്.എം ടി പദ്ധതിയുടെ M.O.U വിലെ ഖണ്ഡിക 6-2.15 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മേൽ നോട്ടത്തിൽ തേർഡ് പാർട്ടി ഇവാല്യുവേഷൻ നടത്തി ഗുണനിലവാരം ഉറപ്പാക്കണമെന്ന് നിഷ്കർഷിച്ചിട്ടും പ്രസ്തുത കമ്മിറ്റി രൂപീകരിച്ചതായി കാണുന്നില്ല.

'യു.എെ.ഡി.എസ്.എസ്.എം.ടി കുടിവെള്ള പദ്ധതി' സംബന്ധിച്ച് നൽകിയ 15.01.2019 ലെ 63/2017-18 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് 25.02.2019 ന് നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ടിനായി നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. മേൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കേണ്ടതും പദ്ധതിയുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

# 3-4 വെള്ളക്കരം ഒടുക്കുന്നതിലെ അപാകതകൾ

കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ ഒടുക്കുന്ന തുകയുടെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

**(a) പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിൽ കാലതാമസം വെള്ളക്കരമിനിത്തിൽ അധികം തുക ഒടുക്കുന്നു**

| | | |
|---|---|---|
| നിർവ്വഹണ | : | സെക്രട്ടറി, തലശ്ശേരി നഗരസഭ |

| | | |
|---|---|---|
| **ഉദ്യോഗസ്ഥൻ** | | |
| **പ്രോജക്ട് നമ്പർ** | : | S 0002/18 |
| **ഫയൽ നമ്പർ** | : | G1-6201/75 |
| **ബിൽ നമ്പർ** | : | 4/17-18, 5/17-18, 10/17-18, 14/17-18, 23/17-18, 27/17-18, 32/17-18, 37/17-18, 57/17-18 |
| **തുക** | : | 51,40,368 |
| **ഫണ്ട്** | : | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |

652 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2017-18 കാലയളവിൽ (ഏപ്രിൽ 2017 മുതൽ മാർച്ച് 2018 വരെ) കേരള വാട്ടർ അതോറിറ്റിക്ക് 51,40,368 രൂപ ഒടുക്കിയിട്ടുണ്ട്. ഫയൽ പ്രകാരം നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ നടത്തിയ പരിശോധനയിൽ നഗരസഭയിൽ 435 പൊതു ടാപ്പുകളാണ് ഉള്ളതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പൊതു ടാപ്പുകൾ സ്ഥിതി ചെയ്യുന്ന വാർഡ്/സ്ഥലം എന്നിവ വിശദാംശം ഉൾപ്പെടുന്ന ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. നഗരസഭയുടെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ റിപ്പോർട്ട് ശരിയാണെങ്കിൽ തലശ്ശേരി നഗരസഭ ഒരു വർഷം 217 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 17,10,828 രൂപ അധികം വാട്ടർ അതോറിറ്റിക്ക് കൊടുക്കുന്നുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.43/2017-18) സെക്രട്ടറി നൽകിയ മറുപടിയിൽ വാട്ടർ അതോറിറ്റിയിലേയും നഗരസഭയിലെയും ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധന 25.09.2018 മുതൽ ആരംഭിച്ചിട്ടുണ്ടെന്നും 1 മുതൽ 34വരെയുള്ള വാർഡുകളിൽ സംയുക്തപരിശോധന നടത്തി എന്നും ഇതിൽതന്നെ 35 ടാപ്പുകൾ ഒഴിവാക്കേണ്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ബാക്കിയുള്ള 18 വാർഡുകളുടെ സംയുക്തപരിശോധനകൂടി എത്രയും വേഗം പൂർത്തിയാക്കേണ്ടതും നാളിതുവരെ പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഒടുക്കിയ അധിക തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. സംയുക്ത പരിശോധ പൂർത്തിയാക്കാത്തതിനാൽ 2017-18 കാലയളവിൽ 217 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഒടുക്കിയ 17,10,828 രൂപ തടസ്സത്തിൽ വെക്കുന്നു.

**(b) ഭീമമായ പിഴ കാരണം വെള്ളക്കരം കുടിശ്ശിക തുകയിൽ വൻവർദ്ധന**

കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ നൽകാനുള്ള തുക സംബന്ധിച്ച ഫയൽ പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ 08.11.2018 ലെ ബിൽ നമ്പർ 30040 അനുസരിച്ച് 31.10.2018 വരെ നഗരസഭ 4,23,96,141 രൂപ വെള്ളക്കരം കുടിശ്ശിക ഇനത്തിലും 8,31,607 രൂപ പിഴ ഇനത്തിലും വാട്ടർ അതോറിറ്റിക്ക് ഒടുക്കുവാൻ ബാക്കിയുണ്ട് എന്ന് കാണുന്നു. 2/2016 മുതൽ നഗരസഭ കുടിശ്ശിക തുക ഒഴിവാക്കി തൻമാസ വെള്ളക്കരം മാത്രമാണ് കൃത്യമായി ഒടുക്കി വരുന്നത്. 31.01.2016 വരെ പിഴ ഉൾപ്പെടെയുള്ള കുടിശ്ശിക 2,88,55,772 രൂപയായിരുന്നു. കുടിശ്ശിക തുകയ്ക്ക് പ്രതിമാസം 2% (വാർഷികം 24%) നിരക്കിലാണ് വാട്ടർ അതോറിറ്റി പിഴ കണക്കാക്കുന്നത്. 2017-18 വർഷം വികസനഫണ്ടിൽ നിന്നും 30,90,490 രൂപ കൂടി കുടിശ്ശികയിലേക്ക് അടച്ചിട്ടും 31.10.2018 ൽ കുടിശ്ശിക തുക 4,23,96,141 രൂപയായി വർദ്ധിച്ചു. അതായത് 01.02.2016 മുതൽ 31.10.2018 വരെയുള്ള 2 വർഷവും 8 മാസവും കൊണ്ട് പിഴയിനത്തിൽ മാത്രം 1,66,30,859 രൂപയുടെ ബാധ്യത നഗരസഭയ്ക്കുണ്ടായി. 31.03.2014 വരെ ആകെ കുടിശ്ശിക തുക 21.19 ലക്ഷം (നോട്ട് ഫയൽ പേജ് 159) രൂപയിൽ നിന്നാണ് 31.10.2018 ൽ 4.23 കോടി രൂപയിലേക്ക് വർദ്ധിച്ചത്. കുടിശ്ശിക നിലനിർത്തുന്നതിനാൽ നഗരസഭ പിഴ ഇനത്തിൽ തന്നെ ഒരു വർഷം 95 ലക്ഷത്തിലധികം രൂപ ഒടുക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളത്.

പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ ബഹു മുനിസിപ്പൽ ചെയർമാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ (ഓഫീസ് കുറിപ്പ് പേജ് 145) ഹെൽത്ത് ഇൻസ്പെക്ടർമാർ പരിശോധന നടത്തി ആകെ 435 പൊതുടാപ്പുകളാണ് നിലവിലുള്ളതെന്ന ഹെൽത്ത് സൂപ്പർ വൈസറുടെ റിപ്പോർട്ട് സംബന്ധിച്ച് നോട്ട് ഫയൽ 145, 146 എന്നിവയിൽ 22.12.2017 തീയ്യതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (എന്നാൽ ബന്ധപ്പെട്ട റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല) 652 എണ്ണം പൊതു ടാപ്പുകളുടെ വെള്ളക്കരം അടച്ചുവരുമ്പോഴും വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്താൻ യഥാസമയം യാതൊരു നടപടിയും സ്വീകരിക്കാതെ 08.08.2018 ൽ മാത്രമാണ് സംയുക്തപരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത്

നൽകിയത്. തലശ്ശേരി നഗരസഭ സെക്രട്ടറിയുടെ 21.12.2018 ലെ ജി1-8232/2013 നമ്പർ കത്ത് പ്രകാരം സംയുക്ത പരിശോധന 25.09.2018 ൽ ആരംഭിച്ചിട്ടുണ്ട് എന്നും 1 മുതൽ 34 വരെയുള്ള വാർഡുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ട് എന്നും ഇതിൽതന്നെ 35 ടാപ്പുകൾ ഒഴിവാക്കേണ്ടതാണ് എന്ന് കണ്ടെത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സംയുക്ത പരിശോധന തീയ്യതി പ്രാബല്യത്തിൽ മാത്രമേ വാട്ടർ അതോറിറ്റി പൊതുടാപ്പുകളുടെ എണ്ണത്തിനനുസരിച്ച് വെള്ളക്കര തുക ക്രമീകരിക്കുകയുള്ളൂ എന്നിരിക്കെ സംയുക്ത പരിശോധനക്കായി വാട്ടർ അതോറിറ്റിക്ക് ഏഴര മാസത്തിലധികം സമയം എടുത്തത് നഗരസഭയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. നിലവിൽ 18 വാർഡുകളുടെ സംയുക്ത പരിശോധന ബാക്കി നിൽക്കുകയും ചെയ്യുന്നുണ്ട്.

ഈ വിഷയത്തിൽ നഗരസഭ കൗൺസിലിന്റെ സർക്കാരിന്റേയും ശ്രദ്ധ ക്ഷണിക്കുന്നു.

# 3-5 വസ്തുനികുതിയോടൊപ്പം നികുതിദായകരിൽനിന്നും പിരിച്ചെടുത്ത 'പുവർഹോം സെസ്സ് ' യഥാസമയം അഭയനികേതനിലേക്ക് അടവാക്കുന്നില്ല.

| | |
|---|---|
| ഫയൽ നം | R1-3272/81 |
| വൗച്ചർ നമ്പർ | 638/22.09.2017 |
| തുക | ₹6,72,445/- |

കണ്ണൂർ തോട്ടടയിൽ പ്രവർത്തിച്ച വരുന്ന ' അഭയനികേതന് ' നൽകുവാനായി 'പുവർഹോം സെസ്സിനത്തിൽ ' തലശ്ശേരി, കണ്ണൂർ നഗരസഭകൾ വസ്തുനികുതിയുടെ 2% തുക നികുതിദായകരിൽ നിന്നും സെസ്സായി ഈടാക്കുന്നുണ്ട്. മേൽ സൂചിപ്പിച്ച ഫയലിലെ ഓഫീസ് കുറിപ്പ് തീയ്യതി 11.05.1989, 14.12.1992 എന്നിവയിൽ വസ്തുനികുതി 1 രൂപക്ക് 2 പൈസവീതം പുവർഹോം സെസ്സ് ഈടാക്കുന്നതായി എഴുതിയിട്ടുണ്ട്. എന്നാൽ സെസ്സ് ഈടാക്കുന്നതിന്റെ ആധികാരികത വ്യക്തമാക്കികൊണ്ടുള്ള നഗരസഭ കൗൺസിൽ തീരുമാനത്തിന്റെയോ സർക്കാർ ഉത്തരവിന്റെയോ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. 2017-18 ൽ വൗച്ചർ നം.638/22.09.2017 പ്രകാരം 672445 രൂപ അഭയനികേതൻ സെസ്സിനത്തിൽ നൽകിയിട്ടുണ്ട്.

1. **വൻതുക കുടിശ്ശികയായി അവശേഷിക്കുന്നു.**

ബന്ധപ്പെട്ട ഫയൽ, രജിസ്റ്റർ എന്നിവ പ്രകാരം നഗരസഭ പിരിച്ച അഭയനികേതൻ സെസ്സ് തുകയിൽ 76,33,571 രൂപ അഭയനികേതനിൽ 31.03.2018 ന് ഒടുക്കുവാൻ ബാക്കി നിൽക്കുന്നുണ്ട് എന്ന് കാണുന്നു. കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| 2008-09 | 3,73,300 |
| 2009-10 | 6,36,869 |
| 2010-11 | 4,63,924 |
| 2011-12 | 5,65,427 |
| 2012-13 | 7,91,729 |
| 2013-14 | 4,57,530 |
| 2014-15 | 10,16,983 |
| 2015-16 | 11,29,761 |
| 2016-17 | 15,25,127 |
| 2017-18 | 6,72,921 |
| **ആകെ** | **76,33,571** |

ഇതിൽ 2008-09, 2009-10 വർഷങ്ങളിലെ കുടിശ്ശികയായ 10,10,169/- രൂപ 2018-19 വർഷത്തിൽ 10.04.2018 ന് വൗച്ചർ നമ്പർ 31 പ്രകാരം നൽകിയതായും കാണുന്നു. നിലവിൽ രജിസ്റ്റർ പ്രകാരം 66,23,402/- രൂപ അഭയനികേതന് നൽകാൻ കുടിശ്ശികയാണ്.

2. **കുടിശ്ശിക തുകയിലെ വ്യത്യാസം**

2017-18 ലെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻഷീറ്റിലെ B-9ഷെഡ്യൂൾ പ്രകാരം പൂവർഹോം സെസ്സിനത്തിൽ 31.03.2018 ന് നഗരസഭ അടവാക്കുവാനുള്ള കുടിശ്ശിക തുക 73,92,406 രൂപയാണ്. എന്നാൽ നഗരസഭ സൂക്ഷിച്ച രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക 76,33,095 രൂപയാണ്.

3. **വസ്തുനികുതി വരവുമായി സെസ് തുക പൊരുത്തപ്പെടുന്നില്ല.**

2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ R-P.37 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി വരവ് 4,78,93,309 രൂപയും (തൻവർഷം -3,22,56,299 +കുടിശ്ശിക 1,56,37,010) പൂവർഹോം സെസ്സ് തുക വരവ് 6,72,921 രൂപയുമാണ്. വസ്തുനികുതിയുടെ 2% പൂവർഹോം സെസ്സ് എന്ന നിരക്കുമായി സെസ്സ് തുക പൊരുത്തപ്പെടുന്നില്ല.

4. **സെസ്സ് കലക്ഷൻ രജിസ്റ്റർ സാക്ഷ്യപ്പെടുത്തുന്നില്ല.**

1973-74 മുതൽ സെസ് കലക്ഷൻ രജിസ്റ്ററിൽ ഓരോ വർഷത്തേയും സെസ്സിനത്തിലുള്ള ഡിമാന്റ്, അടവ്, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും 2009-10 മുതൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പൂവർഹോം സെസ്സ് പിരിക്കുന്നതിന്റെ ആധികാരികത വ്യക്തമാക്കുന്ന ഉത്തരവുകൾ ലഭ്യമാക്കുവാനും 2010-11 മുതൽ പിരിച്ചെടുത്ത തുക സ്ഥാപനത്തിന് നൽകാതെ ഭീമമായ കുടിശ്ശിക വരുത്തിയതിനും മറ്റ് അപാകതകൾ സംബന്ധിച്ചുമുള്ള അഭിപ്രായം അറിയിക്കുവാനും ആവശ്യപ്പെട്ട് 04.01.2019 ന് നൽകിയ ഓഡിറ്റ് അന്വേഷണ നമ്പർ 60/2017-18 ന് നഗരസഭ ലഭ്യമാക്കിയ 25.02.2018 ലെ മറുപടിയിൽ ബഹു.ജില്ലാ കലക്ടറുടെ ചേമ്പറിൽ ചേരുന്ന യോഗങ്ങളിൽ നഗരസഭയുടെ സാമ്പത്തികപരാധീനത ബോധ്യപ്പെടുത്തി സാവകാശം വാങ്ങാറുണ്ടെന്നും കുടിശ്ശിക തുകയിലെ വ്യത്യാസം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 2017-18 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതിയുടെ 2% പൂവർഹോംസെസ്സ് എന്ന നിരക്കുമായി സെസ്സ് തുക പൊരുത്തപ്പെടാത്തത് സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതാണെന്നും സെസ്സ് കലക്ഷൻ രജിസ്റ്റർ ആധികാരികമായി സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സമൂഹത്തിലെ അശരണരായ ആളുകളെ സംരക്ഷിക്കുകയും അവരുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്ന അഭയനികേതന്റെ പ്രവർത്തനത്തിന് വേണ്ടി നഗരസഭ വസ്തുനികുതി സെസ്സായി പിരിച്ചെടുത്ത തുക അതാത് വർഷം സ്ഥാപനത്തിന് നൽകാതെ കുടിശ്ശിക വരുത്തുന്നത് ശരിയായ നടപടിയല്ല. 2010-11 മുതൽ 2017-18 വരെയുള്ള പൂവർ ഹോം സെസ്സിനത്തിലെ കുടിശ്ശിക തുക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും സെസ്സ് കലക്ഷൻ രജിസ്റ്ററിലെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

# 3-6 ലൈബ്രറി സെസ്സിനത്തിൽ കെട്ടിടനികുതിയോടൊപ്പം പിരിച്ചെടുക്കുന്ന തുക യഥാസമയം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് അടവാക്കുന്നില്ല.

| | |
|---|---|
| വൗച്ചർ നമ്പർ | 701/10/2017 (ഡിഡി നം.103903/09.10.2017) |
| ഫയൽ നം | R1/10049/95 |
| തുക | 9,90,983/- |

തദ്ദേശ സ്വയംഭരണ (എൽ) വകുപ്പിന്റെ 20.09.2005 ലെ 10,088/ എൽ.3/05/ത.സ്വ.ഭ.വ സർക്കുലർ പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശമനുസരിച്ച് വസ്തുനികുതിയിന്മേൽ 5% നിരക്കിൽ ലൈബ്രറി സെസ് ഈടാക്കേണ്ടതും ഒരു വർഷം ലൈബ്രറി സെസ്സിനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിലേക്ക് അടവാക്കേണ്ടതുമാണ്. ആദ്യ ഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തെ ഗഡു നവംബർ 30 നകവും അടയ്ക്കേണ്ടതാണ്.

ഇതിൽ വീഴ്ച വരുത്തിയാൽ ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും കാലതാമസം വരുന്ന കാലയളവിലേക്കുള്ള പലിശ (പ്രതിമാസം 2% നിരക്കിൽ) സെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നു. നഗരസഭ കെട്ടിടനികുതിയോടൊപ്പം പിരിച്ചെടുത്ത 2011-12 മുതൽ 2016-17 വരെയുള്ള വർഷങ്ങളിലെ സെസ്സിനത്തിലെ തുകയായ 1,04,02,707 രൂപയും സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച വിശദാംശങ്ങൾ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-9 ൽ പരാമർശിച്ചിട്ടുണ്ട്.

1. **<u>2017-18 ഒന്നാം അർദ്ധവർഷത്തെ ലൈബ്രറി സെസ്സിനത്തിലെ തുക സ്റ്റേറ്റ് ലൈബ്രറി കൗൺസിലേക്ക് അടവാക്കിയതിലെ വ്യത്യാസം</u>**

2017-18 ഒന്നാം അർദ്ധവർഷത്തെ ലൈബ്രറി സെസ്സിനത്തിലെ തുകയായ 9,90,983 രൂപ വൗച്ചർ നം.701/10/17 പ്രകാരം 09.10.17 ന് സ്റ്റേറ്റ് ലൈബ്രറി കൗൺസിലേക്ക് നഗരസഭ അടവാക്കിയിട്ടുണ്ട്. എന്നാൽ ഓഫീസ് കുറിപ്പിൽ ആകെ പിരിച്ചെടുത്ത വസ്തുനികുതിയിൽ 21.5% സേവന ഉപനികുതിയും ഉൾപ്പെടുന്നുണ്ടെന്നും സേവന ഉപനികുതിയിൻമേലുള്ള ലൈബ്രറി സെസ് കുറയുമ്പോൾ 8,15,624 രൂപയാണ് യഥാർത്ഥത്തിൽ അടക്കേണ്ടതെന്നും 1,75,359 രൂപ ഒന്നാം അർദ്ധവർഷം അധികമായി അടച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. വസ്തുനികുതിയിന്മേലാണ് 5% ലൈബ്രറി സെസ്സ് ഈടാക്കേണ്ടത് എന്നിരിക്കെ വസ്തുനികുതിന്മേൽ അധികമായി ചുമത്തിയ 21.5% സേവന ഉപനികുതി കൂടി ഉൾപ്പെടുത്തി ആയതിന്റെ 5% മാണ് ലൈബ്രറി സെസ്സായി നികുതിദായകരിൽ നിന്നും ഈടാക്കുന്നതെങ്കിൽ ആയത് നിയമാനുസൃതമല്ല.

2. **<u>കൗൺസിൽ തീരുമാനപ്രകാരം തുക അടച്ചില്ല</u>**

നഗരസഭ കൗൺസിലിന്റെ 27/29.08.2017 നമ്പർ തീരുമാനപ്രകാരം നിലവിലുള്ള സാമ്പത്തിക വർഷം (2017-18) മുതൽ അതത് വർഷത്തെ ലൈബ്രറി സെസ് അതത് സമയത്ത് തന്നെ അടക്കുന്നതിനും 2011-12 മുതൽ 2016-17 വരെയുള്ള കുടിശ്ശിക തുക നഗരസഭയുടെ സാമ്പത്തിക നിലക്കനുസരിച്ച് പിന്നീട് ഘട്ടം ഘട്ടമായി അടക്കുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ 2017-18 രണ്ടാം അർദ്ധ വർഷത്തെ വസ്തുനികുതിയൊടൊപ്പം പിരിച്ചെടുത്ത ലൈബ്രറി സെസ്സിനത്തിലെ തുകയായ 15,84,823 രൂപ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് അടച്ചില്ല. എന്നാൽ 2018-19 ഒന്നാം അർദ്ധവർഷത്തെ ലൈബ്രറി സെസ്സ് തുക 2018 നവംബർ മാസം അടച്ചിട്ടുണ്ട്.

3. **<u>വാർഷിക കണക്കുമായുള്ള പൊരുത്തപ്പെടുത്തൽ</u>**

2017-18 വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പെയ്മന്റിലെ R.P-29 ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ്സിനത്തിലെ വരവ് 26,20,203 രൂപയാണ്. എന്നാൽ ലൈബ്രറി സെസ്സിന്റെ അടവ് വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പ്രകാരമുള്ള വരവ് 24,00,447 (8,15,624 + 15,84,823) രൂപയുമാണ്. 2,19,756 രൂപയുടെ വ്യത്യാസം കാണുന്നു.

ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ്സിനത്തിൽ 31.03.2018 വരെയായി അടവാക്കാനുള്ള കുടിശ്ശിക തുക 1,11,36,763 രൂപയാണ്. എന്നാൽ ബന്ധപ്പെട്ട ഫയൽ, രജിസ്റ്റർ എന്നിവ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2011-12 മുതൽ 2016-17 വരെ ലൈബ്രറി സെസ്സിനത്തിൽ അടവാക്കാനുള്ള കുടിശ്ശിക തുക | 1,04,02,707 |
| 2017-18 ലെ വരവ് | 24,00,447 |
| ആകെ കുടിശ്ശിക | 1,28,03,154 |
| 2017-18 ൽ അടവാക്കിയ തുക | 9,90,983 |
| അടവാക്കേണ്ട തുക | 1,18,12,171 |

വാർഷിക കണക്ക്, നഗരസഭ രേഖകൾ എന്നിവ പ്രകാരം 6,75,408 രൂപയുടെ വ്യത്യാസം കാണുന്നു.

ഇത് സംബന്ധിച്ച് 28.12.2018 ന് നൽകിയ ഓഡിറ്റ് അന്വേഷണ നം.59/2017-18 ന് നഗരസഭ ലഭ്യമാക്കിയ 25.02.2018 ലെ മറുപടിയിൽ 2017-18 ഒന്നാം അർദ്ധവർഷം ലൈബ്രറി സെസ്സിനത്തിൽ 1,75,359 രൂപ അധികമായി അടവാക്കിയത് കാൽക്കുലേഷൻ നടത്തുമ്പോൾ ഉണ്ടായ അപാകതയാണെന്നും വസ്തുനികുതിയുടെ 5% മാണ്

ലൈബ്രറി സെസ്സായി നികുതിദായകരിൽനിന്നും ഈടാക്കുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2017-18 മുതൽ അതാത് വർഷം തന്നെ ലൈബ്രറി സെസ്സ് തുകകൾ അടവാക്കുന്നതിന് 29.08.2017 ന് നഗരസഭ കൗൺസിൽ തീരുമാനം എടുത്തു എങ്കിലും നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ ലൈബ്രറി സെസ്സ് തുകകൾ യഥാസമയം സ്റ്റേറ്റ് ലൈബ്രറി കൗൺസിലേക്ക് അടവാക്കാൻ സാധിക്കുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്. ലൈബ്രറി സെസ്സ് തുകകൾ സ്റ്റേറ്റ് ലൈബ്രറി കൗൺസിലേക്ക് യഥാസമയം അടവാക്കി കാലതാമസം വരുന്ന കാലയളവിലേക്കുള്ള പലിശ ഒഴിവാക്കേണ്ടതാണ്.

# 3-7 കൊടുവള്ളി ഗവ.ഹയർ സെക്കന്ററി സ്കൂളിന് വേണ്ടി പുതിയ കെട്ടിട നിർമ്മാണം - കൺസൽട്ടൻസി ഫീസിനത്തിൽ തുക ചെലവഴിച്ചത് സംബന്ധിച്ച അപാകതകൾ

| | |
|---|---|
| ഫയൽ നം | E7/53715/2017 |
| വൗച്ചർ നമ്പർ | 450/03.08.2017 - ₹50,000<br>739/31.10.2017 - ₹2,22,580 |
| തുക | ₹2,72,580 |

നഗരസഭ പരിധിയിൽ സ്ഥിതി ചെയ്യുന്ന കൊടുവള്ളി ഗവ:വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ബഹു.എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ ചെലവഴിക്കുന്നതിന് 10.04.2017 ലെ സ.ഉ(സാധാ) നം 1130/17 ത.സ്വ.ഭ.വ പ്രകാരം ഭരണാനുമതി ലഭിക്കുകയും മേൽ കെട്ടിട നിർമ്മാണത്തിനായി സോയിൽ ടെസ്റ്റ്, ലബോറട്ടറി ടെസ്റ്റ്, സ്ട്രക്ചറൽ ഡിസൈനിംഗ്, സർവ്വീസ് ടാക്സ് എന്നീ ഇനങ്ങളിൽ 272580 രൂപ മേൽ വൗച്ചറുകൾ പ്രകാരം 2017-18 വർഷത്തിൽ നഗരസഭ ചെലവഴിച്ചിട്ടുണ്ട്.

മേൽ ചെലവുമായി ബന്ധപ്പെട്ട ഫയൽ നം. F7/53715/17 പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ അറിയിക്കുന്നു.

1. കൊടുവള്ളി ഹയർ സെക്കന്ററി സ്കൂളിന് വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കൺസൽട്ടൻസി ഫീസിനത്തിൽ 231000 രൂപയും, സർവ്വീസ് ചാർജിനത്തിൽ 41580 രൂപയും മേൽ വൗച്ചറുകൾ പ്രകാരം നഗരസഭ ഗവ.കോളേജ് ഓഫ് എഞ്ചിനിയറിംഗ്, കണ്ണൂർ പ്രിൻസിപ്പാലിന് നൽകിയിട്ടുണ്ട്. മേൽ തുകയിൽനിന്നും ആദായ നികുതി നിയമത്തിലെ 194 J വകുപ്പ് പ്രകാരം ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല.
2. മരാമത്ത് സ്ഥിരം സമിതിയുടെ 25.07.2017, 25.10.2017 തീയ്യതികളിലെ 1ാം നമ്പർ തീരുമാനപ്രകാരം കൺസൽട്ടൻസി ഫീസിനത്തിലെ തുക തനത് ഫണ്ടിൽനിന്നും അനുവദിക്കാനും പിന്നീട് ആസ്തിവികസനഫണ്ടിലേക്ക് തുക മാറ്റാനും തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ മേലിനത്തിലെ ചെലവ് പിന്നീട് തനത് ഫണ്ടിലേക്ക് ക്രമീകരിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് 04.01.2009 ന് നൽകിയ ഓഡിറ്റ് അന്വേഷണ നം.61/2017-18 നഗരസഭ ലഭ്യമാക്കിയ 11.02.2019 ലെ മറുപടിയിൽ കൺസൽട്ടൻസി ഫീസിൽനിന്നും ആദായ നികുതി അടവാക്കുന്നതിന് 08.02.2019 ന് പ്രിൻസിപ്പാൾ, ഗവ. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കണ്ണൂർ-ന് കത്ത് നൽകിയതായും ആദായ നികുതി അടച്ച് ചെലാൻ ഹാജരാക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും, എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽനിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് ആയത് തനത് ഫണ്ടിലേക്ക് ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

# 3-8 ദേശീയ നഗര ഉപജീവനമിഷൻ - സിറ്റി മിഷൻ മാനേജരുടെ യാത്രബില്‍ - അപാകതകൾ

വൗച്ചർ നം : 1232/03/18 (ചെക്ക് നം.670997/20.03.2018/PNB (NULM)

ഫയൽ നം : H5 – 16867/16

ദേശിയ നഗര ഉപജീവനമിഷൻ പദ്ധതിയുടെ ഭാഗമായി സിറ്റിമിഷൻ മാനേജരായി ജോലിചെയ്യുന്ന ശ്രീമതി.ഉഷാരയുടെ നവംബർ മാസത്തെ യാത്രാചെലവിനത്തിൽ 4,625 രൂപയും, ഡിസംബർ മാസത്തെ യാത്രാചെലവിനത്തിൽ 2,855 രൂപയും കൂടി ആകെ 7,480 രൂപ ജില്ലാതര യാത്രകൾക്കായി ചെലവഴിച്ചതായി കാണുന്നു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.01.2017 ലെ 4916-F-2015-KSHO നമ്പർ സ്പഷ്ടീകരണത്തിൽ നഗരസഭ പരിധി കഴിയുന്ന 8 km അധികമുള്ള യാത്രകൾക്കും, ജില്ലാന്തര യാത്രകൾക്കുമുള്ള ബിൽ തയ്യാറാക്കി സംസ്ഥാന മിഷനിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കുന്നു.

മേൽ ചെലവുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു.

1. പരിശീലനം/മീറ്റിംഗ് എന്നിവയിൽ പങ്കെടുത്തതിന്റെ ഹാജർ സംബന്ധിച്ച സാക്ഷ്യപത്രം ഇല്ല.
2. ട്രെയിനിൽ ഏത് ക്ലാസ്സിൽ യാത്രചെയ്തു എന്ന് ചേർത്തിട്ടില്ല.
3. യാത്രബിൽ സംസ്ഥാനമിഷൻ അംഗീകരിച്ചിട്ടില്ല.
4. കൈപ്പറ്റ് രശീതിന് പകരം കണ്ടീജന്റ് ബില്ലിൽ തപാൽ സ്റ്റാമ്പ് പതിച്ച് ഒപ്പ് വെച്ചിരിക്കുന്നു.

അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ 30.11.2018 ലെ ഓഡിറ്റ് അന്വേഷണ നമ്പർ 39/2017-18 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 7,480 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 3-9 വക്കീൽ ഫീസിനത്തിൽനിന്നും ആദായനികുതി കുറവ് ചെയ്തിട്ടില്ല

നഗരസഭയ്ക്കുവേണ്ടി ബഹു.ഹൈക്കോടതി/ജില്ലാകോടതി മുൻപാകെയുള്ള കേസുകളിൽ ഹാജരായതിന് വക്കീൽ ഫീസിനത്തിൽ 2017-18 വർഷത്തിൽ നഗരസഭ ചുവടെ ചേർത്തത് പ്രകാരം 2,10,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം/ചെക്ക് നം വിവരങ്ങൾ | ചെലവഴിച്ച തുക | ഫീസ് കൈപ്പറ്റിയ വക്കീലിന്റെ പേര് |
|---|---|---|
| Vr.No: 318 മുതൽ 323 വരെ (671483/28.06.2017) | 47,000 | അഡ്വ.എെ.വി.പ്രമോദ് |
| Vr.No: 564 മുതൽ 568 വരെ (525305/30.08.2017) | 40,000 | |
| Vr.No: 1216 മുതൽ 1222 വരെ (960140/20.03.2018) | 53,000 | |
| **ആകെ** | **1,40,000** | |
| Vr.No: 466 മുതൽ 472 വരെ (525258/04.08.2017) | 35,000 | അഡ്വ.കെ.അജിത്ത് കുമാർ |
| Vr.No: 557 മുതൽ 563 വരെ (525304/30.08.2017) | 35,000 | |
| **ആകെ** | **70,000** | |

ആദായനികുതി നിയമത്തിലെ 194 J വകുപ്പ് പ്രകാരം പ്രൊഫഷണൽ ചാർജ്/ടെക്നിക്കൽ ചാർജ് എന്നിവ ഒരു സാമ്പത്തിക വർഷം 30,000 രൂപയിൽ അധികമാകുന്ന പക്ഷം ആദായ നികുതിയിനത്തിൽ 10% തുകയും പെർമനന്റ് അക്കൗണ്ട് നമ്പർ വിവരം രേഖപ്പെടുത്തിയില്ലെങ്കിൽ 20% തുകയും സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2017-18 വർഷം വക്കീൽ ഫീസിനത്തിൽ ((legal Charge) 2 പേർക്ക് തുക അനുവദിച്ചപ്പോൾ ആദായനികുതി കുറവ് ചെയ്തതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ 21.11.2018 ലെ ഓഡിറ്റ് അന്വേഷണ നമ്പർ 31/2017-18 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. വക്കീൽ ഫീസിനത്തിൽ നഗരസഭ

ചെലവഴിച്ച മേൽ തുകകൾക്ക് ആനുപാതികമായി നിയമാനുസൃത ആദായനികുതി ഈടാക്കി ആദായനികുതി വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

# 3-10 തൊഴിൽനികുതി വിവരങ്ങളുടെ കമ്പ്യൂട്ടർ വൽക്കരണം- കൃത്യത ഉറപ്പ് വരുത്തിയില്ല

| | | |
|---|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | : | സെക്രട്ടറി |
| **പ്രോജക്ട് നമ്പർ** | : | S0315/17 |
| **ഫയൽ നമ്പർ** | : | R5/39075/16 |
| **ബിൽ നമ്പർ** | : | 56/11.03.2018 |
| **തുക** | : | 25,200 |
| **ഫണ്ട്** | : | വികസനഫണ്ട് |

നഗരസഭയിലെ തൊഴിൽനികുതി (Traders and Institution) വിവരങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി തലശ്ശേരി നഗരസഭയിലെ 52 വാർഡുകളിലായി 4,200 കച്ചവട സ്ഥാപനങ്ങളുടെ വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തിയതിന് ഒരു ഡാറ്റാ എൻട്രിക്ക് 6 രൂപ നിരക്കിൽ ടെക്നോശ്രീ ഡിജിറ്റൽ ടെക്നോളജീസ് എന്ന സ്ഥാപനത്തിന് ബിൽ നമ്പർ 56/11.03.2018 പ്രകാരം വികസന ഫണ്ടിൽനിന്നും 25,200 രൂപ അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയലും സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. കച്ചവട സ്ഥാപനങ്ങളുടെ ഡാറ്റ എൻട്രി മാത്രമേ നടത്തിയിട്ടുള്ളൂ. മറ്റ് സ്ഥാപനങ്ങളുടെ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.
2. ഒരു കച്ചവട സ്ഥാപനത്തിന്റെയും പൂർണ്ണമായ വിവരങ്ങൾ കമ്പ്യൂട്ടർ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.
3. നഗരസഭയിലെ 3 റവന്യൂ ഇൻസ്പെക്ടർമാർ ഡാറ്റാ എൻട്രി തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പരിശോധിച്ചപ്പോൾ 52 വാർഡുകളിൽ 50 വാർഡുകളുടെ മാത്രമേ ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുള്ളൂ. 51, 52 വാർഡുകളുടെ വിവരങ്ങളൊന്നും ഡാറ്റാ എൻട്രി നടത്തിയിട്ടില്ല. ഇതിൽനിന്നും മുഴുവൻ കച്ചവട സ്ഥാപനങ്ങളുടെയും ഡാറ്റാ എൻട്രി നടത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നു.
4. സഞ്ചയ സോഫ്റ്റ് വെയറിൽ 05.12.2018 ന് ലഭ്യമായ വിവരം അനുസരിച്ച് ഡാറ്റാ എൻട്രി നടത്തിയ 1 മുതൽ 50 വരെ വാർഡുകളിലെ 4200 കച്ചവട സ്ഥാപനങ്ങളുടെ വിവരങ്ങളിൽ 1540 എണ്ണത്തിന്റെ ഡാറ്റാ എൻട്രി പൂർണ്ണമായിട്ടില്ല. 275 എണ്ണത്തിന്റെ പരിശോധന ബാക്കിയാണ്. 871 എണ്ണം അംഗീകാരം നൽകാൻ ബാക്കിയുണ്ട്. 1514 എണ്ണത്തിന്റെ ഡാറ്റാ എൻട്രി മാത്രമേ പരിശോധിച്ച് അംഗീകരിച്ചിട്ടുള്ളൂ. ഇതിൽനിന്നും നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർമാർ തെറ്റായ സാക്ഷ്യപ്പെടുത്തലുകളാണ് നടത്തിയത് എന്ന് വ്യക്തമാണ്.

മേൽ ന്യൂനതകൾ സംബന്ധിച്ച് നഗരസഭ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണ നമ്പർ 45-2017-18) യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. മുഴുവൻ വാർഡുകളിലേയും ഡാറ്റാ എൻട്രി പൂർത്തിയാക്കാതെയും ഡാറ്റാ എൻട്രി നടത്തിയവയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താതെയും തെറ്റായ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കരാർ പ്രകാരമുള്ള മുഴുവൻ തുകയും സ്ഥാപനത്തിന് നൽകിയത് ശരിയായ നടപടിയല്ല. ഈയിനത്തിൽ ചെലവായ 25,200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-11 ഹോസ്പിറ്റൽ കിയോസ്ക്കുകളിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ദിവസവേതന കുടിശ്ശിക - ഉയർന്ന നിരക്കിന് 01.04.2016 മുതൽ തെറ്റായി പ്രാബല്യം നൽകിയത് വഴിയുള്ള 1,67,475 രൂപയുടെ അധിക ചെലവ് നിരാകരിക്കുന്നു.

| | | |
|---|---|---|
| വൗച്ചർ നമ്പർ | : | 1129/28.02.2018 |
| ഫയൽ നമ്പർ | : | H3/5283/2008 |
| ചെലവഴിച്ച തുക | : | ₹2,65,925/-<br>(ചെക്ക് നം.96184/28.02.2018 പഞ്ചാബ് നാഷണൽ ബേങ്ക്) |

സ.ഉ(സ.ധാ) നം.1959/2017/ത.സ്വ.ഭ.വ തീയ്യതി 13.06.2017 പ്രകാരം നഗരസഭകളിലെ ആശുപത്രി കിയോസ്ക്കുകളിലെ കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം 675 രൂപയായി ഉയർത്തുകയും ആയത് സ.ഉ.(പി) നം.56/2017/ധന.തീയ്യതി 28.04.2017 ലെ വ്യവസ്ഥകൾ അനുസരിച്ച് അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

ഇതനുസരിച്ച് തലശ്ശേരി നഗരസഭയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ആശുപത്രി കിയോസ്ക്കുകളിൽ കിയോസ്ക് എക്സിക്യൂട്ടീവ്/ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന രണ്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് 04/2016 മുതൽ 10/2017 വരെ ദിവസവേതന കുടിശ്ശികയിനത്തിൽ 2,65,925 രൂപ വൗച്ചർ നമ്പർ 1129/28.02.2018 പ്രകാരം കുടുംബശ്രീ ഐ.ടി. യൂണിറ്റായ ടെക്നോശ്രീ ഡിജിറ്റൽ ടെക്നോളജീസിന് അനുവദിച്ചിട്ടുണ്ട്.

സ.ഉ.(പി) നം.56/2017/ധന.തീയ്യതി 28.04.2017 ഖണ്ഡിക X പ്രകാരം പുതുക്കിയ നിരക്കുകൾക്ക് 01.04.2017 മുതലാണ് പ്രാബല്യമുള്ളത്. എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി 01.04.2016 മുതൽ പുതുക്കിയ നിരക്കിലുള്ള കുടിശ്ശിക അനുവദിച്ചതായി കാണുന്നു. ഇതുവഴി 01.04.2016 മുതൽ 31.03.2017 വരെ 1,67,475 രൂപ അധികം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | അധികം അനുവദിച്ച കുടിശ്ശിക |
|---|---|
| ഏപ്രിൽ -2016 | 13,750 |
| മെയ് -2016 | 14,025 |
| ജൂൺ-2016 | 14,300 |
| ജൂലായ്-2016 | 14,300 |
| ആഗസ്ത്-2016 | 14,850 |
| സപ്തംബർ-2016 | 12,925 |
| ഒക്ടോബർ-2016 | 13,200 |
| നവംബർ-2016 | 13,750 |
| ഡിസംബർ-2016 | 14,850 |
| ജനുവരി-2017 | 14,025 |
| | |

| | |
|---|---|
| ഫിബ്രവരി-2017 | 12,925 |
| മാർച്ച്-2017 | 14,575 |
| ആകെ | 167,475 |

മേൽ അപാകത സംബന്ധിച്ച് 12.11.2018 ന് നൽകിയ ഓഡിറ്റ് അന്വേഷണ നം.28/2017-18 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിലെ പ്രബല്യ തീയ്യതിക്ക് വിരുദ്ധമായി 01.04.2016 മുതൽ 31.03.2017 വരെ ദിവസ വേതന കുടിശ്ശിക ഇനത്തിൽ അധികമായി അനുവദിച്ച 1,67,475 രൂപയുടെ ചെലവ് നിരാകരിക്കുന്നു. അധികം നൽകിയ തുക കുടുംബശ്രീ എെ.ടി യൂണിറ്റായ ടെക്നോശ്രീ ഡിജിറ്റൽ ടെക്നോളജീസിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഇൗടാക്കേണ്ടതാണ്.

# 3-12 പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് - ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് - ഉപയോഗിക്കുന്നില്ല

| | | |
|---|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | : | സെക്രട്ടറി , തലശ്ശേരി നഗരസഭ |
| **പ്രോജക്ട് നമ്പർ** | : | S0734/18 |
| **ഫയൽ നമ്പർ** | : | H2/35925/17 |
| **ബിൽ നമ്പർ** | : | 16/2017-18, തീയ്യതി 07.10.2018 |
| **തുക** | : | 9,82,943 |
| **ഫണ്ട്** | : | വികസനഫണ്ട് |

2017-18 കാലയളവിൽ വികസനഫണ്ടിൽ നിന്നും 9,82,943 ചെലവഴിച്ച് നഗരസഭയുടെ വ്യവസായ എസ്റ്റേറ്റിൽ ഒരു പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് ക്ലീൻ കേരള കമ്പനി മുഖാന്തിരം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സ.ഉ (സാധാ) നം.1641/17/ത.സ്വ.ഭ.വ തീയ്യതി 19.05.2017 ലെ ഖണ്ഡിക 4 പ്രകാരം പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് വഴി ഉൽപാദിപ്പിക്കുന്ന ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക്ക് ക്ലീൻ കേരള കമ്പിനി ലിമിറ്റഡ് വാങ്ങി റോഡ് ടാറിങ്ങിന് വേണ്ടി പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവർക്ക് വിതരണം ചെയ്യേണ്ടതാണ് എന്ന് ഉത്തരവായിട്ടുണ്ട്. ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക്കിന്റെ സ്റ്റോക്ക് റജിസ്റ്ററും ബന്ധപ്പെട്ട ഫയലും പരിശോധിച്ചതിൽ നഗരസഭ ഉൽപാദിപ്പിച്ച 9017.78 കിലോ ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക്ക് കിലോഗ്രാമിന് 18 രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനി നാളിതുവരെ വാങ്ങിയിട്ടുണ്ട്. 2,22,570 രൂപ വിലവരുന്ന 12365 കിലോ ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക്ക് 21.11.2018 തീയ്യതിയിൽ വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്നുണ്ട്. തലശ്ശേരി നഗരസഭയിലെ ടാറിങ്ങ്/റീടാറിങ്ങ് പ്രവൃത്തികൾക്ക് ഷ്രെഡ്ഡ്ഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നതായി കാണുന്നില്ല. മേൽ വിഷയം സംബന്ധിച്ച് 13.12.2018 ന് 52/2017-18 നമ്പർ ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ ഉല്പാദിപ്പിക്കുന്ന ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് റോഡ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തുകയോ ക്ലീൻ കേരള കമ്പനിക്ക് വിറ്റഴിക്കുകയോ ചെയ്യേണ്ടതാണ്.

ഇൗ വിഷയത്തിലേക്ക് നഗരസഭ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-13 മിനി വ്യവസായ എസ്റ്റേറ്റിന് സ്ഥലമെടുപ്പ് - വീതികുറഞ്ഞ

# വഴികാരണം സ്ഥലം പൂർണ്ണമായും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ

| | | |
|---|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | : | സെക്രട്ടറി, തലശ്ശേരി നഗരസഭ |
| **പ്രോജക്ട് നമ്പർ** | : | SO 708/18 |
| **ഫയൽ നമ്പർ** | : | E6-4433/17 |
| **ഫണ്ട്** | : | വികസനഫണ്ട് |

തലശ്ശേരി നഗരസഭ മിനി വ്യവസായ എസ്റ്റേറ്റ് നിർമ്മാണത്തിനായി 2017-18 കാലയളവിൽ തലശ്ശേരി താലൂക്കിൽ തിരുവങ്ങാട് വില്ലേജിൽ റി.സ.നം.71/6B, 71/6D ൽ പെട്ട ശ്രീ.ദിലീപ്കുമാർ, ശ്രീ.ഹരിദാസൻ എന്നിവരുടെ ഉടമസ്ഥതയിൽ പെട്ട 46.5 സ്ഥലം 1,20,000/ഒരു സെന്റിന് നിരക്കിൽ വാങ്ങുന്നതിന് താഴെ പറയും പ്രകാരം റജിസ്ട്രേഷൻ ഫീസ്, മുദ്രക്കടലാസ് വില ഉൾപ്പെടെ 61,38,000 രൂപ ചിലവഴിച്ചിട്ടുണ്ട്.

| **ബിൽ നം/തീയ്യതി** | **തുക** |
|---|---|
| 14/14.11.2017 | 55,58,000 |
| 260/21.02.2018 | 5,80,000 |
| **ആകെ** | **61,38,000** |

തലശ്ശേരി നഗരസഭ കൗൺസിലിന്റെ 16.02.17 ലെ 53 ാം നമ്പർ തീരുമാനപ്രകാരം രൂപീകരിച്ച സർച്ച് കമ്മിറ്റി പ്രസ്തുത സ്ഥലം മിനി വ്യവസായ എസ്റ്റേറ്റിന് അനുയോജ്യമായ സ്ഥലമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ല മെഡിക്കൽ ഓഫീസറുടെ(ആരോഗ്യം) 06.11.2017 ലെ സി2/18320/2017 നമ്പർ കത്ത് പ്രകാരം പ്രസ്തുത സ്ഥലം മിനി വ്യവസായ എസ്റ്റേറ്റ് നിർമ്മാണത്തിന് അനുയോജ്യമാണ് എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വ്യവസായ വകുപ്പിൽനിന്നും ഈ സ്ഥലം വ്യവസായത്തിന് അനുയോജ്യമാണെന്ന് സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

തലശ്ശേരി ടൗൺ സർവ്വേയറുടെ 30.10.2017 ലെ സ്കെച്ച് പ്രകാരം ഈ സ്ഥലത്തേക്ക് പ്രവേശിക്കുവാൻ 3 മീറ്റർ മാത്രം വീതിയുള്ള ഒരു ഇടവഴിയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 1999 ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം ചെറുകിട വ്യവസായങ്ങൾ ജി2 ഗണത്തിലാണ് പെട്ടിട്ടുള്ളത്. ചട്ടം 33 ലെ പട്ടിക 4.2 പ്രകാരം 300ച.മീറ്ററിന് മുകളിൽ 1500 മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ജി2 ഗണത്തിൽപെട്ട കെട്ടിടങ്ങളിലേക്കുള്ള പ്രവേശന കവാടത്തിന് ചുരുങ്ങിയത് 3.6 മീറ്റർ വീതി ഉണ്ടായിരിക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട് . ഇതനുസരിച്ച് നഗരസഭയ്ക്ക് പ്രസ്തുത സ്ഥലത്ത് ആകെ 300 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ. ഇത് നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയറും ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നു (നോട്ട് ഫയൽ പേജ് 19,20). പ്രവേശന കവാടത്തിന് ആവശ്യമായ വീതി ഇല്ലാത്തതിനാൽ നഗരസഭ വൻ വില കൊടുത്തു വാങ്ങിയ ഈ സ്ഥലത്ത് ചെറുകിട വ്യവസായ ആവശ്യത്തിനായി 300 ച.മീറ്റർ താഴെ തറ വിസ്തീർണ്ണമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ എന്നും ബാക്കി സ്ഥലം ഉപയോഗ ശൂന്യമായി കിടക്കുകയും ചെയ്യും എന്നാണ് മനസിലാക്കാൻ സാധിക്കുന്നത്.

മേൽ വിഷയം സംബന്ധിച്ച് 19.01.2019 ന് 71/2017-18 നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രസ്തുത സ്ഥലത്ത് വ്യവസായ എസ്റ്റേറ്റ് നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല എന്നും പ്രവേശന മാർഗ്ഗം സംബന്ധിച്ച വിഷയം കെട്ടിട നിർമ്മാണ സമയത്ത് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ് എന്നാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള അളവിൽ പ്രവേശ മാർഗ്ഗമില്ലാത്തതിനാൽ പദ്ധതിയിൽ വിഭാവനം ചെയ്ത

രീതിയിൽ വ്യവസായ എസ്റ്റേറ്റ് നിർമ്മാണം സാധ്യമാകാത്ത സാഹചര്യമാണുള്ളത്. വ്യവസായ എസ്റ്റേറ്റിന് സ്ഥലമെടുക്കാൻ ചെലവാക്കിയ തുക പാഴാകുന്ന അവസ്ഥയാണ്. ആയതിനാൽ സ്ഥലമെടുപ്പിന് ചെലവായ 61,38,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ കണ്ടീജന്റ് ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടില്ല.

01.04.2013 തീയ്യതി പ്രാബല്യത്തിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആയതു പ്രകാരം 01.04.2013 ാം തീയ്യതിയോ അതിനു ശേഷമോ സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാ ജീവനക്കാർക്കും 07.01.2013 ലെ സ.ഉ (അച്ചടി) 20/2013/ധന. ഉത്തരവ് പ്രകാരം ഈ പദ്ധതി ബാധകമാക്കിയിട്ടുള്ളതുമാണ്. 29.04.2014 ലെ സ.ഉ (അച്ചടി) നം.152/2014/ധന. ഉത്തരവ് പ്രകാരം 01.04.2013 ന് ശേഷം സേവനത്തിൽ പ്രവേശിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 01.04.2013 മുതൽ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർക്ക് PRAN ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കണ്ടീജന്റ് ജീവനക്കാരുടെ കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. കേരള സർവ്വീസ് ചട്ടങ്ങൾ (ഭാഗം-3) ബാധകമായിട്ടുള്ള നഗരസഭ കണ്ടീജന്റ് ജീവനക്കാരെയും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും PRAN ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച് നൽകിയ 18.08.2018 ലെ 16/2017-18 ഓഡിറ്റ് അന്വേഷണത്തിന് 04.09.2018 തീയ്യതി നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ നഗരകാര്യ ഡയറക്ടറുടെ 05.02.2018 ലെ പി7-13617/14 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 01.04.2013 ന് ശേഷം നഗരസഭയിൽ ജോലിയിൽ പ്രവേശിച്ച 36 കണ്ടീജന്റ് ജീവനക്കാരുടെ PRAN ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി അറിയിച്ചിട്ടുണ്ട്. മേൽ ജീവനക്കാർക്ക് PRAN ലഭ്യമാക്കി പെൻഷൻ വിഹിതം ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്.

## 3-15 പത്രവിതരണം - 7 വർഷത്തെ തുക ഒന്നിച്ച് നൽകി

ഫയൽ നമ്പർ : G2/12038/98

**വൗച്ചർ നം. 414/7-2017/21/07/2017**

തുടർ വിദ്യാകേന്ദ്രം വയലളം റീഡേഴ്സ് സെന്ററിൽ 01.10.2009 മുതൽ 31.12.2016 വരെ ദി ഹിന്ദു ദിനപത്രം വിതരണം ചെയ്ത വക 13245/- രൂപ പത്ര വിതരണ ഏജന്റിന് മേൽ വൗച്ചർ പ്രകാരം അനുവദിച്ചിട്ടുണ്ട്. 10/2009 മുതൽ പത്രം വിതരണം ചെയ്തതിന് 2017 ലാണ് തുക ഒടുക്കിയിട്ടുള്ളത്. തുക ഒടുക്കുന്നതിന് വന്ന കാലതാമസത്തെക്കുറിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കൊണ്ടുള്ള 18.08.2018 ലെ ഓഡിറ്റ് അന്വേഷണത്തിന് (18/2017-18) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. വർഷങ്ങൾക്ക് മുമ്പുള്ള കുടിശ്ശിക തുകയുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ മേലിനത്തിലെ 13,245 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പത്രവിതരണം പോലുള്ള കണ്ടീജന്റ് ചെലവുകൾ അതാത് സാമ്പത്തിക വർഷം തന്നെ നിർവ്വഹിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-16 എൽ.എെ.സി, ജി.എെ.എസ് തുകകൾ അടവാക്കിയതിന്റെ രശീത്/ചലാൻ ഫയലിൽ സൂക്ഷിച്ചിട്ടില്ല - 22,14,414 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2017-18 വർഷം ജി.എെ.എസ് ഇനത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയ താഴെ ചേർത്ത തുകകൾ അടവാക്കിയതിന്റെ ചെലാൻ ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല. ചെലാനുകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ 8,170 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

| ഇനം | മാസം | തുക |
|---|---|---|
| ജി.എെ.എസ് | 05/2017 | 3,960 |
| | 07/2017 | 4,210 |

| | |
|---|---|
| | |
| ആകെ | 8,170 |

## 3-17 നഗരസഭ സെക്രട്ടറിയുടെ ശമ്പളം, അലവൻസ് എന്നീ ഇനങ്ങളിൽ സംസ്ഥാന ഫണ്ടിൽനിന്നും ചെലവഴിക്കുന്ന തുകകൾ സർക്കാരിലേക്ക് തിരിച്ചടവാക്കുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 48(3) പ്രകാരം നഗരസഭ സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സംസ്ഥാന ഫണ്ടിൽ നിന്നും കൊടുക്കേണ്ടതും, സെക്രട്ടറിക്ക് കൊടുക്കുന്ന മുഴുവൻ ശമ്പളവും അലവൻസുകളും മറ്റ് അംശാദായങ്ങളും നഗരസഭ സർക്കാരിലേക്ക് മാസംതോറും അടവാക്കേണ്ടതുമാണ്. 2017-18 ലെ വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേയ്മെന്റിലെ R-P-10 ഷെഡ്യൂൾ പ്രകാരവും സെക്രട്ടറിയുടെ ശമ്പളയിനത്തിൽ തുക ചെലവഴിച്ചതായി കാണുന്നില്ല. 2017-18 വർഷം നഗരസഭ സെക്രട്ടറിയുടെ ശമ്പളയിനത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച തുകയുടെയും സർക്കാരിലേക്ക് തിരിച്ചടച്ച തുകയുടെയും വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 28.01.19 നൽകിയ ഓഡിറ്റ് അന്വേഷണം നം79/2017-18 ന് ലഭ്യമാക്കിയ മറുപടിയിൽ ഈ യിനത്തിൽ ആകെ 7,84,864 രൂപ സംസ്ഥാന ട്രഷറിയിൽ നിന്നും പിൻവലിച്ചതായും നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി കാരണം ടി തുക സർക്കാരിലേക്ക് തിരിച്ചടച്ചില്ലയെന്നും അറിയിക്കുകയുണ്ടായി. സെക്രട്ടറിയുടെ ശമ്പളയിനത്തിൽ ട്രഷറിയിൽനിന്നും പിൻവലിച്ച തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-18 നഗരസഭയിലെ വിവിധ തസ്തികകളിലെ താൽക്കാലിക നിയമനം-നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകൾ പാലിക്കുന്നില്ല

നഗരസഭയിൽ 2017-18 കാലയളവിൽ ഡ്രൈവർ, ഓവർസീയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികകളിൽ താൽക്കാലിക നിയമനം നടത്തിയതായും ഇപ്രകാരം നിയമിക്കപ്പെട്ട ജീവനക്കാർ നിലവിൽ തുടർന്നു വരുന്നതായും കാണുന്നു. എന്നാൽ പ്രസ്തുത നിയമനങ്ങൾ ഒന്നും തന്നെ 1959 ലെ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് (കംമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) നിയമം, 1960 ലെ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് (കംമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചല്ല നടത്തിയത് എന്ന് കാണുന്നു.

താൽക്കാലിക തസ്തികകളിൽ നിയമനങ്ങൾ 1959 ലെ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് (കംമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) നിയമം, 1960 ലെ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് (കംമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് നടത്തേണ്ടതാണ്.

## 3-19 നഗരസഭയുടെ കൈവശമുള്ള ഭൂമിയുടെ ഭൂനികുതി അടവാക്കുന്നതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

2017-18 ലെ നഗരസഭയുടെ ആസ്തി ഡിജിറ്റൽ രജിസ്റ്റർ പ്രകാരം താഴെ ചേർത്ത സർവ്വേ നമ്പറുകളിലുള്ള ഭൂമി നഗരസഭയുടെ കൈവശത്തിലാണ്. കൈവശാവകാശമുള്ള ഭൂമിക്ക് ഓരോ സാമ്പത്തിക വർഷവും ഭൂനികുതി അടച്ച് ഉടമസ്ഥാവകാശം നിലനിർത്തേണ്ടതുണ്ട്.

| ക്രമ നം | ഭൂമി സംബന്ധിച്ച വിവരണം | സർവ്വെ നം | ഭൂമിയുടെ വിസ്തീർണ്ണം | | |
|---|---|---|---|---|---|
| | | | ഹെക്ടർ | ആർ | ച.മീറ്റർ |
| 1 | ഫിഷ് മാർക്കറ്റ് | 62/3, 63, 65/2, 66/2, 69,70,72,73 | -- | 15 | 37.86 |
| 2 | വെജിറ്റബിൾ മാർക്കറ്റ് | 50/2A | -- | - | 77.76 |
| 3 | പാറാൽ മത്സ്യ മാർക്കറ്റ് | 25/1 | -- | 1 | 61.88 |

| | | | | | |
|---|---|---|---|---|---|
| 4 | മാടപീടിക മത്സ്യമാർക്കറ്റ് | 90/5 | -- | 1 | 61.88 |
| 5 | ബസ് സ്റ്റാൻഡ് | 138/2B, 142/1, 19/1, 19/2, 20, 21 pt, 22pt, 36/1, 362, 363/1, 46/2, 50/2A | 1 | 71 | 2.62 |
| 6 | പെട്ടിപ്പാലം അറവ് ശാല | 38/1A | -- | 2 | 83.29 |
| 7 | ക്രിമേഷൻ ഗ്രൗണ്ട് | TS 7/2 | -- | 12 | 15.00 |
| 8 | ക്രിമേഷൻ ഗ്രൗണ്ട് -ലോട്ടസ് | T.S-6/1 | -- | 6 | 68.25 |
| 9 | കണ്ടിക്കൽ ശ്മശാനം | R.s-7/3, 7/4 | -- | 4 | 86.00 |
| 10 | ക്രിമേഷൻ ഗ്രൗണ്ട് | T.S.130 | -- | 27 | 21.6 |
| 11 | കാവുംഭാഗം ഗവ.ഹയർ സെക്കന്ററി സ്കൂൾ | 21/1A | -- | 91 | -- |
| 12 | കോമത്ത് പാറക്കടി വെള്ള പദ്ധതി | 70/4 | -- | 16 | 18.80 |
| 13 | പട്ടികജാതി വിഭാഗം - ഭവന നിർമ്മാണ പദ്ധതി | 71/6D<br>71/6B | -- | 9 | 51 |
| 14 | പുല്ലമ്പിൽ കോളനി | 4/4, 4/1 | -- | 79 | -- |
| 15 | വണ്ണത്താൻകുളം | 29/9 | -- | 9 | -- |
| 16 | പാറാൽ അങ്കണവാടി | 88/4 a | -- | -- | 121.00 |
| 17 | ഇല്ലിക്കുന്ന് | 78/1 | -- | -- | 82 |
| 18 | 7 ാം വാർഡ് അങ്കണവാടി | 11/B2 | -- | -- | 44 |
| 19 | തോട്ടഭൂമി | 100/5 | -- | -- | 42 |
| 20 | കോടിയേരി ശുദ്ധജല പദ്ധതി | 4/4 | -- | -- | 81 |
| 21 | തൈയ്യുള്ളതിൽ ശുദ്ധജല പദ്ധതി | 2/11a | -- | -- | 40 |
| 22 | വനിത സാംസ്കാരിക നിലയം | 11/10 | -- | -- | 824 |
| 23 | തോട്ടം ഭൂമി | 20/2 | -- | -- | 971 |
| 24 | അങ്കണവാടി | 16/9 | -- | -- | 100 |
| 25 | മൂഴിക്കര കിണർ | 24/488 | -- | -- | 174 |
| 26 | ചേരി പരീഷ് കോർണർ | 49/1C | -- | -- | 3350 |
| 27 | പുന്നോൽ കുറുക്കൻക്കുന്ന് കുടിവെള്ള പദ്ധതി | 26/1,2, 28/3a | -- | -- | 142 |
| 28 | തെക്കൻക്കണ്ടി കുടിവെള്ള പദ്ധതി | 58/3b | -- | -- | 81 |

| | | | | | |
|---|---|---|---|---|---|
| 29 | പുലമ്പിൽ കോളനി | 4/4 | 1 | -- | 51 |
| 30 | ഗവ.അയ്യലത്ത് യു.പി.സ്കൂൾ ചിറക്കര | TN.272/2B | -- | 71 | -- |
| 31 | നിട്ടൂർ കുടിവെള്ള പദ്ധതി | R.S 66/4 | -- | -- | 30.38 |
| 32 | വ്യവസായ പരിശീലന കേന്ദ്രം | R.S 21/2 | -- | 1 | 62 |
| 33 | രണ്ടാം വാർഡ് കുടിവെള്ള പദ്ധതി | R.S 28/4 | -- | -- | 70.88 |
| 34 | കുട്ടിമാക്കൂൽ അങ്കണവാടി | R.S 34/4 | -- | -- | 60.75 |
| 35 | തയ്യുള്ളതിൽ കുടിവെള്ള പദ്ധതി | R.S. 76/1B | -- | -- | 20.25 |
| 36 | കണ്ണോത്ത് കുടിവെള്ള പദ്ധതി | R.S 25/2F | -- | -- | 20.25 |
| 37 | താച്ചുള്ളതിൽ മീത്തൽ - കാവും ഭാഗം - പൊതുകിണർ | R S.9/2 | -- | -- | 40.50 |
| 38 | കോമത്ത് പാറ കുടിവെള്ള പദ്ധതി | 91/1 | -- | 1 | 21.5 |
| 39 | കാവുംഭാഗം പ്രീ മെട്രിക് ഹോസ്റ്റൽ | R.S 64/3 | -- | 41 | 31 |
| 40 | ഗവ.ഗേൾസ് സ്കൂൾ & ഗവ.എൽ.പി.സ്കൂൾ | 148/2 | -- | 1 | 45.8 |
| 41 | ഗവ.ഗേൾസ് സ്കൂൾ & ഗവ.എൽ.പി.സ്കൂൾ | 149/1 | -- | 9 | 51.75 |
| 42 | ഗവ.ഗേൾസ് സ്കൂൾ & ഗവ.എൽ.പി.സ്കൂൾ | 150/1 | -- | 5 | 97.38 |
| 43 | ഗവ.ഗേൾസ് സ്കൂൾ & ഗവ.എൽ.പി.സ്കൂൾ | 150/2 | -- | 2 | 2.5 |
| 44 | ഗവ.ഗേൾസ് സ്കൂൾ & ഗവ.എൽ.പി.സ്കൂൾ | 151/1 | -- | 13 | 6.130 |
| 45 | ഗവ.ഗേൾസ് സ്കൂൾ & ഗവ.എൽ.പി.സ്കൂൾ | 152/2 | -- | 38 | 60.87 |
| 46 | തോട്ടം ഭൂമി | 383/1 TS No.38/2 | -- | -- | 81 |
| 47 | മെറ്റേണിറ്റി ഹോസ്പിറ്റൽ | 9/5 | -- | 7 | 45.2 |
| 48 | സ്റ്റേഡിയം കോർണർ വയൽ | 168/1, 168/2, 168/8, 170/1B, 171/1B, 171/2B, 171/2A, 172/2A, 172/2B | 3 | 8 | 77 |
| 49 | സ്കിൻ ഡിസീസ് ഹോസ്പിറ്റൽ | TS 183, 184 | -- | 12 | 83.85 |

| | | | | | |
|---|---|---|---|---|---|
| 50 | തോട്ടം ഭൂമി, നിയർ ചാലിൽ റോഡ് | 229/2 | -- | 30.380 | -- |
| ~~51~~ | ~~മുനിസിപ്പാലിറ്റി കിണർ~~ | ~~127~~ | ~~--~~ | ~~1~~ | ~~94.4~~ |
| 52 | കാവുംഭാഗം, ഹൈസ്കൂൾ | 21/1A | -- | 40 | 90.50 |
| 53 | V.H.S.E ചിറക്കര | 259 | -- | 16 | 60.5 |
| 54 | V.H.S.E ചിറക്കര | 260 | -- | 22 | 68.00 |
| 55 | V.H.S.E ചിറക്കര | 261/2 | -- | 32 | 80.5 |
| 56 | V.H.S.E ചിറക്കര | 265/2 | -- | 12 | 55.5 |
| 57 | അയ്യലത്ത് യു.പി.സ്കൂൾ | 272 | -- | 26 | 32.5 |
| 58 | 2 ാം വാർഡ് അങ്കണവാടി കെട്ടിടം | 78/1 | -- | -- | 81 |
| 59 | 4 ാം വാർഡ് അങ്കണവാടി കെട്ടിടം | 21/1B | -- | -- | 81 |
| 60 | 9 ാം വാർഡ് അങ്കണവാടി | T.S.No.69 | -- | 1 | 62.00 |
| 61 | ആഫ്റ്റർ കെയർ ഹോം | 86/1 | -- | 66 | 82.5 |
| 62 | മഹിള മന്ദിരം | 86/1 | -- | രേഖപ്പെടുത്തിയിട്ടില്ല | |
| 63 | അങ്കണവാടി | 86/1 | -- | രേഖപ്പെടുത്തിയിട്ടില്ല | |
| 64 | സെക്രട്ടറി | TS No.62/1 | -- | 4 | 86 |
| 65 | കയർ വ്യവസായ സഹകരണ സംഘം | T.S.No..9 3/2 | -- | 5 | 67 |
| 66 | ലോറി സ്റ്റാന്റ് | 7/3 | -- | 47 | 38.5 |
| 67 | മൃഗാശുപത്രി | 6/2 | -- | 7 | 29 |
| 68 | എ.ഇ.ഒ.ഓഫീസ് | 31 | -- | 3 | 68.55 |
| 69 | എ.ഇ.ഒ.ഓഫീസ് | 128/2 | -- | 3 | 70.17 |
| 70 | എ.ഇ.ഒ.ഓഫീസ് | 130/1 | -- | 2 | 63.25 |
| 71 | പട്ടികജാതി ഓഫീസ് | രേഖപ്പെടുത്തിയിട്ടില്ല | -- | -- | -- |
| 72 | കുഞ്ഞമ്പാവ് കോളനി | R.S 4/1 | -- | 31 | 99.5 |
| 73 | കുഞ്ഞമ്പാവ് കോളനി | 4/4 | -- | 61 | 15.5 |
| 74 | ടൗൺഹാൾ കോംപ്ലക്സ് | T.S.No.163 | -- | 61 | 47.9 |
| 75 | ടൗൺഹാൾ കോംപ്ലക്സ് | 164 | -- | 10 | 69.2 |
| 76 | ടൗൺഹാൾ കോപ്ലക്സ് | 174 | -- | 29 | 80.8 |
| 77 | വ്യവസായ എസ്റ്റേറ്റ് | R.S.8/8 | 1 | 4 | 89.5 |
| 78 | വ്യവസായ എസ്റ്റേറ്റ് | R.S.8/8 | 2 | 13 | 84.00 |
| 79 | പഴിശ്ശിരാജ പാർക്ക് | 128/4 | -- | 2 | 22.75 |
| 80 | പഴശ്ശിരാജ പാർക്ക് | 130/3 | -- | -- | 60.75 |
| 81 | പഴശ്ശിരാജ പാർക്ക് | 130/3 | -- | -- | 56.7 |
| 82 | ചേരി പുനരധിവാസം | 8/8 | -- | 24 | 60.38 |
| 83 | സാമ്പവ കോളനി | 40/8A | -- | 14 | 58 |
| 84 | സാമ്പവ കോളനി | 40/8B | -- | 36 | 85.5 |

| | | | | | |
|---|---|---|---|---|---|
| 85 | കുഞ്ഞമ്പറമ്പ് പടി പ്ലാറ്റ് | 1/4 | -- | 73 | 30.5 |
| 86 | ഓലേശ്വൽ കുടിവെള്ള പദ്ധതി | 2/1 | -- | -- | 62.37 |
| 87 | വലിയ മാവിൽ സീനിയർ ബേസിക്ക് സ്കൂൾ | 316 | -- | 10 | 54.64 |
| 88 | കല്ലിൽ താഴെ കുടുംബക്ഷേമ കേന്ദ്രം | -- | -- | -- | 66.49 |
| 89 | പഴയ കോടിയേരി പഞ്ചായത്ത് ഓഫീസ് | 6/1 | -- | 2 | 2.35 |
| 90 | പുന്നോൻ കുടുംബക്ഷേമ കേന്ദ്രം | 22/20, 22/5B | -- | 4 | 126.1 |
| 91 | അങ്കണവാടി നം.31, ഇടയിൽ പീടിക | -- | -- | -- | 81 |
| 92 | അങ്കണവാടി നം -205 കല്ലായിത്തെരു | 2/2A | -- | 1 | 1.170 |
| 93 | തലായി ഗവ.എൽ.പിസ്കൂൾ | -- | -- | 19 | 83.03 |
| 94 | ബാച്ചിലർ ക്വട്ടേർഴ്സ് മഞ്ഞേരി | 207 | -- | 1 | 90.21 |
| 95 | ഗവ.യ.പി.സ്കൂൾ പുന്നോൽ | -- | -- | 14 | 97.39 |
| 96 | മുനിസിപ്പൽ എഞ്ചിനിയറുടെ ക്വാർട്ടേഴ്സിന് സമീപത്തെ മുറികൾ | TS No.237 | -- | 19 | 62.79 |
| 97 | മുനിസിപ്പൽ എഞ്ചിനിയറുടെ ക്വാർട്ടേഴ്സിന് സമീപത്തെ മുറികൾ | T S No.238 | -- | 1 | 41.64 |
| 98 | എം.എം നാണു നമ്പ്യാർ കോളനി അങ്കണവാടി | രേഖപ്പെടുത്തിയിട്ടില്ല | | | |
| 99 | പാറാൽ പൊതുവാച്ചേരി അങ്കണവാടി | | -- | 1 | 21.41 |
| 100 | കോടിയേരി ഗവ.ഹോമിയ ഡിസ്പെൻസറി | 59/2 | -- | 4 | 45.17 |
| 101 | മാമ്പള്ളിക്കുന്ന് മിനിസ്റ്റേഡിയം | 59/2 | രേഖപ്പെടുത്തിയിട്ടില്ല | | |
| 102 | മാമ്പള്ളിക്കുന്ന് | 62/1C | -- | 1 | 61.88 |

| | | | | | |
|---|---|---|---|---|---|
| | അങ്കണവാടി | | | | |
| 103 | കോടിയേരി കൃഷിഭവൻ | 61 | രേഖപ്പെടുത്തിയിട്ടില്ല | | |
| 104 | പ്രാഥമിക ആരോഗ്യ കേന്ദ്രം കോടിയേരി | 19/3A | -- | 28 | 73.37 |
| 105 | താലൂക്ക് ആയുർവേദ ആശുപത്രി - മൂലയിൽനട | രേഖപ്പെടുത്തിയിട്ടില്ല | | | |
| 106 | ഇൗഞ്ചയിൽ പീടിക- അങ്കണവാടി ബിൽഡിംഗ് നം.135 | രേഖപ്പെടുത്തിയിട്ടില്ല | | | |
| 107 | ഡ്രൈ-ഫിഷ് മാർക്കറ്റ് | 5/5, 5/6 | രേഖപ്പെടുത്തിയിട്ടില്ല | | |
| 108 | പിലാക്കുൽ | T.S 19 | -- | -- | 89.1 |
| 109 | പിലാക്കുൽ | 1/24 | -- | 21 | 46.5 |
| 110 | ലാടിൻ ചാലിൽ | 1/25 | -- | 1 | 70.1 |
| 111 | ലാടിൻ മട്ടപ്രം | 1/83 | -- | 1 | 41.75 |
| 112 | ഹെൽത്ത ഡിവിഷൻ -സയിദാർ പള്ളി | 3/1 | -- | 4 | 17.15 |
| 113 | ഹോസ്പിറ്റൽ ബിൽഡിംഗ് | S.No.2 8/1 | -- | 17 | 82 |
| 114 | ലാടിൻ അറ്റ് എം.എം.റോഡ് | SY No.9/1 | -- | 2 | 2.5 |
| 115 | ടൗൺ മാപ്പിള യു.പി.സ്കൂൾ | 11 1/27 | -- | 12 | 2.85 |
| 116 | മൂപ്പൻസ് ഷോപ്പിംഗ് കോംപ്ലക്സ് | 57, 58 | -- | 14 | 16.45 |
| 117 | ജൂബിലി ഷോപ്പിങ്ങ് കോംപ്ലക്സ് | 78, 79 | -- | 57 | 32 |
| 118 | ഗവ.ഹോമിയോ ഡിസ്പെൻസറി | 84/2 | -- | 4 | 28.98 |
| 119 | കൊടുവള്ളി ഗവ.ഹൈസ്കൂൾ | W-2, B-1 | -- | 24 | 46.2 |
| 120 | കൊടുവള്ളി ഗവ.ഹൈസ്കൂൾ | 4,5 | -- | 20 | 57.4 |
| 121 | ടി.ബി.കോംപ്ലക്സ് | 21/2, 21/3 | -- | 6 | 68.25 |
| 122 | ഓൾഡ് ഗവ.എൽ.പിസ്കൂൾ നിയർ ഗുണ്ടർട്ട് ഫൗണ്ടേഷൻ | 11/2 | -- | 6 | 35.85 |
| 123 | ഗവ.എൽ.പി.സ്കൂൾ ഗോപാൽ പേട്ട | 1/23 | -- | 60 | 91.2 |
| 124 | മുനിസിപ്പൽ ഓഫീസ്, തലശ്ശേരി | 20/5 | -- | 25 | 59.6 |
| | | രേഖപ്പെടുത്തിയിട്ടില്ല | | | |

| | | | | | |
|---|---|---|---|---|---|
| 125 | ഹെൽത്ത് സൂപ്പർ വൈസർ, ക്വാർട്ടേർഴ്സ് | [illegible] | | | |
| 126 | ഗവ.ബ്രണ്ണൻ ഹയർ സെക്കന്ററി സ്കൂൾ, തലശ്ശേരി | TS.No.3/11 | -- | 61 | 47.9 |
| 127 | എൽ.പി.സ്കൂൾ -ചേറ്റുക്കുന്ന് | T.S No.7/8 | -- | 12 | 60.64 |

മേൽ കാണിച്ച ഭൂമിയുടെ ഭൂനികുതി ഏറ്റവും അവസാനം അടച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 15.01.2019 ന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 66/2017-18 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. ഭൂമി സംബന്ധമായ രേഖകൾ വില്ലേജ് ഓഫീസുകളിൽ ഡിജിറ്റലൈസ് ചെയ്തു വരുന്ന സാഹചര്യത്തിൽ നഗരസഭയുടെ കൈവശത്തിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടച്ച് ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പുവരുത്തേണ്ടതാണ്.

# 3-20 നഗരസഭയിലെ പെൻഷൻ ഫണ്ടുകളുടെ പരിപാലനവും വിനിയോഗവും - വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നില്ല.

1.സെൻട്രൽ പെൻഷൻ ഫണ്ട്

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം - റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം നഗരസഭയിലെ ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി നഗരകാര്യ ഡയറക്ടറുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമായി ചട്ടം (6) പ്രകാരമുള്ള സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. ചട്ടം 8 (2) പ്രകാരം ശമ്പള ബിൽ മാറി 15 ദിവസത്തിനകം പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടക്കണം. ചട്ടം 9 (3) പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനാവശ്യമായ മൊത്തം തുക നഗരകാര്യ ഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും പിൻവലിച്ച് നഗരസഭ സെക്രട്ടറിക്ക് ഡിമാന്റ് ഡ്രാഫ്റ്റായി അയച്ചുകൊടുക്കേണ്ടതാണ്. നഗരസഭയിൽനിന്നും വിരമിച്ച റഗുലർ ജീവനക്കാർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിന് വേണ്ടി ചട്ടം (10) പ്രകാരം നഗരസഭ സെക്രട്ടറിയുടെ പേരിൽ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. നഗരകാര്യ ഡയറക്ടർ അനുവദിക്കുന്ന പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള തുക മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ വരവ് വെയ്ക്കേണ്ടതും പെൻഷൻ/പെൻഷൻ ആനുകൂല്യങ്ങൾ എന്നീ ആവശ്യങ്ങൾക്കല്ലാതെ മറ്റൊന്നിനും ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ മേൽ ചട്ടത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നില്ല.

a. മുനിസിപ്പൽ പെൻഷൻ ഫണ്ടിന്റെ പരിപാലനം കാര്യക്ഷമമല്ല.

നഗരസഭയിലെ റഗുലർ ജീവനക്കാരുടെ പെൻഷൻ/പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിന് വേണ്ടി നഗരസഭ സെക്രട്ടറിയുടെ പേരിൽ ട്രഷറിയിൽ TPA.163 എന്ന പെൻഷൻ ഫണ്ട് അക്കൗണ്ട് നിലവിലുണ്ട്. നഗരസഭയ്ക്ക് 2017-18 വർഷം അലോട്ട്മെന്റിനത്തിൽ 1,64,74,071 രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും വരവ് വന്നിട്ടുണ്ട്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ ഫണ്ട് വിഹിതം യഥാസമയം ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ നഗരസഭ പെൻഷൻ/പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണത്തിനാവശ്യമായ തുക ഓരോ മാസവും തനത് ഫണ്ടിൽനിന്നും പിൻവലിച്ച് ടി.പി.എ 163 അക്കൗണ്ടിലേക്ക് മാറ്റി പ്രസ്തുത അക്കൗണ്ടിലൂടെ ചെലവഴിക്കുന്നു.

b. സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് തുക അടവാക്കുന്നില്ല.

സെൻട്രൽ പെൻഷൻ ഫണ്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ (ഫയൽ നമ്പർ A4/44544/2013) നഗരകാര്യ ഡയറക്ടേറ്റിൽ നിന്നും സെൻട്രൽ പെൻഷൻ ഫണ്ട് വിഹിതം യഥാസമയം ലഭ്യമാവാത്തതിനാലും, വലിയ തുക കുടിശ്ശികയായി നഗരസഭയ്ക്ക് ലഭിക്കുവാനുള്ളതിനാലും 2008 ആഗസ്റ്റ് മുതൽ നഗരകാര്യ ഡയറക്ടേറ്റിലേക്ക് നഗരസഭ പെൻഷൻ വിഹിതം അടവാക്കുന്നില്ല എന്ന് കാണുന്നു.

**c.7.11 കോടി രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും ലഭിക്കാൻ അവശേഷിക്കുന്നു.**

നഗരസഭയുടെ രേഖകൾ പ്രകാരം 31.03.2018 വരെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 7.11 കോടി രൂപ ലഭിക്കുന്നുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| 31.03.2017 ൽ നഗരസഭയ്ക്ക് ലഭിക്കുവാനുള്ള തുക | 01.04.2017 മുതൽ 31.03.2018 വരെ നഗരസഭ റഗുലർ പെൻഷൻ ഇനത്തിൽ ചെലവഴിച്ച തുക | ആകെ | 2017-18 ൽ അടവാക്കേണ്ട പെൻഷൻ കോൺട്രിബ്യൂഷൻ | സി.വി.പി ഇനത്തിൽ അടവാക്കേണ്ട തുക | ആകെ | നഗരകാര്യവകുപ്പ് ഡയറക്ടേറ്റിൽ നിന്നു ലഭിക്കേണ്ട തുക |
|---|---|---|---|---|---|---|
| 5,49,13,570 (നഗരകാര്യ ഡയറക്ടറുടെ 27.11.2017 ലെ കത്ത് പ്രകാരം) | 2,33,90,224 | 7,83,03,794 | 49,71,121 | 22,02,071 | 71,73,192 | 7,11,30,602 |

**d.മുനിസിപ്പൽ പെൻഷൻ ഫണ്ട് മുൻബാക്കി തുകയിൽ വ്യത്യാസം**

2017-18 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം TPA.163 അക്കൗണ്ടിലെ മുൻവർഷത്തെ നീക്കിയിരിപ്പ് തുക 56,40,850 രൂപയും ട്രഷറി പത്രിക പ്രകാരം 46,40,850 രൂപയുമാണെന്ന് കാണുന്നു. മുൻബാക്കിയിൽ 10 ലക്ഷം രൂപയുടെ വ്യത്യാസം കാണുന്നു. പ്രസ്തുത അക്കൗണ്ടിന്റെ റീ-കൺസിലേഷൻ പത്രിക ഹാജരാക്കിയിട്ടില്ല. മുൻബാക്കി തുകയുടെ വ്യത്യാസം പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതാണ്.

**e.മുനിസിപ്പൽ പെൻഷൻ ഫണ്ട് (TPA .163)**

**2017-18 ലെ വരവ് - ചെലവ് പത്രിക**

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുനിസിപ്പൽ പെൻഷൻ ഫണ്ടിന്റെ മുൻ നീക്കിയിരിപ്പ് | 56,40,850 | മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ നിന്നുള്ള ചെലവ് | 3,92,26,217 |
| നഗരകാര്യ ഡയറക്ടേറ്റിൽ നിന്നും ലഭിച്ച അലോട്ട്മെന്റ് | 1,64,74,071 | നീക്കിയിരിപ്പ് | 1,45,706 |
| തനത് ഫണ്ടിൽ നിന്നും മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് വക മാറ്റിയ തുക | 1,82,11,728 | | |
| പലിശ വരവ് | 45,274 | | |
| (-) less | 10,00,000 (റീ കൺസിലേഷൻ പത്രിക ഹാജരാക്കിയിട്ടില്ല) | | |
| **ആകെ** | **3,93,71,923** | **ആകെ** | **3,93,71,923** |

**2.മുനിസിപ്പൽ കണ്ടീജന്റ് പെൻഷൻ ഫണ്ട്**

1997 ലെ കേരള മുനിസിപ്പാലിറ്റി (കണ്ടീജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ) ചട്ടങ്ങളിലെ ചട്ടം 7 (1) പ്രകാരം കണ്ടീജന്റ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി നഗരസഭ സെക്രട്ടറിയുടെ പേരിൽ കണ്ടീജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് എന്ന പേരിൽ ട്രഷറിയിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും ചട്ടം 7 (2) പ്രകാരം ഓരോ കണ്ടീജന്റ് ജീവനക്കാരന്റെയും

വേതനത്തിന്റെ 15% വരുന്ന തുക മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. കണ്ടീജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി സെക്രട്ടറിയുടെ പേരിൽ TPA.143 എന്ന പേരിൽ ട്രഷറിയിൽ അക്കൗണ്ട് നിലവിലുണ്ടെങ്കിലും ജീവനക്കാരുടെ പെൻഷൻ വിഹിതം അതാത് മാസത്തെ ശമ്പള ബില്ലിൽനിന്നും ഈടാക്കി പെൻഷൻ ഫണ്ടിലേക്ക് നഗരസഭ അടവാക്കുന്നില്ല. മേൽ വിവരിച്ച ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പെൻഷൻ നൽകുന്നതിനാവശ്യമായ തുക തനത് ഫണ്ടിൽ നിന്നും ഓരോ മാസവും പിൻവലിച്ച് ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ച് പ്രസ്തുത അക്കൗണ്ട് വഴി പെൻഷൻ വിതരണം ചെയ്തു വരുന്നു.

**മുനിസിപ്പൽ കണ്ടീജന്റ് പെൻഷൻ ഫണ്ട് (TPA .143)**

**2017-18 ലെ വരവ് - ചെലവ് പത്രിക**

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| കണ്ടീജന്റ് പെൻഷൻ ഫണ്ടിന്റെ മുൻ നീക്കിയിരിപ്പ് | 47,31,740 | കണ്ടീജന്റ് പെൻഷൻ ഫണ്ടിൽ നിന്നുള്ള ചെലവ് | 2,66,89,959 |
| തനത് ഫണ്ടിൽ നിന്നും (TPA .143) ലേക്ക് വകമാറ്റി തുക | 2,35,00,000 | നീക്കിയിരിപ്പ് | 52,08,215 |
| പലിശ വരവ് | 35,551 | | |
| Add (+)<br>ചെക്ക് നം.2519575/30.03.18 | 30,00,000 | Less (-)<br>ചെക്ക് നം.0010093/27.03.18 | 6,30,016 |
| ആകെ | 3,12,67,291 | ആകെ | 3,12,68,158 |

2017-18 ലെ TPA.143 അക്കൗണ്ടിന്റെ വരവ്, ചെലവ് തുകകൾ തമ്മിൽ 867 രൂപയുടെ വ്യത്യാസം കാണുന്നു. വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്.

സെൻട്രൽ പെൻഷൻ ഫണ്ട് കുടിശ്ശിക ലഭിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും പെൻഷൻ ഫണ്ടിന്റെ വ്യവസ്ഥകൾ പാലിക്കപ്പെടാത്തതിന്റെ കാരണവും വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 21.11.2018 ലെ 31/2017-18 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. സെൻട്രൽ പെൻഷൻ ഫണ്ട് , മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്നിവയുമായി ബന്ധപ്പെട്ട ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. തനത് ഫണ്ടിന്റെ കുറവ് മൂലം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന നഗരസഭയ്ക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും ലഭിക്കേണ്ട 7 കോടിയിൽപരം രൂപ അടിയന്തിരമായി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-21 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | | | | |
|---|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സീനിയർ വെറ്ററിനറി സർജൻ<br>തലശ്ശേരി. | | |
| പ്രൊജക്റ്റിന്റെ പേര് | : | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | | |
| പ്രൊജക്റ്റ് നമ്പർ | : | 1. SO012/2018 | 3. | 4. |

| | | | | |
|---|---|---|---|---|
| | | 2. S0013/2018 | | |

| ബിൽ നമ്പർ | തീയ്യതി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത് | ബാക്കി |
|---|---|---|---|---|
| P5-2017-18 | 27.11.2017 | 93,750 | 42,254 | 51,496 |
| P6-2017-18 | 27.11.2017 | 1,87,500 | 80,181 | 1,07,319 |
| **ആകെ** | | **2,81,250** | **122,435** | **1,58,815** |

2017-18 കാലയളവിൽ സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2 പ്രൊജക്ടുകളിലായി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുന്നതിനായി 2,81,250 രൂപ ഡെപ്യൂട്ടി ഡയറക്ടർ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, കണ്ണൂരിന് നൽകിയിട്ടുണ്ട്. എന്നാൽ 1,22435 രൂപയുടെ വിനിയോഗ വിവരം മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. 1,58,815 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ഈ തുക ചെലവഴിച്ചതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന 1,58,815 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-22 പി.എം.എ. വൈ. പദ്ധതി - നഗരസഭ പരിധിക്ക് പുറത്ത് വിവിധ പഞ്ചായത്തുകളിൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന ധനസഹായം നൽകി - ചെലവ് തുക തടസ്സത്തിൽ വെക്കുന്നു

| | | | | |
|---|---|---|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | : | പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര നിർമ്മാർജ്ജന സെൽ | | |
| **പ്രോജക്ട് നമ്പർ** | 1. | 754/2018 (പൊതു വിഭാഗം) | | |
| | 2. | 773/2018 (എസ് സി വിഭാഗം) | | |
| **ഫയൽ നമ്പർ** | : | എച്ച് 4-27403/2016 | | |
| **ബിൽ നമ്പർ** | : | 4/2017-18<br>31.10.2017 | 21/2017-18<br>19.03.2018 | ആകെ |
| **തുക** | : | 16,000,00 | 2,10,000 | 18,10,000 |

2017-18 കാലയളവിൽ പിഎംഎ വൈ പദ്ധതി നടപ്പിലാക്കുന്നതിന് (പൊതു വിഭാഗം 2 ാം ഘട്ടം, എസ് സി വിഭാഗം 2,3 ഘട്ടങ്ങൾ) 18,10,000 രൂപ നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള എെ.സി.എെ.സി ശാഖയിലെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന 5 ഗുണഭോക്താക്കൾ നഗരസഭ പരിധിക്ക് പുറത്ത് വിവിധ പഞ്ചായത്തുകളിലാണ് ഭവന നിർമ്മാണം നടത്തുന്നതെന്ന് കാണുന്നു. ഈ വിഷയം തലശ്ശേരി നഗരസഭയുടെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-22 ൽ പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 കാലയളവിൽ പിഎംഎവൈ പദ്ധതി പ്രകാരം ഈ 5 ഗുണഭോക്താക്കൾക്ക് (2,3 ഗഡു) 10,80,000 രൂപ അനുവദിച്ചിട്ടുണ്ട്.

പി.എം.എ.വൈ മാർഗ്ഗരേഖയ്ക്ക് 09.11.2015 ന് No. N 11027/19/2015-HFA 1/Vol-2 (FTS-13988 പ്രകാരം വരുത്തിയ ഭേദഗതിയിൽ " States/Uts will have the flexibility to include in the mission the Planning area as notified with respect to the statutory town and which surrounds the concerned municipal area" എന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും മാർഗ്ഗരേഖയിൽ മാറ്റം വരുത്തുന്നതിന് നഗരസഭകൾക്ക് പ്രത്യേക അധികാരം നൽകിയതായികാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | സ്ഥലം സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്ത് | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയ്യതി | ഗഡു വിവരം |
|---|---|---|---|---|---|---|
| 1. | സൗദ.ടി.കെ | 162 | വേങ്ങാട് | 1,20,000 | 14.09.2017 | 2 ാം |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ഗഡു |
| | | | | 1,20,000 | 23.03.2018 | 3 ാം ഗഡു |
| 2. | ശ്രീജേഷ്.എം | 205 | കതിരൂർ | 1,20,000 | 09.11.2017 | 2 ാം ഗഡു |
| | | | | 1,20,000 | 31.03.2018 | 3 ാം ഗഡു |
| 3. | ദിനേശൻ.ടി | 25 | എരഞ്ഞോളി | 1,20,000 | 09.11.2017 | 2 ാം ഗഡു |
| | | | | 1,20,000 | 31.03.2018 | 3 ാം ഗഡു |
| 4. | പുഷ്പവല്ലി | 106 | പന്ന്യന്നൂർ | 1,20,000 | 09.11.2017 | 2 ാം ഗഡു |
| | | | | 1,20,000 | 23.03.2018 | 3 ാം ഗഡു |
| 5. | ശരീഫ.യു.പി | 153 | പിണറായി | 1,20,000 | 09.11.2017 | 2ാം ഗഡു |
| **ആകെ** | | | | **10,80,000** | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണ നം.7/2017-18) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ ഈ വിഷയത്തിൽ സർക്കാർ സാധൂകരണം ലഭ്യക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ സർക്കാർ സാധൂകരണം ലഭ്യമാക്കിയിട്ടില്ല. നഗരസഭ പരിധിക്കപ്പുറത്ത് വീട് വെക്കുന്നതിന് ധനസഹായം നൽകുന്നതിന് സർക്കാർ സ്പഷ്ടീകരണം ലഭ്യമല്ലാത്ത സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച 5 ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയായ 10,80,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-23 വിവിധ പ്രോജക്ടുകൾ പ്രകാരം മരുന്നുവാങ്ങൽ - KMSCL ൽ നിന്നും മുഴുവൻ മരുന്നുകളും ലഭ്യമായില്ല

**നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കോടിയേരി.**

2017-18 കാലയളവിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കോടിയേരി, നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളിൽ മരുന്നുകൾ വാങ്ങുന്നതിന് KMSCL ന് നൽകിയ 7,30,000 രൂപയിൽ 3,63,717 രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. 3,66,283 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാൻ ബാക്കി നിൽക്കുന്നുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ബിൽ നം/ തീയ്യതി | ബിൽ തുക | ലഭിച്ച മരുന്നിന്റെ തുക | ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ വില |
|---|---|---|---|---|---|---|
| 1 | 86/17-18 | ജീവിത ശൈലി രോഗ ചികിത്സാപദ്ധതി | 5/17-18<br>20.10.2017 | 5,00,000 | 2,67,674 | 2,32,326 |
| 2 | 91/17-18 | സാന്ത്വനം ഗൃഹപരിചരണ പദ്ധതി | 11/17-18<br>17.02.18 | 2,30,000 | 96,043 | 1,33,957 |
| **ആകെ** | | | | **7,30,000** | **3,63,717** | **3,66,283** |

മേൽ ന്യൂനതകൾ ചൂണ്ടികാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ 01/2017-18 നം. ഓഡിറ്റ് അന്വേഷണത്തിന് സമർപ്പിച്ച മറുപടിയിൽ ബാക്കി മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചുവെങ്കിലും മരുന്നുകൾ ലഭിച്ചിട്ടുണ്ടോ എന്ന വിവരം ഓഡിറ്റിനെ അറിയിച്ചിട്ടില്ല. ആയതിനാൽ ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ തുകയായ 3,66,283 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബാക്കി മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-24 കിണർ റീചാർജ്ജ് - അപാകതകൾ

| | | |
|---|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | : | കൃഷി ഫീൽഡ് ഓഫീസർ, കൃഷി ഭവൻ, തലശ്ശേരി |
| **പ്രോജക്ട് നമ്പർ** | : | S0079/18 |
| **ബിൽ തീയ്യതി** | : | 28.03.2018 |
| **തുക** | : | ₹3,04,200 |
| **ഫണ്ട്** | : | വികസനഫണ്ട് (പൊതുവിഭാഗം) |

2017-18 കാലയളവിൽ തലശ്ശേരി നഗരസഭ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കിണർ റീചാർജ്ജിങ്ങ് എന്ന പദ്ധതി പ്രകാരം വികസന ഫണ്ടിൽനിന്നും 3,04,200 രൂപ ചിലവാക്കിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പ്രകാരം ചരിഞ്ഞ മേൽക്കൂരയോട് കൂടിയ വീട്ടുള്ള 30 ഗുണഭോക്താക്കളും പരന്ന മേൽക്കൂരയോട്കൂടിയ വീട്ടുള്ള 10 ഗുണഭോക്താക്കളും ഉൾപ്പെടെ ആകെ 40 ഗുണഭോക്താക്കൾക്ക് കിണർ റീചാർജ്ജിങ്ങ് പ്രവൃത്തി നടത്തിക്കൊടുത്തതിന് കരാറുകാരനായ ശ്രീ.ടി.രാജൻ, ഗ്രീൻവെ, വേങ്ങാട് ന് അനുവദിച്ച തുകയാണ്ചിലവായി വന്നിട്ടുള്ളത്.

സ.ഉ (സാധാ) നം.3989/17/ത.സ്വ.ഭ.വ തീയ്യതി 12.12.2017 പ്രകാരം കിണർ റീചാർജ്ജിങ്ങിന്റെ യൂണിറ്റ് നിരക്ക് പരന്ന മേൽക്കൂരയുള്ള കെട്ടിടത്തിന് 8000 രൂപയായും ചരിഞ്ഞ മേൽക്കൂരയുള്ള കെട്ടിടത്തിന് 8600 രൂപയായുമാണ് നിശ്ചയിച്ചിട്ടുള്ളത്. ഈ ഉത്തരവനുസരിച്ച് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പൊതുവിഭാഗത്തിൽ 90 ശതമാനവും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിന് 100 ശതമാനവും തുക ഈ നിരക്കിൽ പരിമിതപ്പെടുത്തി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഓരോ ഭവനങ്ങളും വ്യത്യസ്തമായ രീതിയിലായതിനാൽ ഡിസൈനും എസ്റ്റിമേറ്റും അതാത് ഗുണഭോക്താവിന് നിശ്ചയിക്കാവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

കൃഷി ഓഫീസർ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. കിണർ റീചാർജ്ജിങ്ങിന് ശ്രീ.ടി.രാജൻ, ഗ്രീൻവെ, വേങ്ങാട് എന്ന വ്യക്തി സമർപ്പിച്ച ടെണ്ടർ തലശ്ശേരി നഗരസഭ കൗൺസിൽ അംഗീകരിച്ചതിന്റെ രേഖയല്ലാതെ ടെണ്ടർ സംബന്ധിച്ച യാതൊരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
2. ഗുണഭോക്തൃ ലിസ്റ്റിൽപെട്ടവർ പൊതുവിഭാഗത്തിൽ ഉൾപ്പെട്ടവരാണ്. എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പൊതുവിഭാഗത്തിന് 90% തുക യൂണിറ്റ് നിരക്കിൽ പരിമിതപ്പെടുത്തിയാണ് തുക അനുവദിക്കേണ്ടത്. ഗുണഭോക്താക്കളുടെ ഡിസൈനുകളും എസ്റ്റിമേറ്റുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല . ഡിസൈനുകൾ ഹാജരാക്കാത്തതുകൊണ്ട് ചരിഞ്ഞ മേൽക്കൂരയുള്ള വീടുകളും പരന്ന മേൽക്കൂരയുള്ള വീടുകളും ഉള്ള ഗുണഭോക്താക്കളെ തിരിച്ചറിയാൻ സാധിച്ചിട്ടില്ല. എസ്റ്റിമേറ്റ് ഹാജരാക്കാത്തതിനാൽ ഓരോ ഗുണഭോക്താവിനും കിണർ റീചാർജ്ജിങ്ങിന് വരുന്ന ചെലവ് സംബന്ധിച്ച വിവരം ലഭ്യമല്ല. കരാറുകാരൻ നൽകിയ

എണ്ണത്തിനനുസരിച്ച് 30 വീടുകൾക്ക് ചെരിഞ്ഞ മേൽക്കൂര എന്ന രീതിയിലാണ് കൃഷി ഓഫീസർ സബ് സിഡി തുകയും അനുവദിച്ചിട്ടുള്ളത്. ഇത് അധിക സബ് സിഡി നൽകുവാനുള്ള സാധ്യതയും ഉണ്ടാക്കുന്നു.

3. പ്രവൃത്തി പൂർത്തീകരിച്ചതായി ഗുണഭോക്താക്കളുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

4. നഗരസഭ അച്ചടിച്ച് പ്രസിദ്ധീകരിച്ച അന്തിമ ഗുണഭോക്തൃ പട്ടികയിൽ 135 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ ഏതൊക്കെ ഗുണഭോക്താക്കളാണ് കിണർ റീചാർജ്ജിങ്ങ് പ്രവൃത്തി പൂർത്തികരിച്ചത് എന്ന വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല . കരാറുകാരൻ നൽകിയ എണ്ണത്തിന് അനുസരിച്ച് കൃഷി ഓഫീസർ തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

5. ആദായ നികുതി നിയമത്തിലെ 194 (സി) വകുപ്പ് പ്രകാരം ആദായനികുതി ഈടാക്കിയതായി കാണുന്നില്ല.

6. മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

7. കിണർ റീചാർജ്ജിങ്ങ് പദ്ധതിയിൽനിന്നും പിൻമാറിയ 4 ഗുണഭോക്താക്കൾക്കുള്ള (ഒരു ചരിഞ്ഞ മേൽക്കൂരയുള്ളതും മൂന്ന് പരന്ന മേൽക്കൂരയുള്ളതുമായ) സബ്സിഡിയായി കരാറുകാരന് മേൽ സൂചിപ്പിച്ച ബില്ലിൽ അനുവദിച്ച 29,340 രൂപ 05.02.2019 ന് ചാലാൻ വഴി തലശ്ശേരി സബ് ട്രഷറിയിൽ 3604-00-911-99 എന്ന ശീർഷകത്തിൽ തിരിച്ചടച്ചതായി കൃഷി ഓഫീസർ 05.02.2019 ലെ കെ.ബി.ടി 30/18-19 കത്ത് പ്രകാരം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ഇതിൽനിന്നും മതിയായ പരിശോധനകളില്ലാതെയും പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമുമ്പും നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട് എന്നും സ;ഉ(പി) 177/2006/ധന തീയ്യതി 12.04.2006 ലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല എന്നുമാണ് പരിശോധനയിൽ വ്യക്തമാകുന്നത്.

മേൽ ന്യൂനതകൾ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 69/2017-18) തുക തിരിച്ചടച്ച വിവരം അറിയിക്കുകയല്ലാതെ രേഖകൾ ഹാജരാക്കുകയോ കൃത്യമായ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ കിണർ റീ ചാർജ്ജിങ്ങിന് ശ്രീ.ടി.രാജൻ, ഗ്രീൻവെ, വേങ്ങാടിന് അനുവദിച്ച തുകയായ 3,04,200 രൂപയിൽ തിരിച്ചടച്ച 29,340 രൂപ കഴിച്ച് 2,74,860 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-25 ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പ്- ആവശ്യമായ രേഖകൾ ഇല്ല

| | | |
|---|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | : | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, തലശ്ശേരി |
| **പ്രോജക്ട് നമ്പർ** | : | S0173/18 |
| **ഫയൽ നമ്പർ** | : | B5-8355(a)/17 |
| **ബിൽ നമ്പർ** | : | 3/2017-18 |
| **തുക** | : | ₹50,000 |
| **ഫണ്ട്** | : | വികസനഫണ്ട് |

തലശ്ശേരി താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 കാലയളവിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചതിന് 50,000 രൂപ

ചെലവായിട്ടുണ്ട്. മെഡിക്കൽ ഓഫീസർ ഹാജരാക്കിയ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. സ.ഉ (എം.എസ്) നമ്പർ.80/2017/തസ്വഭവ. തീയ്യതി 03.04.2017 ലെ ഖണ്ഡിക 12.7 പ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് അനുമതി ഇല്ല. സർക്കാരിൽ നിന്നും പ്രത്യേകാനുമതി ലഭിച്ചതിന്റെ രേഖയും ഫയലിൽ ഇല്ല.
2. ക്വട്ടേഷൻ നോട്ടീസ് നഗരസഭയിലെ പ്രധാന കേന്ദ്രങ്ങളിൽ പ്രദർശിപ്പിച്ചതിന് രേഖകളില്ല.
3. ക്വട്ടേഷൻ തുറക്കുന്ന സമയത്ത് തലശ്ശേരി നഗരസഭയുടെ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ ആരും തന്നെ ഉള്ളതായി കാണുന്നില്ല.
4. ക്വട്ടേഷൻ തലശ്ശേരി നഗരസഭ കൗൺസിൽ അംഗീകരിച്ചതിന്റെ രേഖയില്ല.
5. ക്യാമ്പിൽ പങ്കെടുത്തവരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
6. ഹെൽത്ത് കാർഡിന്റെ കാലാവധി 01.10.2017 മുതൽ 30.09.2018 വരെയാണെന്ന് കാണുന്നു. ഇതുമായി ബന്ധപ്പെട്ട് തുടർപ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ ഇല്ല.
7. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഇല്ല.

മേൽ ന്യൂനതകൾ ചൂണ്ടികാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ 22.01.2019 ലെ 57/2017-18 നം. ഓഡിറ്റ് അന്വേഷണത്തിന് 13.02.2019 ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത മറുപടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ പര്യാപ്തമല്ല. ആയതിനാൽ ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിന് ചെലവായ 50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ പരിശോനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-26 ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ- ഔഷധിയിൽ നിന്നും മുഴുവൻ മരുന്നുകളും ലഭ്യമായില്ല

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ചീഫ് മെഡിക്കൽ ഓഫീസർ,<br>ഗവ.ആയുർവേദ ആശുപത്രി, തലശ്ശേരി. |

2017-18 കാലയളവിൽ ചീഫ് മെഡിക്കൽ ഓഫീസർ, ഗവ.ആയുവേദ ആശുപത്രി, തലശ്ശേരി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആയുർവേദ ആശുപത്രിയിലേക്ക് മരുന്നവാങ്ങൽ എന്ന പ്രോജക്ട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് ഔഷധിക്ക് നൽകിയ 15,00,000 രൂപയിൽ 14,87,195 രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. 12,805 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാൻ ബാക്കി നിൽക്കുന്നുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ബിൽ നം/ തീയ്യതി | ബിൽ തുക | ലഭിച്ച മരുന്നിന്റെ തുക | ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ വില |
|---|---|---|---|---|---|---|
| 1 | 53/ 17-18 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ | 101/17-18 31.07.2017 | 15,00,000 | 14,87,195 | 12,805 |
| ആകെ | | | | 15,00,000 | 14,87,195 | 12,805 |

മേൽ ന്യൂനതകൾ ചൂണ്ടികാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ 02/2017-18 നം. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആയതിനാൽ ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ തുകയായ 12,805 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബാക്കി മരുന്നുകൾ ലഭ്യമാക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-27 വൃക്കരോഗ നിർണ്ണയ ക്യാമ്പ്-നിർവ്വഹണത്തിലെ ന്യൂനതകൾ

| | | |
|---|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | : | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, തലശ്ശേരി |
| **പ്രോജക്ട് നമ്പർ** | : | S0176/18 |
| **ഫയൽ നമ്പർ** | : | B5-11800/17 |
| **ബിൽ നമ്പർ** | : | 1/2017-18 തീയ്യതി 19.01.2018 |
| **തുക** | : | ₹50,000 |
| **ഫണ്ട്** | : | വികസനഫണ്ട് |

തലശ്ശേരി താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 കാലയളവിൽ വൃക്കരോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചതിന് 50,000 രൂപ ചെലവായിട്ടുണ്ട്. മെഡിക്കൽ ഓഫീസർ ഹാജരാക്കിയ ഫയൽ പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. ഫയലിൽ സൂക്ഷിച്ചിട്ടുള്ള പരിപാടിയുടെ നോട്ടീസിൽ ഈ പരിപാടി തലശ്ശേരി നഗരസഭയുടെയും തലശ്ശേരി ജനറൽ ആശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ ലിയോ ക്ലിനിക്കൽ ലാബിന്റെ സഹകരണത്തോടെയാണ് നടത്തുന്നത് എന്ന് രേഖപ്പെടുത്തിയതായി കാണുന്നു. പ്രസ്തുത പരിപാടിയുടെ ചെലവ് പൂർണ്ണമായും വികസന ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. ഈ പദ്ധതി നഗരസഭയുടെ മാത്രം പരിപാടിയാണ്. വൃക്കരോഗ നിർണ്ണയം നടത്തുന്നതിന് സമർപ്പിക്കപ്പെട്ട ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് ലിയോക്ലിനിക്കൽ ലാബിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചത്. ഇതുമായി ബന്ധപ്പെട്ട് 46,000 രൂപ ലിയോക്ലിനക്കൽ ലാബ് 46,000/- രൂപയുടെ കൈപ്പറ്റിയിട്ടുമുണ്ട്. ഇതല്ലാതെ ഈസ്ഥാപനത്തിന് ഈ പദ്ധതി നിർവ്വഹണത്തിൽ യാതൊരു പങ്കാളിത്തവും ഇല്ല. ആയതിനാൽ തെറ്റായ വിവരങ്ങൾ നോട്ടീസിൽ അച്ചടിച്ച് പ്രചരിപ്പിച്ച് ഈ സ്ഥാപനത്തിന് അനർഹമായ അംഗീകാരം ലഭിക്കുവാൻ ഇടയാക്കിയതായി കാണുന്നു.
2. ലാബ് ടെസ്റ്റ് നടത്തിയ വകയിൽ ലിയോ ക്ലിനിക്കൽ ലാബിന് 46,000 രൂപ നൽകിയതിൽനിന്നും ആദായനികുതി വകുപ്പിലെ 194 J പ്രകാരം ആദായനികുതി ഈടാക്കിയതായി കാണുന്നില്ല.
3. ക്വട്ടേഷൻ നോട്ടീസ് നഗരസഭയിലെ പ്രധാന കേന്ദ്രങ്ങളിൽ പ്രദർശിപ്പിച്ചതിന് രേഖകളില്ല.
4. ക്വട്ടേഷൻ തുറക്കുന്ന സമയത്ത് തലശ്ശേരി നഗരസഭയുടെ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ ആരും തന്നെ ഉള്ളതായി കാണുന്നില്ല.
5. ക്വട്ടേഷൻ തലശ്ശേരി നഗരസഭ കൗൺസിൽ അംഗീകരിച്ചതിന്റെ രേഖയില്ല.

6. ക്യാമ്പിൽ പങ്കെടുത്തവരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
7. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഇല്ല.

മേൽ ന്യൂനതകൾ ചൂണ്ടികാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ 22.01.2019 ലെ 55/2017-18 നം. ഓഡിറ്റ് അന്വേഷണത്തിന് 13.02.2019 ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത മറുപടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ പര്യാപ്തമല്ല. ആയതിനാൽ വൃക്കരോഗ നിർണ്ണയ ക്യാമ്പിന് ചെലവായ 50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-28 ജീവിതശൈലി രോഗ നിർണ്ണയ ക്യാമ്പ്-നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | : | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, തലശ്ശേരി |
| **പ്രോജക്ട് നമ്പർ** | : | S0177/18 |
| **ഫയൽ നമ്പർ** | : | B5-11801/17 |
| **ബിൽ നമ്പർ** | : | 2/2017-18 തീയ്യതി 19.01.2018 |
| **തുക** | : | ₹100000 |
| **ഫണ്ട്** | : | വികസനഫണ്ട് |

തലശ്ശേരി താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 കാലയളവിൽ ജീവിത ശൈലി രോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചതിന് 1,00,000 രൂപ ചെലവായിട്ടുണ്ട്. മെഡിക്കൽ ഓഫീസർ ഹാജരാക്കിയ ഫയൽ പരിശോധനയിൽ കണ്ടെത്തിയ

ന്യൂനതകൾ താഴെ കൊടുക്കുന്നു

1. ഫയലിൽ സൂക്ഷിച്ചിട്ടുള്ള പരിപാടിയുടെ നോട്ടീസിൽ ഈ പരിപാടി തലശ്ശേരി നഗരസഭയുടെയും തലശ്ശേരി ജനറൽ ആശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ ലിയോ ക്ലിനിക്കൽ ലാബിന്റെ സഹകരണത്തോടെയാണ് നടത്തുന്നത് എന്ന് രേഖപ്പെടുത്തിയതായി കാണുന്നു. പ്രസ്തുത പരിപാടിയുടെ ചെലവ് പൂർണ്ണമായും വികസന ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. ഈ പദ്ധതി നഗരസഭയുടെ മാത്രം പരിപാടിയാണ്. ഫയൽ പരിശോധിച്ചപ്പോൾ ജീവിത ശൈലി രോഗ നിർണ്ണയം നടത്തുന്നതിന് സമർപ്പിക്കപ്പെട്ട ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് 93,600/- രൂപയുടെ ലിയോക്ലിനിക്കൽ ലാബിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചത് എന്ന് കാണുന്നു. ഇതുമായി ബന്ധപ്പെട്ട് 93600 രൂപ ലിയോക്ലിനക്കൽ ലാബ് കൈപ്പറ്റിയിട്ടുണ്ട്. ഇതല്ലാതെ ഈസ്ഥാപനത്തിന് ഈ പദ്ധതി നിർവ്വഹണത്തിൽ യാതൊരു പങ്കാളിത്തവും ഇല്ല. ആയതിനാൽ തെറ്റായ വിവരങ്ങൾ നോട്ടീസിൽ അച്ചടിച്ച് പ്രചരിപ്പിച്ച് ഈ സ്ഥാപനത്തിന് അനർഹമായ അംഗീകാരം ലഭിക്കുവാൻ ഇടയാക്കിയതായി കാണുന്നു.
2. ലാബ് ടെസ്റ്റ് നടത്തിയ വകയിൽ ലിയോ ക്ലിനിക്കൽ ലാബിന് 93,600 രൂപ നൽകിയതിൽനിന്നും ആദായനികുതി വകുപ്പിലെ 194 J പ്രകാരം ആദായനികുതി ഈടാക്കിയതായി കാണുന്നില്ല.

3. ക്വട്ടേഷൻ നോട്ടീസ് നഗരസഭയുടെ പ്രധാന കേന്ദ്രങ്ങളിൽ പ്രദർശിപ്പിച്ചതിന് രേഖകളില്ല.
4. സ.ഉ (പി) 259/2010/തസ്വഭവ തീയ്യതി 08.11.2010 ലെ ഖണ്ഡിക 3.2 പ്രകാരം 50,000 ന് മുകളിൽ 1,00,000 വരെയുള്ള വാങ്ങലുകൾക്ക് ചുരുങ്ങിയത് 5 ക്വട്ടേഷൻ ആവശ്യമാണ്. എന്നാൽ ഈ പദ്ധതിക്ക് 3 ക്വട്ടേഷൻ മാത്രമാണ് ലഭിച്ചതായി കാണുന്നത്.
5. ക്വട്ടേഷൻ തുറക്കുന്ന സമയത്ത് തലശ്ശേരി നഗരസഭയുടെ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ ആരും തന്നെ ഉള്ളതായി കാണുന്നില്ല.
6. സ.ഉ (പി) 259/2010/തസ്വഭവ തീയ്യതി 08.11.2010 ലെ ഖണ്ഡിക 3.2 പ്രകാരം 50,000 ന് മുകളിൽ 1,00,000 വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ സമർപ്പിക്കുന്നതിന് ചുരുങ്ങിയത് 14 ദിവസത്തെ സമയം അനുവദിക്കേണ്ടതാണ്. 06.12.2017 ക്വട്ടേഷൻ ക്ഷണിക്കാൻ തീരുമാനിച്ചിട്ടുള്ളത്. 14.12.2017 ന് ഉച്ചയ്ക്ക് 12 മണിക്ക് ക്വട്ടേഷൻ തുറന്നതായും കാണുന്നു.
7. ക്വട്ടേഷൻ തലശ്ശേരി നഗരസഭ കൗൺസിൽ അംഗീകരിച്ചതിന്റെ രേഖയില്ല.
8. ജീവിതശൈലി രോഗ നിർണ്ണയം നടത്തുന്നതിന് ഒരാൾക്ക് 200 രൂപയാണ് ലിയോ ക്ലിനിക്കൽ ലാബ് ക്വാട്ട് ചെയ്തത്. പരിശോധന നടത്തിയതിന് 93,600 രൂപ ലിയോ ക്ലിനിക്കൽ ലാബിന് നൽകിയിട്ടുണ്ട്. എന്നാൽ 240 പേരുടെ ലിസ്റ്റ് മാത്രമാണ് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്.
9. 2017 ഡിസംബർ 27, 28 തീയ്യതികളിലായി നടന്ന ചെലവുകളുടെ ബില്ലുകൾ പരിശോധിച്ചപ്പോൾ ആവർത്തിക്കാനിടയില്ലാത്ത ചെലവുകൾ രണ്ട് ദിവസവും നടത്തിയതായി കാണുന്നു. രജിസ്റ്റർബുക്ക്, പെൻ മുതലായവ നൽകിയതിന് കളർ ഡിസൈൻ എന്ന സ്ഥാപനത്തിന് 27.12.2017 നും 28.12.2017 നും 600 രൂപ വീതം (ആകെ 1200 രൂപ) നൽകിയതായി കാണുന്നു. നോട്ടീസ് വിതരണം 27.12.2017 നും 28.12.2017 നും 600 രൂപ വീതം (ആകെ 1200 രൂപ) നൽകിയതായി കാണുന്നു.ചെയ്തതിന് ആശ, ഉഷ എന്നിവർക്ക് 27.12.2017 നും 28.12.2017 നും 500 രൂപ വീതം (ആകെ 1,000 രൂപ) നൽകിയതായി കാണുന്നു.
10. ക്യാമ്പിൽ പങ്കെടുത്തവരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
11. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഇല്ല.

മേൽ ന്യൂനതകൾ ചൂണ്ടികാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ 22.01.2019 ലെ 56/2017-18 നം. ഓഡിറ്റ് അന്വേഷണത്തിന് 13.02.2019 ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത മറുപടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ പര്യാപ്തമല്ല. ആയതിനാൽ ജീവിതശൈലി രോഗ നിർണ്ണയ ക്യാമ്പിന് ചെലവായ 1,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-29 തലശ്ശേരി ജനറൽ ആശുപത്രിയിലേക്ക് ഡയാലിസിസ് മെഷീൻ വാങ്ങൽ - സംബന്ധിച്ച്

| | | |
|---|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | : | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, തലശ്ശേരി |
| **പ്രോജക്ട് നമ്പർ** | : | S0174/2018 |
| **ഫയൽ നമ്പർ** | : | B5-11799/2017 |
| **ബിൽ നമ്പർ** | : | 05/2017-18 തീയ്യതി 08.02.2018 |
| **തുക** | : | 10,87,150 |
| **ഫണ്ട്** | : | വികസനഫണ്ട് |

മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, തലശ്ശേരി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 കാലയളവിൽ തലശ്ശേരി ജനറൽ ആശുപത്രിയിലേക്ക് ഹിമോ ഡയാലിസിസ് മെഷീൻ വാങ്ങുന്നതിന് വികസനഫണ്ടിൽ നിന്നും 10,87,150 രൂപ ചിലവഴിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽപെട്ടു.

1. KMSCL ലുമായി റണ്ണിംഗ് കോൺട്രാക്ട് നിലവിലുള്ള M/s നിപ്രോ മെഡിക്കൽ (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും KMSCL മുഖേനയാണ് രണ്ട് ഹിമോഡയാലിസിസ് മെഷീൻ വാങ്ങിയിട്ടുള്ളത്. ഇതിന്റെ തുകയായി 10,87,150 രൂപ വികസന ഫണ്ടിൽനിന്നും പിൻവലിച്ച് 08.02.2018 ന് KMSCL ന്റെ പഞ്ചാബ് നാഷണൽ ബാങ്കിലെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ 02.03.2018 ന് മാത്രമാണ് KMSCL ന് സപ്ലൈഓർഡർ കൊടുക്കുന്നത്. KMSCL നിന്നും മരുന്നുകൾ വാങ്ങിക്കുമ്പോൾ മുൻകൂർ പണം നൽകുന്നതിന് സർക്കാർ അനുമതി ഉണ്ടെങ്കിലും ഉപകരണങ്ങൾ വാങ്ങുമ്പോൾ പണം മുൻകൂർ നൽകുന്നതിന് അനുമതി ഉള്ളതായി കാണുന്നില്ല. ഉപകരണങ്ങൾക്ക് മുൻകൂർ തുക നൽകിയത് സ.ഉ (പി) 177/2006 തീയ്യതി 12.04.2006 ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ് എന്ന് കാണുന്നു.
2. ഡയാലിസിസ് മെഷീൻ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3. ഒരു യൂണിറ്റിന്റെ വില 5,06,240 രൂപയും KMSCL ന്റെ സർവ്വീസ് ചാർജ് ഒരു യൂണിറ്റിന് 37,335.20 രൂപയുമാണ്. KMSCL സമർപ്പിച്ച റണ്ണിംഗ് കോൺട്രാക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് (ഖണ്ഡിക4,5) തലശ്ശേരി ജനറൽ ആശുപത്രി നേരിട്ട് വിതരണക്കാർക്ക് (M/s നിപ്രോ മെഡിക്കൽ (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ്) സപ്ലൈ ഓർഡർ നൽകുകയാണെങ്കിൽ KMSCL ന്റെ സർവ്വീസ് ചാർജ് ഒടുക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് M/s നിപ്രോ മെഡിക്കൽ (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡിന് നേരിട്ട് സപ്ലൈ ഓർഡർ നൽകിയിരുന്നുവെങ്കിൽ KMSCL ന്റെ സർവ്വീസ് ചാർജ് ഇനത്തിൽ നൽകിയ 74,770/- രൂപയുടെ (37335x2) അധിക ചെലവ് ഉണ്ടാകുമായിരുന്നില്ല.
4. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

മേൽ ന്യൂനതകൾ ചൂണ്ടികാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ 22.01.2019 ലെ 75/2017-18 നം. ഓഡിറ്റ് അന്വേഷണത്തിന് 13.02.2019 ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത മറുപടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ പര്യാപ്തമല്ല. ആയതിനാൽ ഹീമോ ഡയാലിസിസ് മെഷീൻ വാങ്ങുന്നതിന് ബിൽ നം.03/2017-18 തീയ്യതി 08.02.2018 പ്രകാരം ചെലവഴിച്ച 10,87,130/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-30 തലശ്ശേരി ജനറൽ ആശുപത്രിയിലേക്ക് വിവിധ പ്രൊജക്ടുകൾ പ്രകാരം KMSCL ൽ നിന്നും മരുന്നുകൾ വാങ്ങുന്നതിന് മുൻകൂർ തുക അനുവദിച്ചത് - മരുന്നുകൾ ലഭിച്ച വിവരം ലഭ്യമല്ല- തുക തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, തലശ്ശേരി |
| ഫണ്ട് | : | വികസനഫണ്ട് |

മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, തലശ്ശേരി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 കാലയളവിൽ തലശ്ശേരി ജനറൽ ആശുപത്രിയിലേക്ക് വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് താഴെ വിശദീകരിച്ചത് പ്രകാരം 5,99,564 രൂപ മുൻകൂറായി KMSCL ന് അനുവദിച്ചിട്ടുണ്ട്. എന്നാൽ KMSCL ൽ നിന്നും മരുന്നുകൾ ലഭിച്ച വിവരമോ സ്റ്റോക്ക് രജിസ്റ്ററോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ ന്യൂനതകൾ ചൂണ്ടികാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ 28.01.2019 ലെ 81/2017-18 നം. ഓഡിറ്റ് അന്വേഷണത്തിന് 13.02.2019 ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത മറുപടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ പര്യാപ്തമല്ല. ആയതിനാൽ മരുന്നുകൾ വാങ്ങുന്നതിന് KMSCL ന് മുൻകൂർ അനുവദിച്ച 5,99,564 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ഫയൽ നമ്പർ | ബിൽ നമ്പർ / തീയ്യതി | തുക |
|---|---|---|---|---|
| SO171/18 | ജനറൽ ആശുപത്രി തലശ്ശേരി - പാലിയേറ്റീവ് കെയർ യൂണിറ്റിന് മരുന്നുവാങ്ങൽ | B5/10413/17 | 06/2017-18 തീ.08.02.2018 | 2,00,000 |
| SO172/18 | ജനറൽ ആശുപത്രി തലശ്ശേരി -ജീവിത ശൈലി രോഗങ്ങൾക്കുള്ള മരുന്നുവാങ്ങൽ | B5/10414/17 | 07/2017-18 | 1,99,564 |

| | | | | |
|---|---|---|---|---|
| | | | തീ.22.02.2018 | |
| SO175/18 | ജനറൽ ആശുപത്രി ഡയാലിസിസ് മെഡിക്കൽ കിറ്റ് വാങ്ങൽ | B5/11799/17 | 04/2017-18 തീ.08.02.2018 | 2,00,000 |
| ആകെ | | | | 5,99,564 |

# 3-31 തലശ്ശേരി ജനറൽ ആശുപത്രിയിലെ വനിത വാർഡ് നവീകരണം - ന്യൂനതകൾ

| | | |
|---|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | : | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, തലശ്ശേരി |
| **പ്രോജക്ട് നമ്പർ** | : | SO399/2018 |
| **ഫയൽ നമ്പർ** | : | B5-11802/2017 |
| **ഫണ്ട്** | : | വികസനഫണ്ട് |

മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, തലശ്ശേരി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 കാലയളവിൽ തലശ്ശേരി ജനറൽ ആശുപത്രിയിലെ വനിതാ വാർഡ് നവീകരണം പദ്ധതിയിൽ താഴെ പറയുന്ന പ്രകാരം 25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ/ തീയ്യതി | തുക | കുറിപ്പ് |
|---|---|---|
| 08/2017-18 തീയ്യതി 28.02.2018 | 14,94,014 | KMSCL – ₹ 3,25,865<br>ARTCO LTD- ₹ 6,59,914<br>KSCCMF – ₹ 5,08,235 |
| 09/2017-18 തീയ്യതി 20.03.2018 | 2,25,850 | HAREESAN.C.P (Niya Bed) – ₹ 99,450<br>TELTUNE SALES CORPORATION – ₹ 96,000<br>LINK SURGICALS – ₹ 14,400<br>TREND SURGICAL - ₹ 16,000 |
| 10 /2017-18 തീയ്യതി 28.03.2018 | 7,80,136 | ARTCO LTD- ₹7,80,136 |
| **ആകെ** | **25,00,000** | |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ കൊടുക്കുന്നു.

a)ബിൽ നം.08/2017-18 തീയ്യതി 28.02.2018 പ്രകാരം ചെലവഴിച്ച 14,94,014 രൂപയിൽ KMSCL ലുമായി റണ്ണിംഗ് കോൺട്രാക്ട് നിലവിലുള്ള M/s CAREVEL എന്ന സ്ഥാപനത്തിൽ നിന്നും രണ്ട് 'Crash cart' ഉം M/s BLAZE SYSTEMS AND SERVICES എന്ന സ്ഥാപനത്തിൽ നിന്നും നാല് ' Multi parameter moniter ' ഉം KMSCL മുഖേന വാങ്ങുന്നതിന് 325865 രൂപ KMSCL നം ആശുപത്രിക്കാവശ്യമായ വിവിധ ഫർണ്ണിച്ചറുകൾ വാങ്ങുന്നതിന് 6,59,914 രൂപ ARTCO LTD നം 152 കിടക്കയും 152 തലയണയും വാങ്ങുന്നതിന് 5,08,235 രൂപ Kerala State Co-operative Coir Marketing Federation നം ബിൽ നമ്പർ 10 /2017-18 തീയ്യതി 28.03.2018പ്രകാരം 7,80,136 രൂപ ARTCO LTD നം

നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽനിന്നും ഈ തുക സ്ഥാപനങ്ങൾ സമർപ്പിച്ച പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ മുൻകൂറായി പിൻവലിച്ച് സ്ഥാപനങ്ങൾക്ക് നൽകുകയാണ് ചെയ്തത് എന്ന് വ്യക്തമാകുന്നു. . മേൽ ഉപകരണങ്ങൾ/ഫർണ്ണിച്ചറുകൾ ആശുപത്രിയിൽ ലഭിച്ചതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ സ്ഥാപനങ്ങളിൽനിന്നും ഉപകരണങ്ങൾ വാങ്ങുന്നതിന് മുൻകൂർ തുക നൽകിയത് സ.ഉ (പി) 177/2006 തീയ്യതി 12.04.2006 ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്
.

b) രണ്ട് 'Crash cart' ഉം നാല് ' Multi parameter monitor ' ഉം സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ഇൻസ്റ്റലേഷൻ റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

c) 08.07.2011 ലെ 25714/J1/2011/H&FWD നമ്പർ സർക്കാർ കത്ത് പ്രകാരവും KMSCL സമർപ്പിച്ച റണ്ണിംഗ് കോൺട്രാക്ടിലെ വ്യവസ്ഥകളും (ഖണ്ഡിക4,5) അനുസരിച്ച് തലശ്ശേരി ജനറൽ ആശുപത്രി നേരിട്ട് വിതരണക്കാർക്ക് സപ്ലൈ ഓർഡർ നൽകുകയാണെങ്കിൽ KMSCL ന്റെ സർവ്വീസ് ചാർജ് ഒടുക്കേണ്ടതില്ല (7% സർവ്വീസ് ചാർജ്ജും അതിന്റെ 18% ജി.എസ്.ടിയും ) ബിൽ നം.08/2017-18 തീയ്യതി 28.02.2018 പ്രകാരം ചെലവഴിച്ച 14,94,014 രൂപയിൽ KMSCL ലുമായി റണ്ണിംഗ് കോൺട്രാക്ട് നിലവിലുള്ള M/s CAREVEL എന്ന സ്ഥാപനത്തിൽ നിന്നും രണ്ട് 'Crash cart' ഉം M/s BLAZE SYSTEMS AND SERVICES എന്ന സ്ഥാപനത്തിൽ നിന്നും നാല് ' Multi parameter monitor ' ഉം KMSCL മുഖേന വാങ്ങുന്നതിന് 3,25,865 രൂപ KMSCL ന് നൽകിയിട്ടുണ്ട്. Running Contract പ്രകാരം Crash cart ന്റെ യൂണിറ്റ് കോസ്റ്റ് 18,526 രൂപയും KMCSL ന്റെ സർവ്വീസ് ചാർജ് 1,297 രൂപയുമാണ്. Multipara Meter Monitor ന്റെ യൂണിറ്റ് നിരക്ക് 66,640 രൂപയും KMCSL ന്റെ സർവ്വീസ് ചാർജ് 4,915 രൂപയുമാണ്. രണ്ട് crash cart ഉം 4 Multi Para Monitor ഉം KMCSL മുഖേന സപ്ലൈ ഓർഡർ നൽകിയതുവഴി വികസന ഫണ്ടിൽ നിന്നും 22,254 രൂപ [(1297x2 = 2594) + (4915 x4=19660)] അധികം ചെലവായിട്ടുണ്ട്.

d) ബിൽ നമ്പർ 09/2017-18 തീയ്യതി 20.03.2018 പ്രകാരം പിൻവലിച്ച 2,25,850 രൂപയിൽ വനിതാ വാർഡിലേക്ക് 120 കസേരകൾ സപ്ലൈ ചെയ്തതിന് M/s TELTUNE Sales Coporation, എന്ന സ്ഥാപനത്തിന് 96,000 രൂപ അനുവദിച്ചിട്ടുണ്ട്. സ.ഉ (പി) 259/2010 ത.സ്വ.ഭ.വ തീയ്യതി 08.11.2010 പ്രകാരമുള്ള സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കാതെയാണ് വാങ്ങലുകൾ നടത്തിയത്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം 50,000 മുതൽ 1 ലക്ഷം രൂപവരെയുള്ള വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടറുകളിലാണ് പെടുന്നത്. ഇത് പ്രകാരം ചുരുങ്ങിയത് 5 ക്വട്ടേഷനുകളെങ്കിലും ആവശ്യമാണ്. എന്നാൽ 3 ക്വട്ടേഷൻ മാത്രം ലഭിച്ചതായാണ് ഫയലിൽ രേഖപ്പെടുത്തി കാണുന്നത്.

e) ബിൽ നമ്പർ 09/2017-18 തീയ്യതി 20.03.2018 പ്രകാരം പിൻവലിച്ച 225850 രൂപയിൽ ജനറൽ ആശുപത്രിയിലെ 117 കിടക്കകൾ റീ കണ്ടീഷൻ ചെയ്ത വകയിൽ 99450 രൂപ NIYA BED MAKERS, Koyilandy എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ.ഉ (പി) 259/2010 ത.സ്വ.ഭ.വ തീയ്യതി 08.11.2010 പ്രകാരമുള്ള സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കാതെയാണ് വാങ്ങലുകൾ നടത്തിയത്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം 50,000 മുതൽ 1 ലക്ഷം രൂപവരെയുള്ള വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടറുകളിലാണ് പെടുന്നത്. ഇത് പ്രകാരം ചുരുങ്ങിയത് 5 ക്വട്ടേഷനുകളെങ്കിലും ആവശ്യമാണ്. എന്നാൽ 3 ക്വട്ടേഷൻ മാത്രം ലഭിച്ചതായാണ് ഫയലിൽ രേഖപ്പെടുത്തി കാണുന്നത്.

f) മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

മേൽ ന്യൂനതകൾ ചൂണ്ടികാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ 28.01.2019 ലെ 80/2017-18 നം. ഓഡിറ്റ് അന്വേഷണത്തിന് 13.02.2019 ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത മറുപടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ പര്യാപ്തമല്ല. ആയതിനാൽ ഉപഖണ്ഡിക (a), (b), (c), (f) കളിൽ ചൂണ്ടികാണിച്ച ന്യൂനതകൾ കാരണം ബിൽ നമ്പർ 8 തീയ്യതി പ്രകാരം ചെലവഴിച്ച 14,94,014 രൂപയും ഉപഖണ്ഡിക (a),(f) കളിൽ ചൂണ്ടികാണിച്ച ന്യൂനതകൾ കാരണം ബിൽ നമ്പർ തീയ്യതി പ്രകാരം ചെലവഴിച്ച 7,80,136 രൂപയും ഉപഖണ്ഡിക (d), (e), (f) കളിൽ ചൂണ്ടികാണിച്ച ന്യൂനതകൾ കാരണം ബിൽ നമ്പർ തീയ്യതി പ്രകാരം M/s TELTUNE Sales Coporation, എന്ന സ്ഥാപനത്തിന് അനുവദിച്ച 96,000 രൂപയും NIYA BED MAKERS, Koyilandy എന്ന സ്ഥാപനത്തിന് അനുവദിച്ച 99450രൂപയും (ആകെ 14,94,014 + 7,80,136 + 96,000 + 99,450 = 24,69,600 രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-32 മാടപ്പീടിക തൊഴിൽ പരിശീലന കേന്ദ്രത്തിൽ പരിശീലന പരിപാടികൾ നടത്തിയിട്ടില്ല- പരിശീലന സാമഗ്രികൾക്ക്

# ചെലവഴിച്ച തുക പാഴാകുന്നു.

| | | |
|---|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | : | പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജനസെൽ |
| **പ്രോജക്ട് നമ്പർ** | : | 57/2018 |
| **ഫയൽ നമ്പർ** | : | എച്ച് 4-37277/2017 |
| **ബിൽ നമ്പർ/തീയ്യതി** | : | 7/2017-18; 22.01.2018 |
| **തുക** | : | 52,142/- |
| **ഫണ്ട്** | : | വികസന ഫണ്ട് |

2017-18 കാലയളവിൽ മാടപ്പീടിക തൊഴിൽ പരിശീലന കേന്ദ്രത്തിൽ പരിശീലന സാമഗ്രികൾ വാങ്ങിയതുമായി ബന്ധപ്പെട്ട് (തയ്യൽ പരിശീലനം) സീയ എന്റർ പ്രൈസസ് എന്ന സ്ഥാപനത്തിന് 52,142/- രൂപ അനുവദിച്ചിട്ടുണ്ട്. മാടപ്പീടിക തൊഴിൽ പരിശീലന കേന്ദ്രത്തിൽ നാളിതുവരെ യാതൊരു പരിശീലന പരിപാടികളും നടന്നിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.13/2017-18) സമർപ്പിച്ച മറുപടിയിൽ പ്രസ്തുത കേന്ദ്രത്തിൽ പരിശീലനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുള്ളത്. മാടപ്പീടിക തൊഴിൽ പരിശീലന കേന്ദ്രത്തിൽ നാളിതുവരെ പരിശീലന പരിപാടികൾ നടത്താത്ത സാഹചര്യത്തിൽ 2017-18 കാലയളവിൽ ഈ പരിശീലന കേന്ദ്രത്തിലേക്ക് വാങ്ങിയ പരിശീലന സാമഗ്രികളുടെ വിലയായ 52,142 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-33 എസ്.എസ്.എ പദ്ധതി- ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കപ്പെടുന്നില്ല

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെഡ് മാസ്റ്റർ, ഗവ.ഹൈസ്കൂൾ, കൊടുവള്ളി | |
| പ്രൊജക്ടിന്റെ പേര് | : | എസ്.എസ്.എ പദ്ധതിക്ക് നഗരസഭാ വിഹിതം | |
| പ്രോജക്ട് നമ്പർ | : | 198/18 | |
| വകയിരുത്തൽ | : | 37,08,706 (വികസന ഫണ്ട്) | |
| ചെലവ് | : | 37,08,706 (വികസന ഫണ്ട്) | |
| | | ബിൽ നം. | തീയ്യതി |
| | | 1/2017-18 | 14.07.2017 |

എസ്.എസ്.എ പ്രൊജക്ട് നടപ്പിലാക്കുന്നതിനായി 2017-18 വർഷം നഗരസഭാ വിഹിതമായി വികസന ഫണ്ടിൽനിന്ന് 37,08,706 രൂപ സർവ്വ ശിക്ഷാ അഭിയാന്റെ ജില്ലാ പ്രൊജക്ട് ഓഫീസിന് നൽകിയിട്ടുണ്ട്. 2017-18 വർഷം എസ്.എസ്.എ. യുടെ വിവിധ പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച എസ്.എസ്.എ.-യുടെ കണ്ണൂർ ജില്ലാ പ്രൊജക്റ്റ് ഓഫീസർ ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമാണ്.

പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രകാരം എസ്.എസ്.എ പ്രൊജക്ടുകളിൽ അടവാക്കുന്ന തുക പ്രസ്തുത കാര്യത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നുണ്ട് എന്ന് വിലയിരുത്തപ്പെടേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എസ്.എസ്.എ പ്രൊജക്ട് ഓഫീസർ നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ച ചെലവ് തുകകൾ മുഴുവൻ നിർദ്ദിഷ്ടകാര്യങ്ങൾക്ക് വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഏതു വിധത്തിലാണ് ഉറപ്പാക്കുന്നതെന്നും എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 പ്രകാരം 88,000 രൂപ ചെലവഴിച്ച് നഗരസഭാ പരിധിയിലെ ഏതൊക്കെ സ്കൂളുകളിലാണ് ബോയ്സ് ടോയ് ലറ്റുകൾ നിർമ്മിച്ചിട്ടുള്ളതെന്നും ഓഡിറ്റ് അന്വേഷണം - 8/2017-18/തീയ്യതി: 21.06.2018 പ്രാകാരം ആരാഞ്ഞിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. എസ്.എസ്.എ. പ്രൊജക്ടുകളിൽ അടക്കുന്ന തുക പ്രസ്തുത കാര്യത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നുണ്ട് എന്ന് ഉറപ്പാക്കപ്പെടുന്നില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. നഗരസഭയിൽ ഏതൊക്കെ സ്കൂളുകളിലാണ് ടോയ് ലറ്റ് നിർമ്മിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാത്ത സാഹചര്യത്തിലും

ചെലവ് തുകകൾ മുഴുവൻ നിർദ്ദിഷ്ടകാര്യങ്ങൾക്ക് വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഏതു വിധത്തിലാണ് ഉറപ്പാക്കുന്നത് എന്ന് വ്യക്തമാക്കാത്തതിനാലും 37,08,706 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-34 ക്വട്ടേഷൻ, ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല

ഹെഡ്മാസ്റ്റർ, ഗവ.ഹൈസ്കൂൾ, കൊടുവള്ളി; ഹെഡ്മിസ്ട്രസ്സ്, അയ്യലത്ത് യു.പി. സ്കൂൾ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പാക്കിയ പദ്ധതികൾക്കുവേണ്ടി സാധനങ്ങൾ സമാഹരിച്ചതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹിരക്കുന്നതിനുള്ള മാർഗ്ഗരേഖ, സ്റ്റോർ പ്രച്ചേസ് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് നമ്പർ | ചെലവ് | അപാകത |
|---|---|---|---|
| ഹെഡ്മാസ്റ്റർ, ഗവ. ഹൈസ്കൂൾ, കൊടുവള്ളി | 201/18 | 24,125 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (08.11.2010 ലെ ജി.ഒ (പി) 259/2010/തസ്വഭവ) പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല :<br>1. പെറ്റി പർച്ചേസ് നടത്തിയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. 5,000 രൂപക്കു മുകളിലുള്ളതും 25,000 രൂപയിൽ താഴെ വിലയുള്ള സാധനങ്ങൾ സമാഹരിക്കുന്നതിന് ക്വട്ടേഷൻ രീതി അവലംബിക്കേണ്ടതാണെങ്കിലും ആയത് പാലിച്ചിട്ടില്ല.<br>2. അറിയപ്പെടുന്ന വിതരണക്കാരിൽനിന്നും കുറഞ്ഞത് 3 ക്വട്ടേഷനുകൾ സ്വീകരിക്കേണ്ടതാണെന്നും ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അറിയിപ്പ് നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണെന്നുമുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.<br>മേൽക്കാര്യം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷത്തിന് (നമ്പർ: 12/2017-18) മറുപടി ലഭ്യമാക്കിയിട്ടില്ല. |
| ഹെഡ്മിസ്ട്രസ്സ്, അയ്യലത്ത് യു.പി. സ്കൂൾ | 191/18 | 75,000 | മേൽ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല:<br>1. ധനകാര്യ കമ്മീഷൻ അവാർഡ് ഫണ്ട് ചെലവഴിച്ച് നഗരസഭാ പരിധിയിലെ 15 യു.പി. സ്കൂളുകളിൽ നടപ്പിലാക്കിയ പദ്ധതികളാണിവ. ടെണ്ടർ പരസ്യം വ്യാപക പ്രചാരമുള്ള ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (09/2017-18, തീയ്യതി:21.06.2018; 11/2017-18, തീയ്യതി: 21.06.2018) നൽകിയ മറുപടിയിൽ ടെണ്ടർ പരസ്യം ചെയ്ത മലയാള പത്രത്തിന്റെ കട്ടിംഗ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇംഗ്ലീഷ് ദിനപത്രത്തിൽ പരസ്യം നൽകിയിട്ടുണ്ടോ ഇല്ലയോ എന്ന് മറുപടിയിൽ വ്യക്തമായിട്ടില്ല.<br>2. ടെണ്ടർ ഓപ്പൺ ചെയ്യുമ്പോൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ ഒരു അംഗത്തിന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കേണ്ടതാണെന്ന് മേൽ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത് വ്യക്തമാക്കുന്ന ഒരു രേഖയും ബന്ധപ്പെട്ട ഫയലുകളിൽ ലഭ്യമല്ല. മേൽ ഓഡിറ്റ് എൻക്വയറിക്ക് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അടങ്ങുന്ന ഒരു പാനലാണ് ടെണ്ടർ തുറക്കുന്നതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഇത് എൻക്വയറിയിൽ ഉന്നയിച്ച വിഷയത്തിന് ഉതകുന്ന മറുപടിയല്ല. |
| | 192/18 | 2,17,500 | |
| | 433/18 | 1,00,380 | വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന |

| | | | |
|---|---|---|---|
| | | | ലക്ഷ്യത്തോടെ 7 പ്രൈമറി സ്കൂളുകളിലേക്ക് പ്രിന്ററുകൾ വാങ്ങി നൽകുന്ന പദ്ധതിയാണിത്. ടെണ്ടർ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. മൂന്ന് സ്ഥാപനങ്ങളുടെ ടെണ്ടറുകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ പെർഫെക്ട് സൊല്യൂഷൻ എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് സ്വീകരിച്ചിരിക്കുന്നത്. ഈ പദ്ധതി സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.<br><br>1. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8.2 ലെ വ്യവസ്ഥയനുസരിച്ച് ഈടാക്കേണ്ട ഏറ്റവും കുറഞ്ഞ നിരതദ്രവ്യം 1500/- രൂപയാണ്. എന്നാൽ ടെണ്ടർ നൽകിയ സ്ഥാപനങ്ങളിൽനിന്ന് വകയിരുത്തിയ തുകയുടെ ഒരു ശതമാനമായ 1050/- രൂപയാണ് നിരതദ്രവ്യമായി ഈടാക്കിയിരിക്കുന്നത്.<br><br>2. ക്യാഷ്, ക്രോസ്സ് ചെയ്ത ബാങ്ക് ഡ്രാഫ്റ്റ്, ട്രഷറി സേവിംങ്സ് ബാങ്ക് ഡെപ്പോസിറ്റ്, സർക്കാർ പ്രോമിസറി നോട്ട്, ബാങ്ക് ഗ്യാരന്റി, നാഷണൽ സേവിംങ്സ് സർട്ടിഫിക്കറ്റ് എന്നിവയിലേതെങ്കിലു മൊരു രൂപത്തിലാണ് നിരതദ്രവ്യം സ്വീകരിക്കേണ്ടതെന്ന് സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8.12 ൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ മാന്വലിൽ നിർദ്ദേശിച്ചിട്ടില്ലാത്ത രൂപത്തിൽ ചെക്കുകളായാണ് നിരതദ്രവ്യം ഈടാക്കിയിരിക്കുന്നത്. |

നിർവ്വഹണ ഉദ്യോഗസ്ഥർ സാധനങ്ങളും സേവനങ്ങളും സമാഹിരക്കുന്നതിനുള്ള മാർഗ്ഗരേഖ, സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് നഗരസഭ ഉറപ്പുവരുത്തേണ്ടതാണ്.

## 3-35 മത്സ്യതൊഴിലാളികളുടെ മക്കളായ വിദ്യർത്ഥികൾക്ക് ഫർണ്ണിച്ചർ - മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കാത്തത്

| | | |
|---|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | : | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, തലശ്ശേരി. |
| **പ്രൊജക്ടിന്റെ പേര്** | : | മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യർത്ഥികൾക്ക് ഫർണ്ണിച്ചർ |
| **പ്രൊജക്ട് നമ്പർ** | : | 72/2018 |
| **ബിൽ തീയ്യതി** | : | 20.03.2018 |
| **തുക** | | ₹ 42,157 |

2017-18 കാലയളവിൽ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ, മത്സ്യതൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ എന്ന പദ്ധതിയിൽ 86 ഗുണഭോക്താക്കൾക്ക് മേശയും കസേരയും നൽകിയിട്ടുണ്ട്. സ.ഉ (എം.എസ്) നമ്പർ 80/2017 ത.സ്വ.ഭ.വ തീയ്യതി 03.04.2017 ലെ ഖണ്ഡിക 8.4 എ.7 പ്രകാരമുള്ള നിബന്ധനകളിൽ ഫർണ്ണിച്ചർ സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചപ്പോൾ പ്രൊജക്ട് പ്രകാരമുള്ള ഫർണ്ണിച്ചർ വിതരണം നടത്തിയത് 16.03.2018 ന് സെന്റ് പീറ്റേഴ്സ് സ്കൂൾ ചാലിൽ വെച്ച് നടന്ന ഒരു പൊതു പരിപാടിയിൽ വെച്ചാണ് എന്ന് കാണുന്നു. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണ നം.24/2017-18) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ പരീക്ഷാ കാലമായതിനാലും 90% ഗുണഭോക്താക്കളും ചാലിൽ, ഗോപാൽപേട്ട പ്രദേശത്തുള്ളവരായതിനാലുമാണ് സെന്റ് പീറ്റേഴ്സ് സ്കൂൾ ചാലിൽ നടത്തിയ പൊതുപരിപാടിയിൽ ഈ പദ്ധതി പ്രകാരമുള്ള ഫർണ്ണിച്ചറുകൾ വിദ്യാർത്ഥികൾക്ക് അനുവദിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-36 പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയതിലുള്ള അപാകത മൂലം നികുതിതുകകൾ കുറവായി ഈടാക്കി

ചില മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യം കണക്കാക്കിയതിൽ ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും എഗ്രിമെന്റ് വയ്ക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോഴുണ്ടാകുന്ന പിഴ, പ്രവൃത്തി പൂർത്തീകരണ കാലതാമസം വഴിയുള്ള പിഴ എന്നിവ കുറച്ച തുകയിന്മേലാണ് VAT, IT, KCWWF എന്നിവ കണക്കാക്കിയിരിക്കുന്നത്. ഇതു മൂലം മരാമത്ത് പ്രവൃത്തികളിമേൽ നികുതി, തൊഴിലാളി ക്ഷേമനിധി തുകകളിൽ കുറവ് വരുന്നു. ഈ രീതിയിൽ തുക കണക്കാക്കിയ പ്രവൃത്തികളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം) | ഫയൽ നം/ എം.ബുക്ക് നം | ബിൽ നം. തീയ്യതി /തുക | കണക്കാക്കിയ ആകെ പ്രവൃത്തി മൂല്യം (ആകെ പ്രവൃത്തി മൂല്യം- പിഴ) | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| W 41ൽ ഗോപാലപേട്ട റോഡിൽ പൊതുകിണർ മുതൽ ഗുഡ്സ്മെൻ ഹൗസ് വരെ ഓവുചാൽ പുനരുദ്ധാരണം (പ്രോ. നം. 481/17) | ഇ1-41747/16 397/16 | 12/17-18 30-6-17 128792 | 128792 (130629-1837) | VAT -5152 IT - 1288 KCWWF-1288 | VAT -5225 IT- 1306 KCWWF-1306 | 73+18+18= 109 |
| W37 ൽ രാമകൃഷ്ണ ജഡ്ജിയുടെ വീട്ടു മുതൽ കളത്തിൽ വീട്ടു വരെ റോഡ് ടാറിംഗും ഓവുചാൽ നിർമ്മാണവും | ഇ1-5836/16 434/16 | 49/17-18 28-09-17 360122 | 360122 (369880-9758) | VAT-14405 IT -3601 KCWWF – 3601 | VAT-14795 IT -3699 KCWWF – 3699 | 390+98+98= 586 |
| W24 ൽ നെരോത്ത് റോഡ് റീടാറിംഗ് | ഇ2-41798/14 75/14 | 41/17-18 22-09-17 166924 | 205738 (210846-2721(Cost of bitumen)-2387)) | VAT-8172 IT -2043 KCWWF – 2043 | VAT-8434 IT -2108 KCWWF – 2108 | 262+65+65 = 392 |
| ആകെ | | | | | | 1,087 |

നികുതി കുറവായി ഈടാക്കിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 72/2017-18 തീയ്യതി 21.01.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ആദായനികുതി, വാറ്റ്, നിർമ്മാണ ക്ഷേമനിധി എന്നീ ഇനങ്ങളിൽ കുറവ് വന്ന 1,087/- രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി സർക്കാരിലേക്കും ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്കും അടക്കേണ്ടതാണ്.

## 3-37 വനിതാ സാംസ്കാരികനിലയത്തിന് വേണ്ടി പണിത കെട്ടിടത്തിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ ഓഫീസ് പ്രവർത്തിക്കുന്നു

| | |
|---|---|
| പ്രവൃത്തിയുടെ പേര് (പ്രോജക്ട്നം) | പൂവളപ്പ് തെരു അംഗനവാടി - 1-ാം നിലയിൽ സാംസ്കാരികനിലയം നിർമ്മാണം (SO 728/18) |
| ഫയൽ നം | E1- 41049/14 |
| എം.ബുക്ക് നം | 208/15 |
| ബിൽ തുക | 3,50,033/- (I$^{st}$ & പാർട്ട് ബിൽ) 5,47,254/-(2$^{nd}$ & ഫൈനൽ ബിൽ) |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

തലശ്ശേരി നഗരസഭയുടെ 150-ാം വാർഷികത്തിന്റെ ഭാഗമായി നഗരസഭയിലെ വനിതകളുടെ സാംസ്കാരിക ഉന്നമനം ലക്ഷ്യം വച്ച് പൂവളപ്പ് തെരു അംഗനവാടിയുടെ 1-ാം നിലയിൽ വികസനഫണ്ടിൽ നിന്നും 8,97,287/-രൂപ ചെലവഴിച്ച് വനിതാ സാംസ്കാരികനിലയം പണിയുകയും 2017 ആഗസ്റ്റ് 15 ന് ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 2019 ജനുവരി 25 ന് വനിതാ സാംസ്കാരിക നിലയത്തിന്റെ തുടർപ്രവർത്തനങ്ങൾ അറിയുന്നതിന് വേണ്ടി നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത കെട്ടിടത്തിൽ 2018 ജനുവരി മുതൽ നഗരസഭ ആരോഗ്യവിഭാഗം "D ഡിവിഷൻ" ഹെൽത്ത് ഇൻസ്പെക്ടറുടെ കാര്യാലയം ആണ് പ്രവർത്തിക്കുന്നതെന്ന് കാണാൻ കഴിഞ്ഞു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (78/2017-18 തീയ്യതി 28.01.2019) ഹെൽത്ത് ഇൻസ്പെക്ടറുടെ കാര്യാലയം പുതുക്കിപ്പണിയുന്നതിന്റെ ഭാഗമായി താല്ക്കാലികമായി ടി കെട്ടിടത്തിൽ പ്രവർത്തിച്ചു വരികയാണെന്ന് മറുപടിയിൽ വ്യക്തമാക്കുകയുണ്ടായി. വികസന ഫണ്ടിൽ നിന്നും വലിയ തുക ചെലവിട്ട് പണിത കെട്ടിടം പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല.

# 3-38 മരാമത്ത് പ്രവൃത്തികളുടെ പൊതു അപാകതകൾ

1) സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുന്നതിലെ കാലതാമസം

മരാമത്ത് പ്രവൃത്തികൾക്ക് കരാറുകാർ സപ്ലിമെന്ററി എഗ്രിമെന്റ് കൃത്യസമയത്ത് വയ്ക്കുന്നില്ല. പല കാരണങ്ങൾ കൊണ്ടും പ്രവൃത്തി നിർവ്വഹണം നടത്തുന്നതിന് കാലതാമസം ഉണ്ടാകുകയും നിർവ്വഹണ ഉദ്യോഗസ്ഥർ കൗൺസിൽ തീരുമാനത്തോടെ പ്രവൃത്തിയുടെ സമയപരിധി നീട്ടികൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി നീട്ടിക്കൊടുക്കുന്നതിനുള്ള സപ്ലിമെന്ററി എഗ്രിമെന്റ് കരാറുകാർ പല സന്ദർഭങ്ങളിലും വൈകിസമർപ്പിക്കുന്നതായി ഫയൽ പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | പ്രവൃത്തി ദീർഘിപ്പിച്ച കാലയളവിന്റെ സമയപരിധി | റിമാർക്സ് |
|---|---|---|
| E1-3915416<br>തോട്ടോൾ മുക്ക് പാരമ്പത്ത് റോഡ് ടാറിംഗ് - വാർഡ് 30 | 30-01-2018 | 30-01-2018 വരെ കാലയളവ് ദീർഘിപ്പിച്ചു കൊണ്ട് സമയപരിധി അനുവദിച്ച സ്റ്റാമ്പ് പേപ്പർ ഇഷ്യൂ ചെയ്തത് 19-03-2018 ന് ആണ് |
| കൊട്ടാരം വളപ്പിലെ വയോമിത്രം ക്ലിനിക്ക് കെട്ടിടം അറ്റകുറ്റ പണി | 30-10-2016 | 30-10-2016 വരെ കാലയളവ് ദീർഘിപ്പിച്ചു കൊണ്ട് സമയപരിധി അനുവദിച്ച സ്റ്റാമ്പ് പേപ്പർ ഇഷ്യൂ ചെയ്തത് 28-11-2016ന് ആണ് |

സപ്ലിമെന്ററി എഗ്രിമെന്റ് കരാറുകാർ കൃത്യസമയത്ത് തന്നെ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

2) ഫൈനൽ ബില്ലിൽ ആദ്യ ഭാഗിക ബില്ലുകളുടെ വിവരം രേഖപ്പെടുത്തുന്നില്ല

മണിയൻകുളങ്ങര ആച്ചുകുളങ്ങര മഠം റോഡ് മെറ്റലിംഗ് എന്ന പ്രവൃത്തിക്ക് രണ്ട് ബില്ലുകൾ (Ist & പാർട്ട് ബിൽ - 479,790, IInd & ഫൈനൽ ബിൽ - 77,425) പാസാക്കിയിട്ടുണ്ട്. എന്നാൽ രണ്ടാം ബിൽ തയ്യാറാക്കുമ്പോഴും Ist & പാർട്ട് ബിൽ എന്ന് കാണിക്കുകയും ബില്ലിന്റെ പാർട്ട് III ൽ Ist ബില്ലിന്റെ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല. ബില്ലുകൾ തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട സെക്ഷനും അധികൃതരും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

3) പദ്ധതി ആസൂത്രണം ചെയ്യുന്നതിലെ പാളിച്ചകൾ

(a) 2016-17 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വാർഡ് 16 ൽ പത്തിലായി വത്സന്റെ വീട്ടു മുതൽ കണ്ടിക്കൽ കുട്ടിമാക്കൂൽ റോഡ് വരെ ഫുട്പാത്ത് കോൺക്രീറ്റിംഗ് (ഫയൽ നം.E2-41649/16) എന്ന പൊതുമരാമത്ത് പ്രവൃത്തി എഗ്രിമെന്റ് വയ്ക്കുകയും ചെയ്യുകയും കരാറുകാരന് വർക്ക് ഓർഡർ നല്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്ന ഘട്ടത്തിൽ പ്രവൃത്തി നടത്തുന്നതിന് നിശ്ചയിച്ച സ്ഥലം ഒരു സ്വകാര്യ വ്യക്തിയുടേതാണ് എന്ന് മനസ്സിലാക്കിയതിനാൽ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2017 ജൂലായ് 25 ന നടന്ന യോഗത്തിൽ തീരുമാനം 4 പ്രകാരം പ്രവൃത്തി ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

(b) 2016-17 വാർഷിക പദ്ധതിയിലെ വാർഡ് 46 ലെ ബത്തേരി വളപ്പിനു പിറകുവശം ഓവുചാൽ നിർമ്മാണം(ഫയൽ നം. E1- 40589/16) എന്ന പ്രവൃത്തി ശ്രീ. പി. പ്രകാശൻ എന്ന കരാറുകാരൻ ഏറ്റെടുത്ത് നിർവ്വഹണം ആരംഭിക്കാനിരിക്കെ പ്രസ്തുത സ്ഥലം അമ്പലകമ്മിറ്റിയുടെ അധീനതയിലുള്ളതാണെന്നും മനസ്സിലാക്കിയതിനാൽ 2017 ജൂൺ 22 ലെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2 -ാം തീരുമാനപ്രകാരം വാർഡ് കൗൺസിലറുടെ റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കാൻ തീരുമാനിച്ചു.

പ്രവൃത്തി നടത്തേണ്ട സ്ഥലത്തെ കുറിച്ച് കൃത്യമായ ധാരണയില്ലാതെ പദ്ധതികൾ തയ്യാറാക്കുക വഴി ആസൂത്രണം മുതൽ നിർവ്വഹണഘട്ടം വരെയുള്ള വിവിധ തലങ്ങളിലെ മനുഷ്യപ്രയത്നം വൃഥാവിലാകുന്നു.

(4) <u>ഗുണനിലവാരമില്ലാത്ത റോഡുപ്രവൃത്തികൾ.</u>

ടൗൺഹാൾ വാർഡിലെ മൂന്ന് മാസം മുൻപ് അറ്റകുറ്റപണിചെയ്ത റോഡുകൾ പൊട്ടിപൊളിഞ്ഞ് അപകടാവസ്ഥയിൽ ആയതിനാൽ അറ്റകുറ്റപണി ചെയ്ത് യാത്രായോഗ്യമാക്കുന്നതിന് റസിഡൻസ് അസോസിയേഷൻ സെക്രട്ടറിയുടെ അപേക്ഷയിന്മേൽ റോഡ് പ്രവൃത്തി ചെയ്ത കരാറുകാരെ കൊണ്ട് തന്നെ റിപ്പയർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയരെ ചുമതലപ്പെടുത്തികൊണ്ട് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2017 ആഗസ്റ്റ് 18 -ാം തീയ്യതിയിലെ യോഗത്തിൽ 5-ാം അജണ്ടയിന്മേൽ തീരുമാനമെടുത്തു (ഫയൽ നം. E6-29506/17).

പൊതുമരാമത്ത് പണികളിലെ നിലവാരം ഉറപ്പു വരുത്തുന്നതിന് ശരിയായ മേൽനോട്ടം ഉദ്യോഗസ്ഥതലത്തിലും മോണിറ്ററിംഗ് കമ്മിറ്റി തലത്തിലും സാമൂഹ്യ ഓഡിറ്റ് കമ്മിറ്റി തലത്തിലും ഉണ്ടാകേണ്ടതാണ്.

# 3-39 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി -അവലോകനം

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

### വിവരവിജ്ഞാന വ്യാപനം ഫലപ്രദമായിട്ടില്ല

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതകളും പ്രവൃത്തിയെടുക്കുന്നവർക്ക് പദ്ധതിയുടെ ഭാഗമായി ലഭ്യമാകുന്ന അവകാശങ്ങളും സംബന്ധിച്ച് വ്യാപകമായ പ്രചരണം ആവശ്യമാണ് എന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2017-18 വരെ ആകെ 535 വ്യക്തികൾ മാത്രമാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. നഗരസഭയിലെ 52 വാർഡുകളിൽ 37 വാർഡുകളിൽ നിന്നുമാത്രമാണ് 31.03.2018 വരെ ഈ പദ്ധതി രജിസ്ട്രേഷൻ നടന്നിട്ടുള്ളത്. ബാക്കിയുള്ള 15 വാർഡുകളിൽനിന്നും ആരും തന്നെ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടില്ല. നഗരസഭ ഹാജരാക്കിയ രേഖകൾ പ്രകാരം 98വ്യക്തികൾ മാത്രമാണ് 31-03-18വരെ തൊഴിൽ ആവശ്യപ്പെട്ടത്. 92558 ജനസംഖ്യം 5558 ബി.പി.എൽ കുടുംബങ്ങളും 179 നിരാംലബ കുടുംബങ്ങളും (നഗര വികസന രേഖ 2017) ഉള്ള നഗരസഭയിൽ തൊഴിലുറപ്പ് പദ്ധതിക്ക് 100 പേർ പോലും അപേക്ഷിച്ചിട്ടില്ല എന്നതിൽ നിന്നുംഅയ്യങ്കാളി നഗര തൊഴിലുറപ്പുമായി ബന്ധപ്പെട്ട് തലശ്ശേരി നഗരസഭയുടെ ഭാഗത്തുനിന്നും ബോധവൽക്കരണ പരിപാടികൾ ഫലപ്രദമായിട്ടില്ല എന്ന് വ്യക്തമാകുന്നു. തൊഴിലുറപ്പ് പദ്ധതിയെകുറിച്ച് കാര്യമായ അവബോധം പൊതു ജനങ്ങളിൽ സൃഷ്ടിക്കേണ്ടതുണ്ട്.

### ആസൂത്രണം

ഓരോ നഗരസഭയും ഓരോ സാമ്പത്തികവർഷവും ഡിസംബർ 31 ന് മുമ്പേ തൊട്ടടുത്ത സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട് എന്ന് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഫയലുകൾ പരിശോധിച്ചപ്പോൾ നഗരസഭയിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ശരിയായ ആസൂത്രണ പ്രക്രിയ നടന്നിട്ടില്ല എന്ന് വ്യക്തമാകുന്നു. വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ ഒന്നും തന്നെ ( കുടുംബശ്രീ അയൽക്കൂട്ടതല ചർച്ച, നഗരസഭ വാർഡ്തല ക്രോഡീകരണം, നഗരസഭ ഫെസിലിറ്റേറ്റർമാർക്കുള്ള പരിശീലനം, തൊഴിലാളികളുടെ പ്രത്യേക വാർഡ് സഭ തുടങ്ങിയവ) പാലിച്ചിട്ടില്ല എന്ന് കാണുന്നു. 46890 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നതും 2,01,62,700 രൂപ ചെലവു വരുന്നതുമായ 2017-18 വർഷത്തെ ലേബർ ബജറ്റും വാർഷിക കർമ്മ പദ്ധതിയും നഗരസഭ കൗൺസിലിന്റെ 14.08.2017 ലെ 3 ാം നമ്പർ തീരുമാനപ്രകാരമണ് അംഗീകരിച്ചിട്ടുള്ളത്. ഇതിന് ജില്ലാ ആസൂത്രണ സമിതിയുടെ നം.82/2017/ ഡിപിസി/ബിപിഒ/കെഎൻആർ നടപടിക്രമങ്ങൾ പ്രകാരം

07.09.2017 ന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. നഗരസഭ കൗൺസിലും ജില്ലാആസൂത്രണ സമിതിയും അംഗീകാരം നൽകിയ വാർഷിക കർമ്മപദ്ധതിയിൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണെന്ന് കണ്ടെത്തിയ 3202 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നതും 13,76,860 രൂപയുടെ ചെലവ് വരുന്നതുമായ പ്രവൃത്തികൾ ഒഴിവാക്കി 43688 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നതും 1,87,85,840 രൂപ ചെലവു വരുന്നതുമായ പ്രവൃത്തികൾക്കാണ് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ 15.11.2017 ലെ 16 ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുള്ളത്.

തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം 2017-18 ന്റെ വാർഷിക കർമ്മപദ്ധതി 2016 ഡിസംബർ 31 ന് മുമ്പ് തയ്യാറാക്കി അംഗീകരിക്കേണ്ടതായിരുന്നു. എന്നാൽ നഗരസഭ കൗൺസിലിന്റെ 24.07.2017 ലെ 43 ാം നമ്പർ തീരുമാനപ്രകാരം മാത്രമാണ് 2017-18 ന്റെ വാർഷിക കർമ്മപദ്ധതി തയ്യാറാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളത്.

24.08.2017 ന് നഗരസഭ അംഗീകരിച്ച വാർഷിക കർമ്മ പദ്ധതിയിൽ 4/2017 മുതൽ 5/2017 വരെ തൊഴിൽ നൽകേണ്ട കുടുംബങ്ങളുടെയും തൊഴിൽ ദിനങ്ങളുടെയും ചെലവിന്റെയും വിവരങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നും യാഥാർത്ഥ്യ ബോധത്തോടുകൂടിയല്ല വാർഷിക കർമ്മ പദ്ധതി തയ്യാറാക്കിയത് എന്ന് വ്യക്തമാകുന്നു. 30.07.2017 ന് മുമ്പായി എല്ലാ കൗൺസിലർമാരും വാർഡുകളിലെ പ്രവൃത്തികളെ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനും തീയ്യതി കഴിഞ്ഞ് വരുന്ന വാർഡുകളെ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനുമാണ് 24.07.2017 ന് നഗരസഭ കൗൺസിൽ തീരുമാനിച്ചിട്ടുള്ളത്. ഇതിൽനിന്നും പദ്ധതി ആസൂത്രണവും വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കുന്ന നടപടിക്രമങ്ങളും നഗരസഭ പാലിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു.

**രജിസ്ട്രേഷനും തൊഴിൽ കാർഡ് വിതരണവും തൊഴിൽ നൽകലും**

31.03.2018 വരെ 535 വ്യക്തികളാണ് ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 468 പേർക്ക് മാത്രമാണ് തൊഴിൽ കാർഡ് നൽകിയിട്ടുള്ളത്. ഓഡിറ്റ് വർഷം 98 പേർക്ക് തൊഴിൽ നൽകിയെങ്കിലും ഒരാൾക്ക് പോലും 100 ദിവസത്തെ തൊഴിൽ നൽകാനായിട്ടില്ല.

**പ്രവൃത്തികൾ**

തൻവർഷം 1109 തൊഴിൽ ദിനങ്ങൾ മാത്രമാണ് സൃഷ്ടിക്കപ്പെട്ടത്. 31.03.2018 വരെ 98 പേർക്ക് മാത്രമാണ് നഗരസഭയ്ക്ക് ഈ പദ്ധതി പ്രകാരം തൊഴിൽ നൽകാൻ സാധിച്ചിട്ടുള്ളത്. തൻവർഷത്തെ ആകെ ചെലവായ 6,16,074.90 രൂപയിൽ 2,91,667 രൂപ മാത്രമാണ് പദ്ധതി ചെലവ്.

**ഫണ്ട് വിവരം**

| ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ |
|---|---|
| വിജയബാങ്ക്, തലശ്ശേരി | 203601101000051 |

| വരവ്-ചെലവ് പത്രിക | | | | | | | | |
|---|---|---|---|---|---|---|---|---|
| വർഷം | വരവ് | | | | ചെലവ് | | | |
| | മുന്നിരിപ്പ് | അലോട്ട്മെന്റ് | ബാങ്ക് പലിശ | ആകെ വരവ് | ഭരണ ചെലവ് | പദ്ധതി ചെലവ് | ആകെ ചെലവ് | നീക്കിയിരിപ്പ് |
| 2017-18 | 9,58,306 | 46,96,460 | 36,436 | 56,91,202 | 3,24,408 | 2,91,667 | 6,16,075 | 50,75,127 |

നഗരസഭ നടത്തുന്ന ചെലവു വിവരങ്ങൾ അടുത്ത കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഈ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല .

**രജിസ്റ്ററുകളുടെ സൂക്ഷിപ്പ്**

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ 2017-18 സാമ്പത്തിക വർഷം മുതലാണ് ശരിയായ രീതിയിൽ തയ്യാറാക്കി സൂക്ഷിച്ചു വന്നിട്ടുള്ളത്. മുൻകാലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട യാതൊരു രജിസ്റ്ററുകളും നഗരസഭ സൂക്ഷിച്ചിട്ടില്ല.

**പദ്ധതി ദിശാഗതി നിയന്ത്രണവും വിലയിരുത്തലും (മോണിറ്ററിംഗ്)**

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നഗരസഭയിൽ മേൽനോട്ട കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല. അതുകൊണ്ടുതന്നെ തലശ്ശേരി നഗരസഭയിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ മോണിറ്റർ ചെയ്യപ്പെട്ടിട്ടില്ല.

- വിവരവിജ്ഞാന വ്യാപനത്തിന്റെ ഫലപ്രദത
- രജിസ്ട്രേഷനുള്ള അപേക്ഷയും വെരിഫിക്കേഷൻ നടപടിയും പുരോഗതിയും
- തൊഴിൽകാർഡ് വിതരണത്തിനായി എടുക്കുന്ന സമയം
- തൊഴിൽ ഡിമാന്റ് അപേക്ഷയും തീയ്യതി വച്ച് രസീത് നൽകലും
- 15 ദിവസത്തിനകം തൊഴിൽ നൽകുന്നത്, തൊഴിലില്ലായ്മ വേതന വിതരണം.
- തൊഴിൽ കാർഡിലെ രേഖപ്പെടുത്തലുകൾ
- മാർഗ്ഗ നിർദ്ദേശത്തിൽ പറയും പ്രകാരമുള്ള രേഖകളുടെ തയ്യാറാക്കലും സൂക്ഷിപ്പും
- സങ്കട -പരാതി പരിഹാര നടപടികൾ
- ധനവിനിയോഗം
- സോഷ്യൽ ഓഡിറ്റ് സംഘാടനവും നടത്തിപ്പും

**വിവരാവകാശ നിയമവും വിവരങ്ങൾ പ്രസിദ്ധപ്പെടുത്തലും**

തൊഴിലുറപ്പ് പദ്ധതിയുടെ കണക്ക് സ്റ്റേറ്റ്മെന്റ് സംക്ഷിപ്തം പൊതുജനങ്ങൾ കാണത്തക്കവിധം നഗരസഭ നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരം പ്രസിദ്ധപ്പെടുത്തിയതായി രേഖയില്ല.

**സുതാര്യതയും അക്കൗണ്ടബിലിറ്റിയും സോഷ്യൽ ഓഡിറ്റും**

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ചുമതലകളും നൽകുന്ന സേവനങ്ങളും ഉൾക്കൊള്ളുന്ന പൗരാവകാശ രേഖ നഗരസഭ പ്രസിദ്ധീകരിച്ചിട്ടില്ല. ഇതിനുപുറമെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റും നഗരസഭ നാളിതുവരെ നടത്തിയിട്ടില്ല.

**ആസ്തികൾ -**

തലശ്ശേരി നഗരസഭ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം നാളിതുവരെ യാതൊരു ആസ്തിയും സൃഷ്ടിച്ചിട്ടില്ല.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ കാര്യക്ഷമമായ നടപടികൾ നഗരസഭയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതുണ്ട്. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും രജിസ്റ്ററുകളും ശരിയായ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പദ്ധതിയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കി പരമാവധി തൊഴിൽ ദിനം സൃഷ്ടിക്കാൻ ശ്രമിക്കേണ്ടതുമാണ്.

# 3-40 നഗരസഭയിലെ മാലിന്യ സംസ്ക്കരണം - അവലോകനം

ആധുനിക സമൂഹം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട സാമൂഹിക പ്രശ്നങ്ങളിലൊന്ന് വിവിധങ്ങളായ മാനുഷിക പ്രവർത്തനങ്ങളിലൂടെ പുറംതള്ളപ്പെടുന്ന മാലിന്യങ്ങൾ. ഗ്രാമങ്ങളിലേതിനേക്കാൾ നഗരവൽക്കരിക്കപ്പെട്ട പ്രദേശങ്ങളിലാണ് മാലിന്യപ്രശ്നം രൂക്ഷമായിരിക്കുന്നത്. 3.98 ച.കി.മീ. വിസ്തീർണ്ണമുള്ള തലശ്ശേരി നഗരഭയിലെ 2011 ലെ സെൻസസ് പ്രകാരമുള്ള ആകെ ജനസംഖ്യ 92,864 ആണ്. നഗരസഭ ലഭ്യമാക്കിയ കണക്ക പ്രകാരം നഗരസഭാ പരിധിയിൽ ആകെ 25,697 വീടുകളും 6 ഫ്ലാറ്റുകളും 5,257 കച്ചവട സ്ഥാപനങ്ങളുമുണ്ട്. പൊതു ചന്തകളുടെ എണ്ണം 3 ആണ്.

2017-18 വർഷത്തെ കരട് പദ്ധതി രേഖയിൽ മാലിന്യപ്രശ്നം നഗരസഭ നേരിടുന്ന രൂക്ഷമായ പ്രശ്നമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഇത് പരിഹരിക്കാൻ പല പ്രവർത്തനങ്ങളും രൂപം കൊടുത്തിട്ടുണ്ടെന്നും പ്രാരംഭ പ്രവർത്തനം എന്ന നിലയിൽ നഗരപ്രദേശത്തെ വീടുകളിൽ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സബ്സിഡി നിരക്കിൽ നൽകിവരുന്നുണ്ടെന്നും വാർഡുകളിൽ പൈപ്പ് കംമ്പോസ്റ്റുകൾ വിതരണം ചെയ്യുന്ന പ്രവർത്തനം പുരോഗമിച്ചു

വരുന്നുവെന്നും വിവിധങ്ങളായ ബോധവൽക്കരണ പരിപാടികൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. വാർഡ്തല ജാഗ്രതാ സമിതികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ടെന്നും വികസനരേഖ വ്യക്തമാക്കുന്നു.

പ്രതിദിനം 33.91 ടൺ മാലിന്യങ്ങൾ നഗരസഭാ പ്രദേശത്ത് ഉൽപാദിപ്പിക്കപ്പെടുന്നതായാണ് നഗരസഭയുടെ കണക്ക്. മാലിന്യ ശേഖരണത്തിന് 146 തൊഴിലാളികളെ വിനിയോഗിക്കുന്നുവെന്നും മാലിന്യം ശേഖരിക്കുന്ന കുടുംബശ്രീ അംഗങ്ങളുടെ എണ്ണം 104 ആണെന്നും 9,450 വീടുകളിൽനിന്ന് മാലിന്യം ശേഖരിക്കുന്നതായും 24.12.2018 തീയ്യതിയിലെ എ3-15584/18 നമ്പർ കത്തിൽ വ്യക്തമാക്കുന്നു. മാലിന്യം സംസ്കരിക്കുന്നതിന് നഗരസഭ മൂന്ന് പ്ലാന്റുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഒന്നും പ്രവർത്തനക്ഷമമല്ല. നഗരസഭയിൽ വിവധ രൂപത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളുടെ സംഭരണം, വേർതിരിക്കൽ, സംസ്കരണം തുടങ്ങിയവ സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ഖരമാലിന്യങ്ങൾ സ്റ്റോർ ചെയ്യുന്നതിന് സഗരസഭ സ്ഥലം കണ്ടെത്തിയിട്ടില്ല.
- മാലിന്യങ്ങൾ ശാസ്ത്രീയമായി മണ്ണിട്ട് മൂടുന്നതിന് നഗരസഭ സ്ഥലം കണ്ടെത്തിയിട്ടില്ല.
- ഊറിവരുന്ന മലിനജലം ശരിയായ രീതിയിൽ സംഭരിക്കുന്നതിന് കോൺക്രീറ്റ് ടാങ്കുകൾ സ്ഥാപിക്കപ്പെട്ടിട്ടില്ല.
- കുടുംബശ്രീ ഹരിത കർമ്മ സേനയെ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവർക്ക് എൈഡന്റിറ്റി കാർഡ് നൽകിയിട്ടില്ല.
- ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഖരമാലിന്യ ചട്ടങ്ങളിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബൈലോ നഗരസഭ തയ്യാറാക്കിയിട്ടില്ല.
- വിവിധ കേന്ദ്രങ്ങളിൽനിന്ന് ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് നഗരസഭാ പരിധിയിൽ ഇതുവരെയായും മാലിന്യ നിക്ഷേപ കേന്ദ്രം സ്ഥാപിക്കപ്പെട്ടിട്ടില്ല.
- മാലിന്യം സംസ്കരിക്കുന്നതിനായി നഗരസഭ മൂന്ന് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നിലവിൽ ഇവ പ്രവർത്തനക്ഷമമല്ല.
- ബയോഗ്യാസ് പ്ലാന്റുകളുടെ അറ്റകുറ്റപ്പണിക്കായി 2017-18 വർഷം 8,00,000 രൂപ വകയിരുത്തിയിരുന്നെങ്കിലും ഒരു തുകയും ചെലവഴിക്കപ്പെട്ടതായി കാണുന്നില്ല.
- നഗരസഭയിൽ അംഗീകൃത അറവുശാലകൾ ഇല്ല എന്നാണ് നഗരസഭാ അധികൃതർ അറിയിച്ചത്. എന്നാൽ നഗരപ്രദേശത്ത് പല സ്ഥലങ്ങളിലും കോഴി, ആട്, പോത്ത് അറവുശാലകൾ പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
- പൊതു സ്ഥലങ്ങളിൽ മാലിന്യ ശേഖരണത്തിനായി നഗരസഭ ഡസ്റ്റ് ബിന്നുകൾ സ്ഥാപിച്ചതായി കാണുന്നില്ല.
- നഗരസഭയിലെ കണ്ടിക്കൽ ഇൻഡസ്ട്രിയൽ ഏരിയയിൽ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ Resources Recovery Facility ഉണ്ട്. എന്നാൽ നഗരസഭാ പരിധിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ മുഴുവനും റീസൈക്കിൾ ചെയ്യുന്നതിന് പര്യാപ്തമല്ല.
- 2016 ലെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ചട്ടങ്ങളിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് നഗരസഭ ബൈലോ തയ്യാറാക്കിയിട്ടില്ല.
- നഗരസഭയിൽ റോഡ് നിർമ്മാണത്തിനായി പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിക്കുന്നില്ല.
- നഗരസഭാ പരിധിയിലെ എല്ലാ ആശുപത്രികളിലും മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കപ്പെട്ടിട്ടില്ല.
- നഗരസഭയിൽ ഇ-വെയിസ്റ്റ് മാലിന്യ സംസ്കരണ സംവിധാനം നടപ്പിലാക്കിയിട്ടില്ല.
- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് 2017-18 വർഷം നഗരസഭ നടത്തിയ ബോധവൽക്കരണ പരിപാടികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയത് സംബന്ധിച്ച പരിശോധന നടത്താൻ സാധിച്ചിട്ടില്ല.
- മാലിന്യ സംസ്കരണം സംബന്ധിച്ച് ഡീറ്റെയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി ഡി.പി.സി. ക്ക് നഗരസഭ സമർപ്പിക്കുന്നുണ്ട്.

- വീടുകൾ, കോളനികൾ, കച്ചവട സ്ഥാപനങ്ങൾ തുടങ്ങിയവയിൽനിന്ന് ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഡോർ-ടു-ഡോർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- പൈപ്പ് കംപോസ്റ്റ്, റിംഗ് കമ്പോസ്റ്റ് സംവിധാനങ്ങൾ നഗരസഭ ഏർപ്പെടുത്തി വരുന്നുണ്ട്.
- ഖരമാലിന്യ സംസ്കരണം കേന്ദ്രത്തിന്റെ (തുന്നൂർ മൂഴി) നിർമ്മാണത്തിനായി 2017-18 വർഷം 9,60,000 രൂപ വകയിരുത്തുകയും 1,77,000 രൂപ ചെലവു ചെയ്യുകയും ചെയ്തിട്ടുണ്ട്.
- പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്.
- മാലിന്യം ശേഖരിക്കുന്നതിനായി മാലിന്യ ഉൽപാദകരിൽനിന്ന് ഫീസ് ഈടാക്കിവരുന്നുണ്ട്.
- പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് ഭൗതിക സൗകര്യമൊരുക്കുന്നതിന് 2017-18 വർഷം 4,99,000 രൂപ വകയിരുത്തുകയും 4,62,554 ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.
- 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ വിൽപ്പന നഗരസഭാ പരിധിയിൽ നിരോധിക്കപ്പെട്ടിട്ടുണ്ട്.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിക്കൽ, ശേഖരിക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് കുടുംബശ്രീയുടെ ഹരിതകർമ്മ സേനയെ ഏർപ്പെടുത്തിയിട്ടുണ്ട്.
- തുറന്ന സ്ഥലങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് തടയാൻ സ്ക്വാഡ് പരിശോധന നടത്താറുണ്ടെന്ന് നഗരസഭാ അധികൃതർ അറിയിച്ചു.

# 3-41 ആശുപത്രി മാനേജിങ്ങ് കമ്മികളുടെ പ്രവർത്തനം തൃപ്തികരമല്ല.

നഗരസഭയുടെ കീഴിലുള്ള ആശുപത്രി മാനേജിംങ്ങ് കമ്മിറ്റികളുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ ഓഡിറ്റ് നടത്തി പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ആശുപത്രി മാനേജിംഗ് കമ്മിറ്റി | ഓഡിറ്റ് റിപ്പോർട്ട് നം/തീയ്യതി |
|---|---|---|
| 1. | ആശുപത്രി മാനേജിംഗ് കമ്മിറ്റി ,<br>ഗവ.ഹോമിയോ ഡിസ്പെൻസറി കോടിയേരി | കെ.എസ്.എ-ടിഎസ്.എം1/30/2018,<br>തീയ്യതി 20.08.2018 |
| 2. | ആശുപത്രി മാനേജിംഗ് കമ്മിറ്റി,<br>പ്രാഥമിക ആരോഗ്യ കേന്ദ്രം, കോടിയേരി, തലശ്ശേരി | കെ.എസ്.എ-ടിഎസ്.എം1/32/18<br>തീയ്യതി 06.09.2018 |
| 3. | ആശുപത്രി മാനേജിംഗ് കമ്മിറ്റി,<br>പ്രാഥമിക ആരോഗ്യ കേന്ദ്രം, ചാലിൽ , തലശ്ശേരി | കെ.എസ്.എ-ടിഎസ്.എം1/34/18<br>തീയ്യതി 07.09.2018 |
| 4. | ആശുപത്രി മാനേജിംഗ് കമ്മിറ്റി ,<br>ഗവ.ആയുർവേദ ആശുപത്രി, തലശ്ശേരി | കെ.എസ്.എ-ടിഎസ്.എം1/43/18<br>തീയ്യതി 17.10.2018 |
| 5. | ആശുപത്രി മാനേജിംഗ് കമ്മിറ്റി ,<br>ഗവ.ഹോമിയോ ഡിസ്പെൻസറി തലശ്ശേരി | കെ.എസ്.എ-ടിഎസ്.എം1/29/18<br>തീയ്യതി 31.08.2018 |
| 6 | ആശുപത്രി മാനേജിംഗ് കമ്മിറ്റി ,<br>ജനറൽ ആശുപത്രി, തലശ്ശേരി | കെ.എസ്.എ-ടിഎസ്.എം1/106/19<br>തീയ്യതി 25.03.2019 |

നഗരസഭയുടെ കീഴിലുള്ള ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല . ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ ഓഡിറ്റ് സമയത്ത് കണ്ട പൊതുവായ ന്യൂനതകൾ താഴെ കൊടുക്കുന്നു.

2013-ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ ചട്ടം 5 (1) പ്രകാരം മൂന്ന് മാസത്തിലൊരിക്കൽ സമിതി യോഗം ചേരണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ യോഗം യഥാസമയം ചേരാത്തതുകൊണ്ട് ചട്ടം 4(1), 4(2),

പ്രകാരമുള്ള ആശുപത്രി മാനേജിംഗ് കമ്മിറ്റിക്കുള്ള താഴെ ചൂണ്ടിക്കാണിച്ച അധികാരങ്ങളും ചുമതലകളും വിനിയോഗിക്കാൻ സാധിക്കുന്നില്ല .

- സ്ഥാപനത്തെ സംബന്ധിച്ച പഞ്ചവത്സര-വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് നഗരസഭക്ക് നിർദ്ദേശം സമർപ്പിക്കുന്നില്ല.
- സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നില്ല
- സ്ഥാപനത്തെ സംബന്ധിച്ച പൗരാവകാശരേഖ പാലിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തുന്നില്ല.
- സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ രോഗികളും പൊതുജനങ്ങളും നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരങ്ങൾ നിർദ്ദേശങ്ങൾ നൽകുന്നില്ല.
- സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള പരാതികൾ പരിശോധിക്കുകയും പരിഹാര നിർദ്ദേശങ്ങൾ നൽകുന്നില്ല.
- സ്ഥാപനവുമയി ബന്ധപ്പെട്ട ഫീൽഡുതല ജീവനക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും അവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നില്ല.
- സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പൊതുജന സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നില്ല.
- മാതൃ-ശിശുസംരക്ഷണ പ്രവർത്തനങ്ങൾ ഫീൽഡുതല ആരോഗ്യ പ്രവർത്തനങ്ങൾ, പരിസര ശുചീകരണ പ്രവർത്തനങ്ങൾ, രോഗ നിർണ്ണയ ചികിത്സാ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നില്ല.
- രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി അധിക സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നില്ല.
- സാമ്പത്തിക കാര്യങ്ങൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

ചട്ടം 4 (2) (xii) പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ സാമൂഹ്യ ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ സാമൂഹ്യ ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല.

ചട്ടം 9 (4) പ്രകാരം ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കൽ ഒരു ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ ആശുപത്രി വികസന ഫണ്ട് ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിച്ചിട്ടില്ല.

ചട്ടം 5(9) പ്രകാരം എച്ച്.എം.സി യോഗ തീരുമാനങ്ങൾ വാർഡ് നം./വാർഡ് കമ്മിറ്റികളും യോഗത്തിൽ വായിക്കേണ്ടതും അതിനായി യോഗതീരുമാനത്തിന്റെ പകർപ്പുകൾ നഗരസഭ സെക്രട്ടറി വാർഡ് നഗരസഭ കൺവീനർ/ചെയർമാൻമാർക്ക് നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും എച്ച്.എം.സി യോഗതീരുമാനങ്ങൾ വാർഡ്സഭ/കമ്മിറ്റികൾ വായിക്കുകയോ യോഗതീരുമാനത്തിന്റെ പകർപ്പുകൾ നഗരസഭ സെക്രട്ടറി വാർഡ് സഭ കൺവീനർക്ക് നൽകുകയോ ചെയ്യുന്നില്ല.

ഈ വിഷയത്തിലേക്ക് നഗരസഭ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

# 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു (നഗരസഭ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം)

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഐ.കെ.എം | ഐ.കെ.എം. നഗരസഭാ വിഹിതം | NEFT transfer dated 28.09.2017 | 2,12,110 | 2,12,110 | 0 |

രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 1958515 രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം./ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | KELL | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 17/17-18; തീയ്യതി: 12.10.2017 | 8,97,675 | 8,97,675 | 0 |
| 2 | ULCCS | ജി.ഐ.എസ് മാപ്പിംഗ് | 42/17-18 തീയ്യതി: 15.02.2018 | 10,90,840 | 2,72,710 | 8,18,130 |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 16,81,458 രൂപയിൽ പലിശയുൾപ്പെടെ 3,61,508 രൂപ തിരിച്ചടച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷാവസാനം 13,19,950 രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ബസ്സ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | KURDFC/ULB/365/ 2013 dtd 28/11/2014 | 56,73,260 | 16,81,458 | 3,61,508 | 1,67,433 | 13,19,950 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 23,93,099 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 23,93,099 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 23,93,099 |

നഗരസഭയിൽ 2017-18 വർഷം സ്ഥിരനിക്ഷേപ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2017-18 വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി - 12 പ്രകാരം 23,93,099 രൂപ സ്ഥിരനിക്ഷേപം (സ്ഥിരനിക്ഷേപം, ഡിബഞ്ചറുകളും ബോണ്ടുകളും, ഇക്യൂറ്റി ഷെയറുകൾ) നഗരസഭയുടെ കൈവശമുള്ളതായി കാണിച്ചിട്ടുണ്ടുണ്ട്. ഇതിന്റെ കൃത്യത പരിശോധിക്കുവാനാവശ്യമായ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ഭൗതിക പരിശോധനയ്ക്ക് താഴെകാണിച്ച 6,38,659.85 രൂപയുടെ 53 സ്ഥിരനിക്ഷേപം/ഷെയർ സർട്ടിഫിക്കറ്റ്/സെക്യൂരിറ്റി ഡെപ്പോസിറ്റ് രശീതികൾ മാത്രമേ ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. സ്ഥിരനിക്ഷേപങ്ങൾ കാലാവധി പൂർത്തിയാക്കുന്നമുറയ്ക്ക് പുതുക്കാനുള്ള നടപടി എടുക്കേണ്ടതാണ്. പരിശോധനയ്ക്ക് ഹാജരാക്കാത്ത 17,54,439.15 രൂപയുടെ സ്ഥിരനിക്ഷേപപത്രികകൾ ഹാജരാക്കേണ്ടതാണ്. സ്ഥിരനിക്ഷേപം സംബന്ധിച്ച രജിസ്റ്റർ പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**ഓഡിറ്റിന് ഹാജരാക്കിയ സ്ഥിരനിക്ഷേപങ്ങളുടെ/ഷെയർ സർട്ടിഫിക്കറ്റുകളുടെ/ബോണ്ടുകളുടെ/സെക്യൂരിറ്റി ഡെപ്പോസിറ്റുകളുടെ വിവരം കാണിക്കുന്ന പത്രിക**

| ക്രമ നം | ലഘുവിവരണം | നിക്ഷേപ സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി | തുക | കാലാവധി തീയ്യതി | കുറിപ്പ് |
|---|---|---|---|---|---|
| 01 | വെസ്റ്റ്കോസ്റ്റ് ഇലക്ട്രിസിറ്റി സപ്ലൈ കോർപ്പറേഷൻ ലിമിറ്റഡ് തലശ്ശേരി | 34/06.06.38 | 20.00 | | ക്യാഷ് ഡിപ്പോസിറ്റ്/ അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് |
| 02 | “” | 35/06.06.38 | 20.00 | | ” |
| 03 | “” | 249/31.8.39 | 10.00 | | ” |
| 04 | “” | 352/24.6.46 | 30.00 | | ” |
| 05 | “” | 226/20.8.48 | 20.00 | | ” |
| 06 | “” | 599/27.7.49 | 20.00 | | ” |
| 07 | “” | 669/02.1.50 | 40.00 | | ” |
| 08 | കെ.എസ്.ഇ.ബി. | 300/28.11.75 | 200.00 | | ” |
| 09 | “” | 59/22.6.64 | 10.00 | | ” |
| 10 | “” | 299/28.11.74 | 20.00 | | ” |
| 11 | “” | 187/29.12.76 | 65.00 | | ” |
| 12 | “” | 286/11.7.63 | 50.00 | | ” |
| 13 | “” | 226/22.6.64 | 90.00 | | ” |
| 14 | “” | 87/26.6.64 | 25.00 | | ” |
| 15 | “” | 242/02.7.64 | 25.00 | | ” |
| 16 | “” | 61/20.10.64 | 95.00 | | ” |
| 17 | “” | 2/28.10.64 | 80.00 | | ” |
| 18 | “” | 260/05.01.65 | 20.00 | | ” |
| 19 | “” | 261/05.01.65 | 20.00 | | ” |
| 20 | “” | 298/11.05.72 | 45.00 | | ” |
| 21 | “” | 10/27.01.65 | 20.00 | | ” |

| | | | | | |
|---|---|---|---|---|---|
| 22 | “” | 262/05.01.65 | 20.00 | | ” |
| 23 | “” | 263/05.01.65 | 20.00 | | ” |
| 24 | “” | 264/05.01.65 | 20.00 | | ” |
| 25 | “” | 265/05.01.65 | 20.00 | | ” |
| 26 | “” | 266/05.01.65 | 20.00 | | ” |
| 27 | “” | 267/05.01.65 | 20.00 | | ” |
| 28 | “” | 268/05.01.65 | 20.00 | | ” |
| 29 | “” | 269/05.01.65 | 20.00 | | ” |
| 30 | “” | 284/11.7.63 | 25.00 | | ” |
| 31 | “” | 285/11.7.63 | 25.00 | | ” |
| 32 | “” | 243/02.07.63 | 25.00 | | ” |
| 33 | “” | 141/17.8.64 | 130.00 | | ” |
| 34 | “” | 257/23.12.75 | 60.00 | | ” |
| 35 | “” | 283/26.11.75 | 30.00 | | ” |
| 36 | “” | 284/26.11.75 | 45.00 | | ” |
| 37 | “” | 285/26.11.75 | 5.00 | | ” |
| 38 | “” | 286/26.11.75 | 25.00 | | ” |
| 39 | “” | 287/26.11.75 | 15.00 | | ” |
| 40 | “” | 288/26.11.75 | 40.00 | | ” |
| 41 | “” | 289/26.11.75 | 30.00 | | ” |
| 42 | “” | 290/26.11.75 | 20.00 | | ” |
| 43 | ശ്രീ കേരളവർമ്മ ആയുർവേദിക് കോഓപ്പറേറ്റീവ് ഫാർമസി & സ്റ്റോർസ് ലിമറ്റഡ്, തൃശ്ശൂർ | 160/ ജനുവരി 1960 | 100.00 | | 10 രൂപയുടെ 10 ഷെയറുകൾ |
| 44 | കെ.യു.ഡി.എഫ്.സി | 19/07.09.70 | 7000.00 | | 100രൂപയുടെ 70 ഷെയറുകൾ (ക്രമ നമ്പർ 2831 മുതൽ 2900 വരെ) |
| 45 | കെ.യു.ഡി.എഫ്.സി | 40/30.11.71 | 10000.00 | | 100രൂപയുടെ 100 ഷെയറുകൾ (ക്രമ നമ്പർ 5411 മുതൽ 5510 വരെ) |
| 46 | കെ.യു.ഡി.എഫ്.സി | 265/21.11.97 | 44000.00 | | 100രൂപയുടെ 440 ഷെയറുകൾ (ക്രമ നമ്പർ 91909 മുതൽ 92349വരെ) |
| 47 | കെ.യു.ഡി.എഫ്.സി | 87/24.03.0973 | 15000.00 | | 100രൂപയുടെ 150 ഷെയറുകൾ (ക്രമ നമ്പർ 14041 മുതൽ 14190 വരെ) |
| 48 | കെ.യു.ഡി.എഫ്.സി | 130/08.11.1982 | 38000.00 | | 100രൂപയുടെ 380 |

| | | | | | |
|---|---|---|---|---|---|
| | | | | | ഷെയറുകൾ (ക്രമ നമ്പർ 38227 മുതൽ 38606 വരെ) |
| 49 | ദി കാനന്നൂർ കോ.ഓപ്പററ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമി. | 229/31.1.83 | 10000.00 | | 1000 രൂപയുടെ 10 ഇക്വിറ്റി ഷെയറുകൾ |
| 50 | ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | 31/26.5.2014 | 500000.00 | | 1000 രൂപയുടെ 500 ഷെയറുകൾ (നമ്പർ 33001 മുതൽ 33500 വരെ) |
| 51 | കനറാ ബാങ്ക്, തലശ്ശേരി | 470371/ 11.01.1991 | 2000.00 | 24.12.2000 | ലോട്ടസ് മൂവി ഹൗസിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് |
| 52 | കനറാ ബാങ്ക്, തലശ്ശേരി | 978933/ 04.06.1997 | 3000.00 | 30.12.2005 | ലോട്ടസ് മൂവി ഹൗസിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് |
| 53 | ഇൻഡ്യൻ ബാങ്ക് | 143824/ 19.04.1996 | 7999.85 | 02.01.2006 | ചിത്രവാണി ടാക്കീസിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് |
| **ആകെ** | | | **6,38,659.85** | | |

# 4-6 ഓഡിറ്റ് റിക്കവറി

തൻവർഷത്തെ ഓഡിറ്റ് റിക്കവറികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **റിപ്പോർട്ട് വർഷം** | **ഭാഗം/ ഖണ്ഡിക** | **ഈടാക്കിയ തുക** | **ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും** | **രശീത് നം./ ബിൽ നം/ തീയ്യതി** |
|---|---|---|---|---|---|
| 1 | 2011-12 | 3-3-2 (75) | 2,289 | എൻ.പി. സുഗതകുമാരി, എച്ച്.ഐ-2 | 11702103346/ 08.05.2017 |
| 2 | 2014-15 | 3-15 | 1,260 | ശ്രീ.കെ.പി. സുരേഷ് ബാബു, കരാറുകാരൻ | 01/11702109107 തീ: 01.07.2017 |
| 3 | 2016-17 | 3-33 | 43,267 | ശ്രീ.രജീവൻ സി., (മുനിസിപ്പൽ എഞ്ചിനീയർ) | 152/17-18 17.03.2018 |
| | | 3-37 | 24,436 | ശ്രീ.രജീവൻ സി., (മുനിസിപ്പൽ എഞ്ചിനീയർ) | 135/17-18 14.03.2018 |
| ആകെ | | | 71,252 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പുപ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 വരവ് | 1(1)ബി, 1(1)ഡി, 1(6) | 2006-07 | 4.27(1) | 1(6) മുൻകൂർ യഥാസമയം വസൂലാക്കുന്നത്- ഗുരുതരമായ വീഴ്ച | |
| 1997-98 ചെലവ് | 21 | 2001-02 | 2.11(iii) | ബി.പി.എൽ. ടെലിഫോ ൺ സ്ഥാപിച്ചതിലുള്ള തകരാറുകൾ | |
| 1998-99 ചെലവ് | 18 | 2001-02 | 2.11(i) | ലോറിയുടെ ഉപയോഗശൂന്യത - മുനിസിപ്പൽ ഫണ്ടിന് നഷ്ടം | |
| 1993-94 മുതൽ 2002-03 വരെയുള്ള പ്രത്യേക റിപ്പോർട്ട് | 2,3,4,5 | 2003-04 | 12(1)(2) | ഷാസു പദ്ധതിയിൽ ക്രമക്കേടുകൾ | |
| 1999-2000 | 17 | 2004-05 | 4.11.2(2) | എരഞ്ഞോളിപ്പാലം -കുട്ടിമാക്കൂൽ റോഡ് നിർമ്മാണം | തുക ഒടുക്കിയത് ബോധ്യപ്പെട്ടിട്ടുണ്ട്. |
| 1999-2000 | 19(ബി) | 2004-05 | 4.11.2(4) | കുഞ്ഞാലിമരക്കർ പാർക്ക് നവീകരണം | തുക ഒടുക്കിയത് ബോധ്യപ്പെട്ടിട്ടുണ്ട്. |
| 1999-2000 | 19(സി) | 2004-05 | 4.11.2(5) | രണ്ടാം വാർഡിൽ അംഗൻവാടി കെട്ടിട നിർമ്മാണം | – |
| 1999-2000 | 19(ഡി) | 2004-05 | 4.11.2(6) | കുയ്യാലി ഹരിജൻ കോളനി പൈപ്പ് ലൈൻ സ്ഥാപിക്കൽ | തുക ഒടുക്കിയിട്ടുണ്ട്. |
| 1999-2000 | 19(ഇ) | 2004-05 | 4.11.2(7) | ശാഫി ദവാഖാന മാരിയമ്മൻ കോവിൽ റോഡ് നിർമ്മാണം | കോടതി കേസ് നിലനിൽക്കുന്നു. |
| 1999-2000 | 19(എഫ്) | 2004-05 | 4.11.2(8) | കൊമ്മൻ ഫയൽ ഓടക്കായ് കുന്ന് റോഡ് പണി. | റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 2000-01 | 2.19 | 2004-05 | 4.11.1(2) | മാണിക്കോത്ത് ഇടവഴി പുനരുദ്ധാരണം | – |
| 2000-01 | 2.21 | 2004-05 | 4.11.1(3) | കുന്നിൻഭാഗം റോഡ് പണിയിൽ വന്ന നഷ്ടം ഇൗടാക്കൽ | റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 2000-01 | 2.22 | 2004-05 | 4.11.1(4) | പുത്തലത്ത് റോഡ് ടാറിംഗ് | -ടി- |
| 2000-01 | 2.23 | 2004-05 | 4.11.1(5) | തിരുവങ്ങാട് ക്ഷേത്രം - കോടിയേരി പഞ്ചായത്ത് അതിർത്തി റോഡ് ടാറിംഗ് | റവന്യൂ റിക്കവറി പ്രകാരം തുക അടവാക്കിയിട്ടുണ്ട്. |
| 2001-02 | 2.38 | 2004-05 | 4.11(6) | നിർവ്വഹണം മുടങ്ങിയ 36 ജനകീയാസൂത്രണ പദ്ധതികൾക്ക് മുൻകൂർ നൽകിയത് | 119518 രൂപ ക്രമീകരിക്കാൻ ബാക്കിയുണ്ട് |
| 2001-02 | 2.1 | 2004-05 | 4.11(3) | ഡൈസ്നോൺ സർക്കാർ ഉത്തരവ് | 17 പേരിൽ നിന്ന് ഇൗടാക്കുവാനുള്ള 3263 രൂപയിൽ 2385 രൂപ |

| | | | | | |
|---|---|---|---|---|---|
| | | | | ലംഘിച്ച ശമ്പളം നൽകി | ഒടുക്കിയിട്ടുണ്ട്. 878 രൂപ ഒടുക്കുവാൻ ബാക്കിയുണ്ട് |
| 2001-02 | 2.47 | 2004-05 | 4.11(9) | ടില്ലർ ഉപയോഗശൂന്യമായത് | - |
| 2002-03 | 2.38 | 2005-06 | 3.23(1) | ടാർ വാങ്ങലുമായി ബന്ധപ്പെട്ട കണക്കുകൾ | |
| 2002-03 | 2.7<br>2.39 | 2005-06 | 23.2 | സ്റ്റോക്കിൽ അപാകത – ലക്ഷങ്ങളുടെ നഷ്ടം | |
| 2003-04 (ചെലവ്) | 2.3 | 2006-07 | 4.27(1) | മുൻകൂറുകൾ | |
| 2003-04 (ചെലവ്) | 2.13 | 2006-07 | 4.27(2) | പ്ലാൻ-ജനറൽ പി.ഡി. ക്യാഷ് ബുക്കിലെ നീക്കിയിരിപ്പ് | |
| 2004-05 (ചെലവ്) | 1.3 | 2006-07 | 4.27(1) | മുൻകൂർ രജിസ്റ്റർ സൂക്ഷിക്കാത്തത് സംബന്ധിച്ച് | |
| 2004-05 (ചെലവ്) | 2.12(2) | 2006-07 | 4.27(3) | കന്നുകുട്ടി പരിപാലന പദ്ധതി | |
| 2007-08 | 3.43 | 2010-11 | 5.4.12(1) | വൈദ്യുതി ബോർഡ് ചെലവുകൾ തനത് ഫണ്ട് ഉപയോഗിച്ചത് ക്രമവിരുദ്ധം | എൽ.എസ്.ജി.ഡി. (ഡി.ഡി.) വകുപ്പിന്റെ 18.6.12-ലെ എൽ.എസ്.ജി.ഡി./ഡി.3/ 2012/തസ്വഭവ ചെലവിന് സാധൂകരണം നൽകിയിട്ടുണ്ട്. |
| 2008-09 | 2.2(1) | 2010-11 | 2.5 | വസ്തു നികുതി ഡിമാന്റിൽ കുറവ് | |
| 2012-13 | | 2013-14 | 5.1.5(11) | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും | |

# 4-8 ചാർജ്ജ് സർച്ചാർജ്ജ് നടപടികളുടെ വിവരം

തൻവർഷം ചാർജ്ജ്/സർച്ചാർജ്ജ് വഴി തുകകളൊന്നും ഈടാക്കിയിട്ടില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50,74,95,937 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40,08,72,586 |
| വരവിനങ്ങളിലുള്ള നഷ്ടം | 5,29,928 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6,67,475 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,79,12,848 |

**(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| 2-2 | 1,846 | | ശ്രീ. രാധാകൃഷ്ണൻ പി., സെക്രട്ടറി, തലശ്ശേരി, നഗരസഭ |
| | | | ശ്രീ. ആന്റണി ലൈനൽ അരുജ, റവന്യൂ ഓഫീസർ, സെക്രട്ടറി- ഇൻ-ചാർജ്ജ്, തലശ്ശേരി നഗരസഭ |
| | | | ശ്രീ. എ.എസ്. സുഭഗൻ, സെക്രട്ടറി, തലശ്ശേരി നഗരസഭ |
| 2-3 | 5,27,832 | | ശ്രീ. എ. എസ്. സുഭഗൻ, സെക്രട്ടറി, തലശ്ശേരി നഗരസഭ |
| | | | ശ്രീ. ചന്ദ്രഭാനു കെ., (പി.എ.ടു.സെക്രട്ടറി) സെക്രട്ടറി ഇൻ-ചാർജ്ജ്, തലശ്ശേരി നഗരസഭ |
| 2-6 | 250 | | ശ്രീ. ആന്റണി ലൈനൽ അരുജ, റവന്യൂ ഓഫീസർ, സെക്രട്ടറി- ഇൻ-ചാർജ്ജ്, തലശ്ശേരി നഗരസഭ |
| 3-1 | | 5,00,000 | ശ്രീ. എ.എസ്. സുഭഗൻ, സെക്രട്ടറി, തലശ്ശേരി നഗരസഭ |
| | | | ശ്രീമതി. പി.എം.ഗീത, സൂപ്രണ്ട് (എക്കൗണ്ട്സ്), തലശ്ശേരി നഗരസഭ |
| | | | ശ്രീ. സുധീർ കെ., എക്കൗണ്ടന്റ്, തലശ്ശേരി നഗരസഭ |
| | | | ശ്രീ. ജീവാനന്ദ് വി., സീനിയർ ക്ലർക്ക്, തലശ്ശേരി നഗരസഭ |
| 3-11 | | 1,67,475 | ശ്രീ. എ.എസ്. സുഭഗൻ, സെക്രട്ടറി, തലശ്ശേരി നഗരസഭ |
| | | | ശ്രീ. പ്രശാന്ത് എം., ഹെൽത്ത് സൂപ്പർവൈസർ, തലശ്ശേരി നഗരസഭ |
| | | | ശ്രീമതി. രജില കുമാരി, സീനിയർ ക്ലർക്ക്, തലശ്ശേരി നഗരസഭ |
| **ആകെ** | **5,29,928** | **6,67,475** | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 17,10,828 | ശ്രീ. എ. എസ്. സുഭഗൻ, സെക്രട്ടറി, തലശ്ശേരി നഗരസഭ |
| | | ശ്രീ. ചന്ദ്രഭാനു കെ., സെക്രട്ടറി ഇൻ-ചാർജ്ജ്, തലശ്ശേരി നഗരസഭ |
| 3-8 | 7,480 | ശ്രീ. ചന്ദ്രഭാനു കെ., സെക്രട്ടറി ഇൻ-ചാർജ്ജ്, തലശ്ശേരി നഗരസഭ |
| 3-10 | 25,200 | |
| 3-13 | 61,38,000 | ശ്രീ. എ.എസ്.സുഭഗൻ, സെക്രട്ടറി, തലശ്ശേരി നഗരസഭ |
| 3-15 | 13,245 | ശ്രീ. എ.എസ്.സുഭഗൻ, സെക്രട്ടറി, തലശ്ശേരി നഗരസഭ |

| | | |
|---|---|---|
| 3-16 | 8,170 | ശ്രീ. എ.എസ്.സുഭഗൻ, സെക്രട്ടറി, തലശ്ശേരി നഗരസഭ |
| 3-21 | 1,58,815 | ഡോ. ആർ. കതിരേശൻ, സീനിയർ വെറ്റിനറി സർജൻ |
| 3-22 | 10,80,000 | ശ്രീ. ഹരി പറമ്പത്ത്, പ്രൊജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 3-23 | 3,66,283 | ഡോ. ദിവ്യ കെ., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., കോടിയേരി |
| 3-24 | 2,74,860 | ശ്രീ. പ്രേമൻ കെ.എം., കൃഷി ഫീൽഡ് ഓഫീസർ, കൃഷിഭവൻ, തലശ്ശേരി |
| 3-25 | 50,000 | ഡോ. പീയൂഷ് എം. നമ്പൂതിരിപ്പാട് സൂപ്രണ്ട്, ജനറൽ ആശുപത്രി, തലശ്ശേരി |
| 3-26 | 12,805 | ഡോ. വിശ്വനാഥൻ വി.കെ., മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-27 | 50,000 | ഡോ. പീയൂഷ് എം. നമ്പൂതിരിപ്പാട് സൂപ്രണ്ട്, ജനറൽ ആശുപത്രി, തലശ്ശേരി |
| 3-28 | 1,00,000 | ഡോ. പീയൂഷ് എം. നമ്പൂതിരിപ്പാട് സൂപ്രണ്ട്, ജനറൽ ആശുപത്രി, തലശ്ശേരി |
| 3-29 | 10,87,150 | ഡോ. പീയൂഷ് എം. നമ്പൂതിരിപ്പാട് സൂപ്രണ്ട്, ജനറൽ ആശുപത്രി, തലശ്ശേരി |
| 3-30 | 5,99,564 | |
| 3-31 | 24,69,600 | |
| 3-32 | 52,142 | ശ്രീ. ഹരി പറമ്പത്ത്, പ്രൊജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 3-33 | 37,08,706 | ശ്രീ.പ്രകാശൻ മാസ്റ്റർ, ഹെഡ്മാസ്റ്റർ, ഗവ. ഹൈസ്കൂൾ, കൊട്ടവള്ളി |
| ആകെ | 1,79,12,848 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ലഘുവിവരണം |
|---|---|---|
| 3-9 | -- | വക്കീൽ ഫീസിൽനിന്നും ആദായനികുതി കുറവ് ചെയ്യാത്തത് |
| 3-36 | 1,087 | പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയതിലുള്ള അപാകത മൂലം നികുതി തുകകൾ കുറവായി ഈടാക്കി |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| ഖണ്ഡിക നമ്പർ | ലഘുവിവരണം |
|---|---|
| 2-4 | വസ്തുനികുതി പരിഷ്കരണം |
| 2-6 | തൊഴിൽനികുതി റിട്ടേണുകൾ ലഭ്യമല്ലാത്തതും മറ്റ് അപാകതകളും |
| 2-7 | ഡി&ഒ ലൈസൻസ് പിരിവുമായി ബന്ധപ്പെട്ട അപാകതകൾ |
| 2-11 | വിനോദനികുതി ഈടാക്കിയത് |
| 3-3(7) | റോഡ് റിഫർമേഷൻ ചാർജ്ജ് |

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.രാധാകൃഷ്ണൻ.പി., | സെക്രട്ടറി, കണ്ണൂർ മുനിസിപ്പൽ | 'പൂജ', തൃച്ചംബരം, തളിപ്പറമ്പ്, |

| | | | |
|---|---|---|---|
| | സെക്രട്ടറി | കോർപ്പറേഷൻ | കണ്ണൂർ, 670141 |
| 2 | ശ്രീ.എ.എസ്.സുഭഗൻ, സെക്രട്ടറി | വിരമിച്ചു. | പൗർണ്ണമി, പാവുക്കര പി.ഒ, മാന്നാർ, ആലപ്പുഴ, 689622 |
| 3 | ശ്രീ.ചന്ദ്രഭാനു.കെ, സെക്രട്ടറി ഇൻ ചാർജ് | പി.എ.ടു സെക്രട്ടറി, തലശ്ശേരി നഗരസഭ | പൊയിൽ ഹൗസ്, കോമത്ത് പാറ, പി.ഒ കാവുംഭാഗം, തലശ്ശേരി, 670649 |
| 4 | ശ്രീ.ആന്റണി ലൈനൽ അരൂജ, റവന്യൂ ഓഫീസർ, സെക്രട്ടറി ഇൻചാർജ് | പി.എ.ടു സെക്രട്ടറി, തിരുവല്ല നഗരസഭ | ആൽഫ കോട്ടേജ്, പച്ചാളം, കൊച്ചിൻ 12 |
| 5 | ശ്രീമതി.പി.എം.ഗീത, സൂപ്രണ്ട് (അക്കൗണ്ട്സ്) | സൂപ്രണ്ട്, തലശ്ശേരി നഗരസഭ | 'അശ്വതി' , നിയർ സൂര്യനാരയണ ടെമ്പിൾ, കതിരൂർ പി.ഒ |
| 6 | ശ്രീ.സുധീർ.കെ, അക്കൗണ്ടന്റ് | സീനിയർ ക്ലർക്ക്, തലശ്ശേരി നഗരസഭ | ' കരുണ ' , മേലൂർ.പി.ഒ, തലശ്ശേരി |
| 7 | ശ്രീ.ജീവാനന്ദ്.വി., സീനിയർ ക്ലർക്ക് | റവന്യൂഇൻസ്പെക്ടർ, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ | 'ധ്വനി ', ചുങ്കം, എരഞ്ഞോളി പി.ഒ, |
| 8 | ശ്രീ.പ്രശാന്ത്.എം, ഹെൽത്ത് സൂപ്പർവൈസർ | വിരമിച്ചു | ചിരാം വീട്, നാരായണ നഗർ, വടകര |
| 9 | ശ്രീമതി.രജിലകുമാരി, സീനിയർ ക്ലർക്ക് | സീനിയർ ക്ലർക്ക് തലശ്ശേരി നഗരസഭ | പെരുന്തോടത്ത് താഴെ കുനിയിൽ, മേനപ്രം, പി.ഒ ചൊക്ലി, 670672 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നമ്പർ | വർഷം | ഏറ്റവും അവസാനമായി നടത്തിയ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | 1973-74 | നം.എൽ.എഫ്.ടി.എം.1/124/ 92/18.06.92 | | |
| 2 | 1980-81 | നം.എൽ.എഫ്.ടി.എം.1/190/ 83/28.8.92 | | |
| 3 | 1981-82 | നം.എൽ.എഫ്.ടി.എം.1/182/ 91/20.7.92 | | |
| 4 | 1982-83 | നം.എൽ.എഫ്.ടി.എം.1/195/ 92/31.10.92 | | |
| 5 | 1983-84 | നം.എൽ.എഫ്.ടി.എം.1/180/ 89/30.11.89 | | |
| 6 | 1984-85 | നം.എൽ.എഫ്.ടി.എം.1/115/ 91/20.5.91/17.7.91 | | |
| 7 | 1985-86 | നം.എൽ.എഫ്.ടി.എം.1/72/ 92/25.5.92/31.7.92 | | |
| 8 | 1986-87 | നം.എൽ.എഫ്.ടി.എം.1/88/ 93/23.7.95 | | |
| 9 | 1987-88 | നം.എൽ.എഫ്.ടി.എം.1/139/ 97/6.2.98 | | |
| 10 | 1988-89 | നം.എൽ.എഫ്.ടി.എം.1/20/ 2000/11.01.2000 | | |
| 11 | 1989-90 | നം.എൽ.എഫ്.ടി.എം.1/21/ 2000/12.1.2000 | | |
| 12 | 1990-91 | നംഎൽഎഫ്..1/179/ 2000/29.10.2000/ 8.12.2000 | | |
| 13 | 1991-92 | നം.എൽ.എഫ്.ടി.എം.1/73/ 02/27.09.2002 | | |
| 14 | 1992-93 | നം.എൽ.എഫ്.ടി.എം.1/272/ 03/29.10.03 | | |
| 15 | 1993-94 | നം.എൽ.എഫ്.ടി.എം.1/280/ 03/30.10.03 | | |

| | | | | |
|---|---|---|---|---|
| 16 | 1994-95 (ചെലവ്) | നം.എൽ.എഫ്.ടി.എം.1/276/ 03/27.10.03 | | |
| 17 | 1994-95 (വാർഷികം) | നം.എൽ.എഫ്.ടി.എം.1/245/ 04/24.01.05 | | |
| 18 | 1995-96 | നം.എൽ.എഫ്.ടി.എം.1/81/ 04/26.04.05 | | |
| 19 | 1996-97 വരവ് | നം.എൽ.എഫ്.ടി.എം.1/262/ 06/27.2.2016 | 4 | ഖണ്ഡിക 1(6) സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07-ൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 20 | 1997-98 ചെലവ് | നം.എൽ.എഫ്.ടി.എം.1/169/ 02/27.2.16 | 1 | II-11(iii) ഖണ്ഡിക 2001-02 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട് |
| 21 | 1998-99 വരവ് | ന.എൽ. എഫ്.ടി.എം. 1/153(എ)/ 07/27.2.06 | 2 | – |
| 22 | 1998-99 ചെലവ് | നം.എൽ.എഫ്.ടി.എം.1/169/ 2(1)/02/27.2.16 | 3 | ഖ.18, 2001-02 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 23 | 1999-2000 വരവ് | നം.എൽ.എഫ്.ടി.എം.1/202/ 07/27.2.16 | 2 | – |
| 24 | 1999-2000 ചെലവ് | നം.എൽ.എഫ്.ടി.എം.1/142/ 04/01.4.16, 23.4.16 | 15 | 2-17(എ),(ബി), (ഡി), (ഇ), (എഫ്),(ജി); 2-19(ബി), (സി), (ഡി), (ഇ), (എഫ്) എന്നിവ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്.<br>2-17(സി) സർചാർജ് നടപടി തുടരുന്നു. |
| 25 | 2000_ 01 വരവ് | നം.എൽ.എഫ്.ടി.എം.1/28707/ 06.09.07 | 5 | 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1.3 ൽ ഉൾപ്പെട്ടിട്ടുണ്ട് |
| 26 | 2000-01 ചെലവ് | നം.എൽ.എഫ്.ടി.എം.1/171/ 04/10.05.05 | 22 | 2-19, 2-21,2-22, 2-23,2-24,2-28(i) എന്നീ ഖണ്ഡികകൾ 2004-05 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട് |
| 27 | 2001-02 വരവ് | നം.എൽ.എഫ്.ടി.എം.1/386/ 08/12.11.07 | 2 | |
| 28 | 2001-02 ചെലവ് | നം.എൽ.എഫ്.ടി.എം.1/231/ 04/18.05.05 | 28 | 2-1, 2-37, 2-38, 2-47 എന്നീ ഖണ്ഡികകൾ 2004-05 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട് |
| 29 | 2002-03 വരവ് | നം.എൽ.എഫ്.ടി.എം.1/485/ 05/21.11.08 | 1 | |
| 30 | 2002-03 ചെലവ് | നം.എൽ.എഫ്.ടി.എം.1/150/ 05/25.11.06 | 33 | 2-36, 2-37 എന്നീ ഖണ്ഡികകൾ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും 2-7 (1), 2-7 (7 എ), 2-7(8), 2-38, 2-39 എന്നീ ഖണ്ഡികകൾ 2005-06വർഷത്തെ സമാഹൃത ഓഡിറ്റ് |

| | | | | |
|---|---|---|---|---|
| | | | | റിപ്പോർട്ടിലും ഉൾപ്പെട്ടിട്ടുണ്ട് |
| 31 | 2003-04 ചെലവ് | നം.എൽ.എഫ്.ടി.എം.1/211/ 07/30.05.07 | 34 | ഖ. 2-3, 2-13 എന്നിവ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 33 | 2004-05 വരവ് | നം.എൽ.എഫ്.ടി.എം.1/108/ 10/28.09.10 | 6 | |
| 34 | 2004-05 ചെലവ് | നം.എൽ.എഫ്.ടി.എം.1/40/ 09/11.02.09 | 36 | 1(3), 2(12)(2) എന്നീ ഖണ്ഡികകൾ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട് |
| 35 | 2005-06 | നംഎൽഎഫ്.ടി.എം.1/389/ 09/11.3.10 | 29 | 3-20(1), 3-21,<br>3-32 എന്നീ ഖണ്ഡികകൾ സർച്ചാർജ്ജ് നടപടിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 36 | 2006-07 | നം.എൽ.എഫ്.ടി.എം.1/212/ 09/25.11.09 | 50 | 3-9(എ2), 3-13(ഇ2) എന്നീ ഖണ്ഡികകൾ സർച്ചാർജ്ജ് നടപടിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 37 | 2007-08 | നംഎൽഎഫ്.ടി.എം.1/45/ 11/05.10.11 | 65 | 3-43 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11 ൽ ഉൾപ്പെട്ടിട്ടുണ്ട്.<br>3-18(എ), 3-19(എഫ്), 3-28 (എ) എന്നീ ഖണ്ഡികകൾ സർച്ചാർജ്ജ് നടപടിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 38 | 2008-09 | എൽ.എഫ്.ടി.എം.1/250/ 10/09.11.12 | 105 | ഖണ്ഡിക 2-2 (1) 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. 2-3(4), 3-16; 3-21(11ബി),(11ഡി),(11ഇ), (11എഫ്),(11ജി) എന്നീ ഖണ്ഡികകൾ സർച്ചാർജ്ജ് നടപടിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 39 | 2009-10 | എൽ.എഫ്.ടി.എം.1/155/ 12/27.4.12 | 67 | 3-1(6), 3-1(9)3-1(12),3-21 എന്നീ ഖണ്ഡികകൾ സർച്ചാർജ്ജ് നടപടിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 40 | 2010-11 | എൽ.എഫ്.ടി.എം.1/114/ 12/10.4.13 | 74 | 3-23, 3-59 എന്നീ ഖണ്ഡികകൾ സർച്ചാർജ്ജ് നടപടിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 41 | 2011-12 | നം.എൽ.എഫ്.ടി.എം.1/313/ 13/15.5.2014 | 62 | ഖണ്ഡിക 3-13 സർച്ചാർജ്ജ് നടപടിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 42 | 2012-13 | നം.എൽ.എഫ്.ടി.എം.1/161/15/04.12.2015 | 25 | |
| 43 | 2013-14 | നം.എൽ.എഫ്.ടി.എം.1/293/15 തീയ്യതി 31.7.15/05.02.2016 | 24 | |
| 44 | 2014-15 | നം.കെ.എസ്.എ./ ടി.എസ്.എം1/227/2016; തീയ്യതിः 21.07.2016 | 33 | |
| 45 | 2015-16 | നം.കെ.എസ്.എ./ ടി.എസ്.എം.1/28/2017; തീയ്യതിः | 37 | |

| | | | | |
|---|---|---|---|---|
| | | 31.01.2017 | | |
| 46 | 2016-17 | നം.കെ.എസ്.എ./ ടി.എസ്.എം.1/452/2017; തീയ്യതിഃ 30.11.2017 | 50 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
നഗരസഭ ഓഡിറ്റ് കാര്യാലയം, തലശ്ശേരി

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ – ടി.എസ്.എം.1/71/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭ ഓഡിറ്റ് കാര്യാലയം,തലശ്ശേരി
പിൻ. 670101 -Ph : 0490 2344071
Email: mltlsry.ksad@kerala.gov.in

തീയ്യതിഃ 29.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 295(6), 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ (സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തലശ്ശേരി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2 ബാലൻസ് ഷീറ്റ്, റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം&എക്സ്പെന്റീച്ചർ, ശരിപ്പകർപ്പ്.

# Thalassery Municipality

## BALANCE SHEET

As on 31-March-2018

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | Reserve& Surplus | | |
| 310000000 | Muncipal (General) Fund [Code No 310] | B-1 | 140493009.30 |
| 311000000 | Earmarked Funds | B-2 | (13638660.00) |
| 312000000 | Reserves | B-3 | 388310787.00 |
| | *Total Reserve& Surplus* | | **515165136.30** |
| | Grants,Contributions for specific purposes | | |
| 320000000 | Grants, Contribution for Specific Purposes | B-4 | 194115851.50 |
| | *Total Grants,Contributions for specific purposes* | | **194115851.50** |
| | Loans | | |
| 330000000 | Secured Loans | B-5 | 1159558.00 |
| 331000000 | Unsecured Loans | B-6 | 0.00 |
| | *Total Loans* | | **1159558.00** |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 182852596.00 |
| 350000000 | Other Liabilities | B-9 | 71836825.47 |
| | *Total Current Liabilities and Provisions* | | **254689421.47** |
| | TOTAL LIABILITIES | | **965129967.27** |
| | **ASSETS** | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 246116528.00 |
| 411000000 | Accumulated Depreciation | B-11 | (38724374.00) |
| 412000000 | Capital Work in Progress | B-11 | 392206074.00 |
| | *Total Fixed Assets* | | **599598228.00** |
| | Investments | | |
| 420000000 | Investments - General Fund | B-12 | 2393099.00 |
| | *Total Investments* | | **2393099.00** |
| | Current Assets,Loans and Advances | | |
| 430000000 | Stock-in-hand | B-14 | 662340.00 |
| 431000000 | Sundry Debtors (Receivables) | B-15 | 108167677.75 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | 0.00 |
| 450000000 | Cash and Bank balance | B-17 | 185051580.52 |
| 460000000 | Loans, Advances and Deposits | B-18 | 69257042.00 |
| | *Total Current Assets,Loans and Advances* | | **363138640.27** |
| | Miscellaneous Expenditure(To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.00 |
| | *Total Miscellaneous Expenditure(To the Extent not written off)* | | 0.00 |
| | TOTAL ASSETS | | **965129967.27** |

*Software Support: Information Kerala Mission*

Accounts Officer

Secretary

SECRETARY
Municipal Council, Thalassery

28/07/2018

# Thalassery Municipality

## Income & Expenditure Statement

For the period from 01-April-2017 to 31-March-2018

| Code | Head Of Account | Schedule | Amount(Rs.) |
|---|---|---|---|
| | **Income** | | |
| 110000000 | Tax Revenue | I-1 | 74,215,191.00 |
| 120000000 | Assigned Revenues & Compensation | I-2 | 3,500.00 |
| 130000000 | Rental Income from Municipal Properties | I-3 | 28,483,708.00 |
| 140000000 | Fees & User Charges | I-4(b) | 17,061,440.00 |
| 150000000 | Sale & Hire Charges | I-5(b) | 508,380.00 |
| 160000000 | Revenue Grants, Contributions & Subsidies | I-6 | 315,537,583.00 |
| 170000000 | Income from Investments | I-7 | 15,000.00 |
| 171000000 | Interest Earned | I-8 | 6,246,841.00 |
| 180000000 | Other Income | I-9 | 118,541.00 |
| A | Total-Income | | 442,190,184.00 |
| | **Expenditure** | | |
| 210000000 | Establishment Expenses | I-10(b) | 153,275,187.00 |
| 220000000 | Administrative Expenses | I-11(b) | 17,926,438.00 |
| 230000000 | Operations & Maintenance | I-12(b) | 19,163,269.00 |
| 240000000 | Interest & Finance Charges | I-13 | 300,114.00 |
| 250000000 | Programme Expenses | I-14 | 155,410,910.00 |
| 251000000 | Decentralised Plan Programme - Service Sector | I-14 | 15,100,106.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14 | 42,369,950.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14 | 1,088,150.00 |
| 260000000 | Revenue Grants, Contribution and Subsidies | I-15 | 5,167,610.00 |
| B | Total-Expenditure | | 409,801,734.00 |
| C = A-B | *Gross Surplus/Deficit of income over Expenditure* | | 32,388,450.00 |
| D= 280000000 | Prior Period Item | I-18 | 5,167,511.00 |
| E = C-D | *Gross Surplus/Deficit of Income over Expenditure after prior period items* | | 27,220,939.00 |
| 290000000 | Transfer to Reserve Funds | | |
| | *Net Balance being surplus/deficit carried over to Balance sheet (Muncipal Fund)* | | |

*Software Support: Information Kerala Mission*

Accounts Officer

Secretary

SECRETARY
Municipal Council, Thalassery

Page 1 of 1

# Thalassery Municipality

## Receipt And Payment Statement

For the period from 01-April-2017 To 31-March-2018

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | **Opening Balance** | | |
| | Bank | RP-40(a) | 227,024,829.52 |
| | Cash | RP-40(a) | 1,235,724.00 |
| | **Receipts** | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 19,433,949.00 |
| 120000000 | Assigned Revenues & Compensation | RP-2 | 3,500.00 |
| 130000000 | Rental Income from Municipal Properties | RP-3 | 5,816,480.00 |
| 140000000 | Fees & User Charges | RP-4 | 14,403,349.00 |
| 150000000 | Sale & Hire Charges | RP-5 | 508,380.00 |
| 160000000 | Revenue Grants, Contributions & Subsidies | RP-6 | 180,753,183.00 |
| 170000000 | Income from Investments | RP-7 | 15,000.00 |
| 171000000 | Interest Earned | RP-8 | 6,246,841.00 |
| 180000000 | Other Income | RP-9 | 59,105.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 83,882,091.00 |
| Non Operating | | | |
| 311000000 | Earmarked Funds | RP-22 | 3,782,350.00 |
| 320000000 | Grants, Contribution for Specific Purposes | RP-24 | 49,302,096.00 |
| 330000000 | Secured Loans | RP-25 | 7,000.00 |
| 340000000 | Deposits Received | RP-27 | 13,567,976.00 |
| 350000000 | Other Liabilities | RP-29 | 38,784,296.00 |
| 460000000 | Loans, Advances and Deposits | RP-41 | 83,400.00 |
| Grand Total | | | 644,909,549.52 |
| | **Payments** | | |
| Operating | | | |
| 210000000 | Establishment Expenses | RP-10 | 38,809,138.00 |
| 220000000 | Administrative Expenses | RP-11 | 9,166,366.00 |
| 230000000 | Operations & Maintenance | RP-12 | 11,606,365.00 |
| 240000000 | Interest & Finance Charges | RP-13 | 300,114.00 |
| 250000000 | Programme Expenses | RP-14 | 20,675,358.00 |
| 251000000 | Decentralised Plan Programme - Service Sector | RP-45 | 23,860,178.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-46 | 42,369,950.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-47 | 1,100,310.00 |
| 260000000 | Revenue Grants, Contribution and Subsidies | RP-15 | 5,167,610.00 |
| 350000000 | Other Liabilities | RP-29 | 69,865,867.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 21,865,174.00 |
| Non Operating | | | |
| 280000000 | Prior Period Item | RP-19 | 5,167,511.00 |
| 311000000 | Earmarked Funds | RP-22 | 25,716,607.00 |
| 320000000 | Grants, Contribution for Specific Purposes | RP-24 | 2,292,911.00 |
| 330000000 | Secured Loans | RP-25 | 528,900.00 |
| 340000000 | Deposits Received | RP-27 | 1,893,238.00 |
| 350000000 | Other Liabilities | RP-29 | 118,683,737.00 |
| 410000000 | Fixed Assets | RP-31 | 37,050,856.00 |
| 412000000 | Capital Work In Progress | RP-33 | 20,881,779.00 |
| 460000000 | Loans, Advances and Deposits | RP-41 | 2,856,000.00 |
| | **Closing Balance** | | |
| | Bank | RP-40(b) | 183,745,846.52 |
| | Cash | RP-40(b) | 1,305,734.00 |
| Grand Total | | | 644,909,549.52 |

Page 1 of 2

SECRETARY
Municipal Council, Thalassery

///
ശരിപ്പകർപ്പ്///

ഡെപ്യൂട്ടി
ഡയറക്ടർ
നഗരസഭ ഓഡിറ്റ് കാര്യാലയം, തലശ്ശേരി